# കേശവീയം

മഹാകാവ്യം.

---

ഗ്രന്ഥകത്താ,

സരസഗായക കവിമണി

കെ. സി. കേശവപിള്ള.

---

പ്രസാധകന്മാർ,

എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ്.

വി. വി. പ്രസ്സ് — കൊല്ലം.

---

11-ാം പതിപ്പ് കാപ്പി—1000

വില രൂ. 2-75 ന.

1961/1136.

---

ഉടമസ്ഥന്റേയും പ്രകാശകന്റേയും മുദ്രയില്ലാത്ത
പുസ്തകം വ്യാജനിർമ്മിതമാകുന്നു.

DHARMARAM COLLEGE BANGALORE
14764
K. C. JANAMMA ... QUILON.
NATIONAL BOOK STALL LTD. BR. KOTTAYAM

# മുഖവുര.

ഭസ്മം തേച്ചു തുടയ്ക്കുംതോറും കണ്ണാടിയുടെ തെളിവു വൎദ്ധിക്കുന്നു. പിഴുതുനടുന്ന നെല്ലിനു് കരുത്തു കൂടിവരുന്നു. വറുക്കുംതോറും പൊന്നിനു മാറേററുന്നു. ഇതുപോലെതന്നെ വാദപ്രതിവാദങ്ങൾകൊണ്ടു ശാസ്ത്രതത്വവും പ്രകാശിക്കുന്നു. ഈ അഭിപ്രായത്തെ അസ്പദമാക്കിയാണു് ഞാനും എൻെറ മാന്യസുഹൃത്തായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ; ബി. എൽ. അവർകളും തമ്മിൽ "ദ്വിതീയാക്ഷരപ്രാസം" എന്ന പേരിനെ മുൻനിറുത്തി സാഹിത്യനിരൂപണരൂപമായ ഒരു വാദം നടത്തിയതു്. ഈ വാദത്തിൻെറ ഫലമായി മലയാളഭാഷയിലെ പദ്യകൃതികൾക്കു് 'കേരളവൎമ്മ പ്രസ്ഥാനം' എന്നും 'രാജരാജവൎമ്മ പ്രസ്ഥാനം' എന്നും രണ്ടു വിഭാഗങ്ങൾ വെളിപ്പെട്ടു. ഇതിൽ ഒന്നാമത്തേതു് സാക്ഷാൽ സരസ്വതീദേവിയുടെ അവതാരഭൂതനായ കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ സി. എസ്സ്. ഐ. തിരുമനസ്സുകൊണ്ടു് ഏൎപ്പെടുത്തിയതാണെന്നു് അതിൻെറ പേരുകൊണ്ടു തന്നെ വ്യക്തമാകുന്നുണ്ടല്ലൊ. വശ്യവചസ്സുകളായ മഹാകവികൾ ദ്വിതീയാക്ഷരപ്രാസത്തോടുകൂടി നിൎമ്മിക്കുന്ന ശ്ലോകങ്ങളുടെ രാമണീയകവിശേഷത്തെപ്പററി കേരളപാണിനി ഭാഷാഭൂഷണത്തിൽ പ്രശംസിച്ചിട്ടുള്ളതു് 'മയൂരസന്ദേശം' മുതലായ കൃതികളെ ഉദ്ദേശിച്ചുതന്നെ ആയിരിക്കണം. ഭാഗ്യവശാൽ ഈ പ്രസ്ഥാനത്തെ ആദ്യമായി അനുകരിച്ചു് അനേകം പദ്യങ്ങൾ എഴുതുന്നതിനു സംഗതിയായതു് എനിക്കാണെന്നു് സന്തോഷപൂൎവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അനന്തരം ഈ പ്രസ്ഥാനത്തെ പിൻതുടൎന്നു വളരെ കൃതികൾ ഉണ്ടായിട്ടുണ്ടെന്നു മാത്രമല്ല ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യുന്നുണ്ടു്. ഈ സ്ഥിതിക്കു് 'രാജരാജവൎമ്മപ്രസ്ഥാന'ത്തെ അനുസരിക്കുന്നതായി

ഒരു മഹാകാവ്യംകൂടി ഉണ്ടായാൽ കൊള്ളാമെന്നു് എനിക്കതോന്നിയ കൌതുഹലത്തിൻെറ ഫലമാണു് ഈ 'കേശവീയം.'

ഈ കാവ്യത്തിലെ ഇതിവൃത്തം ശ്രീമഹാഭാഗവതത്തിൽ നാല്പതിൽ ചില്വാനം അനുഷ്ടുപ്ശ്ലോകങ്ങളെക്കൊണ്ടു് വിവരിച്ചിട്ടുള്ള സ്യമന്തകം കഥയാകുന്നു. പ്രൌഢകവിയായ കുഞ്ചൻനമ്പ്യാർ തുള്ളൽപ്പാട്ടിനു വിഷയമാക്കീട്ടുള്ളതല്ലാതെ മററാരും ഈ കഥയെ പ്രത്യേകം ഒരു കാവ്യമായി എഴുതീട്ടില്ലെന്നാണു് എൻെറ അറിവു്. ഇതുകൊണ്ടുതന്നെയാണു് നവീനകല്പനകൾ ചെയ്യുന്നതിനുള്ള സൌകര്യത്തെ ഉദ്ദേശിച്ചു് ഞാൻ ഇതിനെ കഥാവസ്തുവായി തെരഞ്ഞെടുത്തതു്. കാവ്യജീവനായ രസത്തിൻെറ പുഷ്ടിക്കുവേണ്ടി മൂലകഥയ്ക്കു സ്വല്പം ചില ഭേദഗതികൾ അവിടവിടെ ചെയ്തിട്ടുമുണ്ടു്.

'രാജരാജവൎമ്മപ്രസ്ഥാന'ത്തിൻെറ സ്വരൂപം ഇതിൽ 1-ാം സൎഗ്ഗം 5-ാം ശ്ലോകത്തിൻെറ ടിപ്പണത്തിൽ സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ടു്. രസപോഷണത്തിനു് ആവശ്യപ്പെടുന്നതിൽ കവിഞ്ഞതായ ശബ്ദാഡംബരം അനാശാസ്യമാണെന്നാകുന്നു എല്ലാ ആലങ്കാരികന്മാരും പറഞ്ഞിരിക്കുന്നതു്. യമകത്തെപ്പററി മഹാകവിയായ നീലകണ്ഠദീക്ഷിതർ പറയുന്നതു് ഇപ്രകാരമാണു്:—

"കൃതേ യുഗേ വ്യഞ്ജനയാവതീൎണ്ണം
ത്രേതായുഗേ സൈവ ഗുണീ ബഭൂവ
ആസീത്തൃതീയേ തു യുഗേഽൎത്ഥചിത്രം
യുഗേ തുരീയേ യമകപ്രപഞ്ചഃ."

ഇത്രയും പ്രസ്താവിച്ചതുകൊണ്ടു് ഈ കാവ്യത്തിൽ യമകസൎഗ്ഗം വേണ്ടാ എന്നു വച്ചതിൻെറ കാരണം സ്പഷ്ടമായല്ലോ.

ഞാൻ ഈ കാവ്യം എഴുതാൻ ആരംഭിച്ചതു് 1084 ധനുവിലും, അവസാനിച്ചതു് 1085 കുംഭത്തിലും ആണു്. മുഴുവൻ എഴുതിത്തീൎന്നതിൻെറ ശേഷം, ഒരു നല്ല സഹൃദയനായ മയ്യനാട്ടു് മിസ്റ്റർ സീ. വി. കുഞ്ഞുരാമൻ ഇതിൻെറ കയ്യെഴുത്തുപ്രതി കാണണമെന്നു് അവശ്യപ്പെട്ടുകയും ഈ ഉദ്യമത്തെ അഭിനന്ദിച്ചു് എന്നെ പ്രോത്സാഹിപ്പിക്കയും ഉണ്ടായിട്ടുണ്ടു്. അനന്തരം ഈ കാവ്യം സ്വതന്ത്രസ്വാതന്ത്ര്യനായ പ്രൊഫസ്സർ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ എം. ഏ. തിരുമനസ്സിലേയും ടിപ്പണത്തോടുകൂടി പണ്ഡിതശിരോരത്നമായ രാജകീയ സംസ്കൃതപാഠശാലാദ്ധ്യക്ഷൻ ആർ. നാരായണശാസ്ത്രി അവർകളുടേയും അടുക്കൽ വായിച്ചു കേൾപ്പിക്കയും ഇതിനു് ഒരവതാരിക എഴുതിയാൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി സഹൃദയാഗ്രേസരനായ മാവേലിക്കര ഉദയവൎമ്മതമ്പുരാൻ ബി. ഏ. തിരുമനസ്സിലേക്കു് അയച്ചുകൊടുക്കുകയും ചെയ്തു. എൻെറ അപേക്ഷയെ സദയം സ്വീകരിച്ചു് ഈ കാവ്യം മുഴുവൻ സാവധാനമായി വായിച്ചതിൻെറ ശേഷം പ്രസന്നഗംഭീരമായ ഒരവതാരിക എഴുതി അയച്ചുതന്നതിനു് ആ തിരുമനസ്സിലേക്കും, സാരമായ പല സാഹിത്യതത്വങ്ങളെ എനിക്കു് ഉപദേശിച്ചുതന്നിട്ടുള്ളതിനു് രാജരാജവൎമ്മതിരുമേനി, നാരായണശാസ്ത്രി അവർകൾ ഇവൎക്കും, ഇതിലെ രീതിയെപ്പററി സരസങ്ങളായ അഭിപ്രായ ഖണ്ഡങ്ങൾ എഴുതി എന്നെ പ്രോത്സാഹിപ്പിച്ചതിനു മിസ്റ്റർ സീ. വി. കുഞ്ഞുരാമനും യഥോചിതം നന്ദിപറഞ്ഞുകൊണ്ടു് ഞാൻ ഇതിനെ സജ്ജനങ്ങളുടെ മുമ്പിൽ സമൎപ്പിച്ചുകൊള്ളുന്നു.

അനുഗ്രഹബുദ്ധ്യാ ഈ കാവ്യം മുഴുവനും, ഓരോ ദിവസം ഓരോ സൎഗ്ഗംവീതം, സാവധാനമായി എന്നെക്കൊണ്ടു വായിപ്പിച്ചു കേൾക്കയും അനുപദം അധികമ

ധികം അഭിനന്ദിക്കയും ചെയ്ത മഹാമഹിമശ്രീ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇനിയും വളരെക്കാലം സുഖമായി ജീവിച്ചിരുന്നു സാഹിത്യസാമ്രാജ്യത്തെ അലങ്കരിക്കുമാറാകട്ടെ!

അവിടുന്നു് ഇതു വായിച്ചുകേട്ട അവസരങ്ങളിൽ കല്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ ആജ്ഞാനുസാരേണ താഴെ ചേർത്തുകൊള്ളുന്നു.

"കാവ്യങ്ങളിൽ സാർവ്വത്രികമായി ദ്വിതീയാക്ഷരപ്രാസവും, ഒരു സർഗ്ഗം മുഴുവനും നാലാംപാദത്തിൽ യമകവും പ്രയോഗിക്കണമെന്നു നിർബന്ധം വച്ചാൽ എങ്ങനെയായാലും അനാവശ്യപദങ്ങൾ വന്നുചേരാതിരിക്കയില്ല. ആ 'മർക്കടമുഷ്ടി' ഇല്ലായ്കയാൽ ഈ മഹാകാവ്യം ഉചിതങ്ങളായ ശബ്ദാർത്ഥങ്ങൾകൊണ്ടു വളരെ ഹൃദയംഗമമായിട്ടുണ്ടു്. വർണ്ണനകൾ എല്ലാം സന്ദർഭോചിതങ്ങളും നവീനങ്ങളായ പല ഉല്ലേഖങ്ങളെക്കൊണ്ടു് അത്യന്തം രമണീയങ്ങളും ആയിരിക്കുന്നു. വിവിധങ്ങളായ പ്രാസപ്രയോഗങ്ങൾ ധാരാളം ഉള്ളതിനാൽ, ഇതിൽ ശബ്ദഭംഗിക്കു് ഒട്ടും കുറവുവന്നിട്ടില്ല. ഇപ്രകാരം ലക്ഷണങ്ങൾ ഒപ്പിച്ചു് ഒരു മഹാകാവ്യം എഴുതിത്തീർക്കുന്നതിനു വളരെ ശ്രമമുണ്ടു്. സഹൃദയഹൃദയാകർഷകമായ ഈ കൃതി ഉടനെ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതാണു്."

തിരുവനന്തപുരം,
1088 കർക്കടകം 20-ാംനു } കെ. സി. കേശവപിള്ള.

# സർഗ്ഗവിവൃതി.

| സർഗ്ഗം. | പേരു് | വൃത്തം. |
| --- | --- | --- |
| 1 | ഭാമാനിവേദനം | അനുഷ്ടുപ്പ് |
| 2 | മണിപ്രാൎത്ഥനം | ഉപജാതി |
| 3 | മൃഗയാനുവൎണ്ണനം | വസന്തമാലിക |
| 4 | മണിഭ്രംശം | അനുഷ്ടുപ്പ് |
| 5 | അപവാദചിന്തനം | രഥോദ്ധത |
| 6 | വനഗമനം | ഉപജാതി |
| 7 | പ്രസേനദേഹദൎശനം | പുഷ്പിതാഗ്ര |
| 8 | മണിദർശനം | ഉപജാതി |
| 9 | ദ്വന്ദ്വയുദ്ധം | ദ്രുതവിളംബിതം |
| 10 | പൌരവിലാപം | ഗീതി |
| 11 | പ്രത്യാഗമനം | വംശസ്ഥം |
| 12 | ഭാമാഗ്രഹണം | രഥോദ്ധത |

# സമർപ്പണം

ശ്രീകാളിദാസകവിതാമൃതവാരിരാശേർ-
ഗ്ഗംഭീരത്തുംഗവിപുലോർമ്മി പരമ്പരാസു
ഹസ്താവലംബമനപായലവം പ്രദായ
സഞ്ചാരിതോസ്മി ഗുരുണാ സദയേന യേന;

തസ്യാനവദ്യകവിതാനിലയസ്യ നവ്യ-
ശ്രീപാണിനേശ്ചരണസാരസരേണുജാലം
ആമോദമേദുരമവാപ്യ ബുധാഭിനന്ദ്യം
ഹേ കേശവീയ! വിജയസ്വ ചിരം ധരായാം.

ഗ്രന്ഥകർത്താ.

ശ്രീ.

# സ്വീകാരം

ഗുരുപ്രേമ്ണാ കാവ്യം
        ഭവദുപഹൃതം കേശവകവേ
ഗിരീയസ്യാ പ്രത്യൈ-
        ഷിഷമനുപധിപ്രേമകലയാ
പ്രവക്താ സൽകാവ്യ-
        പ്രണയനവിധീനാം ക്വ ന മിളേൽ?
പ്രയോക്തൈവൈതേഷാ--
        മസുകരഗതിസ്ത്വാമസുലഭഃ.

പാദാഗ്രേഷു പുനഃപുനഃ പ്രഹരതാ
        പ്രാസേന പങ്ഗൂകൃതാ
ഗൗഡീയേഽക്ഷരഡംബരേണ വിഷമേ
        മാർഗ്ഗേ സ്ഖലന്തീ ചിരാൽ
ബാലാ കേരളസാഹിതീ സമതയാ-
        രമ്യേ സദർത്ഥോജ്ജ്വലേ
വൈദർഭാധ്വനി മോചിതാദ്യ ഭവതാ
        കൃച്ഛ്രാൽ സുഖം നൃത്യതു.

തിരുവനന്തപുരം,
1089 ചിങ്ങം 10.

*A. R. Rajaraja Varma.*

# അവതാരിക.

"പഴയ സമ്പ്രദായങ്ങൾ മാറി പുതിയ സമ്പ്രദായങ്ങൾക്ക് ഇടം കൊടുക്കുന്നു" എന്നു ടെന്നിസൻ പറഞ്ഞിട്ടുള്ളതു് എത്രയോ വാസ്തവമാണെന്നു് അനുഭവംകൊണ്ടു നാം അറിയുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതികൂടെ മുമ്പിലത്തേതിൽനിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. അക്ഷരങ്ങൾ പഠിപ്പിച്ചിട്ടു ശബ്ദങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്ന രീതിവിട്ടു് ഇപ്പോൾശബ്ദങ്ങൾ പഠിപ്പിച്ചിട്ടു് അക്ഷരങ്ങൾ പഠിപ്പിക്കണം എന്നായി. ഇതു ബാലന്മാരെ പഠിപ്പിക്കുന്നതിനുള്ള "നേർവഴി" ആണെന്നു വിദ്വാന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. വരകൾ വരച്ചു് ക്രിയകൾ ചെയ്യാൻ കണക്കശാസ്ത്രത്തിൽ നിപുണന്മാർ ഒരു മാർഗ്ഗം കണ്ടുപിടിച്ചിരിക്കുന്നു. വ്യാകരണം പഠിപ്പിച്ചു് വ്യാകരണസിദ്ധാന്തങ്ങളെ ഗ്രഹിപ്പിക്കുന്നതിനേക്കാൾ എളുപ്പവും ഫലപ്രദവുമായിട്ടുള്ളതു ഭാഷാപാഠത്തിലുള്ള പദങ്ങളേയും വാക്യങ്ങളേയും എടുത്തുകാണിച്ചു വ്യാകരണസിദ്ധാന്തങ്ങളെ ഗ്രഹിപ്പിച്ചുകൊള്ളുന്നതാണെന്നു് ശബ്ദശാസ്ത്രജ്ഞന്മാർ ഉപദേശിച്ചിരിക്കുന്നു. ഇപ്രകാരമുള്ള നവീനാശയങ്ങൾ മുളച്ചു പടർന്നു തുടങ്ങിയതു് മാനുഷബുദ്ധിയുടെ വികാസത്താലാകുന്നു എന്നു സൂക്ഷ്മദൃഷ്ടികൾക്കു കാണുവാൻ കഴിയുന്നതാണു്. വിദ്യാഭ്യാസംകൊണ്ടു മനുഷ്യർക്കു ജ്ഞാനം വർദ്ധിക്കയും അതുമൂലം ആലോചനയും യുക്തിയും വളർന്നുവരികയും ചെയ്യുന്നു. ബുദ്ധിയുടെ ഗതി തടുക്കാൻ ആർക്കും സാധിക്കയില്ല. അപ്പോൾ പഴയതു നല്ലതെന്നു് ഒരുകക്ഷിയും പുതിയതു നല്ലതെന്നു് മറെറാരു കക്ഷിയും വാദിച്ചുതുടങ്ങുന്നു. അവസാനത്തിൽ യുക്തിക്കും ഫലസിദ്ധിക്കും ചേരുന്നതുതന്നെ സ്വീകാര്യമായിത്തീരുന്നു.

ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ ഇയ്യിടെ ഒരിളക്കം തട്ടുവാനുണ്ടായ കാരണം ബുദ്ധിവികാസത്തിൻെറ ഒരുഫലംതന്നെയാകുന്നു. മലയാളഭാഷ ഗണിക്കത്തക്ക അഭിവൃദ്ധിയെ പ്രാപിച്ചുകഴിഞ്ഞിട്ടും ഇതിൽ ഉത്തമങ്ങളായ സാഹിത്യശാസ്ത്രങ്ങൾ ഉണ്ടായിക്കാണായ്കയാൽ ഭാഷാഭിമാനികൾക്ക് അല്പം കുണ്ഠിതത്തിനിടയായി. ഈ ന്യൂനതയെ പരിഹരിക്കണമെന്നു നിശ്ചയിച്ച്, ഇംഗ്ലീഷിലും സംസ്കൃതത്തിലും ഒരുപോലെ പാണ്ഡിത്യം സമ്പാദിച്ച പ്രൊഫസർ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകൾ കേരളപാണിനീയം, ഭാഷാഭൂഷണം, സാഹിത്യസാഹ്യം മുതലായ പ്രൌഢകൃതികൾ രചിച്ചു സധൈര്യം തൻെറ മതങ്ങളെ വെളിപ്പെടുത്തിത്തുടങ്ങിയപ്പോൾ സാഹിത്യനഭോമണ്ഡലം കാർകൊണ്ടിരുണ്ടു വശമായി, അഭിപ്രായഭേദങ്ങൾ മിന്നിത്തുടങ്ങി, മാത്സര്യം മുഴങ്ങി, ഖണ്ഡനപ്രതിഖണ്ഡനങ്ങളായ ലേഖനങ്ങളുടെ വർഷവും ആരംഭിച്ചു. കുറച്ചുകാലത്തേയ്ക്കു ഈ പേമാരി അസഹ്യമായിരുന്നു എന്നുമാത്രമേ ഞാൻ ഇവിടെ പ്രസ്താവിക്കുന്നുള്ളു. ഭാഷയുടെ ഭാഗ്യത്താൽ വർഷംനിന്നു കാർ നീങ്ങി, സാഹിത്യനഭോമണ്ഡലം വീണ്ടും പ്രസന്നമായി. ഈ അവസരത്തിലാണ് 'കേശവീയ'ത്തിൻെറ പുറപ്പാട്.

കവിമാതാവായ സരസ്വതീദേവി കടാക്ഷിച്ചരുളിയ സാഹിത്യാമൃതത്തെയും സംഗീതാമൃതത്തെയും ആസ്വദിച്ചും, പണ്ഡിതസാർവ്വഭൌമനായ കേരളകാളിദാസരിൽനിന്ന് 'സരസഗായകകവിമണി' എന്ന വിരുതു ലഭിച്ചും വിഖ്യാതനായിത്തീർന്നിട്ടുള്ള മി. കെ. സി. കേശവപിള്ളയുടെ നാമധേയം മലയാളികൾക്കു ചിരപരിചിതമായിട്ടുണ്ടല്ലോ. ഈ സരസൻെറ കവിതാസാമർത്ഥ്യത്തെപ്പററി "ആങ്ഗലസാമ്രാജ്യ"ത്തിൻെറ അവതാരികയിൽ കൊച്ചിയിൽ അപ്പൻതമ്പുരാൻ തിരുമനസ്സു

കൊണ്ടും "സാഹിത്യവിലാസ"ത്തിൽ ചേർത്തിട്ടുള്ള ജീവചരിത്രത്തിൽ മിസ്റ്റർ സീ. വി. കുഞ്ഞുരാമനും പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ "കേശവീയ"ത്തെ മഹാജനങ്ങളുടെ മുൻപിൽ അവതരിപ്പിക്ക മാത്രമേ ഞാൻ ചെയ്യാനുള്ളു.

രണ്ടുപ്രകാരത്തിലും കേശവീയവും സ്യമന്തകാപരപര്യായവും ആയ ഈ മഹാകാവ്യം ഭാഷാകവിതയുടെ ഒരു പുതിയ പ്രസ്ഥാനത്തെ ഉദാഹരിക്കുന്നു. ഭാഷാഭൂഷണാദി കൃതികളിൽ പ്രൊഫസർ കോയിത്തമ്പുരാൻ ഭാഷാകാവ്യത്തിൻെറ ഗുണദോഷനിരൂപണം ചെയ്ത ഘട്ടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മതങ്ങളെ അവലംബിച്ച് ഈ കാവ്യം മിസ്റ്റർ കേശവപിള്ള ഉണ്ടാക്കി എന്ന് ഒന്നാംസർഗ്ഗത്തിലെ അഞ്ചാംപദ്യം സുസ്പഷ്ടമാക്കുന്നു.

ഭാഗവതത്തിൽ ചുരുക്കിപ്പറഞ്ഞിട്ടുള്ള സ്യമന്തകംകഥ വിസ്തരിച്ചു വർണ്ണിച്ചതിൽ കവി വളരെ മനോധർമ്മം കാണിച്ചിട്ടുണ്ട്. നാരായണീയത്തിൽ ഭട്ടതിരിയും തുള്ളക്കഥയിൽ കുഞ്ചൻനമ്പ്യാരും പ്രയോഗിച്ച ഫലിതങ്ങളെ ചില ഘട്ടങ്ങളിൽ "കേശവീയം" അനുസ്മരിപ്പിക്കുന്നു. ജാംബവാൻെറ ഗോപുരത്തിനകത്തു കൃഷ്ണൻ കടന്നപ്പോൾ വലത്തേ ഭിത്തിയിൽ ചിത്രങ്ങളെ കണ്ടു സന്തോഷിച്ചു എന്നും, രാമായണം കഥയെ അനുക്രമമായി വിവരിക്കുന്ന ചിത്രങ്ങളെ കണ്ടസമയം ഭഗവാനു പൂർവ്വസ്മരണ ഉണ്ടായ്വന്നു എന്നും തുള്ളക്കഥയിൽ വർണ്ണിച്ചിട്ടുണ്ട്. "പുരാണവൃത്തപ്രതിപാദക"ങ്ങളായ ചിത്രങ്ങളുടെ കൂട്ടത്തിൽ കൃഷ്ണലീലകളെ പ്രകടനംചെയ്യുന്ന ചിത്രങ്ങളേയും ആ പുണ്യവാൻ എഴുതിവച്ചിരുന്നു എന്നും, അതുകളെ കണ്ടിട്ടു കൃഷ്ണൻ ആനന്ദപരവശനായി എന്നും വർണ്ണിച്ചുകൊണ്ടു് ഭക്തശിരോമണിയായ ജാംബവാനു് രാമനിലും കൃഷ്ണനിലും പ്രതിപത്തിഭേദം ഇല്ലെന്നുള്ള തത്വത്തെ "കേശവീയം" വെളിപ്പെടുത്തുന്നു.

ദ്വിതീയാക്ഷരപ്രാസം അണിഞ്ഞിട്ടില്ലാത്ത ഭാഷാകവിതയ്ക്കു രാമണീയകത്തിനു കുറവുണ്ടാകയില്ലെന്നു നിമ്മത്സരന്മാരായ വിദ്വാന്മാക്കു "കേശവീയ"ത്തിൻെറ ആവിർഭാവത്തിനു മുൻപിൽ തന്നെ ബോധം വന്നിട്ടുണ്ടെന്നാണു് എൻെറ അഭിപ്രായം. ദ്വിതീയാക്ഷരപ്രാസം ഇല്ലെന്നുവച്ചു് പൂവ്വകൃതിയായ "ചന്ദ്രോത്സവ"ത്തിനോ ആധുനികകൃതിയായ "ദൈവയോഗ"ത്തിനോ ആസ്വാദ്യതയില്ലെന്നു് ആരും പറയുകയില്ല. ഈ പ്രാസം ഒരു ശബ്ദാലങ്കാരമാണല്ലോ. ഇതു് ഒരഴകല്ലെന്നു കേരളപാണിനി വിധിക്കുന്നില്ല. 'വശ്യവചസ്സുകളായ മഹാകവികൾ സരസങ്ങളായ ദ്വിതീയാക്ഷരപ്രാസങ്ങളോടുകൂടെ ചമയ്ക്കുന്ന മണിപ്രവാളശ്ലോകങ്ങൾക്കുള്ള രാമണീയകവിശേഷം ഒരിക്കലും ആക്കും അപലപനീയമാകുന്നതുമല്ല' എന്നാണു് ഭാഷാഭൂഷണത്തിൽ പറഞ്ഞിരിക്കുന്നതു്. ഭാഷാപദ്യകാവ്യങ്ങളിൽ സാവ്ത്രികമായി ദ്വിതീയാക്ഷരപ്രാസം വേണമെന്നു നിർബന്ധം വയ്ക്കുന്നതിനാൽ യതിഭംഗം നിരത്ഥകശബ്ദപ്രയോഗം മുതലായ ദോഷങ്ങൾ ഉണ്ടാകുന്നുണ്ടെന്നും, ഈ പ്രാസത്തെ അനുപ്രാസങ്ങളിൽ ഒന്നായി ഗണിച്ചു തരംപോലെ പ്രയോഗിക്കുന്നതായാൽ ചമല്ക്കാരത്തിനു കുറവുണ്ടാകയില്ലെന്നു മാത്രമല്ല, ഭാഷയുടെ പ്രൌഢതയ്ക്കു യോജിച്ച ഒരു വ്യതിയാനമായിരിക്കുമെന്നും ആണു് പ്രൊഫസർ കോയിത്തമ്പുരാൻെറ ആശയം. വിദ്വാന്മാർ സാരവത്തായ ഈ അഭിപ്രായത്തോടു പൂണ്ണമായി ഇപ്പോഴും യോജിച്ചു കഴിഞ്ഞില്ലെങ്കിൽ അതിൻെറ കാരണം 'പുതിയ' അഭിപ്രായത്തിൽ സാധാരണമായിട്ടുണ്ടാകുന്ന വൈമുഖ്യമായിരിക്കാനേ ഇടയുള്ളു. മംഗളോദയം രണ്ടാംപുസ്തകം 1-ാം ലക്കത്തിൽ ദ്വിതീയാക്ഷരപ്രാസത്തെക്കുറിച്ചു് സൂക്ഷ്മബുദ്ധിയായ 'കെ. എം.' എഴുതിയ ലേഖനത്തിൽ

ഒരു ഭാഗം ഇവിടെ പകൎത്തുന്നതു് ഉചിതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

"ശബ്ദശുദ്ധി വരുന്നതിനും പദങ്ങളെ ഉചിതമായി പ്രയോഗിക്കുന്നതിനുള്ള സ്വാധീനം വരുന്നതിനും മററും ശബ്ദാലങ്കാരം മുതലായവയെ പ്രയോഗിച്ചു ശീലിക്കുക നല്ലതാകുന്നു. അതു കുറേ താണക്ലാസ്സിലായിരുന്നുകൊണ്ടു ചെയ്യേണ്ട ഒരു അഭ്യാസവിശേഷം മാത്രമാകുന്നു. ഈ ഘട്ടംവരയ്ക്കു മാത്രമേ അതുകൊണ്ടാവശ്യമുള്ളു. അതു കഴിഞ്ഞാൽപിന്നെ അവയിൽ മനസ്സിരുത്തീട്ടു കാൎയ്യമില്ല. കവി അവയിൽ മനസ്സിരുത്തുന്നതുമല്ല. ചോട്ടു ക്ലാസ്സിൽ പഠിക്കുന്ന പാഠങ്ങൾ ആ അവസ്ഥയിൽ അത്യാവശ്യകങ്ങളാണെങ്കിലും ഉപരിക്ലാസ്സിൽ പഠിക്കുന്നവന്നു് അവ നിഷ്പ്രയോജനങ്ങളായിത്തീരുന്നു. എങ്കിലും അവൻ അവയെ നിന്ദിപ്പാൻ പാടില്ലതാനും. അതുപോലെതന്നെ അഭ്യാസകാലത്തു ശബ്ദാലങ്കാരങ്ങൾ അവശ്യമാണെങ്കിലും എപ്പോൾ ഒരുവൻെറ ചിത്തവൃത്തി അവയെ അതിക്രമിച്ചു് ഉൽകൃഷ്ടനിലയിൽ എത്തുന്നുവോ അപ്പോൾ അവന്നു് അവയെക്കൊണ്ടു് വളരെ പ്രയോജനം ഇല്ലാതായിത്തീരുന്നു."

ഈ കാവ്യത്തിൽ ശബ്ദാലങ്കാരത്തേക്കാൾ അൎത്ഥാലങ്കാരത്തിനു കവി പ്രാധാന്യം നൽകിയിരിക്കുന്നു. സരസങ്ങളായ ധ്വനികളും, ശ്ലേഷം, ഉപമ, ഉൽപ്രേക്ഷ മുതലായ അലങ്കാരങ്ങളും ഇതിൽ ധാരാളം ഉണ്ടു്. ഇതിലെ വ്യംഗ്യങ്ങളുടെ ചാതുൎയ്യം ഒന്നു വേറേതന്നെയാകുന്നു. അതിൻെറ സ്വാദു് സഹൃദയന്മാർ പുസ്തകം വായിച്ചുതന്നെ അനുഭവിക്കേണ്ടതാകയാൽ ഉദാഹരണങ്ങൾ ഇവിടെ ചേൎക്കുന്നില്ല. ശബ്ദാലങ്കാരത്തെ കവി ഉപേക്ഷിച്ചിട്ടില്ല. ദ്വിതീയാക്ഷരപ്രാസം പ്രയോഗിച്ചു് അനേക കവനങ്ങൾ ചെയ്തു പരിചയിച്ചിട്ടുള്ള ഗ്രന്ഥകൎത്താവു്

ഈ പ്രാസത്തെ വിസ്മരിച്ചില്ല. "കേശവീയ"ത്തിൽ ഏതു സർഗ്ഗം നോക്കിയാലും ദ്വിതീയാക്ഷരപ്രാസമുള്ള പദ്യങ്ങൾ കാണാം. എല്ലാവിധത്തിലുള്ള പ്രാസങ്ങൾക്കും സമപ്രാധാന്യം കൊടുക്കണമെന്നാണ് കവിയുടെ നിശ്ചയം എന്നു തെളിയുന്നുണ്ട്. ഭാഷാകവിതയിൽ വൈദർഭമാർഗ്ഗത്തെ ആദ്യമായി അവതരിപ്പിച്ചതു് ഈ ഗ്രന്ഥം തന്നെയാണെന്നു പറയാം. വർണ്ണനാദികളിലുള്ള ഔചിത്യം കാവ്യജീവിതം ആകുന്നു എന്ന ക്ഷേമേന്ദ്രകവി "ഔചിത്യവിചാരചർച്ച"യിൽ സമർത്ഥിച്ചിട്ടുണ്ട്. ആ ഭാഗത്തിൽ മിസ്റ്റർ കേശവപിള്ള ചെയ്തിടത്തോളം നിഷ്കർഷ മുൻപിലൊരു ഭാഷാകവിയും ചെയ്തുകണ്ടിട്ടില്ലെന്നൊരു വിശേഷംകൂടെ പറയേണ്ടതായിട്ടുണ്ട്.

മഹാകാവ്യത്തിനു ശരിയായ ലക്ഷണം പഴയ ആചാര്യന്മാർ ചെയ്തിട്ടില്ല. ദണ്ഡി അതിൻെറ സ്വരൂപത്തെ വിവരണം ചെയ്തു എന്നല്ലാതെ ഇന്ന ലക്ഷണങ്ങളോടുകൂടിയിരിക്കണം മഹാകാവ്യം എന്നു നിർണ്ണയിച്ചിട്ടില്ല. ദണ്ഡി പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാകുന്നു:—

സർഗ്ഗബന്ധോ മഹാകാവ്യമുച്യതേ തസ്യ ലക്ഷണം
ആശീർന്നമസ്ക്രിയാവസ്തു നിർദ്ദേശോ വാപി തന്മുഖം
ഇതിഹാസകഥോദ്ഭൂതമിതരദ്വാ സദാശ്രയം
ചതുർവ്വർഗ്ഗഫലായത്തം ചതുരോദാത്തനായകം
നഗരാർണ്ണവശൈലർത്തു ചന്ദ്രാർക്കോദയവർണ്ണനൈഃ
ഉദ്യാനസലിലക്രീഡാ മധുപാനരതോത്സവൈഃ
വിപ്രലംഭൈർവ്വിവാഹൈശ്ച കുമാരോദയവർണ്ണനൈഃ
മന്ത്രദൂതപ്രയാണാജി നായകാഭ്യുദയൈരപി
അലംകൃതമസംക്ഷിപ്തം രസഭാവനിരന്തരം
സർഗ്ഗൈരനതിവിസ്തീർണ്ണൈഃ ശ്രാവ്യവൃത്തൈസ്സുസന്ധിഭിഃ
സർവ്വത്രഭിന്നവൃത്താന്തൈരുപേതം ലോകരഞ്ജനം
കാവ്യം കല്പാന്തരസ്ഥായി ജായേത സദലംകൃതി
ന്യൂനമപ്യത്രയൈഃ കൈശ്ചിദംഗൈഃ കാവ്യംന ദുഷ്യതി."

ഈ വിവരണത്തിൽ വർണ്ണ്യങ്ങളായി കാണിച്ചിട്ടുള്ള 18 അംഗങ്ങളിൽ ഏതാനും അംഗങ്ങൾ ഇല്ലെന്നുവച്ച് കാവ്യത്തിനു് ഒരു ദോഷവും ഉണ്ടാകയില്ല എന്നാണു് ദണ്ഡിയുടെ അഭിപ്രായം. മഹാകാവ്യം ചിത്രസർഗ്ഗത്താൽ അലംകൃതമായിരിക്കണം എന്നു ദണ്ഡി നിർവചിച്ചില്ല. രഘുവംശത്തിന്റെ 9-ാം സർഗ്ഗത്തിലുള്ള പദ്യങ്ങളുടെ നാലാംപാദത്തിൽ കാളിദാസൻ യമകപ്രാസം പ്രയോഗിച്ചു. ഈ യമകപ്രയോഗമാണു് ഭാരവി, മാഘൻ മുതലായ ചില കവികളെ ചിത്രസർഗ്ഗം ഉണ്ടാക്കുവാൻ ഉത്സാഹിപ്പിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

"കേശവീയ"ത്തിൽ ലക്ഷണഃപ്രാക്തങ്ങളായ വസ്തുക്കളിൽ പകുതിയിലധികം എണ്ണത്തെക്കുറിച്ചും മററു വസ്തുക്കളെക്കുറിച്ചും സഹൃദയഹൃദയാഹ്ലാദകങ്ങളായ വർണ്ണനകൾ ഉണ്ടു്. ചിത്രസർഗ്ഗത്തിനു് കവി ഇതിൽ സ്ഥലം കൊടുത്തിട്ടില്ല. യമകപ്രാസങ്ങൾ പലതും പ്രയോഗിച്ചിട്ടുണ്ടു്. ഏകാക്ഷരപദ്യം നാലുപാദങ്ങളിലും യമകപ്രാസത്തോടുകൂടിയ "കേശവാഷ്ടകം" അനുലോമപ്രതിലോമപദ്യം ഇത്യാദി രചിച്ചിട്ടുള്ള പ്രൌഢകവിക്കു 'രാമചന്ദ്രവിലാസ'ത്തിലുള്ളതുപോലെ ഒരു ചിത്രസർഗ്ഗം ഉണ്ടാക്കുവാൻ ശക്തിയില്ലെന്നു് ഒരിക്കലും വരുന്നതല്ല. ബന്ധവൈചിത്ര്യം അർത്ഥപുഷ്ടികരമല്ലാത്തതുകൊണ്ടു് കാളിദാസനെ അനുഗമിച്ചു കവി അതിനെ മനഃപൂർവം ഉപേക്ഷിച്ചതാണു്. പ്രൌഢകവികളുടെ ശബ്ദചിത്രകൌതുകം ഹാസ്യജനകമാകുന്നു എന്നു് നീലകണ്ഠദീക്ഷിതർ "ശിവലീലാർണ്ണവ"ത്തിൽ താഴെ കാണിക്കുംപ്രകാരം ഉദാഹരിച്ചിരിക്കുന്നു:—

"ദിഷ്ട്യാധിരൂഢാഃ കവിതാധിരാജ്യം
ധീരാ രമന്തേ നഹി ശബ്ദചിത്രേ;
സ്വർഗ്ഗേപി ഗത്വാപ്സരസാം നിവാസേ
കാണേവ കിം കാപി ഗവേഷണീയാ?"

കാവ്യത്തിൻെറ ജീവൻ രസമാകയാൽ വിശിഷ്ടശബ്ദാർത്ഥങ്ങളെക്കൊണ്ടു സഹൃദയന്മാരെ രസിപ്പിച്ചു മയക്കുവാൻ ഏതു കൃതിക്കു് ശക്തിയുണ്ടോ അതിനാണു് കാവ്യം എന്ന പേരിൽ അർഹതയുള്ളതു്. "ഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭില"മായ ഈ കാവ്യത്തിൻെറ സാരസ്യം, സാരള്യം, മാധുര്യം, പ്രൌഢത മുതലായ ഗുണങ്ങളും ഗ്രന്ഥത്തിൻെറ വലിപ്പവും ദണ്ഡിയുടെ മതപ്രകാരമുള്ള ലക്ഷണങ്ങളുടെ തികവും ആലോചിക്കുമ്പോൾ ഇതിനു 'മഹാകാവ്യം' എന്ന സംജ്ഞയ്ക്കു നിശ്ചയമായി അവകാശമുണ്ടു്. ഗ്രന്ഥകർത്താവിൻെറ കൈശോരവയസ്സിലെ കൃതിയായ 'ഹിരണ്യാസുരവധം' ആട്ടക്കഥ വായിച്ചിട്ടു് "ഈ ഗ്രന്ഥകർത്താവു് ഇപ്രകാരമുള്ള കവിതകളിൽ മേലും നല്ലവണ്ണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതായാൽ ഒരിക്കൽ ശ്രേഷ്ഠമായ കവിതകൊണ്ടു് നമ്മെ വിസ്മയിപ്പിക്കുന്നതിനു പര്യാപ്തനാകുമെന്നു" പണ്ഡിതശ്രേഷ്ഠനായിരുന്ന രാമക്കുറുപ്പു ബി. ഏ. അഭിപ്രായപ്പെട്ടിരുന്നു. ആ ദീർഘദർശി കണ്ടിരുന്ന ശ്രേഷ്ഠകവിത 'കേശവീയം' തന്നെ ആയിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

"കേശവീയം" ഉത്തമഭാഷാകാവ്യങ്ങളുടെ മുന്നണിയിൽ ഒരു പ്രധാന സ്ഥാനത്തെ അലങ്കരിക്കുമെന്നും, ഇതിനു് അനുരൂപങ്ങളായ സഹോദരങ്ങൾ ഉണ്ടാകുമെന്നും ഞാൻ വിശ്വസിക്കുന്നു.

മാവേലിക്കര,
1088 മീനം 25.

M. Udaya Varma.

ശ്രീ

# കേശവീയം

സ്യമന്തകാപരപൎയ്യായം

മഹാകാവ്യം.

---

## ഒന്നാം സൎഗ്ഗം.

രമണീയാൎത്ഥദാനത്താലാനന്ദമളവെന്നിയേ
ആശ്രിതൎക്കരുളീടുന്ന വാണിയെക്കൈതൊഴുന്നു ഞാൻ. 1

ശ്രീമൽ കേരളവൎമ്മാഖ്യം കവിരത്നം തമോപഹം
വിമലം വിലസീടുന്നു വിദ്വന്മൌലിവിഭൂഷണം. 2

തച്ഛിഷ്യകവിസൂരീന്ദ്രമണിമാലയ്ക്കു മഞ്ജുളം
നടുനായകമൊന്നിങ്ങു വിളങ്ങുന്നിതമൂല്യമായ്. 3

രാജരാജാഖ്യനായോരഗ്ഗുരുവിന്റെ കൃപാരസം
എൻമൊഴിക്കുള്ളഴുക്കെല്ലാം കഴുകിക്കളയേണമേ. 5

തദുപജ്ഞം മതം നവ്യം സാമഞ്ജസ്യ മനോഹരം
ഒരുക്കിയെന്നെയിക്കാവ്യരചനാസാഹസത്തിനായ്. 5

കാളിദാസകവീന്ദ്രന്റെ കാൽനഖേന്ദുമരീചികൾ
കാവ്യാദ്ധ്വാവിൽ സഞ്ചരിക്കുമെനിക്കു വഴികാട്ടണം. 6

പശ്ചിമാംബുധിയിൽ പുത്തൻ മണിമാമലയെന്നപോൽ
ദ്വാരകാഹ്വയമായ് പണ്ടു വിളങ്ങിയൊരു പത്തനം. 7

ഏഴുപൊന്മതിലിനുള്ളിലിതു ശോഭിച്ചു പാവനം
പൃഥിവ്യാദികൾ ചൂഴുന്ന പരചിൽപദമെന്നപോൽ. 8

ഇതിൻ കനകസാലശ്രീ പടന്നു നിഴലിക്കയാൽ
ഔർവ്വസംഗം സമുദ്രത്തിൽ സങ്കല്പിച്ചു ജനം ദൃഢം. 9

നിലയേറെക്കലർന്നുച്ചനിലയാർന്നുള്ളൊരിപ്പുരം
വിണ്ണിനോട്ടുള്ള സംഘർഷം വിശദം വിവരിച്ചുതേ. 10

വിമാനമേറിസ്സരസം ചരിക്കും സുരസഞ്ചയം
ഇതിൻപാർശ്വത്തിലെത്തുമ്പോൾ നിന്ദിച്ചാർ വിഭവം
നിജം. 11
വിശ്വകർമ്മാവു പലനാളഭ്യസിച്ചതിമെച്ചമായ്
ശേഖരിച്ചുള്ള ശില്പങ്ങൾക്കിതാണാദ്യ "പ്രദർശനം" 12

അസുരാന്തകനായീടുമനുജന്നു വസിക്കുവാൻ
ഇന്ദ്രനേകിയ വിണ്ണിന്റെ ഖണ്ഡംതാനിതനുത്തമം. 13

അഥവാ മഥനം വീണ്ടുമാശങ്കിച്ചു സരിൽപതി
പുരമൊന്നീവിധം രത്നപൂർണ്ണം കൃഷ്ണനു നൽകിയോ? 14

കനിഞ്ഞു മാധവൻ പോററും വൃഷത്തിന്റെ വിഹാരവും
ശിവധാമത്വവും ശ്രീമദ്വിനായകവിലാസവും, 15

നന്ദിയാളുന്ന ഭൂതൗഘമളകാപുരസഖ്യവും
മഹാസേനാഭയും പാർത്താലിതു കൈലാസമേ ദൃഢം.
(യുഗ്മകം) 16

സ്ഫടികപ്പടവാർന്നിങ്ങു വിളങ്ങിയ കുളങ്ങളിൽ
ജലത്തിൻനില ബോധിപ്പാൻ സ്പർശംതന്നെയുപായ–
മായ്. 17

താരകാനികരം രാവിലിന്ദ്രനീലാങ്കണങ്ങളിൽ
നിഴലിച്ചിഹ ശോഭിച്ചു കാളിന്ദീകുമുദോപമം. 18

നെഞ്ചിനുല്ലാസമേകുന്ന മണിമാളികതൻഗണം
മാനിനിക്കെന്നപോൽചേർത്തു മനോജ്ഞകമിതിന്നലം.

ഇതിലെ സ്ത്രീകൾതൻ സൃഷ്ടി ചെയ്യുതിൽ പ്രൌഢി–
കൈവരാൻ
വിധിചെയ്തുള്ളൊരഭ്യാസവിധിതാനപ്പുരസ്സുകൾ. 20

ഒരു പൊന്മയമാംസേതുവിതിലെത്താൻ പയോധിയിൽ
മിന്നി നീലത്തുകിലണിത്തങ്കക്കസവിനൊപ്പമായ്. 21

ഇതിൻ നായകനായ്വാണാനിന്ദിരാനന്ദകന്ദളം
കേവലാനന്ദസാരാത്മാ കേശവൻ ക്ലേശനാശനൻ. 22

യദുവിൻകുലമാകുന്ന കലശാബ്ധിക്കു കൌസ്തുഭം,
ദേവകീവസുദേവന്മാർ നോററ നോൻപുകൾതൻഫലം.

സദാചാരസ്ഥിതന്മാർതൻ നേത്രങ്ങൾക്കു നവാമൃതം
ദുരാചാരരതന്മാർക്കു ദുർന്നിമിത്തശതോൽഗമം, 24

വനിതാനയനങ്ങൾക്കു ഘനസാരം മനോഹരം,
ദീനഹൃത്തിന്നു വിശ്രാന്തി സ്ഥാനമാനന്ദദായകം.
(കലാപകം)

അനീതിബാധയില്ലാതെ മാധവൻ നാട്ടു വാഴവേ
അനീതിബാധാകുലമായഹോ! ശോഭിച്ചു ഭൂതലം. 26

മുകുന്ദകീർത്തിയാകുന്ന മാലതീമാല മഞ്ജുളം
മുടിയിൽച്ചൂടിയാശേന്ദുമുഖിമാർ വിളയാടിനാർ. 27

കൃഷ്ണശബ്ദാർത്ഥമായുള്ള സത്താനന്ദങ്ങൾ സർവദാ
കലർന്ന ലോകർ ഭൂപാലന്നനുരൂപത തേടിനാർ. 28

ഗദത്തിൻഗന്ധമേ നാട്ടിലാഗമിച്ചില്ലയെങ്കിലും
ദ്വിധാ മുകുന്ദപാർശ്വത്തിലുളവായി ഗദാഗമം. 29

ശൌല്ബികാദികൾ കൈവിട്ടമൃഷാനാമികവേശ്യയാൾ
കദാചിൽക്കം കാവ്യകർത്തൃകടാക്ഷം പൂണ്ടു കേവലം. 30

സ്വവല്ലഭൻ താനക്കാലം സ്വയം തന്നെബ്ഭരിക്കയാൽ
ഭൂമിദേവിക്കു സൌഭാഗ്യം ചിരായ പരിപൂർണ്ണമായ്. 31

ഏവം ദ്വാരകയിൽ ദേവദേവൻ മേവും ദശാന്തരേ
ഒരുനാളവിടെച്ചെന്നു ചേർന്നാനൊരു മഹീസുരൻ. 32

സ്മിതശ്രീ പൂണ്ടു സഹസാ സോപചാരം മുരാന്തകൻ
കൈത്താർ പിടിച്ചതിഥിയെപ്പീഠത്തിങ്കലിരുത്തിനാൻ. 33

ആനന്ദമാകുമമൃതിൽ മുങ്ങിയോരു മഹീസുരൻ
അണിഞ്ഞു കുളിർതീർത്തീടാനുടൻ രോമാഞ്ചകഞ്ചുകം. 34

"സഖേ! കുശലമോ ചൊൽക സാരസ്യവസതേ! മുദാ
ത്വദാഗമനമാനന്ദമമന്ദം നൽകിടുന്നു മേ. 35

വൃദ്ധസമ്മതമാം ധർമ്മവൃത്തികൈക്കൊണ്ടു സർവദാ
നിങ്ങൾ സന്തുഷ്ടരായ്ത്തന്നെ വാഴ്കയല്ലീ? മഹാമതേ!

നിജമായുള്ള ധർമ്മത്തിൽനിന്നു മാറാതെ തുഷ്ടിയെ
നിലനിർത്തുകതാനല്ലോ നിയതം വിപ്രലക്ഷണം. 37

നിർവിഘ്നം നിങ്ങൾ വേദോക്തിപ്രകാശന ദശാവശാൽ
പ്രചരിപ്പിച്ചിടുന്നല്ലീ ധർമ്മം ധാരാളമായ് ഭുവി? 38

സ്വലാഭതുഷ്ടി സാധുത്വം വിനയം ദയ ശാന്തിയും
കലർന്ന ഭൂസുരന്മാരെക്കൈവണങ്ങുന്നു ഞാൻ സദാ. 39

എന്നാലിഹ ഫലിക്കാനായ്ത്തുടങ്ങീടുന്ന താവകം
മനോരഥമറിഞ്ഞീടാനുൽക്കണ്ഠ വളരുന്നു മേ." 40

മുകുന്ദമൊഴി കേട്ടേവം മുദിതൻ മേദിനീസുരൻ
അമന്ദവിനയശ്രീയാലാശ്ലിഷ്ടനരുളീടിനാൻ:— 41

"ഭവൽകഞ്ജമന്ദാരതരുമൂലത്തിൽ വാഴ്കയാൽ
നിസ്താപം നിജമാം ധർമ്മം നിർവ്വഹിക്കുന്നിതേവരും. 42

ത്വദീയഭരണം നൽകും സുഖമാമമൃതം സദാ
നുകർന്നു ഞങ്ങൾ മേവുന്നു സുമനസ്സുകളായ് വിഭോ! 43

തവ ദീനദയാലുത്വം തരും വിശ്വാസധോരണി
പറയിക്കുന്നിതെന്നെക്കൊണ്ടൊരു സംഗതിയിന്നിഹ. 44

സത്രാജിത്തായ കല്യാണസിന്ധുവിങ്കലുദിതയായ്
സത്യഭാമാഖ്യ പൂണ്ടിങ്ങു മേവുന്നു മലർമാനിനി. 45

സുവൎണ്ണം സുക്ഷ്മവായുള്ള വൎണ്ണത്താലെന്നപോലവേ
സത്യമായ് ഭാസ്സിനാൽ മായാമവളന്വൎത്ഥതാൻ ഹരേ!

വപുസ്സിന്നും മനസ്സിന്നും വരാവുന്ന ഗുണങ്ങടെ
സീമ കണ്ടീടുവാൻ നൂനമവളെത്തീൎത്തു നാന്മുഖൻ. 47

അചിരപ്രഭതൻകാന്തി ചിരം കണ്ടു രസിക്കുവാൻ
തദംഗത്തിലതൎപ്പിച്ചാൻ സൗമ്യത്വം ചേൎത്തവൻ ദൃഢം.

മാരൻ മധ്യസ്ഥനായ് ചൊല്ലും മൊഴി മാനിച്ചി-
ടാതെ താൻ
തമ്മിൽ താരുണ്യബാല്യങ്ങൾ തത്ര ചെയ്യുന്നു സംഗരം.

അഴൽപൂണ്ടഴകിൻകാതലവൾ നിൻകഴൽ ഭക്തിയിൽ
മുഴുകിത്തൊഴുതോതുന്ന മൊഴി കേട്ടരുളേണമേ. 50

‘നന്ദനന്ദന! വന്ദാരുവൃന്ദമന്ദാര! സുന്ദര!
മന്ദയാം മമ നിൻപാദദ്വന്ദ്വമാണിന്നൊരാശ്രയം. 51

എന്മനസ്സായ വണ്ടിന്നു ചമ്പകായിതനായിട്ടും
ശതധന്വാവിനായെന്നെ നൽകാനോൎക്കുന്നു മൽപിതാ.

ഓൎത്തിരിക്കാത്തതാരേയാരീ വാൎത്തയാം നിശിതാശുഗം
കടന്നു ഹൃത്തിൻമൎമ്മങ്ങൾ പിളൎന്നീടുന്നു മേ വിഭോ! 53

എന്നാശയമിതിൽ തെല്ലുമന്വേഷിച്ചറിവാനഹോ!
ക്ഷമയച്ഛനുദിച്ചീല മമ ദുൎവ്വിധിവൈഭവാൽ. 54

അച്ഛൻറെയാജ്ഞ ലംഘിപ്പാനാലോചിപ്പതുതന്നെയും
അതീവ നിന്ദ്യമെന്നുള്ളതറിയുന്നുണ്ടു ഞാൻ ഹരേ! 55

എന്നാൽ മനസ്സിണങ്ങാത്തപുരുഷൻതൻെറ കാന്തയായ്
മരുവുന്നതിനെക്കാളും മരിച്ചീടുകതാൻ വരം. 56

കരകാണാത്ത കദനക്കടലിൽ പെട്ടനാഥയായ്
കുഴങ്ങുമിവളെയുല്പാററാൻ കനിയേണം കൃപാനിധേ! 57

പുണ്യശാലിനി വൈദർഭിക്കന്നുദിച്ചോരു സങ്കടം
പോക്കിയെന്നല്ലവളെ നീ വേൾക്കയും ചെയ്തതില്ലയോ?

എന്നാൽ വൈദർഭിതൻനാമമോതാനും യോഗ്യയല്ല ഞാൻ
അവളെങ്ങു വധൂമൗലി? യിവളെങ്ങു വരാകിയും? 59

ഇന്നേവമുളവായോരീയുന്നതാർത്തിയിൽ മാത്രമേ
അവളോടു സമാനിതപമിവൾക്കുള്ളൂ ജഗൽഗുരോ! 60

പ്രിയനെപ്പറവാൻ നാണം നാവിനെത്തടയുന്നു മേ
അല്ലെങ്കിലായതെന്തിന്നു സർവ്വജ്ഞ! പറയുന്നു ഞാൻ. 61

എനിക്കേവമുദിച്ചുള്ള കനക്കുമഴൽപോക്കുവാൻ
നിനക്കു കഴിവുണ്ടെന്നു നിനയ്ക്കുന്നു മുകുന്ദ! ഞാൻ. 62

ദ്വേഷവും ദോഷവും ലേശം താതന്നുണ്ടായിടാതെതാൻ
താപം മമ ഹരിച്ചീടാൻ തിരുവുള്ളമുദിക്കണം." 63

കനിവും തെളിവും പൂണ്ടു കണ്ണൻ കേട്ടരുളീടവേ
വാക്കേവമോതി വിപ്രേന്ദ്രൻ വിരമിച്ചു കൃതാർത്ഥനായ്.

ഉയന്ന വൈയാകുലിയെത്തട്ടുത്തു പുരുഷോത്തമൻ
അമന്ദമന്തണൻതന്നോടിവണ്ണമരുളീടിനാൻ:— 65

"പൊരുൾ തിങ്ങിവിളങ്ങുന്ന തരുണീമണിതൻമൊഴി
മോദവും ഖേദവും ഹന്ത! മതിയിൽ ചേർത്തിടുന്നു മേ 66

കാരസ്കരമരത്തിങ്കൽ കല്പവല്ലി പടർത്തുവാൻ
തുനിയും മനുജന്മാരിങ്ങിനിയും മരുവുന്നുവോ? 67

രുഗ്മിണീസഹജൻ മുന്നം ശ്മശ്രുവും ഗർവ്വും സമം
കരിഞ്ഞോടിയ വൃത്താന്തമറിഞ്ഞിട്ടില്ലയോ ജനം? 68

വധുവിൻ മനമോരാതെ വരനെത്തീർച്ചയാക്കുവോൻ
രുജാനിദാനമറിയാതൌഷധം നിശ്ചയിച്ചിടും. 69

എന്നാലുമിഹ സത്രാജിത്തേവമുള്ളോരു പുത്രിയാൽ
ഹിമവാനുമയാലെന്നവിധമിന്നതിധന്യനായ്. 70

വൈദർഭിതന്നിൽനിന്നേററം തന്നെത്താഴ്ത്തീയുരയ്ക്കിലും
വിനീതയവൾ പാർത്തീടിൽ വൈദർഭിക്കു സമാനതാൻ. 71

പടരുന്ന ദവാഗ്നിക്കു പനിനീർമലരെന്നപോൽ
പരിതാപത്തിനത്തന്വി പാത്രമല്ലിരയാകുവാൻ. 72

അതിനാലുടനേ ഞാനസ്സതിതൻ താതമാനസം
ഹിതമാം വഴിയിൽച്ചേർപ്പാൻ യഥാമതി തുനിഞ്ഞിടാം”

ഈവണ്ണമോതിയെഴുന്നേററ മുരാരിതന്നോ-
ടാശിസ്സു ചൊല്ലിയ മഹീസുരനെസ്സവേഗം
തൽഭാരതീമയസുധാനദിതൻപ്രവാഹം
ഭാമാസമീപമണയിച്ചു നിരസ്തഖേദം. 74

ആത്മപ്രിയൻെറ മൊഴി വിപ്രമുഖത്തിൽനിന്നു-
മുല്ക്കണ്ഠപൂണ്ടു നിശമിച്ചവളാശ്വസിച്ചാൾ
ആനന്ദചിന്മയനമാശ്രിതരക്ഷണത്തി-
ലൌത്സുക്യമാർന്നഥ കുതൂഹലമോടു വാണാൻ. 75

“ഭാമാനിവേദനം” എന്ന ഒന്നാം സർഗ്ഗം.

സമാപ്തം.

# രണ്ടാം സർഗ്ഗം.

അനന്തരം ശ്രീകമിതാവൊരുന്നാൾ
സ്യമന്തകം കാണ്മതിനെന്നു ചൊല്ലി
അനന്തഹേമാഭ കലൎന്നു ഭവ്യം-
പുലൎന്നു ഭാമാഭവനം ഗമിച്ചാൻ. 1

ആത്മീയകൃത്യങ്ങൾ വെടിഞ്ഞു വേഗാ-
ലാബാലവൃദ്ധം പുരവാസിലോകം
അണഞ്ഞു കണ്ണൻതിരുമേനി കണ്ണാൽ
നുകൎന്നു സംതൃപ്തിവരാതെ വീണ്ടും. 2

കാർവേണിമാർ കൌതുകമോടയയ്ക്കും
കടാക്ഷജാലം പിറകേയണഞ്ഞു
ചിന്നും ചിദാനന്ദമരന്ദസാര-
മിരന്നൊരിന്ദിന്ദിരമാലപോലെ. 3

മുരാരിതൻ മോഹനമെയ്യിൽനിന്നു
മാന്താർശരൻതന്നെ ലഭിക്കമൂലം
മാർഗ്ഗസ്ഥരാമമ്മഹിളാജനങ്ങൾ
വൈദർഭിമാരായി വിളങ്ങിയപ്പോൾ. 4

പദങ്ങൾ കുമ്പിട്ടു കൃതാൎത്ഥരായ
ജനങ്ങൾതൻ ഭക്തിമയാംബുരാശി
മുകുന്ദമന്ദസ്മിതവെണ്ണിലാവേ-
റ്റുയൎന്നുവേലാതിഗമുല്ലസിച്ചു. 5

എൻവന്ദനം നന്ദനമായി നന്ദൻ–
തൻനന്ദനനെന്നു ജനങ്ങളെല്ലാം
ആനന്ദമാകുന്നൊരു ചന്ദനച്ചാ–
റണിഞ്ഞ നെഞ്ചോൻ വണങ്ങിനിന്നാർ. 6

അറിഞ്ഞു കൃഷ്ണാഗമനം മനസ്സിൽ
നിറഞ്ഞുയരുന്നൊരു കുതൂഹലശ്രീ
നയിച്ചുതേ മാളികതൻെറ മേലേ–
നിലയ്ക്കു ഭാമാസുകുമാരദേഹം. 7

മനസ്സു മോഷ്ടിച്ചു മറഞ്ഞു മേവും
മൈക്കണ്ണിയെക്കണ്ടുപിടിക്കുവാനായ്
മുകുന്ദനേത്രം മണിമേട കാണ്മാൻ
മോഹിച്ച ഭാവത്തൊടണഞ്ഞിതുള്ളിൽ. 8

സസംഭ്രമം ചെന്നെതിരേറ്റു ഭാമാ–
ചക്ഷുസ്സുടൻ സ്വാഗതവാക്യമോതി
സൌഹാർദ്ദമുൾക്കൊണ്ടതിനോട്ടുകൂടി–
സ്സരോജനേത്രാംഗമണഞ്ഞു വേഗാൽ. 9

ദൈത്യാരിയെത്തുന്നതറിഞ്ഞു സത്രാ–
ജിത്താദരത്താലെഴുന്നേറ്റു മന്ദം
സാമോദമേതൽസവിധത്തിലെത്തി
പ്രേമോദയംപൂണ്ടെതിരേറ്റിരുത്തി. 10

പൊന്നിൻകതിർപ്പൂങ്കുല തിങ്ങി വിങ്ങി–
ത്തിളങ്ങിടും തൽസദനാന്തരശ്രീ
മഞ്ജുപ്രഭം മഞ്ഞവെയിൽപ്രകാശം
ഫലീഭവിച്ചെന്നവിധം വിളങ്ങി. 11

ചിന്നുന്ന പൊന്നിൻ പ്രഭതൻപ്രഭാവം
പ്രാപിച്ച പത്മേക്ഷണദേഹമപ്പോൾ
ചാഞ്ചല്യമില്ലാത്തൊരു ചഞ്ചലാളി
കലൎന്ന കാർകൊണ്ടൽകണക്കു മിന്നി. 12

അമൂല്യരത്നങ്ങൾ സമുല്ലസിക്കും
സുവൎണ്ണസിംഹാസനമുജ്ജ്വലാഭം
അലങ്കരിക്കുന്ന മുരാരിതന്നോ-
ടവൻ കനക്കം കുതുകേന ചൊന്നാൻ:— 13

"ഹരേ! ഭവാൻ പാദമണയ്ക്കയാലി-
ഗ്ഗൃഹത്തിനുണ്ടായി പവിത്രഭാവം
സാഫല്യവും സാമ്പ്രതമാത്മജന്മ-
മനോരഥത്തിന്നുളവായ് മഹാത്മൻ! 14

തന്നാനെനിക്കായൊരു ചാരുരത്നം
നന്നായ് പ്രസാദിച്ചിഹ ലോകബന്ധു
ഭവാൻ ഗ്രഹിപ്പാനതു ചൊൽവതിന്നായ്
വരേണമെന്നോൎത്തിതു മുന്നമേ ഞാൻ. 15

അമന്ദവാത്സല്യമൊടെന്നുമെന്നാ-
ലാരാദ്ധ്യമാനം സുതരാം പവിത്രം
അതിങ്ങുനിത്യം കമലാവിലാസ-
മതിപ്രഭാവത്തൊടു ചേൎത്തിടുന്നു. 16

കാമാനുകൂലം വിഭവം കലൎന്നു
രമിച്ചുകൊൾവാനുതകുന്നവണ്ണം
മാഹാത്മ്യമേറുന്നൊരതിങ്കലാശ
പലക്കുമുണ്ടിങ്ങു വളൎന്നിടുന്നു. 17

അതിന്റെയുൽക്കർഷമറിഞ്ഞിടുമ്പോൾ
ഭവാനുദിക്കും പ്രമദാകുലത്വം
എന്നോടു സൗഹാർദ്ദവിശേഷവും മേൽ
വന്നീടുമെന്നോർത്തു വസിച്ചിടുന്നേൻ.” 18

വിശേഷമെല്ലാം വിധിപോൽ പറഞ്ഞാ-
വിശുദ്ധനേവം വിരമിച്ചനേരം
തദീയസാരസ്യ ചമൽകൃതാത്മാ
താപിഞ്ഛസൂനാഞ്ചിതമൂർത്തി ചൊന്നാൻ:— 19

“സുഹൃന്മണേ! നിൻസുകൃതാതിരേകം
സുഖം മനസ്സിന്നരുളുന്നു പാരം
സുവർണ്ണമീവർണ്ണമെഴുന്ന രത്നം
സുരേന്ദ്രസത്മത്തിലുമില്ലയല്ലോ. 20

മനസ്സിൽ മോദാതിശയം ത്രിലോകീ-
മഹസ്സിനേവം പുലരും പ്രകാശം
വപുസ്സുഖത്തെക്കരുതാതെ ചെയ്ത
തപസ്സു തേ വിസ്മയനീയമത്രേ. 21

കാമപ്രദം നിൻ മണി കാണുവാനെൻ-
കണ്ണിന്നു കൌതുഹലമുണ്ടു പാരം
സ്ഥാനത്തിൽനിന്നായതു പോയിടാതെ
പാലിപ്പതിന്നും പരമാഗ്രഹം മേ.” 22

മുരാരിതൻ വാക്യഗുണം ഗ്രഹിച്ചു
മുതിർന്ന മോദാംബുധിതന്നിൽ മുങ്ങി
മനോജ്ഞമാകും മണി കൊണ്ടുവന്നു
മാനിച്ചു ധന്യൻതിരുമുമ്പിൽ വച്ചു.

ചൂടേതുമില്ലാതെ നിജപ്രകാശം
ചേൎന്നുജ്ജ്വലിക്കും ചെറുഭാസ്കരൻപോൽ
ചൂഴും മഹാശുഭ്രതരാംശുജാലം
ചൊരിഞ്ഞു ശോഭിച്ചു മണിപ്രകാണ്ഡം. 24

തത്രത്യ നാനാമണി ഹേമപങ്ക്തി
തദീയകാന്തിച്ഛടകൊണ്ടു മങ്ങി
വിദ്യുൽപ്രദീപം വിലസുന്നനേരം
മററുള്ള ദീപാവലിയെന്നപോലെ. 25

മണീവിലാസം രമണീയരൂപം
മനസ്സിലോൎത്തമ്മധുവൈരിദേവൻ
മനോഹരസ്മേരമുഖാരവിന്ദൻ
മാനിച്ചുചൊന്നാനവനോടിവണ്ണം:— 26

“മനുഷ്യലോകത്തിനു ദേഹയാത്ര-
യ്ക്കാവശ്യമായ് വേണ്ടതിലൊന്നു വിത്തം
അതേററമേകീടുമിതേവമാൎന്നു
ഭവാനു പൂൎണ്ണം കൃതകൃത്യഭാവം. 27

എന്നാൽ ഭവാനുള്ളിലിതൊന്നുമാത്രം
നന്നായ് വിചാരിച്ചു വസിച്ചിടേണം
വിശിഷ്ടമാം മോദമെഴുന്നദിക്കിൽ
വിഷാദബീജങ്ങളൊളിച്ചുമേവും. 28

സമാനഭാവത്തെയൊരാൾ കഴിഞ്ഞാ-
ലവങ്കലുണ്ടാമിതസൂയ ഞായം
അനൎത്ഥജാലങ്ങളവന്നു ചെയ്പാൻ
നിരൎത്ഥമായും തുനിയും ജനങ്ങൾ. 29

ശ്രീയും സഖേ! സംശയമില്ല മന്നിൽ
സ്ത്രീയും നിമിത്തം കലഹത്തിനെല്ലാം
അതിന്നു ലാക്കായി വരാതിരിപ്പാൻ
മുതിർന്നുപായം കരുതീടണം നീ. 30

അയത്നമായിങ്ങു സുഖിപ്പതിന്നും
സപത്നസന്ത്രാസമൊഴിപ്പതിന്നും
രത്നം ഹരിക്കുന്നൊരു പാർത്ഥിവന്നീ-
രത്നത്തെ നൽകീട്ടുക യുക്തമത്രേ. 31

ഇതിങ്കൽനിന്നുള്ള ധനങ്ങളെല്ലാം
വിശങ്കമിങ്ങേകുവനില്ല ഭേദം
നൃപങ്കലായാലിതു പാലിതംതാൻ
ശിവങ്കൽമേവും ശശിലേഖപോലെ. 32

ധനത്തിലോ രത്നവരത്തിലോ മേ
മനസ്സിലില്ലാശ; നിനയ്ക്കൂ ധീമൻ!
ശുഭത്തെ വാഞ്ഛിച്ചിതു ചൊല്ലി ഞാൻ തേ;
ഹിതത്തെ മിത്രം പറയേണമല്ലോ. 33

അരാതിയാൽ കേടുവരാതെ കണ്ടീ-
രത്നം സയത്നം സതതം ഭരിപ്പാൻ
തവാത്മധൈര്യം തിരളുന്നുവെന്നാൽ
തരേണമെന്നില്ലിതിരുന്നിടട്ടെ." 34

ഏവം മുകുന്ദോദിതമാം ഹിതോക്തി-
യവൻെറ ഹൃത്തിന്നഹിതോക്തിയായി
വിത്തം കൊടുക്കേണ്ടിവരുന്ന കാര്യം
ലുബ്ധൻെറ കണ്ണിന്നു ശല്യമല്ലോ. 35

"എന്താണു ചെയ്യേണ്ടതിതിങ്കലിപ്പോ-
ളെന്താണു ചൊല്ലേണ്ടതു ദൈവമേ! ഞാൻ?
ചെന്താരിൽമാതിൻ നിയതസ്വഭാവം
സന്താപമേകീട്ടകതന്നെയോവാൻ! 36

സന്താപമാർജ്ജിപ്പതിന,—പ്രകാരം
സന്താപമാർജ്ജിച്ചഥ കാത്തുകൊൾവാൻ
സന്താപമന്യാർത്ഥനയെ ഗ്രഹിച്ചാൽ,
സന്താപമന്യാർത്ഥന തള്ളിയാലും. 37

പാലാഴിതന്നിൽ പലനാൾ വിഷത്തോ-
ടൊന്നിച്ചു വാണീട്ടു പിരിഞ്ഞനേരം
ഓർമ്മയ്ക്കു സന്താപഗുണം തദീയം
ഗ്രഹിച്ചു പോന്നാളിവളില്ല വാദം. 38

ശ്രീശന്നിതേകാതെയിരുന്നിടാമോ?
ശ്രീപാത്രമായോരിതു വേർപെടാമോ
ഏതാകിലും യത്നവിശേഷലബ്ധം
രത്നം കൊടുപ്പാനെളുതല്ല നൂനം." 39

മനസ്സിലീവണ്ണമുദിച്ച മാന്ദ്യം—
മറച്ചു വീണ്ടും വിനയം വഹിച്ചു
മഹാമനസ്കൻ മധുവൈരിയോടു
മന്ദസ്മിതം പൂണ്ടവനും പറഞ്ഞാൻ:— 40

"എന്തെങ്കിലും നിന്തിരുമേനി ചൊന്നാ-
ലെനിക്കു പക്ഷാന്തരമില്ല തെല്ലും
ഇതിങ്കൽനിന്നുത്തരപക്ഷമത്രേ-
യെനിക്കുമിന്നുത്തരപക്ഷമോർക്ക. 41

മദീയമാം മന്ദിരമത്രയല്ല
മദീയമാകും മണിയും മഹാത്മൻ!
മദീയമായീടിന ജീവിതത്തിൻ-
സവ്സ്വവും നിന്നുടെതന്നെയല്ലോ. 42

എന്നല്ല, ഭൂവല്ലഭ! നിന്റെയാത്മ-
സാന്നിദ്ധ്യമില്ലാത്തൊരു ദേശമുണ്ടോ?
എന്നാകിലും രത്നമിദം നിനക്കു
കാണുന്നതില്ലിന്നൊരു ഭേദവും ഞാൻ. 43

നിഞ്ചാരചക്ഷുസ്സു നിരന്നു നിത്യം
സഞ്ചാരമാൎന്നിങ്ങു വിളങ്ങിടുമ്പോൾ
എഞ്ചാരുരത്നത്തെയെടുത്തുകൊൾവാൻ
നെഞ്ചൊരു ധൈൎയ്യത്തിൽ നിറുത്തിടുന്നു? 44

ഭവാൻ കനിഞ്ഞെന്നുടെ നന്മകൾക്കു
ഭൎത്തൃത്വമേററങ്ങു വസിക്കുമെങ്കിൽ
ഭയംവെടിഞ്ഞീ മണി ഭംഗമെന്യേ
ഭരിക്കുവേൻ ഞാൻ ഭരണീയബന്ധോ!” 45

വരാനിരിക്കുന്നതുകൂടിയോൎത്തും
വാക്കീവിധം കേവലമോൎത്തിടാതെ
വദിച്ചു മോദാൽ വിരമിച്ചു ധന്യൻ;
വിധിക്കു വാഗ്ദേവി വിധേയയല്ലോ. 46

“എന്നാൽ ഭവാൻ ചൊന്നതുപോലെതന്നെ;
പിന്നീടു കാണാമിനി”—യെന്നുചൊല്ലീ
ദയാൎഹമായുള്ളൊരവന്റെ ലോഭം
നിനച്ചുകൊണ്ടച്യുതനും തിരിച്ചു. 47

മകൾക്കെഴും ദൃഷ്ടി തനിച്ചു പോയാൽ
മാഴ്കീടുമെന്നുള്ളിൽ നിനച്ചവണ്ണം
അവൻ മുകുന്ദന്നനുയാത്ര ചെയ്തു
തദാജ്ഞ കൈക്കൊണ്ടു മുദാ മടങ്ങി. 48

തനിക്കു പോകാൻ കഴിയുന്ന ദൂരം-
വരയ്ക്കുതാനേ പിറകേ നടന്നു
വരാംഗിതൻദൃഷ്ടി വരേക്ഷണത്തെ-
പ്പുണർന്നു പെട്ടെന്നു മടങ്ങി മന്ദം. 49

പോന്നീടവേയമ്മിഴിപാവനശ്രീ-
പത്മേക്ഷണൻതൻ പദലക്ഷ്മപങ്ക്തി
പതിഞ്ഞൊരപ്പദ്ധതിയിങ്കലുള്ള
പാംസുവ്രജത്തെപ്പരമാദരിച്ചു. 50

പാദങ്ങളെച്ചേർത്തു പവിത്രഭാവം
പാരിന്നു നൽകിപ്പരമാത്മരൂപൻ
പത്മാലയോല്ലാസദനക്ക്തുല്യം
പ്രാപിച്ചു സായം നിലയം മുകുന്ദൻ. 51

'ഞാൻ തന്ന രത്നം കമലേശ്വരന്നായ്
താന്തോന്നിയാം നീയരുളാഞ്ഞതെന്തേ?'
എന്നേവമാ യാദവനോട്ടു കോപം-
കലർന്നപോലാശു ചുവന്നു സൂര്യൻ. 52

സഹിക്കവേണം ജഡചാപലത്തെ-
സ്സാധാരണംതാനിതു പാരിടത്തിൽ,
ഏവം പയശ്ചാലനമാം ഛലത്താൽ
ചൊന്നാൻ സരസ്വാനഥ സൂര്യനോടായ്. 53

എന്നാൾവരെയ്ക്കുണ്ടു വസുപ്രഭാവ-
മന്നാൾവരെയ്ക്കും വിലസും പ്രതാപം
എന്നാണു ചൊല്ലുന്നതു മിത്രദേവൻ
മന്ദാഭനെന്നോർത്തിതു ലുബ്ധരപ്പോൾ. 54

അനിത്യമാം ശ്രീമഹിമാവിയന്നി-
ട്ടത്യുന്നതസ്ഥാനമെടുത്തിടുന്നോൻ
അനർത്ഥമാമാഴിയിൽ വീണുപോമെ-
ന്നത്രേയവൻ ചൊന്നതു തത്വമോർത്താൽ. 55

അധസ്ഥലത്തിൽ സ്ഥിതിചെയ്തവർക്കു
മറഞ്ഞുവെന്നാലുമവൻ മഹാത്മാ
സൌധാഗ്രഭാഗസ്ഥിതർ കാണുമാറായ്
വീണ്ടും തെളിഞ്ഞങ്ങു വസിച്ചുവല്ലോ. 56

വിവേകഹീനന്നു വിശിഷ്ടരത്നം-
കൊടുത്ത നമ്മെക്കടൽവർണ്ണനിപ്പോൾ
കാണേണ്ടയെന്നോർത്തഥ പിൻവലിച്ചു
പാദങ്ങളർക്കൻ തരസാ മറഞ്ഞാൻ. 57

സമീക്ഷിതൻ താൻ ബഹുവാരമേവം
സമീക്ഷ്യനായീട്ടുമടുത്തനാളും
എന്നാകിലും ഹന്ത! സുവൃത്തനർക്കൻ
മറഞ്ഞ നേരത്തഥ മാഴ്കി ലോകം' 58

'കുറഞ്ഞ ചൂടും പ്രഭയും ക്രമേണ
കലർന്നു കഷ്ടം! ശ്വസനപ്രഭേദം
കഴിഞ്ഞിടുന്നൂ ദിന'മെന്നുഴന്നു
കരഞ്ഞിതുച്ചത്തിൽ വിഹംഗമങ്ങൾ. 59

ധനം നരന്മാരിലനിത്യമെന്ന-
സ്യമന്തകസ്വാമി ധരിപ്പതിന്നായ്
അമന്ദഭാസ്സന്തിവരെയ്ക്കു നൽകി-
പ്പിരിഞ്ഞു പത്മാലയപത്മമപ്പോൾ. 60

വിഭാവസുത്വം ദൃഢമിണ്ടുമുണ്ടെ-
ന്നുദാഹരിച്ചിട്ടിരുളോടു നൂനം
പ്രദീപജാലങ്ങളുടൻ തെളിഞ്ഞ-
പ്രദോഷകാലം പകൽതന്നെയാക്കി. 61

ഏവം പ്രദീപതതിയാലതിരമ്യമാകും
ഭാവം കലർന്ന പുരിതൻപ്രഭ കണ്ടനേരം
ദ്യോവും തുനിഞ്ഞുഡുകദംബകമായിടുന്ന
ദീപങ്ങളാശു തെളിയിപ്പതിനായ് ത്തുടങ്ങി. 62

സന്ധ്യാവിലാസമിതുപോലെ വിളങ്ങിടുമ്പോൾ
സാന്ധ്യങ്ങളാം വിധികൾ വേണ്ടവിധം നടത്തി
ഭാമാവിലാസമയമാമമൃതാഴിയിങ്കൽ
നിമ്മഗ്നമായ മനമോടു മുരാരി മേവി. 63

"മണിപ്രാർത്ഥനം" എന്ന

രണ്ടാം സർഗ്ഗം

സമാപ്തം.

—*—

# മൂന്നാം സർഗ്ഗം.

---

ഒരുനാളഥ കൌതുകേന ഭാമാ-
ജനകൻതന്നുടെ സോദരൻ പ്രസേനൻ
നിജപൂൎവജനോട്ടു യൌവ്വനശ്രീ-
തരളാത്മാ വിനയംകലൎന്നു ചൊന്നാൻ:— 1

“അയി പൂൎവജ! മാമകാശയത്തിൽ
കൊതിയൊന്നുണ്ടതിയായ് വളൎന്നിടുന്നു;
ഫലമായതിനെത്തുവാൻ ഭവാൻത-
ന്നലിവൊന്നേ ശരണം ദയാപയോധേ!. 2

മതിമോഹനമാം സ്യമന്തകത്താൽ
മലർമാതിന്നിലയത്തെയെന്നപോലെ
അനിശം തവ കീൎത്തിലക്ഷ്മിയിന്നീ-
യുലകത്തെയുമലങ്കരിച്ചിടുന്നു. 3

മഹിമാവഹമായിനങ്കൽനിന്നും
മണിയൊന്നീവിധമാദ്യമാൎന്നുകൊൾവാൻ
മതിവൈഭവമുത്ഭവിച്ചമൂലം
മനുജക്ക്ഗ്രജനഗ്രഗണ്യനായി. 4

കമലാകരലാളിതാംഘ്രിയാകും
കടൽവൎണ്ണനുമതീവ കാമമുള്ളിൽ
ഉളവാക്കിയതാമതോൎക്കിലസ്മൽ-
കുലഭാഗ്യാകരജാതമേവ ജാതം. 5

മമ കണ്ണുതടേ വിളങ്ങിടുന്നോ-
രിതുകണ്ടക്ഷിയടഞ്ഞുനിൽക്കവേതാൻ
കണകൊണ്ടു മൃഗങ്ങൾ കാട്ടിൽ വീഴു-
ന്നതുകണ്ടീടുവതിന്നെനിക്കു മോഹം. 6

ചപലത്വമിതെന്നു തോന്നിടൊല്ലാ
സഹജസ്നേഹനിധേ! ഭവാനു ചെററും
പിതൃതുല്യ! ഭവാനിരിക്കെ ഞാനെൻ-
കൊതിയെന്തിന്നിഹ വന്ധ്യമാക്കിടുന്നു?” 7

സഹജോക്തമിദം ശ്രവിച്ചവൻതൻ-
ഹൃദയം ക്ലാന്തി കലൎന്നു ഹൎഷമോടേ
ഉദയാസ്തവിലാസി ചന്ദ്രസൂൎയ്യ-
ദ്യുതിയേററീടിന സാരസം കണക്കേ. 8

അരുൾചെയ്തിതവൻ:—“സഹോദരാ! നി-
ന്നഭിലാഷം ശുഭലാഭഹേതുവല്ല;
മൃഗയാവിധിതന്നെ നിന്ദ്യമാണെ-
ന്നുരചെയ്യുന്നു മദാശയം വിശങ്കം. 9

അബലങ്ങൾ ബലംകലൎന്നവററി-
ന്നിരയെന്നുള്ള മൃഗാദി ജന്തുധൎമ്മം
ഗുണദോഷവിവേചനാ സനാഥൻ
മനുജൻ ചെയ്വതു മാനനീയമാമോ? 10

ഉരിയാടരുതാത്ത ജന്തുവിങ്കൽ
ദുരിതം ചെയ്യുവതിന്നെഴുന്ന ധൈൎയ്യം
ഉലകിൽ സുഖമാംഫലത്തെ നൽകും
കൃപയാകുന്ന ലതയ്ക്കുവജ്രപാതം. 11

പല തെററുകളും പൊറുത്തു നമ്മെ-
പ്പരിപാലിപ്പതിന്നീശനും പ്രമാണം
കൃപയാണ—തു വേണമെങ്കിൽ നാമും
കൃപയെത്തന്നെ സമാശ്രയിച്ചിടേണം. 12

അഥ പാത്രവിചാരമെന്നിയേതാൻ
കരുണാവർഷമജൻ പൊഴിക്കിലും, കേൾ
അതു ദാരുണചിത്തരിൽ ഫലിക്കാ
മരുവിന്മേൽ മുകിലിൻെറ മാരിപോലെ. 13

പരിതാപകരം പരാപകാരം
പരമാനന്ദകരം പരോപകാരം,
പരിശങ്കയൊഴിക്ക നീ;—യിതത്രേ
പരമാചാര്യവചസ്സമൂഹസാരം. 14

അതുമില്ലിഹ ദിവ്യരത്നമായോ-
രിതു മല്ലാരിയുമാഗ്രഹിച്ചതല്ലോ
വരുമല്ലൽ വെളിക്കെടുത്തുവെന്നാൽ;
തരമെല്ലാവരുമോർത്തു പാർത്തിടുന്നു. 15

അതിനാലിതിനാഗ്രഹംവഹിക്കാ-
യ്കധുനാ കോവിദനായ നീ"—യിവണ്ണം
സഹജോക്തികൾ കേട്ടടൻ പ്രസേനൻ
പ്രതിപാദിച്ചിതു വീണ്ടുമിപ്രകാരം:— 16

"ഒരു ഹിംസയുമാചരിച്ചിടാതി-
ങ്ങുപജീവിപ്പതിനാർക്കുമാവതല്ല;
ഒരു ദീപമെരിക്കിലെത്രമാത്രം
ശലഭങ്ങൾക്കതു ഹോമകുണ്ഡമാകും? 17

മതിയായ ഫലം തരുന്നതിക്കിൽ
കൊല ചെയ്യുന്നതിലില്ല ദോഷലേശം;
സ്ഥിതിരക്ഷനിനച്ചു ഭൂമിപന്മാർ
വധദണ്ഡത്തെ നടത്തിടുന്നുവല്ലോ. 18

മൃഗയാവിധി ദുഷ്ടജന്തുപാളീ-
നിധനത്തിന്നിഹ നിശ്ചയിച്ചതത്രേ,
അതു ചെയ്യതിലില്ല ദോഷ,—മെന്ന-
ല്ലതിനാൽ സൌഖ്യവുമേറിടുന്നു ലോകേ. 19

മണിയോ മമ കണ്ഠസീമ്നി വാണാ-
ലണയാതെല്ലമതിന്നു ഹാനി നൂനം
അതിനാലപസംശയം ഭവാനി-
ന്നനുവാദം കനിവോടു നൽകിടേണം. 20

അണിയാനുതകുന്നരത്നമീനാ-
മണിയാതിങ്ങൊരു കോണിൽ വച്ചുതോത്താൽ
ധനസംഹതി സംഭരിച്ചുവച്ചി-
ട്ടുപവാസം ശരണീകരിക്കുമത്രേ. 21

മമ ജീവനിരിക്കിലിന്നു വിണ്ണിൻ-
മണിയാഴിക്കവതംസമായിടുമ്പോൾ
മണിസൌധമിതിന്നു നിണ്ണയം നിൻ-
മണിയും മാന്യമതേ! വതംസമാകും." 22

ഇതുകേട്ടെതിരായുരപ്പതിങ്കൽ
ഗതി കാണതെ വലഞ്ഞു യാദവേന്ദ്രൻ
അധികാത്തിമയാഗ്നി തപ്തനായി-
ട്ടിതികത്തവ്യതയിങ്കൽ മൂഢനായാൻ. 23

സഹജപ്രതിപക്ഷതാഭയം, 'നീ-
യരുളേണം; മണി'യെന്നുതന്നെ ചൊല്ലി
സഹജം നിജമായ ലോഭമല്ലോ-
'ളരുതേ'യെന്നു തടുത്തു ശാഠ്യമോടേ. 24

അവതമ്മിലവനല്പമല്പനേരം
സമരം ചെയ്തൊടുവിൽ ഭയം ജയിച്ചു
അവനും മണി വൈമനസ്യമുൾക്കൊ-
ണ്ടനുജന്നായസുവെന്നപോലെ നൽകി. 25

മണിതല്ലജമാർന്നുടൻ പരീക്ഷാ-
ബിരുദം പൂണ്ടൊരധീതിയെന്നപോലെ
പ്രമദാതിശയപ്രസന്നനായി
പ്രപദിച്ചാൻ നിജമാലയം പ്രസേനൻ. 26

അഥ തൻെറ സുഹൃജ്ജനത്തിനെല്ലാം
ദ്രുതമെത്തുന്നതിനാളയച്ചു ധീരൻ
വനയാനസമുത്സുകൻ സവേഗം
മൃഗയാവേഷമണിഞ്ഞു മഞ്ജുളാഭം. 27

തരുവിന്നിലപോലെ പച്ചയാകും
നിറമാളുന്നൊരുടുപ്പു തൊപ്പിയേവം
പദരക്ഷകളും ധരിച്ചനേര-
ത്തവനക്ഷിക്കമൃതായമാനനായി. 28

വിമലോജ്ജ്വലകഞ്ചുകാംബരാന്തേ
വിലസദ്രത്നവിഭാകരൻ വിളങ്ങി;
പുരവാസികൾ തൻ മുഖങ്ങളായോ-
രരവിന്ദങ്ങളുമുല്ലസിച്ചിതപ്പോൾ 29

പലമാതിരി വാഗുരാളിയേന്തി-
ച്ചലമാർന്നീടിന വേട്ടനായ്ക്കളോടും
ചിലർ കാട്ടു വളഞ്ഞിടുന്നതിന്നായ്
പുലർകാലത്തിനു മുൻപുതന്നെ പോയാർ. 30

കുലവില്ലു ശരങ്ങൾ വേലു ശൂലം
കരവാളം മുതലായ ശസ്ത്രമേന്തി
പല മല്ലജനങ്ങളങ്ങൊരുങ്ങി-
പ്പരിവാരങ്ങളൊടൊത്തു വന്നു ചേർന്നു. 31

മഹിഷീദധിപോൽ വെളുത്ത വർണ്ണം,
മസൃണച്ഛായ, മനോഹരാംഗജാതം,
അതി പൌരുഷമാമുയർച്ച,—യെന്ന-
ല്ലതിനൈഷ്ഠുര്യമിയന്നതായ ഹേഷ. 32

ശശിരശ്മികൾ തൻ ഗളം ഗ്രഹിക്കും
വിശദം കേസരമച്ഛമായ പുച്ഛം,
പവമാനസമാനമായ വേഗം,
ദൃഢമായോരുടൽ, വീതിയുള്ള വത്സം, 33

ഇവയാർന്നു വിളങ്ങിടുന്നൊരശ്വ-
പ്രവരൻതന്നെയവന്റെയന്തികത്തിൽ
കടിഞ്ഞാണു പിടിച്ചു കൊണ്ടുവന്നാ-
രതിയത്നത്തൊടു രണ്ടു പൂരുഷന്മാർ.
(വിശേഷകം) 34

ശരിയായ പദക്രമം നയിപ്പാ-
നതകും സൌഭഗമാർന്നൊരത്തുരംഗം
അവനിൽ കുതുകം വളർത്തിയേററം
കവിയിൽ പേശലമാശയം കണക്കേ. 35

ശരപാളി നിറഞ്ഞ തൂണി തോളിൻ-
പിറകിൽ ചേർത്തു വിചിത്രമായ ചാപം
ഒരു പാണിയിലേന്തിയദ്ദൃഢാംഗൻ
തുരഗത്തിൻമുകളിൽ തദാ കരേറീ. 36

ഹരിതാഭനവൻ സിതാഭമാകും
മഹിതാശ്വത്തിൽ മനോഹരം വിളങ്ങി
രജതാചലശൃംഗമേറി നിൽക്കും
നവതാപിഞ്ഛപലാശിയെന്നപോലെ. 37

അതുപോലെ ഹയാധിരൂഢരായോ-
രനുഗന്മാരൊട്ടു ചേർന്നുടൻ പ്രസേനൻ
ചരിതാർത്ഥകനാമധേയമായി
ത്വരിതം യാത്രതുടങ്ങി കാട്ടിലേയ്ക്കായ്. 38

ഹയരത്നമതിൽ ദ്യുരത്നദത്തം
മണിരത്നത്തെയണിഞ്ഞു യാത്രചെയ്യും
യുവരത്നമവന്റെ കാന്തികാണ്മാ-
നതിയത്നം പഥിപൂണ്ടു പൌരലോകം. 39

ശരിയായ് വിരിവാർന്നതായ മാറ-
ത്തതിയാകും ദ്യുതിയാലലം ജ്വലിക്കും
മണിയാലൊരു വെള്ളിരേഖ മാറാ-
തവനാ വാനിൽ വരച്ചുകൊണ്ടുപോയാൻ. 40

ത്വരിതം പുരിതന്റെ സീമലംഘി-
ച്ചടവീദേശമതിൽ കടന്നനേരം
ഗിരികാനനകാന്തിതൻ ഗഭീര-
സ്ഥിതി കണ്ണിന്നതികൌതുകത്തെ നൽകി. 41

മലയും ശിലയും മരങ്ങൾ കാറേറ-
ററുലയുന്നോരൊലിയും സുഗന്ധപൂരം
കലരും മലരിൻവിലാസവും ശ്രീ
പുലരും ചോലകളും വിളങ്ങിപാരം. 42

ഇവ മിന്നൽകണക്കു കണ്ടുകൊണ്ടാ-
യുവമന്നൻ മൃഗയാവനത്തിലെത്തി;
മൃഗസഞ്ചയമങ്ങുമിങ്ങുമായി-
ട്ടിളകീട്ടുന്നൊരു ഘോഷവും തുടങ്ങി. 43

ഹരിണങ്ങൾ ചലാചലോല്ലലശ്രീ
ചൊരിയുംദൃഷ്ടിവിലാസമോടു മണ്ടി;
കലയും മുയലും കലന്റു തിങ്ങി-
ത്തലയും പൊക്കിയുടൻ കുതിച്ചുപാഞ്ഞു. 44

കടുവാ കിടി വാരണാദി നാനാ-
പടുസത്വങ്ങൾ പരിഭ്രമിച്ചു പാരം
കടുവാകിയ കണ്ഠനിസ്വനത്തോ-
ടടവീമണ്ഡലമാകവേയിളക്കി. 45

അഴികൾക്കു സമാനമായ്‌ വനത്തെ-
ശ്ശുനകശ്രേണി വളഞ്ഞു നില്ക്കയാലേ
ഒഴിവാനുഴറും മൃഗവ്രജത്തി-
ന്നുളവായ്‌ പഞ്ജരബന്ധപാരവശ്യം. 46

അവയിൽ പലതും പ്രസേനവീര-
പ്രഹിതം ബാണഗണം തറച്ചുവീണു
ചലമാകിയ ലാക്കിലസ്ത്രമേല്പി-
ച്ചുലമാനന്ദമവന്നുമുത്ഭവിച്ചു. 47

അത്തുകൾക്കളവായിട്ടുന്ന ഭൂരി–
വ്യഥകണ്ടീടുക വേണ്ടയെന്നു കണ്ടു
ഹരിദംഗനമാരുടൻ മറഞ്ഞാർ
പൊടിയാകും പടമന്ദിരത്തിനുള്ളിൽ. 48

തരുവിൻശിഖരങ്ങൾതോറുമെത്തി–
ത്തലകീഴായ്ത്തപമാചരിച്ചിടുന്നോർ
ഇവരെന്തുപിഴച്ചിതെന്നു ചൊല്ലി–
യിജ്ജതുകാപങ്ക്തി പരന്നു വിണ്ണിലെല്ലാം. 49

അഭയം വയമത്ര നൽകിടുന്നോ–
രിവയിൽ സാഹസമാചരിപ്പതേവം
അരുതെന്നു മഹാതരുക്കൾ ശാഖാ–
കരമാട്ടിക്കനിവോടുടൻ വിലക്കി. 50

ഇഹ ശല്യമൃഗങ്ങൾ മുള്ളു ചിന്നും–
പൊഴുതിൽ ശല്യനിരയ്ക്കു ലക്ഷ്യമായി
കിടി കൊൽവതിനായടുത്തിതസ്ത്രം
പിടിയോളം ദൃഢമേററതോർത്തിടാതെ. 51

ഇഷുവേററു കഠോരമാടൽ വാഹ–
ദ്വിഷദാളിക്കു പിണഞ്ഞ നേരമേററം
കൃതകൃത്യത പൂണ്ട വാഹജാലം
ബഹുനൃത്തങ്ങൾ നടത്തിയുല്ലസിച്ചു. 52

‘നവകോശനിഷണ്ണനാകുമെൻപേർ
കവരാനെന്തടവീനിവാസിയാം നീ?,
ഇതി കോപമിയന്നു ഖഡ്ഗഘാതം
ബഹുധാ ചെയ്തു യദുപ്രവീരഖഡ്ഗം. 53

മൃഗയാരതിയാൻ ഗാഢമന്യ-
സ്മൃതി കൈവിട്ടു രമിച്ചുകൊണ്ടിവണ്ണം
നിയതസ്ഥലവും സ്വസംഘവും വി-
ട്ടുപഥത്തിങ്കലവൻ ഗമിച്ചു ദൂരം. 54

ശരകാനനമൊന്നതിന്നടുക്കൽ
പുരുകാന്തിപ്രസരം ലസിച്ചിരുന്നു;
അതിനുള്ളിലണഞ്ഞു ഗൂഢമായി-
ട്ടൊരു സിംഹാധിപനും ശയിച്ചിരുന്നു. 5

അതിഗൗരവമാഭിജാത്യമോടൊ-
ത്തനിശം തിങ്ങി വിളങ്ങിടും തദാസ്യം
മൃഗസഞ്ചയസാർവ്വഭൗമഭാവം
നിജമാണെന്നറിയിച്ചു നിർവിവാദം. 56

തുലയറ്റ മഹാജവം കരുത്തുൾ-
ക്കലരും കൗശലമെന്നിവറ്റിനാലേ
നിജരാജ്യമിവൻ ഭരിച്ചതിങ്കൽ
ദ്വിരദാദ്യങ്ങൾ വിസംവദിച്ചതില്ല. 57

അതുമല്ലിവനുള്ള സന്നിധാനം
ബഹുഭീതിപ്രദമാണവറ്റിനെല്ലാം;
നിജശക്തി സമസ്തജിഷ്ണുവാണെ-
ന്നിവനും വേണ്ടവിധം ധരിച്ചിരുന്നു. 58

ഉദയാസ്തമയങ്ങൾതോറുമുച്ചൈ-
ന്നിജസാമ്രാജ്യവിളംബരം കണക്കേ
ഇവനർത്ഥമിയന്ന സിംഹനാദം
ഭുവനത്രാസദമുച്ചരിച്ചിരുന്നു. 59

ഇടിപോലതു പാഞ്ഞണഞ്ഞു പാരം
സ്ഫുടമാമഗ്നിവളർത്തിയുൾത്തടത്തിൽ
മൃഗരാശികളെത്തുരത്തി വേഗാ-
ലഭയസ്ഥാനമണച്ചുകൊണ്ടിരുന്നു. 60

വിപിനാധിപനായിവണ്ണമെല്ലാം
പല നാളായ്മരുവുന്നൊരാമൃഗേന്ദ്രൻ
ക്ഷുധയാലധുനാ വലഞ്ഞു തീററി-
ക്കൊതിയോടടങ്ങു ശയിക്കയായിരുന്നു. 61

അതിവിസ്തൃതിയാർന്ന മസ്തകത്തിൻ-
മുകളിൽ തിങ്ങിയെഴും സടാസമൂഹം
അധികായതി പൂണ്ടു നാലുപാടും
തിരമാലയ്ക്കെതിരായ് പടർന്നിരുന്നു. 62

കനൽപോലെ കഠോരമായ നേത്രം
സഹജക്രൗര്യനികേതമായ വക്ത്രം
ദൃഢസംഹതിഘോരമായ ഗാത്രം
ജീതവജ്രം നഖപങ്ക്തിയും വിചിത്രം. 63

ചെറുതായൊരു ശബ്ദമൊട്ടു ദൂര-
ത്തുളവായീടുകിലും സ്ഫുടം ഗ്രഹിപ്പാൻ
ഉതകും ശ്രവണങ്ങളുററു കൂർപ്പി-
ച്ചിരയെത്തുന്നതു കാത്തിരുന്നു വീരൻ. 64

നരനിര ചിതറുന്ന വക്ത്രമോടും
ഖുരപുടതാഡിതഭൂമിരേണുവോടും
തുരഗവരനുമപ്രസേനനെക്കൊ-
ണ്ടുരുതരവേഗമണഞ്ഞിതസ്ഥലത്തിൽ. 65

തരംനോക്കിത്താണങ്ങനെ മരുവുമ-
ക്കേസരിപ്രൌഢനൂഢ-
ത്വരം മേല്പെട്ടൂക്കോടൊരു കുതി കുതി-
ച്ചുഗ്രസംരംഭമോടെ
തുരംഗത്തിൽക്കേറിത്തിറമൊടു നവാ
ഖേടകേളീവിനോദം
പരം തേടിപ്പായും തരുണനവനെ-
ത്തന്നെ നായാടി ഘോരം. 66

ഇടിപോലെയലച്ചുയോടു മിന്നൽ-
ക്കൊടിപോൽ പാഞ്ഞണയും മൃഗാധിപൻെറ
അടിയേററു സഹാശ്വനാം പ്രസേനൻ
തടിപോൽ സത്വമുടൻ വെടിഞ്ഞുവീണു. 67

രുധിരപാരണ ചെയ്തു കുമാരനെ
ക്കുതിരയോടവിടത്തിൽ വെടിഞ്ഞുടൻ
ഹരി വരിച്ചൊരു രത്നമയത്തമാ-
ഹരി കടിച്ചുപിടിച്ചു തിരിച്ചുതേ. 68

"മൃഗയാനുവൎണ്ണനം" എന്ന
മൂന്നാം സർഗ്ഗം
സമാപ്തം.

## നാലാം സർഗ്ഗം

അക്കാനനത്തിന്നരികത്തായിരുന്നു ബഹുശ്രുതൻ
ലങ്കായുദ്ധം കഴിഞ്ഞിട്ടു നിവസിച്ചതു ജാംബവാൻ. 1

ശ്രീരമാവരഭക്തക്കു ഹീരമായ മഹാശയൻ
സ്വൈരമായ് ബിലഗേഹത്തിലാരമിച്ചു കപീശ്വരൻ. 2

പുത്രനിൽ പക്ഷപാതത്തെക്കാണിച്ചെന്നു മഹാജനം
അപവാദമുരയ്ക്കായ്വാൻ കരുതിക്കമലാസനൻ. 3

പേരാളും കപിസാമ്രാജ്യം പേറിടുന്നൊരവന്നഹോ!
പരാക്രമോപമാനത്തിൽ പരം ദാരിദ്ര്യമേകിനാൻ.
(യുഗ്മകം) 4

ചിരമായ്വന്നു മേവുന്ന ജരയായ സപത്നിയിൽ
അവൻറശക്തിയാം സാദ്ധ്വിക്കുണ്ടായീലൊരു വൈരവും.

വാമനൻ പണ്ടുകാണിച്ചോരൈന്ദ്രജാലികവിദ്യയെ
നിസ്സാരമാക്കിനാൻ തൻറയൂരുവേഗത്തിനാലിവൻ. 6

ലങ്കയിൽ പററുവാനുള്ള നൂറുയോജനയാം വഴി
ഒരു ചാട്ടത്തിനില്ലെത്തുമെന്നിവൻ മാഴ്കിനാൻ പുരാ. 7

ഇമ്മഹാനുപദേശിച്ച രണരീതികൾകൊണ്ടുതാൻ
വെന്നു മാരുതിമുഖ്യന്മാർ ദശകണ്ഠമഹാബലം. 8

ഇവൻറമാറിൽകൊണ്ടിട്ടു മുന പൊട്ടിത്തിരിച്ചുപോയ്
ദശാസ്യനോടാവലാതി ചൊന്നു തൽബാണസഞ്ചയം. 9

വലീമുഖാഗ്രഗണ്യത്വമവങ്കൽസ്ഫുടമാക്കുവാൻ
വലിപങ്ക്തി വളൎന്നക്ഷിയുഗളത്തെ മറച്ചുതേ. 10

അവന്നു മകളായങ്ങു വിളങ്ങിയൊരു കന്യയാൾ
നിറഞ്ഞ തൽ ഗൃഹാധ്വാന്തം കളഞ്ഞീടും വിളക്കുപോൽ

നാഗരസ്ത്രീകൾതൻ മാനം സാദരം പോററുവാൻ വിധി
കന്ദരാമന്ദിരാന്തത്തിൽ മറച്ചാനവൾതന്നുടൽ. 12

പിതാമഹകളത്രത്വം ഹിതമാകാഞ്ഞു ഭൂമിയിൽ
പിറന്ന വാണിതാനെന്നു പറഞ്ഞിതവളെജ്ജനം. 13

ജാംബവത്യാഖ്യയായോരജ്ജാംബൂനദസവൎണ്ണയാൾ
ഹരിവാൎത്താമധൂളിക്കു ഭൃംഗിയായിച്ചമഞ്ഞുതേ. 14

അനിശം ജനകൻ ചൊല്ലുമനഘം രാമകീൎത്തനം
അമൃതം പോലാസ്വാദിച്ചാളധികം കൊതിപൂണ്ടവൾ. 15

മകൾതൻ ഭക്തിമാഹാത്മ്യം കാണ്കയാൽ കപികുഞ്ജരൻ
അവൾക്കോതി മുകുന്ദൻെറയവതാരകഥാവലി. 16

വസുദേവസുതൻതൻെറ കഥയേയും യഥാക്രമം
ഹരിദാസവരൻ ചൊന്നതവൾ കേട്ടു തെളിഞ്ഞുതേ. 17

യോഗീന്ദ്രഹൃദയത്തിന്നും രാഗമേകുന്ന വൈഭവം
വഹിക്കും ഹരിതൻ കീൎത്തിയവൾക്കേറിയ തോഴിയായ്.

മകൾക്കേവം മുകുന്ദങ്കൽ മനസ്സംഗം ജനിക്കയാൽ
മഹിതൻ ജാംബവാൻ പാരം ചരിതാൎത്ഥത തേടിനാൻ.

ഒരുനാൾ തന്റെ ഗേഹത്തിനരികത്തുള്ള കാനനം
നിജപാദവിഹാരത്തിന്നവൻ ഭാജനമാക്കിനാൻ. 20

ഉലകായ തിരിക്കുള്ളിൽ തുളുമ്പും പരചിദ്രസം
നുകർന്നാനന്ദവാൻ മന്ദം നടന്നു ഹരിസേവകൻ. 21

ഒരു ഹുങ്കാരമന്നേരമതിഗംഭീരഘോരമായ്
ശ്രവിച്ചുകപി തെളിച്ചൊന്നു വീക്ഷിച്ചാനൃക്ഷപുംഗവൻ.

തത്രത്യ"ഹേമശൃംഗാ"ദ്രിസാനുവിൽ സൂര്യസന്നിഭം
കഠോരമൊരുതേജസ്സു കണ്ടാനവനനന്തരം. 23

വിസ്മയം പൂണ്ടവൻ വീണ്ടും വീക്ഷിച്ചീടുന്ന വേളയിൽ
വരുന്നു മന്ദം രക്താസ്യൻ പഞ്ചാസ്യൻ ക്രൂസലെന്നിയേ

മണിയാം ദ്യുമണിക്കുള്ള ഘൃണിശ്രേണി പരക്കയാൽ
മൃഗേന്ദ്രദംഷ്ട്രയാം തിങ്കൾക്കല കാണായി നിഷ്പ്രഭം.

ധ്വനിയാലസചേതസ്സാം പണ്ഡിതമ്മന്യനെന്നപോൽ
മണിയാൽ ചെയ്യുതെന്താണിന്നാലൂാലിയതികക്കശൻ.

നിസ്സ്രുപം നിജദോഷത്താൽനിതരാം നീചമാക്കുവോൻ
രക്ഷണം കാര്യമെന്നോർത്തിട്ടവൻ നിന്നാനരക്ഷണം. 27

കപികുഞ്ജരനെക്കണ്ടു കുപിതൻ കേസരീശ്വരൻ
അലറിക്കൊണ്ടു നേരിട്ടു ചാടിനാനുടനുഗ്രമായ്. 28

ഇടംകൈയാൽ കാലുനാലും പിടിച്ചിട്ടന്യപാണിയാൽ
കുക്കുടത്തിന്റെപോൽ ശീർഷം ഞെരിച്ചാൻ കളി-
യായവൻ. 29

പ്രസേനനോടു താൻചെയ്ത കുററമേററുരചെയ്യുവാൻ
കൊതിച്ചപോലെ വിണ്ണിന്നായ്ത്തിരിച്ചു ഹരിയും ദ്രുതം.

നിഷ്പ്രാണമായ ദേഹത്തെ നിക്ഷേപിച്ചഥ ദൂരവേ
ഉതിൎന്ന മണിയുംകൊണ്ടു നടന്നു വിധിനന്ദനൻ. 31

രത്നവും ദേഹവും തോയശ്രൂഘമാക്കി നിജാലയം-
പൂക്ക ഭക്തിധനൻ നല്കി ബാലന്നതു കളിക്കുവാൻ. 32

അല്ലയോ രത്നമേ! നിൻെറയവസ്ഥ പരമത്ഭുതം!
അല്ലലാൎക്കൊക്കെ നീ നല്കിയാക്കുവാനിനി നൽകിടാ?

തവ സ്വാമി മുകുന്ദൻെറ വചസ്സാൽ മുന്നമേ ഹതൻ
പിന്നെ നിന്നെയവൻ ജീവന്മൃതൻ സോദരനേകിനാൻ.

സാധുവാമവനും പിന്നെ സിംഹവും ഹിംസയാൎന്നതേ
നീ മനുഷ്യന്നു ഗുണമോ നല്കീടുന്നതു ദോഷമോ? 35

നിന്നിലാലോലതരമായ് നില്ക്കുമീരശ്മിസഞ്ചയം
നിനക്കേറുന്ന ചാപല്യം നിയതം ചൊൽകയല്ലയോ? 36

കളിക്കോപ്പായി നീയിപ്പോൾ കപിബാലൻെറ
കൈയിലായ്;
ഇവിടെത്തന്നെ നീമേലാലിടർക്കൂട്ടാതെ മേവുമോ? 37

നില്ക്കയക്കഥ, നായാടിത്തളൎന്ന തരുണവ്രജം
നായകച്യുതിയാലസ്തച്ഛായമായ് ഹാരമെന്നപോൽ. 38

പ്രസേനനായ ദീപത്തിന്നഭാവം വന്നമാത്രയിൽ
മോഹമാമന്ധതമസം ബാധിച്ചിതവരെത്തുലോം. 39

അവരേകിയ ചാഞ്ചല്യമതുപോലഥ കാട്ടുകൾ
അവർക്കേകി മഹാത്മാക്കൾ കടം പെട്ടെന്നു വീട്ടുവോർ.

വിരഞ്ഞു വിപിനത്തിങ്കൽ തിരഞ്ഞവരവൻഗതി
തെരിഞ്ഞിടായ്കയാൽ മാഴ്കിക്കരഞ്ഞഥ മടങ്ങിനാർ. 41

പ്രസേനാഗമനത്തിൻെറ താമസത്തോടുകൂടവെ
വളർന്നു സത്രാജിത്തിന്നു സന്താപമതിഭീഷണം. 42

സ്വരത്നവിരഹത്താലന്നഭസ്സെന്നവിധം തദാ
തമസ്സങ്കുലമായേതന്മനസ്സനുകലം തുലോം. 43

ആർത്തനായ് ദിനകൃത്യങ്ങളാകവേ വിസ്മരിച്ചവൻ
ലാത്തിനാൻ സത്വരം സ്വർണ്ണ ചത്വരത്തിങ്കലക്ഷമൻ.

അനക്കം വല്ലതും കേട്ടാലനുജാഗതിയെന്നുതാൻ
നിനയ്ക്കുമായവൻ; വീണ്ടും കനക്കമഴലാർന്നിടും. 45

അനക്കമായിടും മിന്നലകറ്റും താപമാമിരുൾ
അനർഗ്ഗളമുടൻ വീണ്ടുമിരട്ടിച്ചു തദാശയേ. 46

അനുയായികളന്നേരമനുതാപമൊടന്തികേ
അണഞ്ഞനുജവൃത്താന്തമവനോടേവമോതിനാർ:— 47

"നായാട്ടുതന്നിൽ വേർപെട്ട കുമാരനെയൊരേടവും
കാണാതിങ്ങു കൃതഘ്നന്മാർ വന്നു ഞങ്ങൾ കൃപാനിധേ!

ഒരുമിച്ചേവരും ഞങ്ങളൊരേ കാട്ടിലണഞ്ഞുടൻ
ഒരുമ്പെട്ടിതുനായാടാനൊരാപൽഭയമെന്നിയേ. 49

ഇളകീ മൃഗസംഘങ്ങളിളകീ വനമാകവേ
ഇളകീ ഞങ്ങളുത്സാഹാലിളകീ ശസ്ത്രജാലവും. 50

മണികണ്ഠനവൻതന്റെ കണ്ണുകൊണ്ടു മൃഗാവലി
പിണികൊണ്ട വിശേഷങ്ങളിനി മിണ്ടുവതെന്തിനായ്?

പലമാർഗ്ഗത്തിലുഴറിപ്പാഞ്ഞു നായാടിയേവരും
ഒടുവിൽചെന്ന നേരത്തു കണ്ടതില്ല കുമാരനെ. 52

പണിപ്പെട്ടുമണഞ്ഞീടാൻ കഴിയുന്നവനങ്ങളിൽ
ഞങ്ങൾതൻ കണ്ണുനീർവീണു നനയാതില്ലൊരേടവും. 53

സവ്യസാചിക്കു സദൃശൻ ഭവ്യനായ കുമാരനെ
ദിവ്യലോകത്തിലേയ്ക്കായദ്ദിവ്യരത്നം നയിച്ചതാം. 54

വിധിയാൽ വന്നുചേർന്നോരീ വിപത്താം സാഗരം ഭവാൻ
കരൾക്കരുത്തായിടുന്ന കപ്പലേറിക്കടക്കണേ." 55

ഭയവായുസഹായംപൂണ്ടനുവേലമുയർന്നിട്ടും
തദീയതാപമാം തീയ്യു തൈലമായ്ത്തീർന്നിതിമ്മൊഴി. 56

പോവിനെന്നവരോടോതി വേവുമുള്ളോടു യാദവൻ
വീഴാതൊരുവിധം പോയി ശയ്യയിൽ ചെന്നുവീണുതേ.

നോക്കുന്ന ദിക്കുമുഴുവൻ ശൂന്യമായിതവന്നഹോ!
എന്നല്ല വൃക്ഷാദികളും തോന്നി മാഴ്കുന്നുവെന്നുതാൻ.

മുന്നം മോദഭരംചേർത്ത പൊന്നുരത്നങ്ങളെന്നിവ
ഇന്നു നൽകിയവന്നേററം ഖിന്നതാം വിപരീതമായ്. 59

വിഷംതേച്ച ശരംപോലെ വീണ്ടും വീണ്ടുമരുന്തുദം
വിഷാദംകൊണ്ടു സന്തപ്തൻ വിചാരംപൂണ്ടു യാദവൻ:—

"ഹന്ത! ഞാനെന്തുവാൻ പാപമാചരിച്ചിതു? ദൈവമേ!
എന്തിനായെന്നെയീയാപൽസിന്ധുവിൽ തള്ളിവിട്ടു നീ?

മണിയും കഷ്ടമേ! ഭ്രാതൃമണിയും നഷ്ടമായി മേ
തുണയായിന്നിയാരും വന്നണയാൻ തുനിയാ ദൃഢം. 62

കദനദായമാകുന്ന കരീഷതുഷവഹ്നികൾ
ഹൃദയം ദഗ്ദ്ധമാക്കുന്നു തമ്മിൽ മത്സരമാർന്നപോൽ. 63

സ്ഫുരിച്ച ശക്തിയോടെ നീ തിരിച്ചതയി സോദര!
തിരിച്ചു വരുവാനല്ലെന്നൂഹിപ്പാൻപോലുമാവതോ? 64

ജീവനുണ്ടെങ്കിലന്തിക്ക മണിയെത്തിക്കുമെന്നു നീ
ജീവസംശയമുണ്ടാകകൊണ്ടുതാനുരചെയ്തുവോ? 65

അരുതിത്തൊഴിലെന്നീഞാൻ കരുതിച്ചൊന്ന ഭാഷണം
തൽസാഹസസമീരന്നു തൂലമായ്ത്തീർന്നതില്ലയോ? 66

വയസ്സാലുളവാകുന്ന മനസ്സിൻ പരിപാകത
ബുദ്ധിയോ വിദ്യയോകൊണ്ടു് സിദ്ധമായ്
വരികില്ലതാൻ. 67

സഹജസ്നേഹമുൾക്കൊണ്ട സഹജൻ നിന്നെവിട്ടു ഞാൻ
മേദിനീഭാരമായ്ത്തന്നെ മേലിൽ മേവുന്നതെങ്ങനെ? 68

മണേ! നിന്നുടെ മാഹാത്മ്യം മഹനീയതരം പരം!
മമ സോദരനെക്കൂടി മൃതനാക്കീലയോ ഭവാൻ? 69

തപനങ്കൽ ജനിച്ചുള്ള കഠിനാത്മകനാകയാൽ
തപനസ്ഥിതിയീവണ്ണം തവ വന്നതു ചിത്രമോ? 70

ഹൃദയത്തിലിരുന്നേവം വ്യഥയെത്തരുവാൻ ഭവാൻ
കതിരൊട്ടേറെയുള്ളോന്റെ കതിരൊട്ടു കവർന്നുവോ? 71

ആരോടിതു പറഞ്ഞീടാനാരുണ്ടിന്നൊരു മിത്രമായ്?
വെളിക്കുള്ള വെളുപ്പുള്ളിൽക്കൂടിയുള്ളവരെത്രപേർ? 72

വിളഞ്ഞ വിഭവംകൊണ്ടു ഞെളിഞ്ഞൊരിവനമ്മണി
കളഞ്ഞതേററം നന്നെന്നു തെളിഞ്ഞീടുമഹോ! ജനം. 73

ആരാവാമിതു ചെയ്യിച്ചോനാരുവാനിതു ചെയ്തവൻ?
എന്താവാം ഹേതുവെന്നെല്ലാമെന്തിനാലറിയുന്നു-
ഞാൻ. 74

ഒന്നു നിസ്സംശയം രത്നം ഹരിപ്പാനുള്ളൊരാശതാൻ
മൂലമീവലുതാമാപൽസാലത്തിനു നിനയ്ക്കുകിൽ. 75

ആയതുണ്ടായതാർക്കാണെന്നത്രേ നോക്കേണ്ടതിന്നിതിൽ;
അഥവാ സംശയംവേണ്ട; ചോരൻ ദൂരസ്ഥനല്ലതാൻ. 76

നിലയ്ക്കുയർച്ചയേറീടുംതോറുമായതിനൊപ്പമായ്
ആശകൾക്കും വിശാലത്വമവശ്യമുളവായിടും, 77

കുറവന്തസ്സിനേശാത്തവിധമായവ വേണ്ടപോൽ
നിറവേററുന്നു സുജനം; ഖലവൃത്തി മറിച്ചുമാം. 78

അന്യന്റെ മുതലിന്നാശയെത്രയുണ്ടായിരിക്കിലും
അതുനല്കേണമെന്നേവൻ യാചിപ്പാൻ ധൈര്യ-
മാർന്നിടും? 79

അയാചിതവ്രതന്മാരായ് മരുവീടുന്ന മാനികൾ
നിജസോദരിയെപ്പോലെ കാണുവോരന്യലക്ഷ്മിയെ. 80

നാണവും മാനവും തെല്ലും നിനയ്ക്കാതിങ്ങു വന്നഹോ!
ഇതു ചോദിച്ചവൻതന്റെ കൊതി നിസ്സീമമല്ലയോ? 81

പ്രത്യക്ഷമായിരന്നീടാൻ പ്രോത്സാഹിപ്പിച്ചവൻകൊതി
പരോക്ഷം ചോരണംചെയ്യാൻ പ്രേരണംചെയ്ക—
ചിത്രമോ? 82

ഇരുൾനീക്കുകയാം ജോലി വഹിക്കുന്ന ദിവാകരൻ
ഇരുൾതന്നെ പരത്തീടിലെവിടെപ്പോവതജ്ജനം? 83

പുഞ്ചിരിപ്പൂതുകാന്തിക്കു പൂനിലാവു വണങ്ങണം;
നെഞ്ചകത്തുള്ളഴുക്കോർത്താൽ വിഷം പീയൂഷമായ്വരും. 84

പുറത്തുള്ളൊരു മാലിന്യമകത്തും കാങ്കകൊണ്ടുതാൻ
ഇവന്നു കൃഷ്ണനെന്നാഖ്യചെയ്തു മാമുനി ബുദ്ധിമാൻ. 85

നിർഭയം ജനസംഘത്തെയർദ്ദനംചെയ്കയാലിവൻ
ജനാർദ്ദനാഖ്യനായെന്നു ജനമോർക്കാത്തതത്ഭുതം! 86

ഉൽകൃഷ്ടമായ വംശത്തിലുളവായെന്നിരിക്കിലും
നിർഗ്ഗുണങ്ങൾ വരാ ചെററു നമ്രത്വം വില്ലിലെ—
ന്നപോൽ. 87

ഉച്ചസ്ഥാനജനം നീചസംഗത്താൽ ഗുണഹീനനാം,
ദുഷിക്കുന്നില്ലയോ ദിവ്യം ജലമാഴിയിലെത്തിയാൽ. 88

കന്നാലിമേയ്പുകാരോടു കലർന്നുദ്ധതനായിവൻ
കാണിച്ച സാഹസങ്ങൾക്കു കണക്കില്ല നിനയ്ക്കുകിൽ. 89

ഈ വിടന്റെ ദുരാചാരം പകരും വ്യാധിയെന്നപോൽ
ഹാ! വല്ലവവധൂവംശം ദൂഷിപ്പിച്ചിതശേഷവും. 90

ദുരാഗ്രഹമഹാവാതം വിഹരിക്കും ഹൃദന്തരേ
വിവേകരൂപമായുള്ള വിളക്കു നിലനില്ക്കുമോ? 91

ഹേതുവെന്തായിരുന്നാലുമേതും സംശയമെന്നിയേ
മാതുലന്റെ വധംചെയ്വാനേതു മർത്ത്യൻ തുനി–
ഞ്ഞിടും? 92

ജരാസന്ധനെതിർത്തപ്പോൾ പുരാ ദുർബലനാമിവൻ
പാഞ്ഞുപോയോരു മാർഗ്ഗത്തിൽ കിളിർത്തില്ലിപ്പൊഴും–
തൃണം. 93

ധനശ്രീകൊണ്ടുസമ്പൂർണ്ണനിവൻ ചെയ്യുള്ളൊരിത്തൊഴിൽ
പരശ്രീ കണ്ടുകൂടായ്കകൊണ്ടുതാൻ വേണ്ട സംശയം. 94

പ്രകടം വിഷമേന്തുന്ന ഫണിയാൽ ദോഷമില്ലതാൻ;
ഗൂഢമീർഷ്യാവിഷം പേറും പുമാൻതന്നെ ഭയങ്കരൻ. 95

ഇവനെശ്ശാസനം ചെയ്യുന്നതിനുള്ളൊരു പൂർവ്വജൻ
ഹലിപ്രിയാഖ്യ ഹാലയ്ക്കു ജനിപ്പിച്ചവനാണഹോ! 96

കടലാടി തുടങ്ങീട്ടുള്ളവയിൽചെന്നു സാമ്പ്രതം
യമന്റെ ധർമ്മരാജാഖ്യ രൂഢമായിച്ചമഞ്ഞുതേ. 97

കഴിഞ്ഞ കാര്യത്തിൽ നുഴഞ്ഞുചിത്തം
കുഴഞ്ഞു മാഴ്കുന്നതു മൌഢ്യമത്രേ;
അറിഞ്ഞിടുന്നേനിദമെങ്കിലും മാൽ
കുറഞ്ഞിടുന്നില്ലൊരു തെല്ലുപോലും. 98

പലവിധമിതുപോലെ ചിന്തതന്നെ-
പ്പുണരുകമൂലമുദിച്ചൊരീർഷ്യയാലേ
അവനൊടണവതിങ്കൽ നിദ്രയാർന്നാൾ
നിശ മുഴുവൻ വിമുഖത്വമാചരിച്ചു. 99

"മണിഭ്രംശം" എന്ന
നാലാം സർഗ്ഗം
സമാപ്തം.

---

## അഞ്ചാം സർഗ്ഗം.

---

യാദവൻെറ ഹൃദി ജാതമായൊരീ-
യാശയം ദവഹുതാശനെന്നപോൽ
വേഗമങ്ങു പുരമാകവേ പട-
ർന്നാകുലത്വമലമേകി ലോകരിൽ. 1

ഉന്നതത്വമിയലുന്ന ധന്യരിൽ
ദോഷമെന്നതൊരു ലേശമെങ്കിലും
വന്നുവെന്നു പറയുന്നതിൽപരം
സൌഖ്യമില്ല ജനതയ്ക്കു കേവലം. 2

'കേട്ടുവോ ബത! വിശേഷമൊന്നുതാൻ?'
'കേട്ടതില്ല പറകെൻെറ തോഴരേ!'
'കട്ടുപോലുമൊരുവൻ സ്യമന്തകം
കിട്ടുവാനുമെളുതല്ലപോലിനി' 3

‘ആരു ഹന്ത! മണിചോരനായതി’–
‘ന്നാരുമായതുരചെയ്കയില്ലെടോ!’
‘പോരു’മെന്തു വിലകൂട്ടുകിൽ ഫലം?
നേരു കേൾപ്പതിനു പാരമാഗ്രഹം. 4

വേലിതന്നെ വിളവാക്രമിക്കുമി–
ക്കാലമന്യമുരചെയ്വതെന്തഹോ!
ബാലനെന്ന നിലയിൽ ഗ്രഹിപ്പതാം
ശീലമെന്നുമൊരുപോലെ നിന്നിടും. 5

ഗൂഢമാണിതു, വെളിക്കു മിണ്ടുകിൽ
പ്രൌഢമായ പിണി വന്നുചേർന്നിടും,
ദാരകാധിപതിയാണുപോലുമി–
ച്ചാരുവായ മണിതന്റെ മോഷകൻ. 6

വേട്ടയാടുവതിനായ് പ്രസേനന–
ക്കാട്ടിലെത്തിയതു കേട്ടവൻ മുദാ
ചെന്നു ഭൃത്യരൊടു ചേർന്നു ഗൂഢമായ്
കൊന്നഹോ മണി ഹരിച്ചു മണ്ടിപോൽ. 7

കണ്ണനിമ്മണിയിലാദ്യകാലമേ
കണ്ണുവച്ചതറിയാത്തതാരുവാൻ?
എണ്ണമററ ധനമുള്ളവർക്കുമി–
ന്നെണ്ണമായതു വളർത്തുവാൻ പരം. 8

തന്റെ കാര്യമഖിലം നടക്കണം
തന്റെ ദാരസുതരും സുഖിക്കണം
അന്യരാകെയതിഖിന്നരാകണം
തന്നെ വന്നനുദിനം വണങ്ങണം. 9

പൈകളഞ്ഞിടുവതിന്നു കാംക്ഷയാൽ 10
മെയ്കളഞ്ഞു മുതൽ നേടുവോരിലും
കൈ കടത്തി വലുതായൊരക്രമം-
ചെയ്കവേണമിവയാഢ്യലക്ഷണം.

പാവമൊട്ടധികനാൾ തപസ്സു ചെ- 11
യ്താവലാതിയുരചെയ്ത കാരണം
ദേവനേകി മണി:—യിപ്പൊഴായത-
ദ്ദേവകീസുതനടക്കി നിർദ്ദയം.

മന്നിലിങ്ങു മരുവീടുവാൻ മനം- 12
തന്നിലാശ കലരുന്നുവെങ്കിലോ
പൊന്നു രത്നമിവയാകെയേവരും
മന്നനേകിടണമെന്നു വന്നതേ.

അല്ലയെങ്കിൽ മുതലാകെയേന്തി നാം 13
വല്ലടിക്കിലുമൊളിച്ചുപോകണം;
ഇല്ല മറ്റുഗതി,—യേവമായഹോ!
മല്ലവൈരിയുടെ നീതിപാലനം.

ഈവിധം പലരുമീഹിതം കണ- 14
ക്കോതിനാരഖിലനാഥദൂഷണം;
ഇഷ്ടരോടു നവമായിതോതുവാ-
നുദ്യമിച്ചവർ ചുരുക്കമല്ലഹോ!

സൂക്ഷ്മധീകൾ ചിലരീ വദന്തിയെ- 15
സ്സത്യമെന്നു കരുതീല തെല്ലുമേ,
സംശയിച്ചു ചിലർ പാര,—മെങ്കിലും
മൌനമേ കുശലമെന്നു തേറിനാർ.

കള്ളമാകിലുമിതുള്ളതാക്കണം,
കള്ളനാണവ, നവന്നു പാരവും,
തള്ളലുണ്ട,തു നശിച്ചിടേണമെ-
ന്നുള്ളിലോർത്തു ചിലരൂഢകൌതുകം. 16

നേരിതെന്നു നിരുപിച്ച കൂട്ടർതൻ-
മാനസം മദനകോടിരമ്യമായ്
കണ്ടിരുന്ന ഹരിമൂർത്തിയെത്തദാ
കാളകൂടമയമായ് നിനച്ചുതേ. 17

മാനുഷാ! തവ വിശേഷബുദ്ധികൊ-
ണ്ടെന്തുവാനൊരുഫലം നിനയ്ക്കുകിൽ?
ഒന്നു കേൾക്കിലതിലെത്ര തത്ത്വമു-
ണ്ടെന്നു നീ തിരയുവാനൊരുങ്ങുമോ? 18

തെററിയുള്ള നിനവാലനേകധാ
പററിയോരുദുരിതങ്ങൾ കണ്ട നീ
മുററുമായതു വരാതിരിക്കുവാൻ
ചെററു ഹന്ത! കരുതേണ്ടതല്ലയോ? 19

ദോഷചിന്ത ലവമെന്നിയേയൊരാൾ
തോഷമോടു പറയുന്ന വാണിയിൽ
ദോഷമുള്ള പൊരുൾ നിശ്ചയിച്ചു നീ
ദൂഷണം പലവിധത്തിലോതിടും. 20

ഏകനിൽ പല ഗുണങ്ങൾ കണ്ടു നീ
ശ്ലാഘ ചെയ്യുമളവിൽ, തദീയമായ്
ദോഷമൊന്നു നിശമിക്കിലോർത്തിടും
ദോഷരാശിയവനെന്നു തൽക്ഷണം. 21

എന്തിനായ് പ്രകൃതിയമ്മ മാനുഷ-
ന്നേകിയിപ്രകൃതി? പാർത്തുകാണുകിൽ
സാരമായ ഫലമൊന്നിതിങ്കല-
സ്സ്വനേത്രി കരുതാതിരിക്കുമോ? 22

തെററിയുള്ളറിവിയററിവച്ചോര-
ദ്ദോഷമാകെയനുതാപജാശ്രുവാൽ
ഏററവും കഴുകി മാററു വീണ്ടുമ-
സ്സൽഗ്ഗുണത്തിനവൾ ചേർത്തിടുന്നുതാൻ. 23

ഘോരമാകുമപവാദമീവിധം
പാരിലാശു പടരുന്ന വേളയിൽ
ചാരരിക്കഥയറിഞ്ഞുഴറെറാട-
ദ്വാരകാപുരിയിലേക്കു മണ്ടിനാർ. 24

സാരസാക്ഷനതുനേരമഗ്രജൻ
സാരവാരിനിധി സീരിതന്നൊടും,
മന്ത്രിയുദ്ധവനൊടും തെളിഞ്ഞു തൻ-
മന്ത്രശാലയിൽ വസിച്ചിരുന്നുതേ. 25

മാധവൻെറ വാലുതായ വീർയ്യവും
ബോധവൈഭവവുമാർന്ന വിഗ്രഹം
തത്സമീപമതിൽ വാണു രാമനും
നൂനമുദ്ധവനുമെന്ന കൈതവാൽ. 26

ചാരനേകനഥ ചാരവേഷമണ-
ഞ്ഞോതിനാൻ ഭുവനവാദമാകവേ;
ഘോരഘോരമതു കേട്ടു മൂവരും
ഭൂരിവിസ്മയരസത്തിൽ മുങ്ങിനാർ. 27

അടിയിൽ പൊരികളായ് സ്ഫുരിച്ചുടൻ
ഭാഷിതംപ്രതി വളൎന്നു ഭീഷണം
രോഷമാകുമനലൻ ജ്വലിച്ചിത-
സ്സീരപാണിവദനത്തിലുൽക്കടം. 28

ചെമ്പരത്തിമലർപോൽ ചുവന്നു ത-
ല്ലോചനം കലുഷമായിതേററവും;
പല്ലുതമ്മിലുരസീടവേ ദൃഢം
ചുണ്ടു രണ്ടുമതിയായ് വിറച്ചുതേ. 29

ക്രോധവഹ്നിയെ വളൎത്തിടുന്നതി-
ന്നാശപൂണ്ടവിധമാശു ദാരുണം
ശ്വാസവായുതതി പാരമുഷ്ണമായ്
വ്യാപരിച്ചിതതിമാത്രമുല്ബണം. 30

അക്ഷണംവരെയിരുന്ന ഹൃഷ്ടതാ-
ലക്ഷ്മി തന്മുഖമതിങ്കൽനിന്നുടൻ
രൂക്ഷമായ ഹലതാഡനത്തെയുൽ-
പ്രേക്ഷചെയ്തു ഭയമോടൊളിച്ചുതേ. 31

ധീരരാംമുരഹരോദ്ധവൎക്കുമുൾ-
ത്താരിലാകുലത ചെററു ചേൎത്തഹോ!
ഘോരകോപവശനാം, ഹലായുധൻ
താരമാം സ്വരമൊടേവമോതിനാൻ:— 32

“എന്തു കൃഷ്ണ! തവ സാഹസിക്യ?—മ-
ന്നെന്തിനായ് മണിയിരന്നു നീ വൃഥാ?
ഹന്ത ഹന്ത! വഴിയേ ഗമിക്കുമി-
ക്കുന്തമെന്തിനു വലിച്ചുവച്ചു നീ? 33

മൂഢർ ചൂടിന കിരീടമാകുമ-
ക്കശ്മലൻെറ നവരക്തധാരയിൽ
ആട്ടുവാൻ ത്വരവഹിച്ചിടുന്നു മൽ-
ബാഹുദണ്ഡധൃതമായ ലാംഗലം. 34

തെണ്ടി വാങ്ങിയ കുരുട്ടുകല്ലിനെ-
ക്കൊണ്ടുചെന്നു ശരിയായ് ഭരിക്കുവാൻ-
കൊണ്ടിടാത്തരിയ തണ്ടുതപ്പിയി-
ക്കണ്ടവർക്കു പഴി ഹന്ത! ചൊൽകയോ? 35

പൊട്ടുകല്ലിതിനെയെൻെറ സോദരൻ
കട്ടുവെന്നു പറയുന്ന നാവുകൾ
വെട്ടിടാതെ മമ രുട്ടടങ്ങുകി-
ല്ലൊട്ടുമെന്നതിഹ തിട്ടമേററവും. 36

സർവമാന്യത കലർന്ന നമ്മിലി-
ദുർവചസ്സു പറയുന്നതോർക്കുകിൽ
ദുർവിനീതനവനേറി മേവിടും
ഗർവപർവതമഖർവമെത്രയും. 37

വെട്ടുവാനരികിൽവന്ന പോത്തിനായ്
വേദമോതിടുവതേതു പൂരുഷൻ?
കട്ടിയുള്ള വടികൊണ്ടു താഡനം
കാര്യമാണവിടെ വീര്യശാലിയിൽ. 38

മാനുഷന്നുചിതമായ ഭൂഷണം
മാനമെന്നതിഹ സർവസമ്മതം,
മാനഹാനിയൊടു മേവിടുന്നവൻ
മാനുഷാധമരിലഗ്രഗണ്യനാം. 39

മാനഹാനിയിനിയെന്തിതിൽപരം
ഹാ! നമുക്കു പിണയേണ്ടതുഗ്രമായ്!
മാധവൻ പരധനാപഹാരിയെ-
ന്നല്ലയോ പറവതിങ്ങശേഷരും? 40

മൃത്യുവിൻപുരിയിലേക്കു മണ്ടുമി-
മ്മൂർത്തിതന്റെ കഥ തുച്ഛമേതുലോം
കീർത്തിയാമജരമൂർത്തി താൻ സദാ
പാർത്തിടേണ്ടതു ബുധന്നു കേവലം. 41

ആയതിന്നു വലുതായ ഹാനിയെ-
ച്ചെയ്യുമട്ടുപവാദരൂപമാം
ആമയത്തെയുചിതൌഷധത്തിനാൽ
നാമമാത്രതയിൽ നാമമർത്തണം." 42

ഈവിധത്തിലിടിപോലെ നിഷ്ഠുരം
രേവതീശവചനം ശമിക്കവേ
മന്ദമായി മഴയെന്നപോലെയ-
മ്മാധവോക്തിയുളവായ് മനോഹരം. 43

"നേരുതന്നെയരുളുന്നതഗ്രജൻ,
ഘോരമിന്നു പടരുന്ന ദൂഷണം
സാരമില്ല ഗണനീയമല്ലയി-
ക്കാര്യമെന്നു കരുതേണ്ടതല്ല നാം. 44

രാചന്ദ്രനുടെ ജീവനൌഷധ-
സ്ഥാനമാർന്ന ജനകാത്മജാതയാൾ
ഗർഭമോടു ഗഹനത്തിലേകയായ്
പണ്ടു പാവനി വസിച്ചതില്ലയോ? 45

ഇന്നു നമ്മുടെയ കീൎത്തിയാം നിലാ-
വൊന്നുപോൽ പ്രഭ കലൎന്നഹൎന്നിശം
ക്ഷീണഭാവമണയാതെ നിൎമ്മലം
ക്ഷോണിതന്നിൽ വിലസുന്നു സുന്ദരം. 46

ആയതിന്നു വെറുതേ കളങ്കമൊ-
ന്നേകിടുന്നതു സഹിപ്പതെങ്ങനെ?
ആകയാലിനി നിജാശയം തുറ-
ന്നോതിടേണമിഹ ജീവരശിഷ്യനം." 47

സീരിതൻമൊഴി നിനച്ചു കൂസലും
ശൌരിതൻമതമറിഞ്ഞു ധൈൎയ്യവും
പൂണ്ടതായ നിജവാണിയെസ്സഭാ-
മണ്ഡപത്തിലഥ വിട്ടിതുദ്ധവൻ. 48

"ശേഷവാണിയുടെ ശേഷമിന്നിതിൽ
ശേഷമുള്ളവരുരപ്പതെന്തിനായ്?
പുഷ്ടമായി മുകീൽവൃഷ്ടി ചെയ്തതിൽ-
പിന്നെയുള്ള ജലസേചനം വൃഥാ. 49

എന്നുമല്ലജിത! നിന്നൊടിന്നൊരാ-
ളിന്നതാണു മുറയെന്നു ചൊൽവതും
ലോഹകാരനൊടു സൂചിതൻ ഗുണം
വിസ്തരിക്കുവതുമൊന്നുതന്നെയാം. 50

എങ്കിലും തവ നിദേശമോൎത്തു ഞാൻ
ശങ്കിയാതെ പറയുന്നിതെൻമതം;
പൂജ്യലോകരുടെ ശാസനം പരി-
ത്യാജ്യമെന്നു കരുതുന്നതാരുതാൻ? 51

വാക്കിൽ നൈപുണി വഹിപ്പവക്കേഴും
വാഞ്ഛതൻെറ പിറകേ തദീരിതം
സൂക്തവും സുഖമൊടേ ഗമിച്ചിടും
സൂചിതൻപിറകു സൂത്രമെന്നപോൽ. 52

രണ്ടുപക്ഷവുമപക്ഷപാതമായ്–
കണ്ടുകൊണ്ടു ശരിയായ് നടുക്കതാൻ
ത്രാസുതന്നുടയ സൂചിയെന്നപോൽ
നിന്നുരയ്പവർ ചുരുക്കമെത്രയും. 53

ലോകവാദമിതുപേക്ഷണീയമ–
ല്ലെന്നുതന്നെ ദൃഢമെൻെറയും മതം
നിമ്മലസ്ഫടികസംഗതം മലം
നീക്കുവാൻ മടിയുദിക്ക യോഗ്യമോ? 54

കിന്തു, സംഭ്രമമിതിങ്കലിന്നു നാ–
മെന്തുകൊണ്ടുമിയലേണ്ടതല്ലതാൻ
ഏവമുള്ളൊരപവാദമേററിടാ–
തേവനുണ്ടു ഭുവനത്തിലോക്കുകിൽ? 55

ആത്മകമ്മഫലമാം വിപത്തുവ–
ന്നാക്രമിച്ചുഴലണച്ചിടും വിധൌ
ആത്മഭൂവിലപരാധമേററിവ–
ച്ചാശ്വസിപ്പവരനേകരില്ലയോ? 56

മെയ്യിലും മിഴിയിലും സുധാരസം
പെയ്യുമാറു വിലസുന്നൊരിന്ദുവിൽ
മോഷണത്തൊഴിൽ വഹിച്ചിടും ജനം
ദോഷമൊത്തു പഴിചൊൽവതില്ലയോ? 57

വിദ്യയുള്ളവനെ മൂഢലോകവും
പുണ്യശാലിയെ നൃശംസരാശിയും
ദാനശീലമുടയോനെ ലുബ്ധരും
നിസ്സ്പൃഹം പരിഹസിപ്പതില്ലയോ? 58

അത്തലിന്നു വകയില്ല ദൂഷണം
സത്യമാകിലുമസത്യമാകിലും
പൂർവമെങ്കിലതുപിന്നെ വന്നിടാ
തീൎന്നുപോമപരമെങ്കിൽ മിക്കതും. 59

തീൎന്നിടാത്ത നില വന്നുചേരുകിൽ
തീൎത്തിടുന്നതിനുതാൻ ശ്രമിക്കണം
പഥ്യവൃത്തിയിലൊഴിഞ്ഞിടായ്കിലോ
തീൎക്കണം രുജ മഹൌഷധത്തിനാൽ. 60

ദൂഷണാഭിധജലപ്രവാഹമീ-
ഹിംസയാകുമണകൊണ്ടു നിന്നിടാ
ശോഷണം സപദി കാൎയ്യമാണതിൻ-
മൂലമാകുമുറവിന്നുതാൻ വിഭോ! 61

അത്രയല്ലിവിടെ ഹിംസ ചെയ്കിലീ-
ദൂഷണം ശതഗുണം വളൎന്നിടും;
മോങ്ങിടുന്ന നരിതൻെറ മസ്തകേ
മാങ്ങവീഴുകിലുരച്ചിടേണമോ? 62

മൂലമായതിതിലസ്യമന്തക-
സ്വാമിതൻ മനമമൎന്നിടും ഭ്രമം
നേരിതെന്നു കരുതുന്നു ദൎപ്പണ-
ച്ഛായയെശ്ശിശുകണക്കവൻ ഹരേ! 63

ഇന്നവൻെറ മതിയായ ഭ്രവിലീ-
ബ്ഭ്രാന്തിയായ ലതയുത്ഭവിക്കുവാൻ
ബീജമിമ്മണി തരേണമെന്നു നീ-
യന്നുചൊന്ന മൊഴിതന്നെ നിർണ്ണയം. 64

സോദരൻെറ മരണം സ്യമന്തക-
ഭ്രംശമെന്നിവയിൽനിന്നുമുദ്ഗതം
വേദനാന്ധതമസം ഗ്രഹിക്കുമ-
സ്സാധുവിൻെറ മതി ശോചനീയമേ. 65

ആകയാലിതിൽ വിശുദ്ധനാമവൻ
ദണ്ഡ്യനെന്നതു വരുന്നതല്ലതാൻ
ഉന്മദിച്ച പുരുഷൻെറ ഭാഷണം
ഗണ്യമെന്നു കരുതുന്നതാരുവാൻ? 66

ഇപ്രകാരമുളവായ് വളന്നൊര-
ത്തൽഭ്രമം കളവതിന്നു സാമ്പ്രതം
സത്യമാശു തെളിയിക്കതാനിതിൽ
കൃത്യമെന്നു കരുതുന്നു ഞാൻ ദൃഢം. 67

ആയതിന്നിനി വിളംബമെന്നിയേ
പോയമന്ദമടവീതലങ്ങളിൽ
അന്നു പെണ്മണിയെ രാമനെന്നപോ-
ലിന്നു തന്മണിയെ നീ തിരക്കണം. 68

ജനകനുടെയപത്യംപോലെ ചൊല്ലേറ്റൊരത്നം
തവകരഗതമാകും താമസം വന്നിടാതെ
സുജനകദനബീജം ഘോരമീലോകവാദം
രജനിചരകുലംപോൽ ഭഗ്നമായും ഭവിക്കും. 69

ഈവണ്ണമാത്മസചിവന്റെ മുഖത്തിൽനിന്നു—
മാവിർഭവിച്ചോരു സരസ്വതിയെസ്സഹർഷം
നന്ദിച്ചു ശീഘ്രമെതിരേല്പതിനെന്നവണ്ണം
നന്ദാത്മജാതനെഴുന്നേററിതു സാഗ്രജന്മാ. 70

"അപവാദചിന്തനം" എന്ന
അഞ്ചാംസർഗ്ഗം സമാപ്തം.

---

## ആറാം സർഗ്ഗം.

---

ലോകാപവാദം ഗണനീയമെന്ന-
ബോധം ജഗത്തിന്നിയലുംപ്രകാരം
സ്യമന്തകത്തെത്തിരയാൻ മുകുന്ദൻ
വനത്തിലേയ്ക്കായഥ യാത്രയായി. 1

കൃത്യാന്തരങ്ങൾക്കു വരുന്നവിഘ്നം
ഗണിച്ചതേയില്ല മുരാരി തെല്ലും
നിത്യം പ്രജാരഞ്ജനമൊന്നുതന്നെ
നോക്കുന്നു സർവോപരി ഭൂമിപന്മാർ. 2

വിനീതനായ് ദാരുകനേറി മുൻപേ
സന്നദ്ധമാക്കീടിന തേരുതന്നിൽ
മനം ജനങ്ങൾക്കു കുളുർക്കമാറ—
മ്മല്ലേക്ഷണൻ ചെന്നു കരേറി മന്ദം. 3

ജ്വലിച്ച നൽസ്വർണ്ണരഥത്തിനുള്ളിൽ
സ്ഫുരിച്ചു കാർവ്വർണ്ണനഖണ്ഡശോഭം
ഉദിച്ച രാകാശശിതന്റെ മദ്ധ്യേ
ലസിച്ചിടും ലാഞ്ഛനമെന്നപോലെ. 4

കണ്ണന്റെ പൂമേനിയൊട്ടുള്ള സംഗം
കലൎന്നു ശോഭിച്ചു പരം ശതാംഗം
കസ്തൂരികാചിത്രകമാൎന്ന വിദ്യുൽ-
കമ്രാംഗിയാൾതന്നുടെ നെററിപോലെ. 5

കിരീടനാനാമണിദീപ്തി ചിന്നി-
പ്പടൎന്നോരക്കേശവകേശപാശം
പുരന്ദരൻ തന്റെ ശരാസനശ്രീ
പുണൎന്നപുത്തൻമുകിൽപോൽ വിളങ്ങി. 6

നീലാഭ ബാലേന്ദുവിനേകിയൊററ-
ദ്ദീപത്തെ മദ്ധ്യത്തിലിണക്കിവച്ചാൽ
വെളുത്തനൽഗോപി ലസിക്കുവോര-
ന്നെററിത്തടത്തിന്നുപമാനമുണ്ടാം. 7

മുടക്കമെന്യേ തിരുനെററിയിങ്കൽ
മുരാന്തകൻ ഗോപി ധരിപ്പതോൎത്താൽ
വളൎത്തോരഗ്ഗോപിയിലുള്ള നന്ദി
വെളിപ്പെടുത്തുന്നതിനെന്നുതോന്നും. 8

വിളങ്ങി ഫാലത്തിനു മേലിലേററം
നതങ്ങളായോരളകങ്ങൾ കാന്ത്യാ
ഉയൎന്നദിക്കിങ്കലിരുന്നിടുന്നോർ
വിനമ്രരായ്ത്താൻ വിലസുന്നുവല്ലോ. 9

താപത്രയത്തെത്തരസാ തുരത്തി-
ത്തള്ളുന്നൊരോമൽക്കുനചില്ലിരണ്ടും
താവും മുഖശ്രീജലരാശിതന്നിൽ-
ത്തത്തിത്തിളങ്ങുന്ന തരംഗമത്രേ. 10

കറുത്തുമിന്നീടിന പക്ഷ്മമാലാ-
കാന്തിച്ഛടയ്ക്കാസ്പദമായനേത്രം
കാരുണ്യമാകും കടലിൻെറ മദ്ധ്യേ
കളിച്ചുമേവും കരിമത്സ്യമാവാം. 11

യാതൊന്നിനുള്ളപ്പരിണാമമാകും
നാസത്യയുഗ്മം നളിനാസ്ത്രരമ്യം
ക്രമോന്നതോരുത്വമിയന്നിട്ടന്നോ-
രന്നാസികയ്ക്കുള്ളഴകെന്നുചൊൽവൂ. 12

കാതിൽത്തിളങ്ങും കമനീയമാകും
ഹീരപ്രകാണ്ഡം നിഴലിച്ചഗണ്ഡം
വിളങ്ങി സൂര്യപ്രതിബിംബമാളും
കളിന്ദകന്യാജലമെന്നവണ്ണം. 13

തൊണ്ടിപ്പഴം നൽത്തളിർതന്നിൽ മേവും
മൃദുത്വമാകും ഗുണമാളുമെങ്കിൽ
പൂമങ്കതൻപ്രേമരസം കളിക്കു-
മോമൽ ചൊടിക്കൊട്ടു സമാനമാകാം. 14

തൂമന്ദഹാസച്ഛവി സുന്ദരാഭം
തൂകുന്ന ഗോവിന്ദമുഖാരവിന്ദം
ജനങ്ങൾതൻകണ്ണുകളായിട്ടന്നോ-
രിന്ദിന്ദിരങ്ങൾക്കു നിപേയമായി. 15

മയിൽക്കഴുത്തിൻനിറമാർന്ന മാറിൽ
പരം പ്രകാശം പരഭാഗമൂലം
കലർന്നോരമ്മുത്തണി കാണുവോർതൻ-
മനസ്സിനും മുത്തണിയായ്ച്ചമഞ്ഞു. 16

ഖലൻ തൃണാവർത്തമഹാസുരൻതൻ–
കഴുത്തിനക്കാത്മജപാശമായും
ഗോവർദ്ധനോർവ്വീധരമായിടുന്ന
മഹാതപത്രത്തിനു ദണ്ഡമായും. 17

വന്ദാരുവാം ദീനജനത്തിനെല്ലാം
മന്ദാരഭൂമീരുഹശാഖയായും
വിളങ്ങുമക്കേശവബാഹുവിൻെറ
മാഹാത്മ്യമോർത്തീടിലവർണ്ണനീയം. (യുഗ്മകം) 18

സരസ്സിൽനിന്നിട്ടൊരു ദന്തിതന്നെ–
ക്കരയ്ക്കണച്ചാർത്തി ഹരിച്ചവണ്ണം
തരസ്സിനാൽ മറെറാരു ദന്തിതൻെറ
ശിരസ്സു ഭേദിച്ചതുമിക്കരംതാൻ. 19

വിശ്വങ്ങളൊട്ടേറെയടക്കിയുള്ളിൽ
കാർശ്യംവഹിക്കും ഹരിമദ്ധ്യഭാഗം
ഒതുങ്ങിവാണീടുകതന്നെ യോഗ്യം
ലോകസ്ഥിതിക്കെന്നുരചെയ്തു നൂനം. 20

പെരുത്തെഴും പൊന്നരഞാൺ മഹസ്സും
പേരാന്ന മഞ്ഞത്തുകിലിൻെറ ഭാസ്സും
തിരിച്ചു കാണ്മാൻ കഴിയാത്തവണ്ണം
തിമിർത്തു നേരിട്ടമർച്ചെയ്തു തമ്മിൽ. 21

യാതൊന്നു നന്നായറിയുന്നതിന്നായ്
വേദങ്ങളെല്ലാം തിരയുന്നിതൊന്നായ്,
യാതൊന്നു പീയൂഷരസൈകസൌഖ്യം
യോഗീന്ദ്രചേതസ്സിനു ചേർത്തിടുന്നു. 22

യാതൊന്നു കൈവല്യമിയന്നവക്കു
വാഴുന്നതിന്നുള്ള വിലാസഗേഹം
യാതൊന്നു ലോകത്തിന്നു മാനദണ്ഡം
യാതൊന്നു ദൈത്യന്നു ശിരോവതംസം, 23

ചേതസ്സിനാദേസുചനകം ദയാർദ്രം
യാതൊന്നിനുള്ളോരു മഹത്വസാരം
ചിന്തിച്ചു ദൈതേയപരാക്രമത്തെ
തൃണീകരിക്കുന്നു സുരാധിരാജൻ, 24

യാതൊന്നിലുണ്ടായ പവിത്രമാകും
പാഥസ്സിനെപ്പൂമലർമാലപോലെ
മാനിച്ചു നിത്യം പരമേശ്വരൻതൻ
മൌലിസ്ഥലത്തിങ്കലണിഞ്ഞിടുന്നു, 25

പത്മാകരംതന്നിൽ വസിക്കയാലും
മിത്രാവനംകൊണ്ടു ലസിക്കയാലും
പാഥോജസാദൃശ്യമിരിക്കവേതാൻ
യാതൊന്നു രാജാദരമാർന്നിരുന്നു! 26

യാതൊന്നിനുള്ളനഖമഞ്ജുളശ്രീ-
യാളുന്ന പൂന്തിങ്കളുദിച്ചിടുമ്പോൾ;
ഗോവിന്ദനുള്ളക്കഴലപ്പൊഴുള്ളിൽ-
താവുന്ന മോദേന വണങ്ങി ലോകം. (കുളകം) 27

നാഥൻെറ ഹൃൽഭാവമറിഞ്ഞു സൂതൻ
നടത്തിനാൻ തേരഥ മന്ദമന്ദം;
എന്നാകിലും തൽഗതി ശീഘ്രമായ്പ്പോ-
യെന്നാണഹോ! കാണികളോർത്തതുള്ളിൽ. 28

നിമേഷമുണ്ടെന്നതുകൊണ്ടുമാത്രം
സുധാശനസ്ത്രീകളിൽനിന്നു ഭേദം
തത്രത്യ നാരീമണിമാർക്കു ജാതം
നശിച്ചിതക്കേശവദർശനത്തിൽ. 29

കുറച്ചുതാൻ സേനയകമ്പടിക്കായ്
കുറിച്ചിതീ യാത്രയിൽ വാസുദേവൻ
ഫലത്തെ നോക്കും മതിശാലി മോടി-
പ്പുകിട്ടിലാസക്തി കുറയ്ക്കുമല്ലോ. 30

ഓടുന്നതിന്നാശു വിടായ്കകൊണ്ടു-
ള്ളക്ഷാന്തിയാൽ മുൻകഴൽപൊക്കിവീണ്ടും
ചാട്ടുംഹയത്തെക്കടിഞ്ഞാൺപിടിച്ചു
നടത്തിനാർ സാദിജനങ്ങൾ മന്ദം. 31

അതിന്റെയോഷ്ഠങ്ങൾ വെറുപ്പു കൈക്കൊ-
ണ്ടത്യന്തമപ്പോളിളകുന്നതോർത്താൽ
അസത്യമോതീടിന യാദവൻതൻ-
ധാർഷ്ട്യം പഴിച്ചീടുകയെന്നുതോന്നും. 32

അനുവ്രജിപ്പാനനുവാദമായോ-
രനുഗ്രഹം കിട്ടിയ പൌരവർഗ്ഗം
തഴച്ച തൻപുണ്യവിശേഷവൃക്ഷം
ഫലിച്ചുവെന്നുള്ളിൽ വഹിച്ചു മോദം. 33

ഹരിച്ചു രത്നം ഹരിയെന്നുതന്നെ
ധരിച്ചലോകങ്ങളുമക്ഷണത്തിൽ
സ്ഫുരിച്ചോരപ്പൂന്തിരുമേനി കണ്ടി-
ട്ടുരച്ചുപോയാർ വിപരീതമായി. 34

തിക്കിത്തിരക്കിത്തിരുമേനി കാണ്മാൻ
കടന്നു മുൻപോട്ടു കരേറി മാർഗ്ഗേ
അടുത്തിടുന്നോരെയകത്തിനിർത്താ–
നെടുത്തുപാരം പണി കിങ്കരന്മാർ. 35

ഉയർന്ന വൃക്ഷങ്ങളിലുററ യത്നം
കലർന്നു പററിക്കരയേറി വേഗാൽ
പടർന്ന പത്രങ്ങുടെ മർദ്ദനംപൂ–
ണ്ടിരുന്നഭീഷ്ടം ചിലർ നിർവ്വഹിച്ചു. 36

ഐശ്വര്യമെട്ടും വശമായവർക്കും
യാതൊന്നു കണ്ടീടുകയാണു സാധ്യം
അമ്മേനി കാണ്മാനിവരേവമെല്ലാ–
മായാസമാർന്നെന്നതു യുക്തമത്രേ, 37

വെടിഞ്ഞു മന്ദം നഗരപ്രഭാവം
ഗ്രാമത്വമാർന്നീടിന ദേശജാലം
ഓരോന്നുമുത്സാഹമിയന്നു കണ്ട–
സ്സരോജനേത്രൻ സസുഖം ഗമിച്ചു. 38

വഴിക്കെഴും ചാരു വിശാലഭാവം
ക്രമേണ കണ്ടാൻ കുറയുന്നതായി
അനർഹവാഞ്ഛയ്ക്കടിമപ്പെടുന്ന
നരന്റെ സത്തായ നടത്തപോലെ. 39

മനുഷ്യവാസം കുറയുന്നതാകും
മൈതാനമോരോന്നു കടന്നു വേഗാൽ
മഹാവനശ്രേണിയൊടുല്ലസിക്കും
മഹീധ്രദേശത്തിലണഞ്ഞു നാഥൻ. 40

കണ്ടിട്ടെഴുന്നേററെതിരേല്പതിന്നായ്
കനിഞ്ഞു നേരിട്ടു വരുന്നവണ്ണം
ഉയൎന്നുടുത്തീടിന കാനനൌഘം
മുകുന്ദദൃഷ്ടിക്കഥ ലക്ഷ്യമായി 41

അനന്തരം തേരതിൽനിന്നിറങ്ങീ-
ട്ടനന്തദേവൻ തുരഗത്തിലേറി
നിരന്തരം വൃക്ഷലതാദി തിങ്ങും
വനാന്തരത്തിന്നു തുടൎന്നു യാനം. 42

അഹോ! മധുദ്വേഷണനായിടുന്നോ-
രവൻ വനത്തിങ്കലണഞ്ഞനേരം
അതിപ്രസന്നത്വമിയന്നു ചെന്ന-
ങ്ങാരാധനയ്ക്കായ് മധു കാത്തുനിന്നു. 43

വിരിഞ്ഞ പത്മങ്ങൾ ചൊരിഞ്ഞ രേണു-
വ്രജങ്ങൾ തൻമെയ്യിലണിഞ്ഞു ഗാഢം
വനങ്ങളുല്ലാസമിയന്നു നന്നായ്
വണങ്ങവേ സൌമ്യത പൂണ്ടു കാമം. 44

നിരന്ന മാകന്ദമരങ്ങൾതോറും
ചുരന്ന താർവൃന്ദമരന്ദമേന്തി
വരുന്ന കാററിൻെറ വിരുന്നിനാലുൾ-
ക്കുരുന്നു ദേവന്നു വിടൎന്നു പാരം. (യുഗ്മകം) 45

സമീര ചഞ്ചദ്ദലമായ് ലസിക്കും
ദ്രുമവ്രജം പക്ഷിരവങ്ങളാലേ
ചൊന്നീലയീ ഞങ്ങൾ തവാപവാദ-
മെന്നീശനോടോതി ഭയന്നു നൂനം. 46

വിടൎന്ന പുഷ്പങ്ങൾ നിറഞ്ഞു ചൂഴും
വിളങ്ങിയക്കിംശുകരാശി നീളെ
ചുവന്ന നൽത്തീമലർ നാലുപാടും
ചിന്നും കുഴിപ്പൂനിരയെന്നപോലെ. 47

കത്തുന്ന കാന്തിച്ഛടപൂണ്ടനല്പം
ശോഭിച്ച ചാമ്പേയസുമങ്ങൾ കണ്ടാൽ
വനീവസന്തോപയമത്തിനുള്ള
ഹോമാനലജ്വാലകളെന്നുതോന്നും. 48

രസിച്ചു ചുററും മധുവാസ്വദിച്ചു
രമിച്ചിടും വണ്ടുകളാൽ നിതാന്തം
ലസിച്ചുനിന്നുള്ള രസാലവൃന്ദം
വദിച്ചു ധന്യൻെറ വദാന്യഭാവം. 49

പരേക്ഷണത്തിൽ പരപുഷ്ടജാലം
പ്രസന്നരായ് പാടിയതിൻെറ സാരം
വൃഥാപവാദം പലരോതിയാലും
ഫലിക്കയില്ലെന്നതുതന്നെ നൂനം. 50

സുമാന്തരം തോറുമെഴും മരന്ദം
നുകൎന്നിരുന്നോരു മിളിന്ദവൃന്ദം
മുരാന്തകൻതൻതിരുമേനി തേടി,–
പ്പറന്നു,–പിന്നാലെയണഞ്ഞുകൂടി. 51

പൊൽത്താമരത്താരിലെഴും പരാഗം
പുരണ്ട മെയ്യാണ്ട മധുവ്രതങ്ങൾ
പീതാംബരംപൂണ്ട മുരാരിതന്നെ–
യനുവ്രജിച്ചെന്നതു യുക്തമത്രേ. 52

അശോകമശ്ശോകഭരം സുമത്താൽ
കാമിക്കു നൽകുന്നതു പാൎത്തനേരം
അമായനായ് മായയെ വീക്ഷണത്താൽ
ചമച്ചിടും തന്നെ നിനച്ചു കൃഷ്ണൻ. 53

മധുവ്രതം ചേൎന്നൊരു കൎണ്ണികാര–
പ്രസൂനജാലം പരമുല്ലസിച്ചു.
വനസ്ഥലിക്കുള്ള വലാരിരത്നം
പതിച്ച പൊൽത്താലികളെന്നപോലെ. 54

ഭൃംഗാളി നൽച്ചെന്തളിർ വെണ്മപാരം
പുലൎന്ന പൂമൊട്ടിവ പൂണ്ടു കാന്ത്യാ
വിളങ്ങിടും മാധവി മാധവങ്കൽ
പ്രസാദവും സാദവുമത്ര ചേൎത്തു. 55

വസന്തസമ്പത്തിതു കണ്ടുകൊണ്ടും
വാഹത്തെ വേഗത്തിൽ നയിച്ചുകൊണ്ടും
വ്യാഘ്രാദിജന്തുക്കൾ വസിച്ചിടുന്ന
വൻകാനനത്തിന്നുകടന്നു ദേവൻ. 56

നീരുണ്ടിരുണ്ട പുതുകൊണ്ടലിനിണ്ടലേകും
നീലപ്രഭാപടലമങ്ങനെ നാലുപാടും
പാരംചൊരിഞ്ഞു വിലസും വിപിനം സ്വതുല്യം
പാരിന്നധീശനഥ കണ്ടതിമോദമാണ്ടു. 57

"വനഗമനം" എന്ന

ആറാം സൎഗ്ഗം

സമാപ്തം.

# ഏഴാം സർഗ്ഗം.

വനമഥ മൃഗസങ്കുലം നിരീക്ഷി-
ച്ചനുചരരോടു യശോധനൻ മുകുന്ദൻ
ഇനി മണിയിഹ നാം തിരഞ്ഞിടാനായ്-
ത്തുനിയണ, മെന്നരുൾചെയ്തു മന്ദഗാമി. 1

അവരുടെ നയനങ്ങളായിടുന്നോ-
രളികളുടൻ മണിയായിടും പ്രസൂനം
തിരവതിനു കുതൂഹലം കലർന്നി-
ട്ടടവിയിലാകെയണഞ്ഞു സഞ്ചരിച്ചു. 2

ഇളയ തൃണമശിക്കുമേണവർഗ്ഗം
ഹയപദപാതരവം ശ്രവിച്ചു ഞെട്ടി
ഹരിമുഖമഥ കണ്ടു പേടി കൈവി-
ട്ടവിടവിടെ സ്ഥിതിചെയ്തു മണ്ടിടാതെ. 3

അവനുടെ തിരുമേനിയാകുമോമൽ-
പ്പുതുമുകിൽ കണ്ടു പുലർന്ന കൌതുകത്താൽ
മയിലുകളതിമഞ്ജുളാഭയോടേ
വിലസിന പീലി വിടുർത്തി നൃത്തമാടി. 4

ശരനിര കുലവില്ലുകൊന്ന ജന്തു-
വ്രജമിവയൊക്കെയെറിഞ്ഞു താഴെ വേഗാൽ
വനചരജനമംബുജാക്ഷപാദം
മനസി വഴിഞ്ഞൊരുഭക്തിയോടു കൂപ്പി. 5

മലർമകൾമനവും മയക്കമോമൽ-
ത്തിരുവുടലിൽത്തിരളുന്ന കാന്തികണ്ടു
ശബരതരുണിമാർ ശിലാവിശേഷ-
പ്രതിമകളെന്നതുപോലെ നിന്നുപോയി. 6

വഴിയിലൊഴിവതിന്നുവേണ്ടി വേട-
ക്കിഴവികൾ പാരമുഴന്നു മണ്ടുവാനായ്
വഴുതിടുവതു കണ്ടു വേണ്ടയെന്ന-
മ്മഴമുകിൽതന്നഴകാൎന്നവൻ വിലക്കി. 7

അലിവൊലിമൃദുമന്ദഹാസമാളും
ഹരിയുടെ തൃക്കരതാരുയൎന്നിവണ്ണം
അരുളിയൊരഭയം ലഭിച്ചതോൎത്തി-
ട്ടവരെ മുദാ വനദേവിമാർ പുകഴ്ത്തി. 8

അഥ വനഭുവി കണ്ട സൈന്ധവത്തിൻ-
പദനിര കണ്ണനു കൌതുകം വളൎത്തി,
ലഘിമയധികമാൎന്ന വസ്തുവിന്നും
മഹിമ വരുന്നിതു ദേശകാലഭേദാൽ. 9

തദനു കണകളാൽ മുറിഞ്ഞ പുത്തൻ-
തളിരുകൾ പൂങ്കുലയും കലൎന്നുവാടി,
മലർ ചിതറിയുലഞ്ഞഴിഞ്ഞ വല്ലീ-
തതിയൊടു കാനനലക്ഷ്മിയുല്ലസിച്ചു. 10

സകുതുകമതുകണ്ടു കൊണ്ടൽവൎണ്ണൻ
സപദി നിജാനുഗരോടു ചേൎന്നമന്ദം
അവിടെയഖിലവും തിരഞ്ഞു, പോലീ-
സധികൃതർ ചോരഗൃഹത്തിലെന്നപോലെ. 11

ഫലമതിലുളവായിടാഞ്ഞുപിന്നെ-
പ്പുരമപുമാൻ ഹയപാദചിഹ്നജാലം
പരിചിനൊട്ടു വിടാതെ പിൻതുടർന്നാ-
നരിയൊരു യുക്തിയെയെന്നപോലെ ശാസ്ത്രം. 12

പല ഹയഗതി മെല്ലവേ മറഞ്ഞി-
ട്ടൊരുഗതിതാൻ നിലനിന്നു കണ്ടുപിന്നെ
അതിനെയനുസരിച്ചു യാത്രചെയ്താ-
നതുലിതവൈഭവശാലി വാസുദേവൻ. 13

അവനുടെയുടലിന്റെ കാന്തിയാദയോ-
രമൃതു നുകർന്നധികം മദിച്ചമൂലം
അനുചരജനമധ്യഖേദമെന്നു-
ള്ളതിനുടെവാർത്തയുമോർത്തതില്ലതെല്ലും. 14

നയനമയനമാകവേ നടത്തി-
ഗ്ഗമനമിയന്ന മുകുന്ദനങ്ങു മുൻപിൽ
കദനമഥ കൃതാർത്ഥഭാവമോടേ
കരളിനു നല്കിന കാഴ്ചയൊന്നു കണ്ടാൻ. 15

മൃതിവശഗതനായ് പ്രസേനവീരൻ
കുതിരയോടൊത്തവിടെക്കിടന്നിരുന്നു,
വിധിമഹിമയലംഘനീയമാണെ-
ന്നതിദയനീയമുരച്ചിടുന്നവണ്ണം. 16

കടുനിണമൊഴുകിപ്പടർന്നു ചുററും
കഠിതന പൂണ്ടു കറുത്തു നിന്നിരുന്നു
സ്ഫുടരുചിതടവും വിശാലവക്ഷ-
സ്തടമവഗാഢതരം പിളർന്നിരുന്നു. 17

ഹരിതനിറമിയന്ന പാരവാണം
പലവഴി പൊട്ടി വിടൎന്നിരുന്നു മെയ്യിൽ
വിഘടിതജഠരാന്തരത്തിൽനിന്നും
കുടലുകൾ ചാടി വെളിക്കു വീണിരുന്നു. 18

സുരുചിരത കലൎന്ന വില്ലുമമ്പും
കരയുഗസന്നിധിയിൽ പതിച്ചിരുന്നു
കസവൊളി തിരളുന്ന തൊപ്പിയൂരി-
ത്തലയൊടു ചേൎന്നരികിൽ കിടന്നിരുന്നു. 19

ഘനതതിയുടെ കാന്തിയെജ്ജയിക്കും
ഘനതരകോമളമായ കേശജാലം
പലവഴി ചിതറിപ്പിണഞ്ഞു മണ്ണിൽ
പൊടിയുമണിഞ്ഞു കിടന്നിരുന്നു ചുററും. 20

മിഴി പകുതിയടഞ്ഞു കൃഷ്ണമാകും
മണിയെ മറച്ചു നിരാഭമായിരുന്നു
കമലിനിയെ വെടിഞ്ഞലഞ്ഞു, കത്തും-
വെയിലിലിലണഞ്ഞു കരിഞ്ഞ പങ്കജംപോൽ. 21

അധരയുഗളമല്പമായ് വിടൎന്നി-
ട്ടിടയിൽ വിളങ്ങിന ദന്തപംക്തി കണ്ടാൽ
അധികചപലമായ മൎത്ത്യജന്മ-
സ്ഥിതിയെ നിനച്ചു ഹസിക്കയെന്നുതോന്നും. 22

പ്രകൃതിയുടയ ശാംബരീവിലാസം
ദൃഢമറിയുന്നവനെങ്കിലും മുകുന്ദൻ
ഝടിതി ഗളതലേ തടഞ്ഞ ബാഷ്പോൽ-
ഗമമൊടു നിന്ന നിലയ്ക്കു നിന്നുപോയി. 23

അഥ ധൃതിമഹിമാവുകൊണ്ടു ധീമാൻ
മതികലുഷത്വമപാകരിച്ചു വീണ്ടും
മുനിജനവുമലം കൊതിച്ചിടും തൻ-
മിഴിയിണ തത്ര നടത്തി നാലുപാടും. 24

മണിയൊരിടവുമങ്ങു കണ്ടിടാഞ്ഞ-
മ്മധുരിപുവിന്നുളവായ വൈമനസ്യം
അരികിലഥ തെളിഞ്ഞു കണ്ടതായോ-
രരിയ മൃഗേന്ദ്രപദങ്ങളാശു തീർത്തു. 25

ഉടനുടലതു സംസ്കരിപ്പതിന്നാ-
യനുചരരോടരുൾചെയ്തു ചിത്സ്വരൂപൻ
ഹരിപദനിരയാശു പിൻതുടർന്നാൻ
ഗുരുവചനം പടുശിഷ്യനെന്നപോലെ 26

"സുരഭിലസുമശയ്യയിൽ സുഖിപ്പാൻ
സുകൃതമെഴും സുകുമാരനിക്കുമാരൻ
ഇതുവിധമിവിടെക്കിടപ്പതോർത്താൽ
വിധിഗതി വിസ്മയനീയമേവ നൂനം. 27

ചരമഗതിയിതീ നമുക്കുമെല്ലോ-
ളെത്തുവിധമേതൊരു ദിക്കിലെന്നിതൊന്നും
അരുതരുതറിവാനതോർത്തു പാരം
കരുതൽ കലർന്നു നടക്കതാൻ പ്രമാണം. 28

ക്ഷണികതയുമനേകമട്ടിലെത്തും
പിണികളുമൊന്നുവളന്ന് ചിന്തചെയ്താൽ
മനുജനുടയജ്ജീവിതത്തിലുള്ളോ-
രനുപമശോച്യത നല്ലപോലെ കാണാം. 29

ശിശുത മുഴുവനും വിശേഷബോധം
ചെറുതുമഹോ! കലരാതെ തൊട്ടിൽതന്നിൽ
കനിവിയലിന ധാത്രി തൻെറ താരാ-
ട്ടനുപദമേററു കഴിച്ചിടുന്നുകാലം. 30

പുനരൊരു ഗുരുവിൻെറ ഗേഹമാകും
തടവിലണഞ്ഞു തദീയഭൃത്യനായി
പലതൊഴിലുകളോടുകൂടി വിദ്യാ-
പഠനസമാകുലനായ് വസിച്ചിടുന്നു. 31

അഥ കമനിയൊരുത്തിയെ ഗ്രഹിച്ചി-
ട്ടവളിലെഴും പ്രിയതയ്ക്കധീനനായി
അവളുടെയഭിലാഷപൂരണത്തി-
ന്നനവരതം വിവിധം വലഞ്ഞിടുന്നു. 32

തരുണതയിലെഴുന്ന ദേഹകാന്തി-
ത്തിരൾമ തടിത്സമമെന്നു തേറിടാതെ
ചപലത പലതാൻ ശോച്യമാകും-
നില കലരുന്നിതപകടമായ ചിത്തം. 33

തനയരഥ ജനിക്കവേയമേയം
പ്രണയമിയന്നു തദീയപോഷണാർത്ഥം
അനുപദമസമാഹിതത്വമുൾക്കൊ-
ണ്ടനവധി ഹന്ത! സഹിച്ചിടുന്നു ഖേദം. 34

ഉലകിൽ നിരഭിസന്ധിയായ ഹാർദ്ദം
സുവിരളമെന്നു, മനേകസംഭവത്താൽ
അവനവനുടെമിത്രമായതെല്ലാ-
മവനവനെന്നുമവൻ ഗ്രഹിച്ചിടുന്നു. 35

അഹമഹമിക പൂണ്ടു ചിന്തയോരോ–
ന്നനിശമണഞ്ഞു ബലാൽ മനസ്സിനേയും
അഥ ബത! ജരതൻ വികാരമോരോ–
ന്നുടലിനെയും ശിഥിലീകരിച്ചിടുന്നു. 36

ചരമസമയമാം മഹാന്ധകൂപം
ക്ഷണമനുപാരമടുത്തുകൊണ്ടിരിക്കെ
അവനതിനെയകററിടുന്നതിന്നാ–
യനവരതം പണി ഹന്ത! ചെയ്തിടുന്നു. 37

ഇതുവരെയനുഭൂതമായ നാനാ–
സുഖമൊരു തൃപ്തിയുമേകിടുന്നതില്ല,
ഇനിയതു വരുവാനുമില്ലകെല്ലെ–
ന്നവനനുതാപമിയന്നിടുന്നു ഗാഢം. 38

“ഇഹ മതിയിലുദിച്ച ബോധമോടൊ–
ത്തിനിയുമൊരിക്കൽ നവീനയൌവനത്തിൽ
തിരിയെയണയുമെങ്കിലെത്ര നന്നെ–”
ന്നരിയൊരു ചിന്തയവന്നുദിച്ചിടുന്നു. 39

ഉടലിനു സുഭഗത്വവും കരുത്തും
ദൃഢമുളവാക്കുവതിന്നുവേണ്ടി നിത്യം
അവനിഹ തുടരുന്ന സാഹസം ക–
ണ്ടഥ ജരയും മൃതിയും ഹസിച്ചിടുന്നു. 40

പടുതയുടയൊരാമയങ്ങളാകും
പടകളൊടൊത്തു ജരാഖ്യയാം പിശാചി
അടവിനൊടുടലാക്രമിച്ചു പിന്നെ–
സ്ഫുടതരമാർത്തി വളർത്തി വാണിടുന്നു. 41

ഒടുവിലപടുവായ് നിരാശരായോ-
രുടയവർതൻ ചുടുകണ്ണുനീരു കണ്ടും
കടുതരകദനം കലർന്നുകൊണ്ടും
തടിയൊടു തുല്യമവൻ കിടന്നിടുന്നു. 42

"പെരിയ രുജയിതൊന്നു മാറി ഞാനി-
ങ്ങൊരുകുറികൂടിയെണീററു മുൻപിലെപ്പോൽ
മരുവിയഥ മരിക്കിലല്ലലില്ലെ-
ന്നരിമയൊടപ്പോളവൻ നിനച്ചിടുന്നു. 43

തദനു തനയദാരഗേഹവസ്തു-
പ്രകരവിയോഗവിചാരദഗ്ദ്ധചിത്തൻ
അവനഴലൊടു ഭൂതപഞ്ചകത്തി-
ന്നുടൽ വിധിപോലെ പകുത്തു നല്കിടുന്നു. 44

ഇഹ നിജതനുവാൽഗ്രഹിച്ച സമ്പ-
ത്തപരനെടുപ്പതിലാർത്തനാമവൻതാൻ
അഥ നിജതനുതന്നെ പങ്കുവച്ചി-
ട്ടപരവശംവദമാക്കിടുന്നു ചിത്രം! 45

ഇതിന്നിഹ വിപരീതവൃത്തിയാലും
കൃതികൾ നിനയ്ക്കിലതീവ ദുർല്ലഭന്മാർ
ചിലരിവനു സമം യദൃച്ഛയാലു-
ള്ളുപമൃതിയാലുമപേതരായിടുന്നു." 46

ഇതി പലതുമുരച്ചു വാച്ച ഖേദാൽ
ചിത ചിതമോടു ചമച്ചു യാദവന്മാർ
വിധിയെയനുസരിച്ചു സംസ്കരിച്ചാർ
വിധിയിലവജ്ഞ വഹിച്ചുകൊണ്ടഹോ! താൻ. 47

തദനു ഘനതയാർന്ന ധൂമജാലം
ഗഗനതലംപ്രതി പാഞ്ഞുപോയതോർത്താൽ
ഹരിയിലുദിതമായ ദുര്യശസ്സി—
ധരണിയിൽനിന്നു ഗമിക്കയെന്നു തോന്നും. 48

തരുണമരണഹേതുവായ ഘോരം
ദുരിതഭരം തരസാ ഹരിച്ചിടേണം
ഇതി കരുതിയപോലെ തത്ര വാഴും
ദ്വിജതതി വിഷ്ണുപദം തദാ ഭജിച്ചു. 49

തരുണമണിയവന്റെ ചാരുദേഹം
ദഹനനണഞ്ഞു ദഹിച്ചിടുന്നനേരം
തരുവിതതികൾ താപഭാരമൂലം
തരളതരം തലതല്ലി നാലുപാടും. 50

അവരഥ മുരശാസനൻ ഗമിക്കും—
സരണിയെ നോക്കി മുതിർന്നു പിൻതുടർന്നു
മൊഴിയുടെയനുശാസനങ്ങൾ സൂക്ഷ്മം
ബുധജനസംപ്രതിപന്നരീതിയെപ്പോൽ. 51

മലർനിര കലരുന്ന വേണി പൂണ്ടും
വിമലതരം കമലം വഹിച്ചുകൊണ്ടും
ഒരു നദിയഥ പൂവിൽമങ്കയാൾ പോ—
ലരികിൽ മുരാന്തകനന്നു കാണുമാറായ്. 52

സഹജചപലഭാവയാകിലും തൻ—
പതിയിലനാരതമാഭിമുഖ്യമോടെ
വിലസിന തടിനിക്കെഴും പ്രഭാവം
വിളവിനലം രതിചേർത്തു മാനസത്തിൽ. 53

ഉലകിനു പരിപാവനത്വമേകും
സുകൃതിനിയന്നദിയന്നതീവ കാമ്യം
മുരഹരനുടെ ദേഹസംഗമേററി-
ട്ടുരുതരപാവന ഭാവമാവഹിച്ചു. 54

പുരുരുചിയൊടു പീതമംബരം പൂ-
ണ്ടൊരു ഹരി മജ്ജനഭംഗിയാൽ വിളങ്ങി;
അതുപൊഴുതവനോടു തുല്യനാകും
ദിനമണിയും ജലമജ്ജനം കൊതിച്ചു. 55

അനുചരജനവും കുളിച്ചുവന്നി-
ട്ടജിതനിദേശമറിഞ്ഞു സപ്രമോദം
അവനുടെ ഹൃദയപ്രസാദമോടേ
പടകുടി പാടവമോടുടൻ ചമച്ചു. 56

അഭിനവമവിടെച്ചമച്ച വാസോ-
വസതിയതിന്നകമേറി നോക്കിയപ്പോൾ
വിഭുവിനു നിജഗേഹഭാഗമൊന്നീ-
വിപിനതലത്തിലണഞ്ഞുവെന്നു തോന്നി. 57

മുഴുമതിയുമുദിച്ചുടൻ കരത്താൽ
തഴുകിടവേ ഹരിദംഗനാശരീരം
ധവളിമവിളയും ദ്യുതിപ്രഭാവാൽ
ശിവഗിരിപോലെ വിളങ്ങി വസ്ത്രഗേഹം. 58

നിജതനുവൊടു തുല്യമാമിതെന്തെ-
ന്നറിവതിനിന്ദുവുയർന്നുയർന്നുനോക്കി
അതിനതിനതിനുള്ള കാന്തി പാരം
തെളിവതു കണ്ടധികം വിളർച്ചുപൂണ്ടു. 59

അഥ ശശി നിജവംശരത്നമാണീ
വസതിയിൽ വാഴുവതെന്നറിഞ്ഞു മോദാൽ
കുളിർമയുടയ തന്റെ വെണ്ണിലാവാ-
മമൃതവിടത്തിലുടൻ തളിച്ചു ചുററും. 60

മകനിഹ മകൾതൻപതിക്കിവണ്ണം
മികവൊടു മാനനയാചരിച്ചനേരം
സലിലനിധിരസിച്ചു ഹർഷപൂര-
പ്രസരമിയന്നധികം സമുല്ലസിച്ചു. 61

മലർമണമമലതപമാസ്രവന്തീ-
ജലകണമെന്നിവയാർന്നു വന്നു മന്ദം
പവനനജിതസേവയാചരിച്ചാ-
നവസരമേതൊരു സേവകൻ വിടുന്നു? 62

തരുദലനിര തെന്നലേററുലഞ്ഞ-
മ്മതിയുടെ കാന്തിയിൽ മഞ്ജുളംവിളങ്ങി
ഉരുകിയ രജതത്തിൽ മുക്കിയുദ്യദ്-
ദ്യുതിഭരമേററിയതെന്നു തോന്നുമാറായ്. 63

നദിയതിൽ നിഴലിക്കയെന്നതാകും
ചരലമൊടു ചന്ദ്രനുഡുക്കളോടുകൂടി
പടകുടിയിലെഴും പരൻപുമാൻ തൻ-
തിരുവുടൽ കാണ്മതിനത്ര വന്നിറങ്ങി. 64

ചെറിയ തിരകളാലുലഞ്ഞിടുന്നെ-
ന്നൊരുകപടേന സതാരനായ സോമൻ
മധുരിമ തിരളും മുരാരിമെയ്ക്ക-
ണ്ടധികകുതൂഹലമോടു നൃത്തമാടി. 65

നിയമവിധികളാകെ നിർവ്വഹിച്ച-
സ്ഥലസമയങ്ങടെ സൌഭഗപ്രഭാവം
കരുതി മുദിതനായ് വസിച്ചിട്ടും ശ്രീ-
ഹരിയൊട്ടു ദാരുകനോതിനാനിവണ്ണം. 66

"അനുചരജനമാകെയാത്മകൃത്യം
മനുജപതേ! നിറവേററി വേണ്ടവണ്ണം
നിജഗൃഹകഥയൊന്നുമോർത്തിടാതീ
നവനിലയത്തിൽ മുദാ രമിച്ചിടുന്നു. 67

കുതിരയിലധികം ചരിക്കയാലേ
കിമപി തളർന്നു വിളങ്ങിടുന്ന മെയ്യാൽ
സുമശയനമനുഗ്രഹിപ്പതിന്നാ-
യിനിയെഴുന്നെള്ളുകയല്ലയോ? മഹാത്മൻ! 68

ഇതുവരെയിവിടെത്തിരഞ്ഞപോൽ നാ-
മിനിയുമമന്ദതരം തിരഞ്ഞുവെന്നാൽ
ഹരിപദമതുതന്നെ ശീഘ്രമായി-
ട്ടരുളുമഭീപ്സിതമില്ലതിന്നു വാദം. 69

എന്നാലങ്ങനെ തന്നെ,—യെന്നനുവദി-
ച്ചാനന്ദധാമാച്യുതൻ
ചിന്നും ചന്ദ്രികയായ പാല്ക്കടലതിൻ-
മദ്ധ്യേ മനോമോഹനം
മിന്നീടുന്ന മഹാംശുകാലയമതിൽ
സ്വൈരം ഭജിച്ചീടിനാൻ
സന്തോപധ്യമിയന്നലക്ഷ്മി കുതുകം
പെയ്യുന്ന ശയ്യാതലം. 70

"പ്രസേനദേഹദർശനം" എന്ന
ഏഴാം സർഗ്ഗം സമാപ്തം.

## എട്ടാം സർഗ്ഗം.

---

നിശയ്ക്കെഴുന്നോരു ഗഭീരമായ
നിശ്ശബ്ദഭാവത്തെയുമന്ത്യയാമേ
പടാലയംതന്നുടെ നിദ്രയേയും
പൂങ്കോഴിതൻ കൂവലപാകരിച്ചു. 1

പെട്ടെന്നെഴുന്നേററനുയായിവർഗ്ഗം
വട്ടങ്ങൾ യാത്രയ്ക്കുതുടങ്ങി ശീഘ്രം
മിത്രാഗമം പാർത്തഥ വിശ്രമിപ്പാ—
നസ്താചലത്തിൽ ശശിയും ഗമിച്ചു. 2

മുകുന്ദയാത്രോത്സവമത്ര കാണ്മാൻ
മുതിർന്നുടൻ കൂരിരുളായ കേശം
ഒതുക്കിമെല്ലെന്നു മുഖംമിനുക്കി—
ത്തുടങ്ങി സംക്രന്ദനദിങ്നതാംഗി. 3

ഉടൻ ദ്വിജശ്രേണി മുനീശ്വരർക്കും
സുദുർല്ലഭം മാധവസന്നിധാനം
അറിഞ്ഞു പാരം ത്വരയോട്ടുകൂടി
സ്തവങ്ങൾ ചെയ്താർ കളനാദരമ്യം. 4

ഗമിക്കമിപ്പോളിവനില്ല വാദം
കനക്കെയുണ്ടാമതുകണ്ടു ഖേദം
നയിക്കയുൾക്കണ്ണിനെയെന്നനണ്ണി—
ക്കുമുദ്വതീകാമിനി കണ്ണടച്ചാൾ. 5

ജഡാത്മകൻ ചന്ദ്രനൊടൊത്തു ശോഭി-
ച്ചിരുന്ന നക്ഷത്രസമൂഹമെല്ലാം
സൂൎയ്യാഗമത്തിൻവിഭവം വിളങ്ങി-
ത്തുടങ്ങവേ നിഷ്പ്രഭമായ് ചമഞ്ഞു. 6

സ്വരത്നജം ശ്രീരമണാപവാദം
നിനച്ചു നാണിച്ചു ദിനേശനപ്പോൾ
അണഞ്ഞു പൂൎവ്വാചലസാനുവിങ്കൽ
മറഞ്ഞു മന്ദം തലപൊക്കിനോക്കി. 7

‘നിർദ്ദോഷനാകുന്ന ഭവാനിൽ വൈരം
നീതിജ്ഞനാം ദേവനുദിക്കയില്ല
ഉദിക്ക നിസ്സംശയ’മെന്നു ചൊന്നാർ
വനസ്പതിശ്രേണി ഖഗസ്വനത്താൽ. 8

തദീരിതം കേട്ടഥ യാത്രയിങ്കൽ
താപിഞ്ഛവൎണ്ണന്നുളവാം ഫലത്തെ
ത്രയീമയൻ കണ്ടു കൃതാൎത്ഥനായി-
ത്തെളിഞ്ഞുദിച്ചാൻ തടവേതുമെന്യേ. 9

നിജപ്രിയൻ തന്നുദയപ്രഭാവം
നിരീക്ഷണംചെയ്യൊരു വേളയിങ്കൽ
പുരുപ്രഭം പത്മിനിയുല്ലസിച്ചാൾ,
വരാനുകാരം വനിതാധികാരം. 10

രാവാകെയപ്പൂന്തിരുമെയ്യളിഞ്ഞു
സേവിച്ച ദീപാവലി കേവലാത്മാ
പോവാൻതുടങ്ങുംപൊഴുതങ്ങുഷസ്സിൽ
ഭാവംപകൎന്നേറെ മയങ്ങി മങ്ങി. 11

ശ്രീകാന്തശുശ്രൂഷ ശുഭം നടത്തും
ശ്രീദാരുകാദ്യാശ്രിതരിൽത്തദാനീം
അകാശദേശസ്ഥിതരാം സുരന്മാ-
രസൂയയുൽക്കണ്ഠയൊടേ വഹിച്ചാർ. 12

സത്രാജിതൻ തൻ കമനീയരത്നാ-
സത്യാഗമേ സത്വരനായ കൃഷ്ണൻ
പ്രത്യൂഷകൃത്യങ്ങൾ നടത്തിവേഗാൽ
പ്രസ്ഥാനമാസ്ഥാസഹിതം തുടർന്നാൻ. 13

കളം നിനാദം കളകണ്ഠചഞ്ചു-
നാഗസ്വരാളീഗളിതം മനോജ്ഞം
ഓളങ്ങൾതൻ താഡനമായഭേരീ-
മേളങ്ങളോടങ്ങു മുഴങ്ങിയപ്പോൾ. 14

ഹരീശ്വരൻ തൻപദപങ്ക്തി നന്നായ്
നിരീക്ഷണംചെയ്തു ചരിച്ചിടുമ്പോൾ
ഹരിക്കു കാണായുടനന്തരംഗം
ഹരിച്ചിടും മാമല ഹേമശൃംഗം. 15

ഉയർന്നഹംപൂർവ്വിക പൂണ്ടവണ്ണം
നിരന്ന നൽപൊന്മയ ശൃംഗജാലം
പേരാളുമപ്പർവ്വതനായകൻ തൻ-
പേരാക്രമനാർത്ഥകമെന്നുറച്ചു. 16

നിരന്നൊരേമട്ടിലെഴുന്ന പുത്തൻ-
തൃണങ്ങളാം പച്ചയുടുപ്പു ചാർത്തി
ശിരസ്സിൽ വെൺമേഘസമൂഹമായോ-
രുഷ്ണീഷവും പൂണ്ടവനുജ്ജ്വലിച്ചു. 17

അടുത്തിടുംതോറുമജന്റെ മാർഗ്ഗം
തടുത്തുകൊള്ളുന്നതിനാത്മദേഹം
പടുത്വമോടേ ധരണീധരേന്ദ്രൻ
വിടുർത്തിടുന്നെന്നവിധം വിളങ്ങി. 18

ദൂരേക്ഷണത്തിൽ സുഖഗമ്യമായു-
മടുത്തിടുംതോറുമഗമ്യമായും
വർത്തിച്ചിടും ഗാത്രമവൻ വഹിച്ചാൻ
ശാസ്ത്രപ്രബോധം ബുധനെന്നവണ്ണം. 19

അവങ്കൽമേളിച്ചൊരിളം തൃണാളി-
ക്കഗ്രത്തിൽനിന്നുള്ള പയഃകണങ്ങൾ
മുത്തിൻപ്രഭാവം രവിദത്തമാർന്നി-
ട്ടാഗന്തുകന്മാർക്കുതന്നെ നല്കി. 20

ഗോവർദ്ധനത്തെക്കുടയായ് ധരിച്ചാ-
രിവന്നു നല്കീടുകതന്നെ മാർഗ്ഗം
ഏവംനിനച്ചെന്നവിധം പതുക്കെ-
പ്പാർശ്വസ്ഥനായാനഥ പർവ്വതേന്ദ്രൻ. 21

മുൻപേ മഹത്വം ഗ്രഹിയാതെതിർത്തും
പിൻപേ മഹത്വത്തെയറിഞ്ഞൊഴിഞ്ഞും
വരാനിരിക്കുന്നതു മൂന്നമേതാൻ
ധരാധരേന്ദ്രൻ ഹരിയോടു ചൊന്നാൻ. 22

കാററിൽച്ചലിക്കും ഘനരാശിപെട്ടെ
ന്നൂർദ്ധ്വം ഗമിക്കുന്നതു പാർത്തുകണ്ടാൽ
അവൻ ധരാധീശസമാഗമംക-
ണ്ടുഷ്ണീഷമൂരീടുകയെന്നുതോന്നും. 23

ധരാധരേന്ദ്രപ്രഭകണ്ടിവണ്ണം
നരാധിനാഥൻ നടകൊണ്ടിടുമ്പോൾ
കണ്ഠം ഞെരിഞ്ഞങ്ങു കിടന്നിടുന്ന
കണ്ഠീരവൻതന്നുടൽ കണ്ടു മാർഗ്ഗേ. 24

മരിച്ചതെന്നാലുമവന്റെ മെയ്യിൽ
സ്ഫുരിച്ച ഗംഭീരിമകണ്ടടുക്കൽ
ചരിച്ചു സജ്ജീകൃതമായ ശസ്ത്രം
ധരിച്ചു താനന്നനുയായിവർഗ്ഗം. 25

അനന്തരം വാനരപാദചിഹ്നം
തെളിഞ്ഞു തൽസ്വാന്തമൊടൊത്തു മാർഗ്ഗേ
ഉടൻ ഗമിച്ചാനതിലേ മുകുന്ദൻ;
ബുധന്റെ യത്നം സഫലാന്തമല്ലോ. 26

നയിച്ചു തദ്ദൃഷ്ടിയെ വൻതമസ്സിൽ
ക്രമേണ ശാഖാമൃഗപാദചിഹ്നം
പ്രപഞ്ചനാനാഗതി ഹേതുരാശി-
വിമർശനം പണ്ഡിതബുദ്ധിയെപ്പോൽ. 27

കാർമൂടിമേളിച്ച കറുത്തവാവിൻ-
നിശീഥകാലത്തിലെഴും തമിസ്രം
വസിച്ചിടും ഗൃധ്രനികേതമെന്നു
നിനച്ചിതക്കന്ദരമന്നരന്മാർ. 28

സനേത്രരായോരവർ വൻതമസ്സാ-
ലനേത്രരെന്നോണമുടൻ ഭവിച്ചാർ,
സവിത്തരായോരതിലോഭമൂല-
മവിത്തഭാവം കലരുന്നപോലെ. 29

‘വസിക്കുവിൻ നിങ്ങളിതിൻമുഖത്തിൽ,
‘ഗമിക്കുവേൻ കേവല’മെന്നുചൊല്ലി
അവക്കെഴും ചിത്തമൊടൊത്തിറങ്ങി–
ഗ്ഗുഹയ്ക്കകത്തേയ്ക്കു നടന്നു നാഥൻ. 30

മനസ്സിൽ മേവുന്ന തമസ്സിനേയും
മഹസ്സിനാൽ തീക്കുവതെന്നുപണ്ടേ
യശസ്സെഴും കൃഷ്ണവപുസ്സിനുണ്ടോ
തമസ്സു തേജസ്സിവകൊണ്ടു ഭേദം. 31

കടന്നു മെല്ലെന്നിരുൾ കൊണ്ടൽവണ്ണൻ
കണ്ടാൻ മഹാസൌധവിലാസഭംഗി
പടർന്ന മായാവികൃതിക്കു ശേഷം
പരപ്രകാശം യമിയെന്നപോലെ. 32

ചെമ്പൊന്മണിപ്രൌഢതരപ്രകാശം
ചേരും മതില്ക്കെട്ടുകൾ ഗോപുരൌഘം
വൻപൊത്ത വെണ്മാളികയെന്നിതെല്ലാം
മുൻപിൽത്തെളിഞ്ഞമ്മുരവൈരി കണ്ടു. 33

ശ്രീരാമനാമാങ്കിതമാം പതാകാ–
ജാലം ഗൃഹാഗ്രങ്ങളിൽ വാതലോലം
തന്നായകൻതന്നുടെ ഭക്തിസിന്ധു–
തരംഗമാലാവിഭവം വഹിച്ചു. 34

പുരുപ്രതാപൻ പുരുഷോത്തമൻ തൽ–
പുരപ്രഭാവത്തിലതിപ്രസന്നൻ
തൽഗ്ഗോപുരത്തിന്നകമേ ഗമിച്ചാൻ
തദീശപുത്രീശുഭലക്ഷ്മിയോടെ. 35

തൽപ്പാലകന്മാർ ബത! ഭക്തിയാലോ
ഭയത്തിനാലോ കുതുകത്തിനാലോ
പ്രമത്തരായ് കാൽത്തളിർ കൂപ്പിമാറി-
ക്കൊടുത്തു പെട്ടെന്നു ഹരിക്കു മാർഗ്ഗം. 36

ചിത്രാഭമാം ഭിത്തിയിലത്ര ചെമ്മേ
ചേർത്തുള്ള ചിത്രാവലി കണ്ടനേരം
ചിത്സാരമാം ചേതനനായകൻതൻ-
ചേതസ്സിലും ചേർന്നിതു ഹന്ത! ചിത്രം. 37

പുരാണവൃത്തപ്രതിപാദകങ്ങൾ
ചിത്രങ്ങളോരോന്നിഹ നോക്കിയപ്പോൾ
കവീന്ദ്രനോടുള്ള സമാനഭാവ-
മാലേഖ്യകാരന്നു നിനച്ചു ദേവൻ. 38

സ്വകീയമായുള്ള ചരിത്രവും നൽ-
ചിത്രങ്ങളായിട്ടഥ കാൺകയാലേ
നിജാഗമം നിഷ്ഫലമല്ലിതെന്നു
നിനച്ചു മോദിച്ചിതു നീരജാക്ഷൻ. 39

പീഠം മറിഞ്ഞങ്ങുരലിങ്കൽനിന്നും
പതിക്കവേ താഴെ,യതിന്നുമേലായ്
ചരിഞ്ഞ പാൽകുംഭമൊടാടിടുന്നോ-
രുറിക്കെഴും ചോടുപിടിച്ചു ഗാഢം, 40

ചുണ്ടും പൊളിച്ചിട്ടു കരഞ്ഞു കണ്ണീർ-
ചൊരിഞ്ഞു തൂങ്ങീടിന തന്നെനോക്കി
യശോദയാൾ കൈവിരൽ മൂക്കിൽവച്ചു
നില്ക്കുന്നതായ് കണ്ടു രസിച്ചു ശൌരി. (യുഗ്മകം)

അക്കാളിയൻതൻെറ ഫണത്തിലോമൽ–
ത്തൃക്കാലടിത്താരിണ ചേർത്തു ചെമ്മേ
നൃത്തം നടത്തുന്ന വിധത്തിലുള്ള
ചിത്രത്തിനാൽ സതൃപ്തനായ് മുകുന്ദൻ. 42

കാലിൽ ചവട്ടീട്ടു നിവർത്തവേയ–
ക്കൂനിക്കെഴും കായമനോവികാരം
കാണിച്ചിടും കോമളമായ ചിത്രം
കൌതൂഹലംപൂണ്ടഥ കണ്ടു കൃഷ്ണൻ. 43

കടുത്ത കോപത്തൊടു കംസവത്സേ
കരേറി ഹിംസിപ്പൊരു തൻെറ ഭാവം
കണ്ണന്നു ചേർത്താരനുകമ്പയെത്തൽ–
കർത്തവ്യതാബുദ്ധിയടക്കിമന്ദം. 44

കംസന്നു വിണ്ണേകിയണഞ്ഞ തന്നെ–
ഗ്ഗാഢം പുണർന്നക്കവിളിൽ സബാഷ്പം
വിലങ്ങെഴുംകാലിനൊടുമ്മവയ്ക്കും
മാതാവു രോമാഞ്ചമവന്നു നൽകി. 45

എടുത്തു തൻപുത്രിയെ ഹർഷമുൾക്കൊ–
ണ്ടിടത്തുഭാഗത്തു വഹിച്ചമട്ടിൽ
പടുത്വമേറീടിന ജാംബവാൻതൻ–
പടത്തെ മോദിച്ചഥ കണ്ടു ശൌരി. 46

ആരോമലായോരവൾതൻെറ കൊന്ന–
ത്താരോമനിക്കും തനുവിൻെറ രൂപം
ആനന്ദനിഷ്പന്ദതരാക്ഷനാക്കി
ശ്രീനന്ദജൻതന്നെ നിറുത്തിയല്പം. 47

കാണുന്നലോകങ്ങടെ കണ്ണിലെല്ലാം
കർപ്പൂരനീർ വീഴ്ത്തിയുമാത്തമോദം
പടങ്ങളോരോന്നിവ കണ്ടുകൊണ്ടും
പരൻ പുമാൻ പുക്ക പുരത്തിനുള്ളിൽ. 48

ചേണാർന്ന കണ്ണാടികണക്ക പാരം
ചേലോട്ടു മിന്നും മണിചത്വരത്തിൽ
കാണായിതപ്പോൾ കപിരാജബാലൻ
കളിച്ചു മേവുന്നതു ധാത്രിയോടെ. 49

കഥയിതറിവതിന്നായ് കൌതുകം പൂണ്ടവണ്ണം
ദിവസമണി തദാനീമത്ര വാനത്തുയർന്നും
യദുവരമണി ബാലൻ തൻകളിക്കോപ്പുതായും
യദുകുലമണിയിഷ്ടപ്രാപ്തിയാലും തെളിഞ്ഞു. 50

എറിഞ്ഞീടും ബാലൻ
        മണി, യവളെടുത്തേകി—യിനിമേ—
ലെറിഞ്ഞീടൊല്ലായെ—
        ന്നരുളു, മവനോ വീണ്ടുമെറിയും,
കരഞ്ഞീടും നല്ലാ—
        നവളഥ ഭയംപൂണ്ടു, മകനേ!
കരഞ്ഞീടൊല്ലാ—യെ—
        ന്നരുളിയതെടുത്തേകുമുടനേ. 51

കണ്ടു കണ്ടു മണിയംഗണാന്തമുൾ—
ക്കൊണ്ടിടും പ്രതിമകൊണ്ടു ബാലകൻ,
കൊണ്ടുചെന്നളവിലൊന്നു മാത്രമായ്
കണ്ടു പാരമവനിണ്ടൽപൂണ്ടുതേ. 52

'തറയിൽ വയ്ക്കുക'യെന്നവൾ ചൊല്ലിനാ-
ളവനുമങ്ങനെ ചെയ്തതെളിഞ്ഞുതേ;
അപരമല്പൊഴെടുക്കരുതാഞ്ഞഹോ
സപദി ചുണ്ടു പൊളിച്ചിതു പിന്നെയും. 53

മണിയെടുത്തു കടുത്തമുഖത്തൊട-
മ്മഹിളയാളെയെറിഞ്ഞിതവൻ തദാ;
അവൾ തടുത്തു പിടിച്ചുചിരിച്ചുകൊ-
ണ്ടനുനയങ്ങൾ പറഞ്ഞുതുടങ്ങിനാൾ. 54

'മണിയിതു ഹരിച്ചീടാനെന്താ-
ണുപായ,—മവനു കൺ-
മണി ദൃഢമിവൻ ബാലൻ ബാലാ-
മൃതാംശു മനോഹരൻ;
ഇതി കരുതിയാ, ലോകംമൂന്നും
ത്രിപാദിയിലാക്കിയോ-
നതുപൊഴുതടുത്തീടാനായി-
ത്തുടങ്ങി പതുക്കവേ. 55

"മണിദർശനം" എന്ന
എട്ടാം സർഗ്ഗം
സമാപ്തം.

# ഒൻപതാം സർഗ്ഗം.

---

മണിഹരിപ്പതിനുന്നി മനോഹരൻ
മനുജപുംഗവനങ്ങണയുംവിധൌ
മധുരകോമളമായ മഹസ്സിനാൽ
മതിമറന്നവർ നിന്നിതു കാൽക്ഷണം. 1

"മനുജനേകനണഞ്ഞരികത്തിതാ!
മണിഹരിപ്പതിനായ്ത്തുനിയുന്നതേ"
ഇതി ഭയാകുലയായവളേററവും
നിലവിളിച്ചിതു മുക്തഗളം തദാ. 2

ദശമുഖൻെറ വധംമുതൽ നിദ്രപൂ-
ണ്ടതിസുഖേന കപീന്ദ്രഹൃദന്തരേ
മരുവിയോരരിശത്തിനു തൽക്ഷണം
കൊടിയ ഘട്ടനമായിതു തൽസ്വനം. 3

കടുതരം കപികണ്ഠതടത്തിൽനി-
ന്നുടനുദിച്ചിതൊരുച്ഛ്റിതമാം ധ്വനി
അതിനെയഗ്ഗുഹ നീട്ടി മുരാന്തക-
ന്നുദിതമായ കുതൂഹലമോടലം. 4

വകതിരിച്ചറിയുന്നവരെൻഗ്ഗുഹ-
യ്ക്കിഹ ദുരിച്ഛയൊടാഗതരായ്വരാ
വനചരപ്രകരത്തിലൊരുത്തനാ-
യമപുരപ്രഭ കാണ്മതിനിച്ഛതാൻ. 5

ഇതി മനസ്സിൽ വളന്നൊരനാസ്ഥയാൽ
മിഴി തെളിപ്പതിനായ്ത്തുനിയാതവൻ
സപദി പുക്കു വെളിക്കു മിളൽസ്മിതം–
മരുവിടുന്ന മുകുന്ദനൊടോതിനാൻ:— 6

"മനുജരായവരാലനവാപ്യമാം
മമഗൃഹത്തിലിഹാഗതനായ തേ
മരണപീഡയില്ലൊരു ലേശവും
മനസി സാധ്വസമെന്നതു നിൎണ്ണയം. 7

അലമലൌകികനായ് നില കൈവെടി–
ഞ്ഞസതിയാം പ്രകൃതിക്കു വശൻ ഭവാൻ
അടവിൽ വന്നതസംശയമെൻെറ ന–
ല്ലടിയിൽ വീഴ്ച ലഭിക്കുവതിന്നു താൻ. 8

അഹഹ! നിൻചരിതം നിരുപിക്കിലോ
നഹി നിനക്കഭിമാനലവം സഖേ!
അഗണനീയതയാന്ന തവാഖ്യയും
ജനനവും തിരയുന്നതു നിഷ്ഫലം. 9

ഇവിടെയിങ്ങനെ വന്നതു പാൎക്കിൽ നീ
വലിയ മായികനില്ലൊരു സംശയം
അതുകൾ നിൽക്ക; നിനക്കഭിലാഷമെ–
ന്തതു കഥിക്ക; ലഭിക്ക ഫലം ജവാൽ." 10

ഇദമവൻ ദമവന്മണിസേവ്യനോ–
ടരുളവേ നിലയത്തിനകത്തവൾ
കൊടിയ പേടിയപേതവിലാസമാ–
ന്നൊരു കിശോരകനോട്ടടനോടിനാൾ. 11

പരമനാദരനായ് കപിനായകൻ
പരിഹസിച്ചുരചെയ്തൊരു വാണിയും
പരമനിൽ ബത! വസ്തുത തന്നെയായ്;
ദുരിതമെങ്ങനെ ഭക്തനിൽ, വന്നിടും? 12

"ഇവിടെ നീ ഗതനീതി കവർന്നൊരി-
മ്മഹിതമാം മണിയായ പരസ്വവും
തവ വളർന്നു വിളങ്ങിന ഗർവ്വും
മമ ഹരിക്കണമെന്നു മനോരഥം. 13

സുകൃതിയോ കൃതിയോ പുനരാകിലും
പകവരും കവരുന്നവനിൽ തുലോം,
ത്വരിതമായതിനാൽ മണി മൽകരേ
തരിക പോരിക പോററണമെങ്കിൽ നീ" 14

ഇതിവചസ്സുജനോതിടവേയതിൻ-
പ്രതിവചസ്സരുളാതൊരു വൻമരം
അതിവയസ്വി പറിച്ചുലർമങ്കതൻ-
പതിവപുസ്സിലടിച്ചു ഭയാനകം. 15

മരമതാ രമ താമരമാലപോൽ
കരുതിടും ഹരിവാമകരത്തിനായ്
സദരമാദരമാർന്നു നമിച്ചുടൻ
കുശലമോതി മടങ്ങി യഥാഗതം. 16

സരഭസം ഹരി മുഷ്ടി ചുരുട്ടിയൊ-
ട്ടലിവൊടേകിയ ഘട്ടനമേൽക്കവേ
തരളമായ കപീശ്വരഹൃത്തിൽ നി-
ന്നഥ ഗളിച്ചു പുളച്ചൊരനാദരം. 17

അത്രകണക്കവനൽക്കടരോഷനാ-
യധികമൂക്കൊട്ട ചെയ്യൊരു ഘട്ടനം
ഭൃശകുതൂഹലമേററു മുരാന്തകൻ
ഭൃഗുപദാഹതിയെന്നവിധം പുരാ. 18

ഒരു മട്ടപ്പുവരാതെതിരാളി,ത-
ന്നടി തട്ടപ്പതിലക്ഷമനായ് കപി
ഇടവിടാതെ ഭുജാപരിഘങ്ങളാൽ
കടുതരം പ്രഹരിച്ചുതുടങ്ങിനാൻ. 19

അമരവന്ദ്യനൊടേവമെതിൎത്തണ-
ഞ്ഞമരവർണ്യതരം നിറഭേവററവേ
ദ്രുഹിണനന്ദനനാൽ നിജമാനസേ
നിഹിതമുന്നതമാകിയ വിസ്മയം. 20

"ഹരിപദാംബുജദാസരിൽ മുൻപനായ്
പെരിയ പേരിയലും ബലിയായ ഞാൻ
ഒരു വനേചരനോട്ട മട്ടത്തുവെ-
ന്നൊരുവനോരുവതെന്തവമാനമാം! 21

ചിരവിയോഗവശാൽ പ്രിയ പോലെ മൽ-
സമരശൈലി മുഷിഞ്ഞു വസിക്കയോ?
പുരുമഹസ്സു ജരയ്ക്കിരയാകയോ?
പുനരഹസ്സിനു ജീവിതമെന്നപോൽ. 22

വിരഹകാരണമാം മുഷിവെങ്കിലോ
ചതുരലാളനകൊണ്ടു കളഞ്ഞിടാം;
ജരയതോ ഹൃദി നിൎജ്ജരരാജരാ-
ട്ടധിവസിക്കമെനിക്കു ഫലിക്കമോ? 23

വരിക നൈപുണ! രാവണദാരുണ–
പ്രഹരണൌഘതൃണീകരണോൽബണ!
തരിക മേ കരുണാമസൃണാശയം
വിജയബാന്ധവ! നീ വിജയം ജവാൽ.” 24

ഇതി നിനച്ചഭിമാനമയാഗ്നിയിൽ
കനകമെന്നവിധം നിജവിക്രമം
അവനുരുക്കി വിളക്കിയെതിർത്തിത–
ത്രിപുരവൈരിയൊടർജ്ജുനനെന്നപോൽ. 25

ഘടഘടായിതമുഷ്ടിവിഘട്ടന–
സ്ഫുടിതപർവ്വതമുൽക്കടവിക്രമം
ഉടൽ പൊടിഞ്ഞിടുമാറവർ തമ്മിലേ–
റ്റുടനിടഞ്ഞടർചെയ്തു കഠോരമായ്. 26

പ്രളയഘോരസമീരപരമ്പരാ–
പരിഭവത്തിനു പാത്രത പൂണ്ടപോൽ
പ്രകടമത്രപരസ്പരഘട്ടന–
പ്രതിഭയം നടമാടി തരുവ്രജം. 27

അടവിയിൽ കുടികൊണ്ട മൃഗങ്ങൾതൻ
ഘടകളാകെ വിജൃംഭിതസംഭ്രമം
ഝടിതി പുച്ഛമുയർത്തി മഹാതരു–
ച്ഛട തകർത്തു വിരണ്ടവ മണ്ടിനാർ. 28

വിഹഗസംഹതി വിണ്ണിലണഞ്ഞു തൻ–
നിലയമാലയമാളുകയാലുടൻ;
വനചരാധിപരാശിയുമക്ഷണം
സകുലമാകുലമായലമാധിയാൽ. 29

ഇടികൾതൻകഠിനധ്വനികൊണ്ടു ദിക്-
തടിയടക്കി നടുക്കി നഭഃസ്ഥലേ
പൊടികൾ മാറി കണക്ക നിറച്ചിത-
ക്കൊടിയവീരർ ഘനാഘനസന്നിഭം. 30

കപിവരന്റെ കരം ഹരിവിഗ്രഹ-
ഗ്രഹണലാലസയാലതിസാഹസം
അഥ മുതിർന്നു-ത്തുടർന്നു ഗണിച്ചിടാ-
തപജയം നവയോഗി മനസ്സുപോൽ. 31

അജനവൻ നിജസന്നിധികൊണ്ടു തൽ-
ഭുജയതിന്നരുചേഷ്ട കൊടുക്കിലും
മഹിമയാലതിലൊട്ടുമകപ്പെടാ-
തിഹ ലസിച്ചിതു മായയിലെന്നപോൽ. 32

തളിർ ശിലാതലമെന്ന വിചാരമ-
ക്കടൽമകൾക്കരുളും ഹരിതന്നുടൽ
ശിലയഹോ തളിരെന്നു നിനപ്പതി-
ന്നിടവരുത്തി കപീന്ദ്രനു സംഗരേ. 33

സമരമീവിധമായവർതങ്ങളിൽ
സമരസോത്ഭടമായ്ത്തുടരും വിധൌ
പ്ലവഗവീരഗൃഹസ്ഥിതരാം ജന-
പ്രകരമാകരമായി രുജയ്ക്കലം. 34

കദനകാരണമാരണമാരവ-
പ്രതിഭയം മുതിരുന്നതു കാൺകയാൽ
അകലെ വാങ്ങിയൊതുങ്ങി നിയോജ്യരാ-
യവരതീവ സജീവശവങ്ങൾപോൽ. 35

തരുണിമാരണിമാലിക മാളികാ-
തലമണഞ്ഞു കപീന്ദ്രകുമാരിയാൾ
കഠിനമാമടർ കണ്ടു ശപിച്ചു തൻ-
ജനകലോചനഗം വലിസഞ്ചയം. 36

"അപജയം വരികില്ലിഹ കേശവ-
ന്നതിനു സംശയമില്ലൊരു ലേശവും;
അപരനോ രിപുതത്ത്വമറിഞ്ഞിടാ-
തപഭയം സ്വയമേററവനാണുതാൻ. 37

അവനഹോ! മരിയാതെ മരിക്കുമീ-
യവസരം വരു"മെന്നുനിനച്ചുടൻ
ചൊടിയെഴും സുരമാമുനി നാരദൻ
വടിവിലാടി വിലാസമൊടംബരേ. 38

ഉരുതരം രതി രണ്ടു ജനത്തിലും
കരുതവേ ജയലക്ഷ്മിസമാനമായ്
പൊരുതു നിന്നവരിങ്ങനെ പോക്കിനാ-
രിരുപതും പുനരെട്ടുമഹസ്സുകൾ. 39

"ചരണദാസവതംസമിവൻ തവ
സ്മരണ സന്തതമുള്ളവ"നെന്നുടൻ
കരുണയാലുദിതൻ വിള വൃദ്ധനെ-
ദ്ധരണിയിൽ സുഖമായഥ വീഴ്ത്തിനാൻ. 40

അവനവേദനമാദ്യമിദം നിജം
പതനമോർത്തതിവിസ്മിതനായ് ദ്രുതം
നയനമൊന്നു തെളിച്ചിടവേയതി-
ന്നയനമായിതൊരുജ്ജ്വലമാം ദ്യുതി. 41

ദ്യുതിയിൽ മങ്ങിയ കണ്ണിണ പിന്നെയും
കൊതി കലൎന്നതിനുള്ളിൽ നടക്കവേ
അതിമനോഹരമായ് വിലസും രമാ—
പതി വപുസ്സിലണഞ്ഞു സവിസ്മയം. 42

കൊടിയ കൂരിരുളോടിടയുന്നൊര—
മ്മുടിയുമുജ്ജ്വലമായ കിരീടവും
നിടിലസീമ്നി നിരന്നതിഭംഗിയിൽ
പൊടിയണിഞ്ഞതരുളും കുരളങ്ങളും. 43

അഴകിനാലയമായ് കരുണാമൃതം
പൊഴിയുമമ്മിഴിയും മൃദുഹാസവും
അടലിലേററ പരിഭ്രമണങ്ങളാ—
ലിടറി മാറിയ മാറണിമാലയും, 44

ചെറിയ മുത്തു നിരത്തിയിണക്കിയു—
ള്ളരിയ നീലശിലയ്ക്കിയലും മദം
കുറയുമാറു വിയപ്പുകണോൽക്കരം
നിറയുമുജ്ജ്വലമാം തിരുമേനിയും, 45

ഉദയമാൎന്നുയരുന്ന രവിക്കെഴും
ദ്യുതിയിൽ മുങ്ങിവിളങ്ങിടുമാടയും
ശിലയെ മാനിനിയാക്കിയ പാംസുവിൻ—
നിലയമായ് വിലസീടിന പാദവും, 46

തഴുകിയോരു വലീമുഖമൌലിതൻ—
മിഴികൾ രണ്ടുമനൎഗ്ഗളമായുടൻ
ഒഴുകുമശ്രുവിലാത്മഗമാമഘം
കഴുകിയാശു കളഞ്ഞു തെളിഞ്ഞുതേ. (കുളകം) 47

കലഹമൊന്നു കഴിഞ്ഞതു കണ്ടതിൽ
കൊതിയതീവ കലർന്നവിധം തദാ
കദനമോദമഹാഭടർ തങ്ങളിൽ
കപിമനസ്സിൽ നടത്തി രണാന്തരം. 48

നിജബലത്തിൽ നിറുത്തിയ നിന്ദയെ-
ക്കപിവരൻ പരമാർത്ഥമറിഞ്ഞുടൻ
നിജവിവേകവിഹീനതയിൽ ത്രപാ-
നിഹതമാനസനായ് നിലനിർത്തിനാൻ. 49

ഝടിതി സംഭ്രമമോടെഴുന്നേറ്റഥ
സ്ഫുടിതമാനസനാം കപിനായകൻ
തടികണക്കു പതിച്ചു മുരാരിത-
ന്നടിയിണയ്ക്കു പിടിച്ചു വിനീതനായ്. 50

കപികുലാധിപനപ്പൊഴുതംഘ്രിയെ-
ക്കഴുകിയില്ലൊഴുകുംമിഴിവാരിയാൽ
ഹരി നിജാശ്രുകണോക്ഷിതമൌലിയാ-
മവനെയപ്പൊഴുയർത്തി കരങ്ങളാൽ 51

വിമലമാനസനാം നിജഭക്തനെ-
ക്കമലമാനിനി മേവിന മാറതിൽ
പരനണച്ചു പുണർന്നഥ ഗാഢമായ്
പരമസൌഖ്യസുഖാബ്ധിയിൽ മുക്കിനാൻ. 52

മണിമയാസനമാശു കപിച്ചൂടാ-
മണി മുകുന്ദനു നൽകിയിരിക്കുവാൻ,
അവനെ മുൻപിലിരുത്തിയുടൻ രമാ-
ധവനുമൻപിലിരുന്നരുളീടിനാൻ. 53

സ്വഭവനേ ഭവനേതൃതയാർന്നിട്ടും
വിഭുവണഞ്ഞതിനാൽ ചരിതാർത്ഥനായ്
അവനമാ വനമാലിയിൽ വിന്യസി-
ച്ചവനമന്ദമിവണ്ണമുണർത്തിനാൻ:— 54

“കരുണയുള്ള വിഭുക്കളിൽ നീയുമ-
ച്ചരണദാസരിൽ ഞാനുമതേവിധം
പ്രഥമതയ്ക്കവകാശികളാകയാൽ
വ്യഥ മനസ്സിനെ വേർപിരിയുന്നു മേ. 55

ഇവിടെ നിന്തിരുമേനി വരുന്നവാ-
റിവനു ചിന്തനമില്ല കിനാവിലും,
തവസമാഗമമാമമൃതത്തിനി-
ന്നവരണം വരണം മഥനോപമം. 56

അനഘ! നിന്നിൽവളർന്നൊരു ഭക്തിയാ-
ലനുപമപ്രമദാതിശയാന്ധനായ്
അടിമകാട്ടിയ ചേഷ്ടിതമാകെ നി-
ന്നടിമലർക്കു സമർച്ചനമാകണം. 57

മറകൾതൻപൊരുളായി വിളങ്ങുമി-
മ്മഹിതമാം തിരുമേനിയിൽ മേൽക്കുമേൽ
കരമയച്ച മഹാകപിചാപലം
കരുണയോടു പൊറുത്തരുളേണമേ—. 58

തലമറന്നെതിരാളിയെനോക്കിടാ-
തലമുയർന്നു ഞെളിഞ്ഞു കളിക്കുകിൽ
ഫലമിതെന്നൊരു ചാരുവിവേകമി-
ക്കലഹമിന്നരുളുന്നു മുകുന്ദ! മേ. 59

കരുണവിട്ടു പുരാ തവ ദൃഷ്ടി തെ-
ല്ലരുണമാംപൊഴുതാശു ഭയാന്ധനായ്
വരുണനെത്തി വണങ്ങിയതിന്നുമെൻ-
സ്മരണയിങ്കൽ വരുന്നു മഹാമതേ! 60

അരിയ വാമനനെന്നു പുകഴ്ന്ന നി-
ന്നടികൾ മൂന്നിലടങ്ങി ജഗത്ത്രയം;
ഉറിതൊട്ടുന്നതിനെത്തരുതാതെക-
ണ്ടുഴറിയുള്ളൊരു വാമനനും ഭവാൻ. 61

വിപുലമായ് വിലസും തവ വൈഭവം
വിഷയമോ ധിഷണയ്ക്കു? ജഗൽഗുരോ!
കടലിലുള്ള മഹാജലമണ്ഡലം
കരപുടത്തിലടങ്ങുവതെങ്ങനെ? 62

കരുതിയാലഥവാ ഭുവനം നിറ-
ഞ്ഞരുതഹംകൃതിയെന്നതിഗൌരവാൽ
അരുളിടും തവ വൈഭവമാർക്കതാ-
നരുതു കാൺമതിനമ്മതിദൃഷ്ടിയാൽ? 63

പ്രബലമാകിയ നിന്നുടെ വൈഭവം
പ്രകൃതിയെന്നരുളുന്നു മഹത്തുകൾ,
കരുതിയാലതു ചെയ്യൊരു ചേഷ്ടിതം
കരതലാമലകം ഭവദീഹിതം. 64

പൊതുവിൽ നന്മവരുന്നൊരു വൃത്തിയാ-
ണതു നടത്തുവതെന്നതതിസ്ഫുടം
അതിനു തൃപ്തിവരുന്ന നടത്തതാ-
നതിമഹത്വമെഴും തവ പൂജനം. 65

അതുകൾനില്ലു:—യെനിക്കു മണിക്കെഴും
കഥകൾ കേൾക്കയിലാഗ്രഹമെത്രയും;
കനിവുദിക്കണമൊക്കെയുരയ്ക്കുവാൻ
കരളിലിക്കപിയിൽക്കരുണാനിധേ! 66

അമരകൾക്കുമതീവ ദുരാപമാ-
മനഘമിക്കഴലാമലർചൂട്ടുവാൻ
മമ ഗൃഹയ്ക്കുരുഭാഗ്യമണച്ചതി-
മ്മഹിതഭാസ്സിയലും മണിയല്ലയോ! 67

അഥ കപികുലമൗലിക്കത്ഭുതം ഹാസ്യമേററം
വൃഥ ബഹുമതിയേവം ഭാവമോരോന്നു വീണ്ടും
മനതളിരിലുദിക്കുംമട്ടിൽ മാഹാത്മ്യമേറും
മണിയുടെ കഥയെല്ലാം മല്ലനേത്രൻ പറഞ്ഞാൻ. 68

മണിയൊടു മകളാകും ജാംബവത്യാഖ്യകന്യാ-
മണിയെയഥ മുകുന്ദന്നേകിനാൻ വാനരേന്ദ്രൻ;
വരമണിയുടെ ലാഭംകൊണ്ടു പാരം കൃതാർത്ഥൻ
നവരമണിയെ നാഥൻ ഹന്ത! മോദാൽ ഗ്രഹിച്ചു. 69

ലക്ഷണഗുണങ്ങളോടുചേർന്നു വിലസും നൽ-
കന്യകയൊടൊത്ത കമലേക്ഷണനുദാരൻ
വ്യഞ്ജനയൊടൊത്തധികമഞ്ജുളതയാളും
കാവ്യമൊടു തുല്യമതിഭംഗിയിൽ വിളങ്ങി. 70

കപിവസതിയിൽനിന്നും കന്യയെ സ്വീകരിച്ചി-
ട്ടതിനഭിനവകീർത്തിശ്രീയെ നല്കി പ്രസന്നൻ
സപദി ദിവസകൃത്യം സർവ്വും നിർവ്വഹിച്ച-
സ്സകലപതി തുനിഞ്ഞാനാത്മഗേഹം ഗമിപ്പാൻ. 71

“ദ്വന്ദ്വയുഗളം” എന്ന ഒൻപതാംസർഗ്ഗം സമാപ്തം.

# പത്താം സർഗ്ഗം.

---

ദരിയുടെ വാതിലിൽ മേവിയ
പുരവാസസ്ഥവ്യക്ഛദിച്ചു പരിതാപം
മുരമഥനൻ വരുവാനു-
ള്ളൊരു താമസമോട്ടുകൂടി വർദ്ധിച്ചു. 1

'ഇന്നു വരും ശ്രീമാധവ'-
നെന്നുൽകലികാകുലം നിനച്ചു സദാ
വാസരമീരാറവരൊരു-
വത്സരമായിക്കഴിച്ചു കദനമൊടെ. 2

"തന്നെയണിഞ്ഞു നടന്നൊരു
മന്നനവൻതന്നെയെന്നപോലെ മണി-
തന്നെത്തിരവതിനുന്നിയ
മന്നവർമണിതന്നെയും ഹരിക്കുകയോ? 3

സുതനാകുന്ന കൃതാന്തനു
സഹകരണം വേണ്ടപോലെ ചെയ്യുതിനായ്
സുഷമാവഹമാമിമ്മണി
സവിതാപൃഛമച്ഛയച്ചുവോ പാരിൽ. 4

താനേ നഗരിയിലെത്തി-
ത്താപമുദിപ്പിച്ചിട്ടുന്നതിൽ ഭേദം
നാഥനെയന്വേഷിപ്പാൻ
നാമിഹ ഗുഹയിൽ ഗമിക്കയല്ലല്ലി? 5

ഹരിയൊടു വേർപെട്ടിനി നാം
പുരവരമതിലേയ്ക്കു പോയിടുന്നതിലും
വരമായുള്ളതു പാർത്താൽ
മരണം താനില്ലതിന്നു സന്ദേഹം." 6

ഗീരുകളിവ ചിലർ ചൊന്നതു
ദാരുകനഥ കേട്ടു ചൊല്ലിനാനേവം:—
"ചേരുകയില്ലിതു സാമ്പ്രത-
മോരുക നാഥൻപറഞ്ഞ വാക്കിനെ നാം. 7

ദരിയിതിനുള്ളിൽ പോകാൻ
ഹരിയനുവാദം തരാതിരിക്കുമ്പോൾ
അരിയൊരു സാഹസമായ്ത്താൻ
വരുമതു ചെയ്തീടിലെന്നു മമ പക്ഷം. 8

അതിനാലതിനായ്ത്തുനിയാ-
തധുനാ നാം ചെന്നു സത്വരം പുരിയിൽ
കഥകളശേഷം വഴിപോൽ
കഥനം ചെയ്യണമതാണു യുക്തതരം. 9

മധുരിപുവിൻ മാഹാത്മ്യം
മനതളിരിൽ ചേർത്തിടുന്ന ധൈര്യത്തെ
അവനുടെ വരവിൻതാമസ-
മനുവേലം ഹന്ത! ശിഥിലമാക്കുന്നു." 10

ഏവം സാരഥിയുടെ മൊഴി-
യേവരുമൊരുപോലെ സമ്മതിച്ചിടവേ
വേവും മനമോടവർ ഹരി
മേവും നഗരത്തിലേയ്ക്കു നടകൊണ്ടാർ. 11

വഴിയിലെ വസ്തുസമൂഹം
മിഴികളിൽ നിഴലിച്ചുവെങ്കിലും ചിത്രം
അവരുടെ മനതാരിൽ പുന-
രവയുടെ തത്ത്വം പതിഞ്ഞതില്ലൊട്ടും. 12

‘വരനെ വെടിഞ്ഞവരിവരെ-
ന്നരികിലണഞ്ഞീടവേണ്ട’യെന്നേവം
കരുതിയകന്നീടുന്നോ
പുരിയെന്നുളവായവർക്കു സന്ദേഹം. 13

ഒരുവിധമവരഥ വേഗാൽ
പുരവരപരിസരമണഞ്ഞനേരത്തിൽ
മുരഹരവിരഹം കണ്ടി-
ട്ടുരുതരപരിതാപമാർന്നിതെല്ലാരും. 14

പരിജനമുടനേ ചെന്നി-
ച്ചരിതം ഗൽഗ്ഗദസമേതമോതിടവേ
ഉരുസംഭ്രമമെഴുന്നേറ്റി-
ട്ടുരഗാംശഭവൻ വെളിക്കു നടകൊണ്ടാൻ. 15

ഹരിയില്ലാതെ വരുന്നോ-
രനുചരരുടെ നേത്രവാരിപൂരത്താൽ
ഹലിയുടെ ഹൃദയേ പെട്ടെ-
ന്നരിയൊരു ദഹനൻ ജ്വലിച്ചു ഹന്ത! തദാ. 16

“എന്തെന്തെന്നുടെ സഹജ-
ന്നെന്തുളവായെന്നു ചൊല്ലുവിൻ ശീഘ്രം”
എന്നേവം ബലമൊഴി കേ-
ട്ടൊന്നൊഴിയാതവർ പറഞ്ഞു ഹരിവൃത്തം. 17

DHARMARAM COLLEGE BANGALORE
14764

അവരുടെ വചനാശനിയേ-
ററതിസന്താപം കലർന്ന ബലദേവൻ
ഒരുവിധമകമേ ചെന്നി-
ട്ടുരുതരചിന്താമയാബ്ധിയിൽ മുഴുകി. 18

ദേവകിരുഗ്മിണി മുതലാം
ദേവികൾ വസുദേവമുഖ്യരും സഹസാ
ദേവനെയോർത്തു കരഞ്ഞഥ
ജീവനെവെടിയുന്നതിന്നൊരുമ്പെട്ടാർ. 19

"ഒരു മണി കാരണമായി-
ട്ടൊരുമ വെടിഞ്ഞോരവൻ മഹാദുഷ്ടൻ
വരുമഴൽ കരുതീടാതെ-
ന്തരുമയിലപരാധമോതിനാനല്ലോ. 20

നരരായോർക്ക് ഗമിപ്പാ-
നരുതാതുള്ളോരു ഗഹ്വരംതന്നിൽ
ഹരിയെ നടത്തിയതസ്മ-
ദ്ദുരിതവിശേഷത്തിനുള്ള പരിപാകം. 21

നൃപനാകും താൻ സ്വജനം
കൊടിയതപസ്സാൽ ഗ്രഹിച്ച ദിവ്യമണി
മോഷ്ടിച്ചെന്നു ജനാവലി
പറയുവതെങ്ങനെ സഹിക്കുമെൻ തനയൻ? 22

ദാശൻ പിശിതാംശത്താൽ
സാശൻ പിശിതാന്തരം ഗ്രഹിപ്പതുപോൽ
ദിനമണിയൊരു മണിയാലി-
ധരണീമണിയെ ഗ്രഹിച്ചുവോ? കഷ്ടം! 23

ദുർല്ലഭമാകും ഗുണഗണ-
മെല്ലാമൊരുവന്നു ചേർന്നുവന്നീടിൽ
ഇല്ലവനായുസ്സെന്നൊരു
ചൊല്ലിനു പഴുതില്ല തെല്ലുമെന്നായോ? 24

അഴകധികമെഴും വസ്തുവി-
നരുളാ നിലനില്പു ദീർഘമായ് ദൈവം;
അതിമഞ്ജുളമാം മഴവി-
ല്ലരനിമിഷംകൊണ്ടു മാഞ്ഞുപോമല്ലോ. 25

പെററവളെന്നാലും മമ
പേരിയലും ബാലലീല നുകരാനും
പററീലയ്യോ! ഭാഗ്യം;
പാപിജനത്തിന്നു താപമേ ഭോഗ്യം. 26

എന്നാലവനെൻസന്നിധി-
തന്നിലണഞ്ഞതുമുതൽക്കിതേവരെയും
എന്മാനസമവഗീത-
ബ്രഹ്മാനന്ദം സുഖിച്ചുതാൻ വാണു. 27

കുഴിയുണ്ടാകും കുന്നിനു
നിഴലുണ്ടാകും വിളക്കിനവ്വണ്ണം
മഴയുണ്ടാകും വെയിലി-
ന്നഴലുണ്ടാകും സുഖത്തിനും പിറകേ. 28

മകനേ! നിന്നെ വെടിഞ്ഞിഹ
ഭുവനേ മരുവേണ്ട മാത്രപോലും മേ!
അരികിൽ വസിപ്പാനനുമതി
തരിക, വരുന്നുണ്ടു ഞാനിതാ പിറകേ. 29

മന്നിൽ വിളങ്ങുക മേലാൽ
മാനമോടേ നീയധർമ്മമേ! നിത്യം,
നിന്നുടെ നിർഭാഗ്യതപം
നിഖിലവുമിപ്പോൾ നിരസ്തമായല്ലോ." 30

ഈവിധമൊരുദിശി ദേവകി-
യാവിലതരയായി വീണുകേണീടവേ
പാവനി രുഗ്മിണിയുടെ വിളി-
യേവം കേൾക്കായി മററു ഭാഗത്തിൽ. 31

"മുന്നം ദുർഗ്ഗാവസതിയിൽ-
നിന്നും വന്നീടുമെന്നെ രഥമേററി
നിന്നെ വെടിഞ്ഞീടുകയി-
ല്ലെന്നുരചെയ്തതു മറന്നുവോ? നാഥാ! 32

എന്നെ വിഭോ! നീ വെടിയുകി-
ലെന്നുടെ ജീവനെ വെടിഞ്ഞിടും ഞാനും
എന്നെന്നുടെ മൊഴി ഭൂസുര-
നന്നു പറഞ്ഞതുമഹോ! മറന്നോ നീ? 33

മമ മുഖഭാവം മാറിയ-
മാത്രയിലന്നാൾ ഭവൽകരാംബുജവും
സഹജൻതൻഗ്രീവയിൽനി-
ന്നഹഹ! വിഭോ! മാറിയില്ലയോ മുടിയിൽ? 34

നിജമാമനിമിഷഭാവം
നിതരാം സഫലീഭവിച്ചിതെന്നേവം
അമരികളാനന്ദിപ്പതി-
നമരാശ്രയ! നീയണഞ്ഞുവോ വിണ്ണിൽ? 35

അഥവാ ഗുഹയതിലൂടെ-
പ്പാതാളത്തിൽ പ്രവിഷ്ടനായ ഭവാൻ
പവനാശനവനിതാജന-
വശനായധുനാ ഫണനാഭ! മരുവുന്നോ? 36

മധുരിമഗരിമാവിയലും
മധുരിപുവിൻമെയ്യോടൊത്തുചേൎന്നു മുദാ
മഹിതസുഖം മരുവീടും
മനമേ! നീയെന്തിനിന്നു മാഴ്കുന്നു? 37

ദഹനന്നിത്ര വിദൂരം
ദഹനത്തിന്നിടകൊടുപ്പതോൎക്കുമ്പോൾ
അണുപരിമാണം മനമെ-
ന്നരുളും കാണാദവാദമയഥാൎത്ഥം! 38

എന്നിൽ പ്രേമവിശേഷം
ചിന്നും മാതാവിനും പിതാവിന്നും
എന്നുടെ കഥയിതു കേൾക്കായ്-
വന്നിട്ടമ്മാത്രയെത്ര ദുസ്സഹമാം! 39

സോദരനിതുകേട്ടീടുകിൽ
മോദരസം താൻ വളൎന്നിടും നൂനം;
ഹാ! ദുരഹങ്കാരിജനം
മേദുരമാം പിടിവിടാ കപിക്കു സമം. 40

ശിശുപാല! ഭവാൻ മേലിൽ
ശീതളതരമാനസം വസിച്ചാലും
അശുഭമശേഷം തവ തീ-
ൎന്നാനന്ദത്തിന്നു കാലമായല്ലോ. 41

മാനി ഭവാനുടെ മഹിമകൾ
ഹാനി വരാതിഹ വിളങ്ങുവതു മേന്മേൽ
വാനിലിരുന്നതികുതുകാൽ
ഞാനിനി നിഖിലം നിരീക്ഷണം ചെയ്യേൻ. 42

അന്നു ഗിരീന്ദ്രസുതേ! ഞാൻ
വന്നടിവന്ദിച്ചിരന്ന വരമുടനേ
തന്നൊരുനീയെൻ ഖിന്നത-
യിന്നറിയുന്നില്ലയെന്നു വന്നിടുമോ? 43

വിധികുണ്ഡികയിലെ വെള്ളം
ദയിതകപർദ്ദത്തിൽനിന്നൊഴിച്ചീടാൻ
കഴിയാത്തവൾ നീയെന്നുടെ-
തലയിലെ വിധിലിപിയൊഴിപ്പതേതുവിധം?” 44

മധുരിപുവിനെയോർത്തരിയും
മനമൊട്ടു മണ്ണിൽ കിടന്നുരുണ്ടേവം
മുറവിളി കൂട്ടിത്രിഭുവന-
മാതാവാമവൾ മയങ്ങി മോഹത്താൽ. 45

അവളുടെ മുടിമുകിലും മുഖ-
മുഴുമതിയും മേനിമിന്നലും സഹസാ
അവനിയണഞ്ഞതു കണ്ടി--
ട്ടഖിലരുമുൽപാതഭീതി കൈക്കൊണ്ടാർ. 46

ഛായലഴിഞ്ഞൊഴുകിയലം
ചേലൊട്ടു ചുററിപ്പിണഞ്ഞ ചാരുപദം
പായലണഞ്ഞു പടന്നൊരു
പങ്കേരുഹമെന്നപോലെ ശോഭിച്ചു. 47

കണ്ണീരൊഴുകിയമൂലം
കലുഷീഭൂതം തദീയഗണ്ഡതലം
ആവിയണഞ്ഞാവിലമാം
കനകക്കണ്ണാടിയെന്നപോൽ വിലസി. 48

പിണ്ണിയുടെ സന്ധിയിൽ മുക്താ–
മണിമാലകൾ പൊട്ടിയൂർന്നവററിന്നുടൻ
അണിമുല'യിണയിൽ കണ്ണീർ–
കണികകളാദേശമായ് വിരാജിച്ചു. 49

കാതൊട്ടു വേർപെട്ടൊരു മണി–
കണ്ണിക മണ്ണിൽ പതിച്ചു നിഷ്പ്രഭമായ്
സ്വാമിനിയുടെയനുകരണം–
ചെയ്തിതു നിജസാധുവൃത്തതാനുഗുണം. 50

പൊന്നുടഞ്ഞാണിദ്ദശയിലു–
മുന്നതമാമൊളിവിടാതെ താൻ വിലസി,
താപം തട്ടുകിൽ മാത്രം
മൃദുവാം കഠിനൻ പരാർത്തിയോർത്തിടുമോ? 51

സഖിമാരെല്ലാമുടനതി–
സംഭ്രമമൊട്ടു നിലവിളിച്ചു പാഞ്ഞെത്തി
പൂമൃദുമേനിയെടുത്ത–
പ്പൂമെത്തയണച്ചു ബോധമുളവാക്കി. 52

ചിന്താസിന്ധുവിൽ നീന്തി–
ക്കിമപി സമാധാനമായിട്ടും ദ്വീപിൽ
പ്രാപ്തൻ ബലനഥ നിലയം
പരിതാപമയാഗ്നിപതിതമായ് കണ്ടാൻ. 53

ഉടനേ സംഭ്രമമോട-
ക്കൊടിയൊരഴൽത്തീ കെടുത്തിടുന്നതിനായ്
പടുതരമിഹ വർഷിച്ചാൻ
ചടുവചനോദകമിദം പ്രഗല്ഭവാൻ:— 54

"അരുതരുതിങ്ങനെ രോദന-
മുരുതരമാം ഹരിമഹത്ത്വമിഹ നിങ്ങൾ
ഒരു ലവവും കരുതാത്തതു
പെരുകിന വിസ്മയമെനിക്കു ചേർക്കുന്നു. 55

സാരാത്മാവാം സഹജനു
ചേരുകയില്ലാർത്തി തെല്ലുമൊരുനാളും;
സൂര്യൻതന്നോടണവാൻ
വീര്യം മഞ്ഞിന്നു സംഭവിക്കുവതോ? 56

പാതാളാദി ജഗത്തുകൾ
മാതാവിനു വായ്ക്കകത്തു കാട്ടിയവൻ
പാതാളത്തിൽ ചെന്നാൽ
ജാതാമയനായ് ഭവിക്കയുണ്ടാമോ? 57

വിഷധരപതി കാളിയനുടെ
വിഷമേൽക്കാതുള്ള ദിവ്യനവനോർത്താൽ
വിഷധരഭുവനപ്രാപ്തിയിൽ
വിഷമിപ്പാനില്ല തെല്ലുമവകാശം. 58

ഗിരികുലവരനൊടു കൂടി-
സ്സുരവരമദമുദ്ധരിച്ച ബാലകനെ
ഒരു സാധാരണനരനായ്-
ക്കരുതും കരളിൻവിവേകമതുലംതാൻ! 59

കാലനിൽനിന്നും ഗുരുവിൻ-
ബാലനെ വാങ്ങാൻ കഴിഞ്ഞ ദേഹത്തിൽ
കാലാമയമുളവാമെ-
ന്നാലോചിക്കുന്നതെത്ര ദയനീയം! 60

അഗ്നിയെ ഹന്ത! വിഴുങ്ങി-
ട്ടാർത്തികൾ നന്ദാദികൾക്കു തീർത്തോരവൻ
അഗ്നിമുഖന്മാർക്കെല്ലാ-
മഗ്രേസരനെന്നതാരറിഞ്ഞീടാ! 61

വരുമുടനേ വനജാക്ഷൻ;
തരുമാനന്ദം നമുക്കു നവമായി;
നിരുപമനവനൊടെതിർപ്പാ-
നരുതരുതൊരു ശത്രുവിന്നുമൊരുപൊഴുതും. 62

എങ്കിലുമിങ്ങനെയിങ്ങൊരു
സങ്കടമുളവാകയാൽ ശമിച്ചിഹ നാം
ശങ്കരസുകൃതത്തിൻ പദ-
പങ്കജയുഗളം ഭജിച്ചു വാഴേണം." 63

നിസ്സീമമായ കദനാംബുധിയിങ്കലേററം
നീന്തിത്തളർന്ന പുരവാസിജനാന്തരംഗം
രാമോക്തിയാം പവനനാലിതി നീതമായ് ശ്രീ
ദുർഗ്ഗാപദപ്ലവമണഞ്ഞു സമാശ്വസിച്ചു. 64

രേവതീശവസുദേവമുഖ്യരവരേവരും മഹതി ദേവകീ-
ദേവി രുഗ്മിണി തുടങ്ങിയുള്ള വനിതാജനങ്ങളുമനന്തരം
കാളിതൻെറ രുചി കാളിടുന്ന നിലയത്തിലെത്തിയ-
(വർതൻകടാ-
ക്ഷാളികൾക്കരിയ കേളി കാനനതയാ ഗ്രഹിച്ചു മരുവീ
ടിനാർ.

"പൌരവിലാപം" എന്ന പത്താംസർഗ്ഗം സമാപ്തം.

# പതിനൊന്നാം സർഗ്ഗം.

പിരിഞ്ഞു പൌരാവലി പോയവൎത്തയ-
ങ്ങറിഞ്ഞു വേഗാൽ പുരിയിങ്കലെത്തുവാൻ
തുനിഞ്ഞ ബന്ധുപ്രിയനായ മാധവൻ
കനിഞ്ഞു ചിന്തിച്ചു ഖഗേന്ദ്രനെത്തദാ. 1

അനന്തരം തൻസിതപീതകാന്തിയാൽ
ദിഗന്തരാളങ്ങളിൽ മിന്നൽ പൂശിയും,
അനന്ത കൌതുഹലവിസ്മയോദയം
ജവാന്തരംഗങ്ങളിലങ്ങു നൽകിയും. 2

വനങ്ങൾ ചെയ്തോരനുയാത്ര കാങ്കയാൽ
ചരങ്ങൾതൻ ചാലനമൊട്ടടക്കിയും
ഫണീന്ദ്രവൎഗ്ഗത്തിനു ഭീതിയെന്നപോൽ
ഫണീന്ദ്രശായിക്കതിമോദമേകിയും. 3

പടുത്വമോടേ വിനതാത്മവാഞ്ഛിതം
കൊടുത്തു തൻനാഥനു ചേൎന്ന ഭൃത്യനായ്
വിളങ്ങിടും ശ്രീവിഹഗാധിനായകൻ
വണങ്ങിനാൻ വന്നുവിനീതനായ് മുദാ. 4
(വിശേഷകം)

ഹരിക്കിരിക്കുന്നതിനായ് സിതാംബരം
വിരിച്ചപോൽ വെണ്മ കലൎന്നകണ്ഠവും
സുവൎണ്ണസാവൎണ്ണ്യമിയന്ന ഗാത്രവും
സുപൎണ്ണനിൽകണ്ടു തെളിഞ്ഞു സൎവരും. 5

അണിഞ്ഞലങ്കാരഗണം നവീനഭാ–
സ്സിണങ്ങുമംഗങ്ങളിയന്ന കന്യയാൾ
അണഞ്ഞു ധാത്രീമദനന്റെ ചാരവേ
വിളങ്ങി നമ്രാനനയായ് മനോഹരം. 6

പിരിഞ്ഞു പോകുന്നിതു പുത്രിയെന്നതോ–
ർത്തെരിഞ്ഞിടും ചേതസി വേദജാലവും
തിരഞ്ഞു വാഴ്ത്തും ഹരിതൻഗുണാമൃതം
ചൊരിഞ്ഞൊരാശ്വാസമിയന്നു ജാംബവാൻ. 7

അണഞ്ഞുവീണ്ടും മകൾതന്റെ പൂവൽമെയ്
പുണർന്നു മൂർദ്ധാവിൽ മുകർന്നനേകധാ
അണിഞ്ഞു കണ്ണീർ കപിമൌലി ഗൽഗദം
പിണഞ്ഞു ഗീരാലഥ യാത്രചൊല്ലിനാൻ. 8

ഖഗാധിനാഥോപരി കാമ്യഗാത്രിയെ–
ക്കരേററി മന്ദം, കരുണാമൃതോക്ഷിതം
കടാക്ഷമാല്യം ജനതയ്ക്കു ചേർത്തുടൻ
കരേറി കാന്തം മണിയേന്തി മാധവൻ. 9

വിശാലപക്ഷങ്ങളെ വീശി മെല്ലവേ
വിഹായസത്തിന്നു വിഭൂഷയാംവിധം
വിഹംഗമേശൻ വിലലാസി ലോകർതൻ–
വിലോചനശ്രേണിയൊടുൽപതിച്ചുതേ. 10

ഉയർന്നു പാരം ദിവി പത്രിനായകൻ
പറന്നനേരം ഹൃദി ഭീതിയേററവും
കലർന്ന തണ്ടാർമിഴിയാഴിവർണ്ണനെ–
പ്പുണർന്നുകൊണ്ടാൾ പുളകോൽഗമാഞ്ചിതം. 11

നവോഢയാലൂഢഭയം സ്വയംകൃതം
നവീനമാലിംഗനമാന്നമാത്രയിൽ
മനസ്സിനാലബ്ധജരാജനെത്തുലോ–
മനുഗ്രഹിച്ചാൻ ദനുസൂനുസൂദനൻ. 12

അധോഗമിക്കുന്നിതതീവ വേഗമോ–
ടഹോ! ധരിത്രീതലമെന്ന ചിന്തയാൽ
വളന്ന തന്വീഭയമായിടും തമ–
സ്സകന്നു ഗോവിന്ദമുഖേന്ദുകാന്തിയാൽ. 13

സ്ഫുരിക്കുമക്കാഭയിലീവിധം മുദാ
തിരിക്കുമക്കാമ്യകളേബരത്രയം
ചരിക്കുമാഖണ്ഡലചാപഖണ്ഡമാ–
യിരിക്കുമോ എന്നു നിനച്ചു കാണികൾ. 14

വിളങ്ങി വിണ്ണോർകളവക്കു മേൽ തദാ
ചൊരിഞ്ഞ മന്ദാരസുമങ്ങൾ ഭംഗിയിൽ
തെളിഞ്ഞിടും വിഷ്ണുപദാധിദേവത–
യ്ക്കെഴുന്ന മന്ദസ്മിതമെന്നപോലവേ. 15

പതിച്ചിടും ദിവ്യസുമങ്ങൾ നവ്യമായ്
വഹിച്ചൊരാമോദഭരം ഗ്രഹിക്കവേ
തദീയമാകും മനതാരുമീർഷ്യയാൽ
വഹിച്ചിതാമോദഭരം നവം ധ്രുവം. 16

മനസ്സിനുത്സാഹവിലാസമേകുമ–
മ്മഹീതലത്തിൻെറ മനോജ്ഞദർശനം
നിനച്ചുനീലാംബരസോദരൻ മുദാ
നിതംബിനീമൌലിയോടേവമോതിനാൻ:— 17

“കൃശാംഗി! കണ്ടീടുക ദൂരവേ പരം
കൃശീഭവിക്കും തവ താതമന്ദിരം
അതിന്നടുക്കൽ ഗിരി ഹേമശൃംഗമാ-
ണതീവ കാന്ത്യാ വിലസുന്നതോമലേ! 18

ഉയൎന്ന പീഠങ്ങൾ കണക്കു മിന്നിടും
സുവൎണ്ണശൃംഗങ്ങൾ വഹിക്കുമിഗ്ഗിരി
ഇരുന്നുപോകാ, മിതി രശ്മിമാലിയോ-
ടിരന്നിടുന്നുണ്ടതിനില്ല സംശയം. 19

അതിൻെറയത്താഴ്‌വരയിങ്കലാണു നിൻ-
പിതാവു സിംഹത്തെയെതിൎത്തു കൊന്നുടൻ
ഹരിച്ചതീനമ്മുടെ യോഗഹേതുവായ്-
ഭവിച്ച ഭാസ്വന്മണി ഭാമിനീമണേ! 20

വളൎന്നതിന്നിപ്പുറമിങ്ങു കാണുമീ-
വനത്തിൽ വച്ചാണു വരോരുഹീരമേ!
പ്രസേനനെക്കേസരി ഹിംസചെയ്തതും
പ്രദീപ്തമാമിമ്മണി കൊണ്ടുപോയതും. 21

ഗതന്നു സത്രാജിതനായ യാദവ-
ന്നചേതനം കാഞ്ചനമേകിയേററവും;
എനിക്കഹോ! സമ്പ്രതി തന്നതോൎക്കുകിൽ
സചേതനം കാഞ്ചനഖണ്ഡമാണെടോ! 22

സ്ഫുരിക്കുമോമൽപ്രഭകൊണ്ടു പൂൎണ്ണമാ-
യിരിക്കുമീ നന്മണി മൂന്നുമാതിരി
ഹരിസ്വമായ്ത്തീൎന്നു പാൎക്കിൽ മാനസം-
ഹരിപ്പതാശ്ചൎയ്യമതല്ലതെല്ലുമേ. 23

പുരാ വനേ 'സംഗമനീയ' രത്നമ-
പ്പുരൂരവസ്സിന്നുകൊടുത്തു കാന്തയെ,
ഇഹാമലേ! നിന്നെയെനിക്കു നൽകിയി-
സ്സ്യമന്തകം; രത്നഗുണം മഹത്തരം. 24

വിരിഞ്ഞ കാശപ്രസവങ്ങളിൽ പരം
വിളങ്ങിടും വെണ്മ വഹിച്ചുകൊണ്ടിതാ!
ഗിരീന്ദ്രപാർശ്വങ്ങളിൽ നിന്നു മന്ദമി-
ങ്ങുയർന്നിടും ധൂമികയെത്രകോമളം. 25

സമുന്നതന്മാരുടെ സംശ്രയത്തിനാ-
ലമന്ദനൈർമ്മല്യമിയന്നവൻ; ക്രമാൽ
ഉയർന്നു ലോകക്കരുളുന്നു മോദമെ-
ന്നിതിന്നു ചൊല്ലുന്നു നിജപ്രവൃത്തിയാൽ. 26

പുരൈവനിൻ കുന്തളമാത്തകാന്തിയാ-
ലധഃകരിച്ചോരസിതാഭ്രമാലയെ
ഉയർച്ചകൊണ്ടിന്നുമധഃകരിക്കയാ-
ലതങ്ങു മണ്ടുന്നിതധീരമായിതാ! 27

അതാ! സിതാഭ്രത്തിനു മേലിലേറിയ-
സ്സിതേതരാഭ്രം വിലസുന്നു നിർഭരം
ഹരൻെറ വെണ്ണീറണിമാറണഞ്ഞൊര-
ഗ്ഗിരീന്ദ്രപുത്രീ കചജാലമെന്നപോൽ. 28

തരംഗഭ്രൂക്ഷേപണ വിളങ്ങിടുന്നതൻ-
കരങ്ങൾ നീട്ടുന്ന വരുന്നു നർമ്മദാ
അഖണ്ഡധാരം രസമുല്ലസിച്ചിടും
മുഖം സമർപ്പിപ്പതു കാൺക ശോഭനേ! 29

വിശാലഭാവം പരമുള്ളനാന്നോരാ—
വിശുദ്ധമായുള്ള തരംഗിണീമണി
സപത്നിമാരോട്ട സമാഗമിച്ചുതാൻ
സമുദ്രമെത്തുന്നു സദാ പ്രസന്നയായ്. 30

ഇതിന്റെ തീരേ ശരദിന്ദുദീധിതി—
ക്കിളപ്പമേകും മണലിൽ പുരാ സുഖം
ഇരുന്നു ശൈവാർച്ചനയുള്ളിലുററ ഗ—
ർവ്വിയന്നൊരപ്പങ്ക്തിമുഖൻ നടത്തവേ, 31

ഇതിൻ ജലൌഘം കൃതവീര്യസൂനുവിൻ—
ഭുജാസഹായത്തൊട്ടയൻ ചെന്നുടൻ
അവന്റെ ഗർവ്വന്ന മനസ്സൊടർഹണാ—
പദാർത്ഥമെല്ലാമവസിക്തമാക്കിപോൽ.(യുഗ്മകം)

വടക്കുഭാഗത്തു ഹിമാചലംവരെ—
ക്കിടക്കുമീടേറിയ പുണ്യഭൂമിയെ
അടക്കിരക്ഷിച്ചു വസിച്ചിട്ടന്നൊരീ—
നെട്ടക്കമേറും ഗിരി വിന്ധ്യമാണെടോ! 33

ഗഭസ്തിമാനോട്ട കയർത്തയന്നൊരീ—
യശത്തിനെത്താഴ്ത്തി നിജോക്തിഗൌരവാൽ
പരത്തി ലോകത്തിലഗസ്ത്യനെന്നപേർ
ഘടത്തിലുണ്ടായ മുനീശ്വരൻ പുരാ. 34

രസാതലത്തിന്നു തിരിച്ച വിന്ധ്യനാം
നഗേന്ദ്രനാകുന്ന ഭുജംഗനാഥനാൽ
ജലേശനെക്കണ്ടു വിസാരിതം മഹാ—
ഫണം കണക്കങ്ങയി കാങ്ക ഗഹ്വരം. 35

വിടന്ന നീലാംബുജപങ്ക്തിയെന്നപോൽ
പടന്നു കാണുന്നതു പാടലാധരേ!
പരന്ന കച്ഛോർവ്വിയിലങ്ങു ഭംഗിയായ്
നിരന്ന താലീശിഖരങ്ങളാണെടോ. 36

സുവർണ്ണരാജൽഫലമാലഭാരിയായ്
വിളങ്ങിടും കേരവിശേഷരാജിയാൽ
അവർണ്ണ്യശോഭം വിലസുന്ന സിന്ധുവിൻ-
തടങ്ങളെക്കാൺക തമാലകുന്തളേ! 37

തരംഗജാലങ്ങളടിച്ചു നീളവേ
ചൊരിഞ്ഞിടുംശംഖുകൾ തീരഭൂമിയിൽ
നിരന്നുമിന്നുന്നതു കണ്ണിനുത്സവം
തരുന്നു രാവിൽ ദിവി താരകാളിപോൽ. 38

സമീരസംശ്ലേഷമിയന്ന ശാടിയാം
ഛദത്തെ നന്നായി നിവർത്തി മഞ്ജുളം
മഹാതരിശ്യേനഗണം സമുദ്രമാം
വിഹായസാ, കാൺക, പറന്നിടുന്നിതാ! 39

മഹത്ത്വമത്യത്ഭുതമാവഹിക്കുമി-
ജ്ജലത്തിനീശൻ രവിതൻകരങ്ങളിൽ
ജഗത്തിനുജ്ജീവനമായ ജീവനം
കൊടുത്തയയ്ക്കുന്നു മുടക്കമെന്നിയേ. 40

അനന്തമേകോദ്ധ്യുപമാന നിർമ്മലേ!
നിനയ്ക്കിലൊററത്തരണിക്കുമാശ്രയം
ഇവങ്കലുണ്ടിങ്ങുഡുപാളിവേണ്ടപോ-
ലസംഖ്യമത്രേ തരണിവ്രജങ്ങളും. 41

ജനങ്ങൾനാനാവിബുധർച്ചെയ്തിടും
സ്തവങ്ങളേകൻ വിഭുവിങ്കലെന്നപോൽ
നഗങ്ങളോരോ വഴിവിട്ടിടുംനദീ-
ജലങ്ങളെത്തുന്നതിവങ്കലെപ്പൊഴും. 42

സ്വഭാവമോരോവിധമാർന്നു ഭിന്നരാ-
യകന്നു മേവുന്നജനങ്ങളെസ്സദാ
വഹിച്ചുമദ്ധ്യസ്ഥത, സൽപഥത്തിലേ-
യ്ക്കണച്ചിവൻ തമ്മിലിണക്കിടുന്നതേ. 43

നിരന്തരം താൻ കമലാഗമം തനി-
ക്കൊരന്തമില്ലാതുളവായിരിക്കിലും
ഉയർന്നിടുന്നില്ലൊരു തെല്ലുമേയിവൻ;
വരുന്നതോ ഗർവ്വു മഹാന്നുലക്ഷ്മിയാൽ. 44

സുരാധിരാജന്റെ ശരാസനം തെളി-
ഞ്ഞതാ! വിളങ്ങുന്നു നതാംഗി! കാൺക നീ
ജലാധിപൻതന്റെ പുരത്തിലെ പ്രഭാ-
വിലാസമാളുന്ന വളച്ചുവാതിൽപോൽ. 45

മികച്ചൊരല്ലിൽ ദവപാവകൻ പരി-
ഗ്രസിച്ചിടും പർവ്വതപംക്തിപോലിതാ
ജ്വലിച്ചുകൊണ്ടംബുധിമദ്ധ്യവർത്തിയായ്
ലസിപ്പതസ്സൽപുരമാണു ബാലികേ! 46

നിരന്ന സൌധങ്ങളിൽനിന്നു പാരമ-
ങ്ങുയർന്നു കാണുന്ന ശിരോഗൃഹാവലി
ഇളക്കമാളും കൊടിയായപാണിയാൽ
വിളിക്കയാം നമ്മെ വിശാലലോചനേ! 47

മദത്തൊടാരാമസമീരനെത്തി നിൻ-
കചത്തിലെസ്സൌരഭമേററസൂയയാൽ
എതിത്തതിൻബന്ധനചാരുഭംഗിയെ-
ത്തുരത്തുവാനായ് ത്തുനിയുന്നിതായപോൽ. 48

ഇവണ്ണമിത്തെന്നലുപദ്രവിക്കയാൽ
വിടുൻ ചിന്നും തവ ചൂണ്ണകുന്തളം
കലന്നിടുന്നു ബത! മഞ്ജിമാന്തരം;
ഖലൻെറ ദുർവ്വൃത്തി ഗുണിക്കു നന്മതാൻ. 49

വിശാലഭാവത്തെ വിഹായസംക്രമാൽ
വിടുന്നതും വിസ്മയനീയമാംവിധം
സമുദ്രമിങ്ങായതിനെഗ്രഹിപ്പതും
സമീക്ഷണീയം മദിരേക്ഷണാമണേ! 50

പുരന്ദരാരാതിമദം ഹരിക്കുവാൻ
പിറന്നൊരാ വാമനമൂത്തിപോൽ പുരാ
പരന്നു പെട്ടെന്നുയരുന്നതാകുമ-
പ്പുരം നിരീക്ഷിക്ക മരന്ദഭാഷിണി!" 51

ഇവണ്ണമോരോന്നരവിന്ദനേത്രയോ-
ടമന്ദമോതുന്നളവംബികാലയേ
നിരന്നുനിന്നീടിന പൌരസഞ്ചയം
മുകുന്ദനേത്രത്തെ ഹരിച്ചിതഞ്ജസാ. 52

ഭജിച്ചുമാദേവിയെ മൃഷ്ടമായ് മുദാ
ഭുജിച്ച ഭൂമീസുരർ ഭൂരിമംഗളം
ഭവിച്ചിടും നിങ്ങളിലെന്നു തൃപ്തരായ്
വദിച്ചതാവേളയിലായിരുന്നിതേ. 53

രമാവരമനോരഥം സപദി വൈനതേയൻഗ്രഹി-
ച്ചുമാനിലയചത്വരംപ്രതി പറന്നിറങ്ങീടവേ
സമാധികുതുകാത്ഭുതപ്രമദഹർഷതൃപ്തിത്രപാ-
സമാകുലർ സമസ്തരും മതിമറന്നു നിന്നീടിനാർ. 54

മന്ദം മരാളനടയാളെയിറക്കി മന്നിൽ
പിന്നാലെയമ്മണിധരൻഭഗവാനിറങ്ങി
വന്ദിച്ചുതൻഗുരുജനത്തെയുടൻ സമോദം
ചൊന്നാൻ കപീന്ദ്രഗൃഹതന്നിൽ നടന്നവൃത്തം. 55

പുണർന്നിതു പിതാക്കളും ബലനുമപ്പരാത്മാവിനെ-
പ്പുണർന്നിതജപൌത്രിയെജ്ജനനിയും മുദാ ഭൈഷ്മിയും
പണിഞ്ഞു പരമൻപദം പ്രജകളാകവേ, കണ്ണുനീ-
രണിഞ്ഞ നയനങ്ങൾതാനഖിലരും ധരിച്ചാർ തദാ. 56

"ചൊല്ലാർന്നോരപവാദവാരിധിമഥി-
ച്ചത്യുജ്ജ്വലം രത്നമി-
ന്നല്ലാർമൌലിയൊടാൻകൊണ്ടിഹ ഗുഹാ
സംവൃത്തവാർത്താമൃതം
ഉല്ലാസത്തൊടു കൊണ്ടുവന്ന സുമന-
സ്തോമത്തിനെല്ലാം കൊടു-
ത്തുല്ലാഘത്വമിയററിടുന്നു ഭുവന-
ക്ലേശാപഹൻ കേശവൻ." 57

"ഒരു ശരത്തിനു പക്ഷിയുഗ്മം കണ-
ക്കൊരു നടയ്ക്കിഹ രത്നയുഗംമുദാ
വിരുതൊടാന്നൊരു നമ്മുടെ തമ്പുരാൻ
പുരുഷകേസരിതന്നെയസംശയം." 58

"ആലോകനംപ്രതി മിഴിക്കതിലോഭമേകു-
മീ ലോലനേത്രയുടെ പുണ്യഗുണങ്ങളത്രേ
മാലോകരാരുമറിയാത്ത ബിലത്തിലെയ്ക്കി-
ബ്ഭൂലോകചന്ദ്രനെ നയിച്ചതു നിശ്ചയം താൻ." 59

"അപവാദമതാമുപരാഗമൊഴി-
ഞ്ഞതികാന്തിയൊടീ വിധുവിൻതിരുമെയ്
ഇഹ കണ്ടതുപാർക്കിൽ നമുക്കിയലും
ചിരസഞ്ചിതപുണ്യവിശേഷഫലം." 60

വൃദ്ധന്മാർകൾ യുവാക്കൾ വാർകുഴലിമാർ
ദേശാഭിമാനംപെട്ടും
ശുദ്ധന്മാരിവരീവിധം പലതരം
വാഴ്ത്തിസ്തുതിച്ചീടവേ
ബദ്ധാനന്ദഭരം സ്വബന്ധുസഹിതം
നാഥൻ നിജ പ്രാപ്തിയാ-
ലിദ്ധാനന്ദമഹോത്സവം പുരവരം
തന്നിൽ പ്രവേശിച്ചതേ. 61

ദേവസ്ത്രീകൾ വിയത്തിലും പുരവധൂജാലങ്ങളഭ്രംലിഹ-
പ്രാസാദങ്ങളിലുംനിരന്നു സരസം മാത്സര്യമാർന്നെന്ന-
പോൽ
ത്തൂകീടും വിവിധങ്ങളാകിയമലർക്കൂട്ടങ്ങൾമൂർദ്ധാവിലേ-
റ്റാകമ്രാഭനണഞ്ഞു തൻനിലയനം വിശ്രാന്തി-
തേടീടിനാൻ. 62

"പ്രത്യാഗമനം" എന്ന
പതിനൊന്നാം സർഗ്ഗം
സമാപ്തം.

# പന്ത്രണ്ടാം സർഗ്ഗം

ശ്രീമണാളനഥ രത്നമേകുവാൻ
ഭാമതൻജനകനാളയച്ചുതേ
അന്യനുള്ള മുതൽ നൽകിടുംവരെ-
ധന്യനുള്ളിലുളവായിടാ സുഖം. 1

മാധവൻ മണി നയിച്ച വാർത്തയ-
സ്സാധുവിൻെറ മതിയിൽ കടന്നുടൻ
ആധിയും വലിയ ഭീതിയും സമം
പ്രീതിയും കൃപയുമേകിനിർഭരം. 2

പോവതെങ്ങനെ? വിളിച്ചിരിക്കവേ
പോയിടാതെയിഹ വാഴ്‌വതെങ്ങനെ?
ഏവമോർത്തവശമായ് വിറയ്ക്കുമുൾ-
പ്പൂവൊടൊത്തു നടകൊണ്ടിതായവൻ. 3

മന്ദമന്ദമരവിന്ദനാഭിതൻ
മന്ദിരത്തിലഥ ചെന്നു യാദവൻ
മന്ദഹാസമുഖരാംജ്ജനങ്ങളാൽ
വന്ദിതൻ നൃപസദസ്സിലെത്തിനാൻ. 4

സീരപാണി വസുദേവമുഖ്യരും
പാരമുൽക്കലിക പൂണ്ട പൌരരും
സാരമായ മണിയും വിളങ്ങിയ-
സ്സാരസാക്ഷസഭയിൽ സഗൌരവം. 5

ശബ്ദലേശരഹിതം ഗഭീരതാ-
ശാലിയായി വിലസും സഭാന്തരേ
സഭ്യകർണ്ണകുഹരങ്ങളിൽ സുധാ-
സാരവർഷിയുരചെയ്തു മാധവൻ:— 6

“മാന്യരേ! മിഹിരദത്തമായൊരീ-
മഞ്ജുളാഭ കലരും സ്യമന്തകം
ചെയ്ത ചേഷ്ടകളെവർക്കുമത്ഭുതം-
ചേർക്കുമെന്നു പറയേണ്ടതില്ല ഞാൻ. 7

വാനരേശ്വരഗുഹാഗൃഹാന്തരം
ഞാനണഞ്ഞു രണമാടിയിമ്മണി
ആനയിച്ച ചരിതം കഥിക്കിലോ
നൂനമത്ര പുനരുക്തമായ്‌വരും. 8

രത്നഹാരി നൃപനെന്നു ചൊല്ലിടും
പ്രത്നമായ മൊഴിയോർത്തുനിർമ്മലൻ
യത്നമാർന്നിതു ലഭിച്ച ഭാഗ്യവാൻ
രത്നചോരതയെനിക്കു നൽകിനാൻ. 9

കള്ളനെന്ന ബിരുതാദൃശമേ ലഭി-
ച്ചുള്ള പൂരുഷനിരന്ന സാധനം
ലുപ്തമാകിലതെടുത്തതന്യനെ-
ന്നല്പവും കരുതിടുന്നതാരുവാൻ?. 10

കാരണാത്മകതലത്തിലെത്തുവാൻ
കാമമാർന്നമതി കാർയ്യവാരിയിൽ
മുങ്ങി മിക്കതുമിടയ്ക്കുവച്ചുതാൻ
പൊങ്ങിടുന്നു നിജലാഘവത്തിനാൽ. 11

ബാലി പണ്ടു നിജപാലനക്രിയാ–
ലോലനാം കിരണമാലിപുത്രനെ
ആലപിച്ചു രിപുവെന്നു, കൊല്ലുവാൻ
കാലസന്നിഭമണഞ്ഞതില്ലയോ? 12

'ശോകമഗ്രജനിലേശുകില്ല;—യി–
ങ്ങേകയായ് ഭവതി വാഴ്കയോഗ്യമോ?'
ഏവമോതിയൊരുദേവരൻ പരം
പാപിയെന്നവനിപുത്രി ചൊല്ലിനാൾ. 13

ഇത്ഥമുള്ളൊരയഥാർത്ഥധാരണാ–
വൃത്തമുണ്ടു പലതാർത്തികാരണം;
അഗ്രജാതമപവാദവും തഥാ
ചിത്രമെന്നു കരുതേണ്ടതില്ല നാം. 14

യാദവോത്തമസഖേ! ഭവാനിതിൽ
ഖേദമേതുമിയലേണ്ട സാമ്പ്രതം
സാദരം മണിവരം സ്യമന്തകം
മോദകാരണമിതാ! തരുന്നു ഞാൻ. 15

എന്നിലന്നു പല ദൂഷണം ഭവാൻ
ചൊന്നിരിക്കമതിതാപമൂലമായ്
ആയതിങ്കലണുവും വിരോധമു–
ണ്ടായതില്ല മമ, തത്വമോർക്കയാൽ. 16

മേലുമിമ്മണി വിളങ്ങിടട്ടെയു–
ജ്ജ്വലകാന്തിമധുരം തവാലയേ;
വേല ചെയ്തവനുതന്നെയായതിൻ–
കൂലിനൽകിടണമെന്നു സമ്മതം. 17

ധന്യശീല! തവ മാനസാംബരം
തന്നിലേറിയൊരു താപമൊക്കെയും
ഛിന്നമാക്കുക സുവർണ്ണവൃഷ്ടിയെ
ച്ചിന്നിടുന്ന മണിയായ ഭാസ്കരൻ." 18

ഇത്ഥമോതി വസുദേവപുത്രനാൽ-
ദത്തമാം മണിയനുഗ്രഹോപമം
യാദവൻ സവിനയം സദസ്യർത-
ന്നാദരത്തൊടെഴുന്നേറ്റു വാങ്ങിനാൻ. 19

ഒന്നുമാരൊടുമുരച്ചിടാതെയ-
മ്മന്നവൻ മണിയുമായ് നടന്നുടൻ
ചെന്നു തൻ നിലയനത്തിൽ മാധവൻ-
തന്നുദാരത നിനച്ചു മാഴ്കിനാൻ:— 20

"എന്തു ചൊൽകിലുമതാചരിക്കുവാൻ
ബന്ധമുള്ള കമലാക്ഷനന്നു ഞാൻ
ഹന്ത! രത്നമിതു നൽകിടാഞ്ഞതി-
നെന്തുവാൻ പ്രബലമായ കാരണം? 21

കോശരാശിയുടെ ദർശനത്തിലു-
ള്ളാശയാകിയ പിശാചിയാശയം
കൌശലത്തൊടു വശീകരിക്കയാൽ
നാശമാശു കുശലത്തിനെത്തി മേ. 22

ധർമ്മമെന്നതിനെ വിസ്മരിച്ചു ഞാ-
നർത്ഥമേ ശരണമെന്നുറയ്ക്കയാൽ
ശർമ്മഹീനത ഭവിച്ചിതീവിധം
വ്യർത്ഥമല്ല വിബുധാനുശാസനം. 23

സ്പഷ്ടമായി മണി വിഷ്ടപേശനാൽ
മൃഷ്ടമെന്നു പലരോടുമോതി ഞാൻ;
കഷ്ടമാർന്നു തിരക്കി വാങ്ങി മേ
തുഷ്ടനായവനുമേകിനാനഹോ! 24

ശത്രുഭാവമിയലുന്ന ലോകർതൻ—
ഹൃത്തിനെ പ്രതിപദം പിളർക്കുവാൻ
സത്വമുള്ള മതിമാനെടുത്തിടും
ശസ്ത്രമാവതനുകൂലവൃത്തിതാൻ. 25

കഷ്ടമെത്ര വളരെക്കടന്നു ഞാൻ
ദുഷ്ടഭാവമവനിൽ ചുമത്തിനേൻ!
ഇഷ്ടലോകവദനത്തിലിന്നിമേൽ
ദൃഷ്ടിയെങ്ങനെ നടത്തിടുന്നു ഞാൻ! 26

അച്യുതന്റെയതിരുച്യമായിടും
സച്ചരിത്രമനഭിജ്ഞനായ ഞാൻ
ദുഷ്ടമെന്നു നിരൂപിച്ചു യുക്തിയാൽ
ക്ലിഷ്ടനാം പുരുഷനന്നമെന്നപോൽ. 27

നീലവർണ്ണമൊഴിയാൽ പ്രദർശിതം
ബാലി സീതയിവർതൻ നിദർശനം
മാലെനിക്കുമുളവായിടും ദൃഢം
മേലിലെന്നു പറയുന്നതില്ലയോ? 28

ആകയാലധികഭീതിയേകുമി—
ശ്ശോകമാകെയകലത്തൊഴിക്കുവാൻ
പാകമുള്ളരിയ കൃത്യമൊന്നുടൻ
ചെയ്യവേണമതിനില്ല സംശയം. 29

എന്തിനാലൊഴിയുമെൻെറയീരജ—
സ്സെന്തിനാൽ കനിയുമംബുജേക്ഷണൻ
എന്തിനാൽ വരുമെനിക്കു നന്മ മേ-
ലെന്തിനാൽ ജനജുഗുപ്സ നീങ്ങിടും? 30

സത്യമേതുമറിയാതെ ചെയ്തൊരി—
സ്സാഹസം സകരുണം സഹിക്കുവാൻ
കൃത്യവേദി കപിമൌലിയാൽ കൃതം
കാൎയ്യമേ ദൃഢമെനിക്കുമാശ്രയം.” 31

എന്നുരച്ചഥ സമാശ്വസിച്ചവൻ
ചൊന്നു നന്ദനയൊടാത്മവാഞ്ഛിതം;
തന്വിതൻെറ പിതൃഭക്തിയാം ലത—
യ്ക്കന്നിദേശമൊരു നവ്യവൃഷ്ടിയായ്. 32

താതവാക്കു നിശമിച്ച മാത്രയിൽ
ജാതമായ പുളകാതിരേകവും
സ്ഫീതമാം വിറയലും മറയ്ക്കുവാൻ
കാതരാക്ഷി കഴൽ താണു കൂപ്പിനാൾ. 33

അത്രയല്ല വിപരീതമായ വൻ—
കാററു മാറിയനുകൂലമാകവേ
നാവികൻെറ ഹൃദയം വഹിച്ചിടും
ഭാവഭേദമവൾ പൂണ്ടു തൽക്ഷണം. 34

താഴതൻെറ മലർ കോഴ നൽകിടും
കേഴനേത്രയവൾ തൻ കളേബരം
ആഴിവണ്ണനെ നിനച്ചു വേണ്ടപോൽ
തോഴിമാരുടനലങ്കരിച്ചുതേ. 35

ഭൂഷണം കമനിതൻവപുസ്സിനോ
ഭൂഷണത്തിനഥവാ വപുസ്സതോ
ഭൂഷണത്വമിയലുന്നതെന്നക-
ത്തീഷലാർന്നിതു സഖീജനം തദാ. 36

നീണ്ടിരുണ്ട കുഴൽ കെട്ടി മഞ്ജുളം
വീണ്ടുമാളിയതു നോക്കി വേണ്ടപോൽ
ആനനാനുഗുണമായ് ചുരുക്കുവാൻ
ചെയ്ത വേല വിഫലീഭവിച്ചുതേ. 37

ഭാസുരപ്രഭ സമം വഹിച്ചിടും
ഭ്രൂക്കൾ തമ്മിലിടയാതിരിക്കുവാൻ
ചേർത്തു തോഴി മൃഗനാഭി ചിത്രക-
ച്ഛത്തമോടരിയ സീമലാഞ്ഛനം. 38

മേലിൽ ശല്ല ഹരിചന്ദനത്തിനാൽ
മേന്മ പൂണ്ടിടുമിതെന്നു ചൊന്നുടൻ
സന്നതാംസയുടെ മാറിൽ നന്മണം
ചേർന്ന ചന്ദനമൊരുത്തി ചാർത്തിനാൾ. 39

'വന്നുചേരുമതെനിക്കുമെന്നതി-
ത്തന്വിമുഗ്ദ്ധയറിയുന്നതില്ലഹോ!
എന്നു പുഞ്ചിരികലർന്നു കുന്തളം
കുന്ദമാല്യരുചിയേന്ന കൈതവാൽ. 40

ലാക്ഷയേകയൊരു കാലിൽ വേണ്ടപോൽ
തേച്ചുതീർന്ന സമയത്തിലന്യയാൾ
ചീർത്ത ശോഭ വിലസുന്ന നൂപുരം
ചാർത്തിവന്നു ചരണങ്ങൾ രണ്ടിലും. 41

നൂപുരാപ്തി കൃതപാദകാന്തിയിൽ
കണ്ണുവച്ച സഖി മററവൾക്കഹോ!
ലാക്ഷ തേച്ച കഴൽ പാണിയാലുടൻ
തൊട്ടുനോക്കിയറിയേണ്ടിവന്നതേ. 42

ഈവിധം വിവിധമാം പ്രസാധനം
ചെയ്തശേഷമഴകാമൊരാഴിയിൽ
മുങ്ങി നിൽക്കുമവൾ തൻെറ മെയ്യിനാൽ
നേത്രപാരണ നടത്തി തോഴിമാർ ' 43

‘പാൎത്തുതന്നെ ഹരിയോഗമീദൃശം
ചേൎത്തു മാധുരിയിവൾക്കു പത്മജൻ;
വ്യൎത്ഥമായ് വരികയില്ല സത്തർതൻ
യത്ന,മെന്നു നിരൂപിച്ചുതായവർ. 44

കത്തിടും കനകരത്നരാശിതൻ—
കാന്തിമാലകളണിഞ്ഞുകണ്ടുടൻ
പുത്രിതന്നുടൽ പുണൎന്നു ഗാഢമായ്
പുണ്യരാശി ജനയിത്രിയാൾ മുദാ. 45

“ഈശനേയുമതുപോലെ നാരിമാർ
കാന്തനേയുമനിശം ഭജിക്കണം
പേശലാംഗി! തവ കാന്തസേവനം
കേവലം മതിയവയ്ക്കു രണ്ടിനും. 46

ഭാഗ്യവൈഭവമിതിന്നു ഭൂഷണം
ബാലികേ! വിനയമാണതെത്രയും
ശ്ലാഘ്യമാംവിധമണിഞ്ഞുകൊണ്ടു നീ
ശാശ്വതം സുഖമിയന്നു വാഴുക.” 47

അമ്മയിങ്ങനെ സഗൽഗദം പറ-
ഞ്ഞംബുജേക്ഷണയെ യാത്രയാക്കിനാൾ;
സമ്മദവ്യഥകളോട്ടു യാത്രയെ-
സ്സമ്മതിച്ചു സഖിമാരുമാദരാൽ. 48

ഭൂഷിതാംഗിയഥ താതനേററവും
ചാരിതാൎത്ഥ്യമുളവാക്കിനാളവൾ
സൽകവീന്ദ്രനുപമാദ്യലംകൃതി-
പ്രൌഢയാം കവിതയെന്നപോലവെ. 49

സ്വൎണ്ണഹൃഷ്ടിയുമതീവകാമ്യമായ്
സ്വൎണ്ണ വൃഷ്ടിയുമഹോ! പൊഴിക്കയാൽ
വർണ്ണ്യമായ മണിയുഗ്മമോടവൻ
സ്വൎണ്ണമണ്ഡിതരഥത്തിലേറിനാൻ. 50

സിന്ധുജാവതരമായ് വിളങ്ങുമ-
സ്സിന്ധുജാനനയുമന്നു തേരിനെ
സിന്ധുജാശ്വനിവഹം വഹിച്ചുടൻ
സിന്ധുശായിവസതിക്കു മണ്ടിനാർ. 51

കണ്ട ലോകരഖിലം സ്തുതിപ്പതും-
കൊണ്ടു കൌതുകമിയന്നുകൊണ്ടവൾ
കൊണ്ടൽവൎണ്ണമണിസൌധപങ്ക്തിയെ-
ക്കണ്ടു മന്ദമഥ തേർനടത്തിനാൾ. 52

ചാരുകം ബലവിഭൂഷിതം രഥം
ഗോപുരം ബലയുതം കടന്നുടൻ
മേഘചുംബിതപതാകമുല്ലസൽ-
ഭൂരിഡംബരമണഞ്ഞു തൽഗൃഹം. 35

ആയതപ്പൊഴുതറിഞ്ഞുചെന്നു തൻ-
ജ്ജായമാരൊടെതിരേററു മാധവൻ
ശ്രീയനല്പമിയലുംഗൃഹാന്തരേ
പോയി മന്ദമവരോട്ടുകൂടവേ. 54

മകളെയരികിൽനിത്തി മുന്നിൽവെച്ച-
മ്മണി, മുരമഥി കൊടുത്തൊരാസനത്തിൽ
മതിതെളിവൊടിരുന്നു യാദവേന്ദ്രൻ
മധുരതരം വിനയം കലൎന്നുചൊന്നാൻ:— 55

"ഓരാതെ നിൻ മഹിമ കേശവ! ഞാൻ പറഞ്ഞ
ഗീരാകെ നീ കരുണയോടു പൊറുത്തിടേണം;
സാരജ്ഞരാം സുമതികൾക്കുളവാം വിരോധം
നീരിങ്കലിട്ട വരയെന്നു പറഞ്ഞുകേൾപ്പൂ. 56

അറിയാതിഹ ചെയ്തുപോയതായോ-
രപരാധത്തിനു തക്ക ശിക്ഷയായി
അനുതാപമതീവ തീവ്രമെന്നാ-
ലനിശംതാനനുഭൂതമായിടുന്നു. 57

അതിനാലധുനാ വിനാവിരോധം
മണിയോടെന്മകൾ സത്യഭാമയേയും
വിധിനാ നൃപനാം ഭവാൻ ഗ്രഹിപ്പാൻ
വിനയാധിക്യമിയന്നിരന്നിടുന്നേൻ." 58

ഏവം സത്രാജിത്തു ചൊന്നോരു ഗീരുൾ-
പ്പൂവിൽത്തിങ്ങീടുന്ന കാരുണ്യമോടെ
ദേവൻ കേട്ടിട്ടുല്ലസൽപ്രേമസാരം
ഭാവം കൈക്കൊണ്ടായവൻതന്നൊടോതി:— 59

"അന്നേ വൈരം തെല്ലുമില്ലെന്നു നേരേ
ചൊന്നേനല്ലോ രത്നമങ്ങേകിയപ്പോൾ!
ഇന്നേവം നീ തന്ന രത്നങ്ങൾ രണ്ടാ-
ലൊന്നേപോരും ധന്യരിൽ ധന്യനാവാൻ 60

കൃത്യം മാത്രം ചെയ്തു ഞാൻ തേ സഹായം
പ്രത്യേകം ചെയ്തില്ല തെല്ലെന്നിരിക്കെ
നാത്യംപാർത്താൽ പുത്രിയാളോടുകൂടി
പ്രത്യഗ്രം മേ നൽകി നീയാധമർണ്യം. 61

ആകയാലിവളജസ്രമെൻ്റെയും
ഭാസുരം മണിവരം ഭവാൻ്റെയും
ആലയങ്ങളിൽ വിളങ്ങി മേല്ക്കുമേൽ
ശ്രീവിലാസമരുളട്ടെ മംഗളം!" 62

വദിച്ചിവണ്ണം വനമാലി ഭാമയെ
ഗ്രഹിച്ചു രത്നത്തെയവന്നു നൽകിനാൻ
മികച്ചമോദത്തോടവൻ്റെ ഭക്തിയെ
ഗ്രഹിച്ചു മുന്നം ദിനനാഥനെന്നപോൽ. 63

സുരുചിരമണിയെശ്ശുഭം ത്രിലോകീ-
സുകൃതഫലത്തിലിവണ്ണമേകിമോദാൽ
സുരുചിരമണിയെ ഗ്രഹിച്ചുകൊണ്ട-
സ്സുമതിയഹോ! ഗൃഹമെത്തി പൂർണ്ണകാമം. 64

വധൂയുഗത്തിൻ്റെ വിവാഹകർമ്മം
വിധാതൃവന്ദ്യൻ പുനരംബുജാക്ഷൻ
വിധൂതദോഷത്വമെഴും മുഹൂർത്തേ
വിധിക്കു ചേരുന്നവിധം നടത്തി. 65

ഭൈഷ്മി ജാംബവതി ഭാമയും പയോ–
രാശിമദ്ധ്യഗതമായ മന്ദിരേ
ഭൂമിയാഴിമകൾ നീലമാൎകണ–
ക്കച്യുതാശ്രയമൊടേ വിളങ്ങിനാർ. 66

അന്നാരിമാൎക്കുള്ള തന്മക്കൾ നിത്യ–
മന്യോന്യമാത്സൎയ്യമിയന്നിരുന്നു,
എന്നാകിലും ഹന്ത! തദന്തരംഗം–
തന്നിൽക്കടന്നില്ലതു തെല്ലുപോലും. 67

ബോധിച്ചു ലോകരപവാദനിരാസ്പദത്വം,
ബോധിച്ചു സാഹസഫലം കപി യാദവന്മാർ
സാധിച്ചു നിൎമ്മലസുദൃഗ്ദ്വയവാഞ്ഛിതാൎത്ഥം
സാധിച്ചു സമ്പ്രതി മനോരഥമീവിധം മേ. 68

ഏവം കൃതാൎത്ഥത കലൎന്നു മഹാനുഭാവൻ
ദേവൻ ത്രിവൎഗ്ഗമതിലെന്നതുപോലെ നിത്യം
ദാരത്രയത്തിലൊരുപോലനുരക്തനായ് ശ്രീ
ദ്വാരാവതീപുരിയിൽ വാണു മുദാ ചിദാത്മാ. 69

"ഭാമാഗ്രഹണം" എന്ന

പന്ത്രണ്ടാം സൎഗ്ഗം സമാപ്തം.

ശുഭം.

ശ്രീ.

# കേശവീയടിപ്പണം.

## ഒന്നാം സർഗ്ഗം.

1 അൎത്ഥം=ഫലം. പൊരുൾ എന്നും. ആശ്രിതൎക്ക്=ഭക്തന്മാൎക്ക്. ധ്വനിപ്രസ്ഥാനത്തിൽ ഭാഷയെ പരിചയിച്ചവൎക്ക് എന്നും. വാണി=സരസ്വതീദേവി. കവിവാക്ക് എന്നും "രമണീയാൎത്ഥ" എന്നതുകൊണ്ടു് ഈ കാവ്യത്തിൽ "രമണീയാൎത്ഥപ്രതിപാദകശ്ശബ്ദം കാവ്യം" എന്ന സിദ്ധാന്തത്തെയാണു് അവലംബിച്ചിരിക്കുന്നതെന്നു സൂചിപ്പിച്ചിരിക്കുന്നു.

2 തമോപഹം=തമസ്സിനെ നശിപ്പിക്കുന്നതു്. തമസ്സ്=അജ്ഞാനം, ഇരുട്ടു് എന്നും.

4 കൃപാരസം=സ്ഥായിയായ കൃപ, കൃപയാകുന്ന ജലമെന്നും.

5 തദുപജ്ഞം=അവിടുന്നു് ആദ്യമായി അറിഞ്ഞു് ഏൎപ്പെടുത്തിയതു്. സാമഞ്ജസ്യമനോഹരം=യുക്തിയുക്തത്വം ഹേതുവായിട്ടു രമണീയം. നവ്യം=പുതിയതു്—പണ്ടുള്ള പണ്ഡിതന്മാർ ബുദ്ധിപൂൎവ്വം ആലോചിച്ചു സ്ഥാപിച്ചിട്ടുള്ള കാവ്യമാൎഗ്ഗം കാലക്രമേണ ദുഷിച്ചുപോയതായിക്കണ്ടു് ആവക ദോഷങ്ങളെ പരിഹരിച്ചു നവീകരിച്ചതു് എന്നൎത്ഥം. മതം=അഭിപ്രായം. അതാവിതു്—

i കാവ്യങ്ങളിൽ ദ്വിതീയാക്ഷരപ്രാസത്തിനു പ്രാസാന്തരങ്ങളേക്കാൾ പ്രാധാന്യം ദീക്ഷിച്ചിട്ടാവശ്യമില്ല.

ii ശബ്ദാലങ്കാരത്തെയല്ല, അൎത്ഥചമൽക്കാരത്തെയാണു് പ്രധാനമായി ദീക്ഷിക്കേണ്ടതു്.

iii കഥയുടെ മൎമ്മമായ അംശത്തെ പ്രധാനമായി പ്രതിപാദിക്കണം.

iv കഥയ്ക്കു് 'പരിണാമഗുപ്തി, എന്ന ഗുണം വരണം.

v ഉപിതങ്ങളായ പാത്രങ്ങളെ ബന്ധിച്ചു തൻമുഖേന ലോക സ്വഭാവത്തെ വൎണ്ണിക്കണം.

vi "നഗരാൎണ്ണവശൈലൎത്തു" ഇത്യാദികളായ എണ്ണങ്ങൾ എല്ലാം വൎണ്ണിക്കണമെന്നോ, ഇതിനു പുറമേ ഒന്നും വൎണ്ണിച്ചുകൂടാ എന്നോ ഇല്ല.

vii ഭാരവി കിരാതാൎജ്ജുനീയത്തിലും, മാഘൻ ശിശുപാലവധത്തിലും ചെയ്തപോലെ കഥാമൎമ്മത്തെ വിസ്മരിച്ച് പ്രസക്തിയോ പ്രാധാന്യമോ ഇല്ലാത്ത സംഗതികളുടെ ദീൎഘമായ വൎണ്ണനംകൊണ്ടു് ഓരോ സൎഗ്ഗവും നിറച്ചു കാവ്യത്തെ വൃഥാ സ്ഥൂലമാക്കരുതു്. ഉണ്ണാൻവേണ്ടി ജീവിക്കാതെ ജീവിക്കാൻവേണ്ടി ഉണ്ണേണ്ടതുപോലെ വൎണ്ണനയ്ക്കായിട്ടു കഥയെ ഉപയോഗിക്കാതെ കഥയ്ക്കായിട്ടു വൎണ്ണനയെ ഉപയോഗിക്കണം.

viii ഹൃദയംഗമമായ സാദൃശ്യമോ പ്രയോജനമോ ഇല്ലാത്ത നിലയിൽ വസ്തുക്കൾക്കു തമ്മിൽ ശ്ലേഷംകൊണ്ടു് ഔപമ്യം ചെയ്യരുതു്.

ix കാലദേശാദികൾക്കു് അനുകൂലങ്ങളോ അനുഭവസാക്ഷികങ്ങളോ അല്ലാത്ത സംഗതികളെ പൂൎവ്വകവിപ്രയോഗം മാത്രം പ്രമാണമാക്കി പ്രതിപാദിച്ചു് ഔചിത്യഭംഗം ചെയ്യരുതു്.

x കൈയുടെ പത്തു വിരലിലും മോതിരം അണിയുന്നതുപോലെ സാൎവ്വത്രികമായി അലങ്കാരം വേണമെന്നു ഭ്രമിച്ചു് ഉൽപ്രേക്ഷാദ്യലങ്കാരങ്ങളെ വലിച്ചുവാരി പ്രയോഗിക്കാതെ വസ്തുസ്ഥിതിയെ തന്മയത്വേന വിവരിക്കണം—ഇത്യാദി.

അഥവാ,

"പാദം നാലിലുമൊത്തുവെന്നു വരണം
 രണ്ടാമതാമക്ഷരം
വൃത്തം പൂൎത്തിവരായ്കിലോ വിടവട=
 ച്ചീടാം നിരൎത്ഥോക്തിയാൽ
യതിക്കേണ്ട യതിക്കു സംസ്കൃതപദം
 കുത്തിച്ചെലുത്താം നിറ-
ച്ചൎത്ഥം ചേൎന്നുവരും മറയ്ക്കു തനിയേ;
 ശ്ലോകം ചമച്ചേയ്ക്കണം"

എന്നുവയ്ക്കാതെ,

അന്യൂനാനതിരിക്തമായ് വിലസണം
ശബ്ദങ്ങളൎത്ഥങ്ങളും
പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനാ-
യൎത്ഥം കളഞ്ഞീടൊലാ,
ദോഷംനീക്കി വളച്ചുകെട്ടുകളൊഴി-
ച്ചൌചിത്യമോൎത്തോതണം
സൽകാവ്യോചിതമായ വസ്തു, വിവിധം
വ്യംഗ്യം വിളങ്ങുംവിധം.

എന്ന അഭിപ്രായം. ഈ മതത്തെ കഴിയുന്നതും അവലംബി ച്ചുകൊണ്ടാണു് ഈ കാവ്യത്തിൻെറ ഗതിയെന്നു താല്പൎയ്യം. സാഹസത്തിനായി എന്നതുകൊണ്ടു് ഈ മതം അനുസരിച്ചു കാവ്യം ചമയ്ക്കുന്നതിനുള്ള പ്രയാസത്തെ വ്യഞ്ജിപ്പിച്ചിരിക്കുന്നു.

7 മണിമാമല=മഹാമേരു.

8 പൃഥിവ്യാദികൾ=പൃഥിവി, ജലം, തേജസ്സ്, വായു, ആകാശം, മഹത്തത്വം, പ്രകൃതി എന്ന ഏഴാവൃതികൾ. പരചിൽപദം=പരബ്രഹ്മപദം, പാവനം=പരിശുദ്ധം. ഈ വിശേഷണം പുരത്തിനും, പരചിൽപദത്തിനും ചേൎക്കണം.

9 കനകസാലശ്രീ=പൊന്മതിലുകളുടെ കാന്തി. ഓവ്ൻ—ബഡവാമുഖാഗ്നി ഭ്രമം=ഉൽപ്രേക്ഷാവാചകം.

10 നില=തട്ടു്. ഉച്ചനില=ഉയൎന്നുള്ള നിൽപു്. വിണ്ണു്=സ്വൎഗ്ഗം. സംഘൎഷം=മത്സരം. പുരി അധികം ഉയൎന്നുനില്ക്കുന്നതു കണ്ടാൽ, “നിന്നെപ്പോലെ ഉയൎച്ച എനിക്കും ഉണ്ടു്. എന്നേക്കാൾ ശ്രേഷ്ഠതയുണ്ടെന്നു് നീ നടിക്കേണ്ട” എന്നു സ്വൎഗ്ഗത്തോടു മത്സരിക്കുന്നുവോ എന്നു തോന്നും. ഗമ്യോൽപ്രേക്ഷ.

11 “സുരസഞ്ചയം നിന്ദിച്ചാർ”—മലയാളഭാഷയിൽ അൎത്ഥത്തെ അനുസരിച്ചാണു് ക്രിയയിൽ വചനപ്പൊരുത്തം. “കുതുകമൊടുകപിനിചയമനിലജനെ മന്നിട്ടുകൂട്ടമിട്ടാൎത്തു വിളിച്ചുപോയീടിനാർ” (എഴുത്തച്ഛൻ) ഇത്യാദി പ്രയോഗം കാൺക. ഇവിടെ ദേവന്മാരുടെ സ്വവിഭവനിന്ദയായ വാച്യാൎത്ഥത്തെ ദ്വാരകയ്ക്കു സ്വൎഗ്ഗാതിശായിയായ മാഹാത്മ്യം ഉണ്ടെന്നുള്ള വ്യംഗ്യാൎത്ഥം കവിഞ്ഞുനില്ക്കുന്നതിനാൽ ഇതു “ധ്വനി”യാകുന്നു. “വാച്യാതിശായിനി വ്യംഗ്യേ ധ്വന്യസ്തൽകാവ്യമുത്തമം” എന്നു പ്രമാണം. വ്യംഗ്യഭേദങ്ങളെ പലടത്തും സ്വയം ഊഹിച്ചറിഞ്ഞുകൊൾക.

12 പ്രദർശനം=വിശിഷ്ടപദാർത്ഥങ്ങളെ ഒരു സ്ഥലത്തു ശേഖരിച്ചു് ജനങ്ങളെ പ്രദർശിപ്പിക്കുന്ന കാൎയ്യം. പുരിയുടെ സൎവ്വാതിശായിയായ സൌന്ദൎയ്യം വ്യംഗ്യം.

13 അനുത്തമം=യാതൊന്നിനെക്കാൾ ഉത്തമം ഇല്ലയോ അതു്. അസുരാന്തകൻ അനുജൻ ഈ ശബ്ദങ്ങൾ കൃഷ്ണനു സാപത്ന്യഖണ്ഡദാനം ചെയ്യുന്ന വിഷയത്തിൽ ഇന്ദ്രനുണ്ടാകാവുന്ന താല്പൎയ്യത്തെ ദ്യോതിപ്പിക്കുന്നു.

14 സരിൽപതി—സമുദ്രം.

15 കനിഞ്ഞു—മാധവൻ എന്നും, കനിഞ്ഞു—ഉമാധവൻ എന്നും പദച്ഛേദം. ഉമാധവൻ=ശിവൻ. വൃഷം=സുകൃതം (ശിവവാഹനമായ) കാള എന്നും. ശിവധാമത്വം=ശിവങ്ങളുടെ (മംഗളങ്ങളുടെ) ധാമം (ഇരിപ്പിടം) എന്ന അവസ്ഥ. ശിവന്റെ ധാമം (വാസസ്ഥാനം) എന്ന അവസ്ഥ എന്നും. വിനായകൻ=വികളുടെ (പക്ഷികളുടെ) നായകൻ—ഗരുഡൻ. ഗണപതി എന്നും

16 നന്ദി=കൃതജ്ഞത, നന്ദി എന്ന ശിവപരിചാരകൻ എന്നും. അളുന്ന=ഉള്ള. ഭരിക്കുന്ന എന്നും ഭൂതൌഘം=ജീവിസമൂഹം. പ്രമഥഗണം എന്നും. അളകാപുരസഖ്യം=അളകാപുരത്തോടുള്ള സഖ്യം. ദ്വാരകാപക്ഷത്തിൽ സാദൃശ്യം. കൈലാസപക്ഷത്തിൽ സാമീപ്യംകൊണ്ടുള്ള സഖ്യം, മഹാസേനാഭ=വലുതായസേനയുടെ ശോഭ; മഹാസേനന്റെ (സുബ്രഹ്മണ്യന്റെ) ശോഭ എന്നും ശ്ലേഷോത്ഥാപിതമായ രൂപകം.

17 ജലനൈൎമ്മല്യം വ്യഞ്ജിക്കുന്നതിനാൽ ധ്വനി.

19 നെഞ്ചു്=മനസ്സ്, മാറിടം എന്നും. ഉല്ലാസം=സന്തോഷം; ശോഭ എന്നും, മണിമാളിക=രത്നമയമായ മാളിക; (മണിമാലിക) രത്നമാല എന്നും സംസ്കൃതരീത്യാ ലളങ്ങൾക്കു് അഭേദം. മനോജ്ഞകം=അഴകു്. അലം=ഏററവും.

20 ദ്വാരകാനാരിമാൎക്കു് അപ്സരോതിശായിയായ സൌന്ദൎയ്യം വ്യഞ്ജിക്കുന്നതിനാൽ ധ്വനി.

22 കന്ദളം=മുള.

25 ഘനസാരം=പച്ചക്കർപ്പൂരം.

26 കൃഷ്ണൻ അനീതിബാധ (നീതികേടുകൊണ്ടുള്ള ഉപദ്രവം) കൂടാതെ നാടുവാഴവേ ഭൂതലം അനീതിബാധാകുലം (നീതി

കേട്ടുകൊണ്ടുള്ള ഉപവേത്താൽ ആകുലം) ആയി എന്നു വിരോധം. തജ്ജന്യമായ ആശ്ചര്യത്തെ "അഹോ" എന്ന ശബ്ദം സൂചിപ്പിക്കുന്നു. അനീതിബാധാകുലം= ഈതിബാധാകുലമല്ലാത്തതു് എന്നു പരിഹാരം. ഈതിബാധാകുലം—ഈതികൾകൊണ്ടുള്ള ബാധയാൽ ആകുലം. ഈതികൾ=അതിവൃഷ്ട്യാദികൾ. "അതിവൃഷ്ടിരനാവൃഷ്ടിർ മൂഷികാശ്ശലഭാശ്ശുകാഃ അത്യാസന്നാശ്ചരാജാനഷ്ഷഡേതാ ഈതയ സ്മൃതാഃ" വിരോധാഭാസം.

27 ആശേന്ദുമുഖിമാർ=ആശകൾ (ദിക്കുകൾ) ആകുന്ന ഇന്ദുമുഖിമാർ—സുന്ദരിമാർ.

28 കൃഷു ധാതുവിനു സത്താ എന്നർത്ഥം. നകാരത്തിനു് ആനന്ദം എന്നർത്ഥം. ഇവ ചേൎന്നു കൃഷ്ണശബ്ദം ഉണ്ടായി. "കൃഷിർഭൂവാചകശ്ശബ്ദോനശ്ച നിർവൃതി വാചകഃ തയോരൈക്യം പരബ്രഹ്മകൃഷ്ണ ഇത്യഭിധീയതേ" പ്രജകളിൽ സദാചാരവും തജ്ജന്യമായ സന്തോഷവും ഉണ്ടായിരുന്നു എന്നു ഭാവം.

29 ഗദാഗമം=ഗദ (രോഗ)ത്തിൻെറ ആഗമം, ഗദൻെറ (കൃഷ്ണാനുജൻെറ) ആഗമം, ഗദയുടെ (കൌമോദകിയുടെ) ആഗമം, എന്നും വിരോധാഭാസം.

30 ശൌല്ബികാദികൾ=ശൌല്ബികൻ (ചെമ്പുപണിക്കാരൻ) മുതലായവർ ആദിശബ്ദംകൊണ്ടു് "ഭ്രത്വാ ശൌല്ബികതഃ പ്രപദ്യരജകാനാഭാഷ്യപൌരാണികാൻ കായസ്ഥാനഭിഗമ്യസൂചക ഗണാനാലിംഗ്യ നത്വാ കവീൻ, കൃത്വാവാരവധൂജനൈഃ പരിചയം സ്ഥിത്വാ വണിക്ഭിശ്ചിരം ഭൂയശ്ചൈവ സുവൎണ്ണകാരഭവനേ സാനന്ദമാസ്തേമുഷാ" എന്ന ശ്ലോകപ്രകാരമുള്ള രജകാദികളെ യഥോചിതം ഗ്രഹിച്ചുകൊൾക. മുഷാനാമിക=മുഷാ (കളവു്) എന്നു പേരുള്ള, കദാചിൽകം=ചിലപ്പോൾ ഉള്ളതു്. കവികൾ ചിലപ്പോൾ അതിശയോക്തി ഉപയോഗിക്ക പതിവാണല്ലൊ. അന്നു വ്യാജം കാവ്യങ്ങളിലേ ഉണ്ടായിരുന്നുള്ളു എന്നു പരിസംഖ്യാനം.

33 സഹസാ=പെട്ടെന്നു്, ഇതുകൊണ്ടു് അദരാതിശയം വ്യഞ്ജിക്കുന്നു.

35 സാരസ്യവസതേ=സാരസ്യനിധേ. ഈ വിശേഷണം ഭൂസുരന്റെ ദൌത്യയോഗ്യതയെ സൂചിപ്പിക്കുന്നു.
36 വൃദ്ധസമ്മതം=പരിപകഹൃദയന്മാരായ മഹാത്മാക്കളാൽ സമ്മതം.
37 "സന്തുഷ്ടോ യദി വൎത്തേത ബ്രാഹ്മണോ യേനകേനചിൽ അഹീയമാനസ്വധൎമ്മാൽ സഹ്യസ്യാഖിലകാമധുക" എന്നു ഭാഗവതം.
39 സ്വലാഭതുഷ്ടി=ആത്മലാഭംകൊണ്ടുള്ള സന്തോഷം.
42 നിസ്താപം=താപത്തോടുകൂടാതെ. താപം=ദുഃഖം, ചൂടെന്നും.
43 സുമനസ്സുകൾ= തൃപ്തന്മാർ, ദേവന്മാരെന്നും.
45 മലർമാനിനി=(ലക്ഷ്മീദേവി) സിന്ധുജാതയെന്നു പ്രസിദ്ധം.
46 ഭാസ്സ്=ദീപ്തി, മായാം മാ (ലക്ഷ്മി) ആയിരിക്കുന്നു. മാ എന്ന പദത്തിന് ഒരു സ്വരമേയുള്ളു. അതിനാൽ ഹ്രസ്വം ഇല്ല. ശ്രീ ഭ്രൂ ഇത്യാദി കാൺക. അന്ത്യസ്വരത്തിനു ഹ്രസ്വം വരുന്നതു് ഒന്നിലധികം സ്വരമുള്ള ശബ്ദങ്ങളിലാണ്; അനേകാക്ഷരങ്ങളിലന്ത്യം കുറുകും (കേ. പാ. 355)
48 അചിരപ്രഭ = മിന്നൽപിണർ.
52 വണ്ടുകൾക്കു ചമ്പകപുഷ്പം വിരോധി എന്നു കവിസങ്കേതം.
53 നിശിതാശുഗം=മൂൎച്ചയുള്ള അമ്പു്
57 അനാഥയായി വലയുന്നു എന്ന അംശംകൊണ്ടു്, അങ്ങു നാഥൻ (ഭൎത്താവു്) ആയിരിക്കണം എന്ന അപേക്ഷ ഗൂഢമായി വ്യഞ്ജിക്കുന്നു.
59 വരാകി=ഭാഗ്യംകെട്ടവൾ; അതുകൊണ്ടു ഭാമയുടെ വിനയം ദ്യോതിക്കുന്നു.
61 സൎവ്വജ്ഞ, എന്ന സംബോധനംകൊണ്ടു ഞാൻ പ്രിയൻ ഇന്നാരെന്നു പറഞ്ഞിട്ടാവശ്യമില്ല എന്ന ഭാഗം സമർത്ഥിച്ചിരിക്കുന്നു.
64 കൃതാൎത്ഥനായ് താൻ പറഞ്ഞ വൎത്തമാനം കൃഷ്ണൻ കേട്ടതു കനിവോടും, തെളിവോടുംകൂടി ആകയാൽ ആനുകൂല്യം ഉണ്ടെന്നനുമാനിച്ചു വിപ്രൻ കൃതാൎത്ഥനായി എന്നു ഭാവം.
65 വൈയാകുലി=വ്യാകുലത. ഇതിനാൽ കൃഷ്ണന്റെ ദീനദയാലുത്വവും; അദ്ദേഹത്തിനു ഭാമയിലുണ്ടായ അനുരാഗവും

വ്യഞ്ജിക്കുന്നു. വൈയാകുലിയെ തട്ടത്തു എന്നതിനെ പുരുഷോത്തമൻ; എന്നു നാമം സമത്ഥിക്കുന്നു.

71 വൈദർഭിക്കു സമാനതാൻ=രുഗ്മിണിയെപ്പോലെ മാഹാത്മ്യമുള്ളവൾതന്നെ. രുഗ്മിണി എൻെറ ഭാൎയ്യയായിരിക്കുന്നതുപോലെ അവളും എൻെറ ഭാൎയ്യയായിരിക്കും എന്നാന്തരം അനാഥയായ്, എന്നു 57-ാംപദ്യത്തിൽ സൂചിപ്പിച്ച അപേക്ഷയ്ക്കു ഇതു മറുപടിയാകുന്നു.

74 തൽഭാരതീമയസുധാനദി=കൃഷ്ണൻെറ വാക്കാകുന്ന അമൃതനദി. നിരധ്വഖേദം= അധ്വശ്രമംകൂടാതെ.

75 ഉൽക്കണ്ഠ=ഇച്ഛാതിശയം. ഔൽസുക്യം=കാലാക്ഷമത്വം. ഇവിടെ ഔത്സുക്യം എന്ന ശബ്ദംകൊണ്ടു് കൃഷ്ണനു ഭാമയിൽ ഉണ്ടായ അനുരാഗത്തെ വ്യഞ്ജിപ്പിച്ചു് ഭാവിസംഭവങ്ങൾക്കു് ബീജാവാപം ചെയ്തിരിക്കുന്നു.

---

## രണ്ടാം സർഗ്ഗം.

1 സ്യമന്തകം....ചൊല്ലി, കൃഷ്ണൻെറ ആന്തരമായ ഉദ്ദേശ്യം ഭാമയെ സ്വദൎശനം കൊണ്ടു് അനുഗ്രഹിക്കണം എന്നായിരുന്നു എന്നു ഭാവം.

2 കൃഷ്ണൻെറ സൌന്ദൎയ്യാദി ഗുണാതിശയവും, തദ്ദ്വാരാ പൌരന്മാരുടെ രതിഭാവവും വ്യഞ്ജിക്കുന്നു.

3 ഇന്ദിന്ദിരമാല=വണ്ടിൻനിര

4 രുഗ്മിണിക്കു കൃഷ്ണദേഹത്തിൽനിന്നു് മാന്താർശരനെ=പ്രദ്യുമ്നനെ (പുത്രനെ) ലഭിച്ചിട്ടുണ്ടു്. അതുപോലെ വഴിയിൽ നിന്ന സ്ത്രീകൾക്കും അദ്ദേഹത്തിൽനിന്നു ദേഹദൎശനത്താൽ കാമോദയം ഭവിക്കയാൽ സാദൃശ്യം.

5 വേലാതിഗം=കരകവിഞ്ഞു എന്ന ക്രിയാവിശേഷണം. ചന്ദ്രികയിൽ സമുദ്രവൃദ്ധി പ്രസിദ്ധം.

6 നെഞ്ചു്=മനസ്സു്, മാറിടമെന്നും.

7 ശ്രീ=സമൃദ്ധി. കുതൂഹലസമൃദ്ധി മനസ്സിൽ നിറഞ്ഞിട്ടു മേല്പോട്ടുയൎന്നു് ഭാമാദേഹത്തെക്കൂടി ഉയൎത്തി. സുകുമാരം

മുട്ട എന്ന ദേഹവിശേഷണം ഉയരുന്നതിന് അനുകൂലമായിരിക്കുന്നു. കൃഷ്ണനെ ദൂരംമുതൽക്കേ കാണ്മാനായി ഭാമ മാളികയിൽ കയറി എന്നൎത്ഥം.

8 കള്ളനെപ്പിടിക്കാൻ പോകുന്നവർ കാൎയ്യാന്തരം നടിക്കപതിവാണല്ലോ.

9 അതിനോടുകൂടി മുകുന്ദനേത്രത്തോടുകൂടി ഭാമയും മുകുന്ദനും പരസ്പരം നോക്കി എന്നൎത്ഥം.

12 ചഞ്ചലാളി=മിന്നൽക്കൂട്ടം.

14 ഹരി=കൃഷ്ണൻ. സൂൎയ്യനെന്നും. പാദം=കാൽ. രശ്മിയെന്നും. ഇവിടെ സൂൎയ്യൻ രശ്മികൊണ്ടു ശുദ്ധിനൽകുന്നതുപോലെ എന്നുപമ വ്യഞ്ജിക്കുന്നു. ആത്മജന്മ മനോരഥത്തിന്=ഉള്ളിലുണ്ടായ ആഗ്രഹത്തിന്, ആത്മജന്മാവിന്റെ (മകളുടെ) (കൃഷ്ണനെ കാണണമെന്നുള്ള) മനോരഥത്തിനെന്നും. ഇവിടം മുതൽ 18-ാം ശ്ലോകംവരെയുള്ള സത്രാജിത്തിന്റെ വാക്കിൽ മകളുടെ കാൎയ്യംകൂടി അവിവക്ഷിതമായി വന്നുചേൎന്നിരിക്കുന്നു.

15 രത്നം=സ്യമന്തകം. കന്യാരത്നമെന്നും. ലോകബന്ധു=സൂൎയ്യൻ, ഈശ്വരൻ എന്നും ഭവാൻ ഗ്രഹിപ്പാൻ....നീ അറിയുന്നതിനായി അതു (മണി ലഭിച്ചകാൎയ്യം) പറവാൻ അങ്ങോട്ടു വരണമെന്നു ഞാൻ മുൻപേ വിചാരിച്ചിരുന്നു. അതു (ആ കന്യാരത്നത്തെ) നീ ഗ്രഹിപ്പാൻ (സ്വീകരിപ്പാൻ പറയുന്നതിനായി ഞാൻ വരണമെന്നു മുൻപേതന്നെ വിചാരിച്ചിരുന്നു എന്നും)

16 ആരാധ്യമാനം=പൂജിക്കപ്പെടുന്നതു്. ലാളിക്കപ്പെടുന്നതെന്നും. അതു്=മണി. കന്യാരത്നമെന്നും. കമലാവിലാസം=ലക്ഷ്മീവിലാസം—സമ്പൽസമൃദ്ധി. ലക്ഷ്മീദേവിയുടെ (വിലാസംപോലെയുള്ള) വിലാസമെന്നും.

17 കാമാനുകൂലം=ഇച്ഛാനുകൂലം മന്മഥാനുകൂലമെന്നും.

18 പ്രമദാകുലത്വം=സന്തോഷപാരവശ്യം. പ്രമദയെ (സുന്ദരിയെ) സംബന്ധിച്ചുള്ള ആകുലത്വമെന്നും. സൗഹാൎദ്ദവിശേഷം=ഇത്ര ശ്രേഷ്ഠമായ മണി സമ്പാദിച്ചുവല്ലോ എന്നു വിശേഷസ്നേഹം. മകളെത്തന്നതുകൊണ്ടുള്ള വിശേഷബന്ധുത്വം എന്നും.

19 വിധിപോൽ=മുറപോലെ ഇന്നപ്രകാരം വരുമെന്നുള്ള ഈശ്വരവിധിയെ അനുസരിച്ചെന്നും.
20 കൃഷ്ണന്റെ വാക്കിലും ഭാമാപരമായ അർത്ഥംകൂടി ധ്വനിക്കുന്നു.
21 ത്രിലോകീ മഹസ്സ്=സൂര്യൻ ഈശ്വരനെന്നും.
22 സ്ഥാനത്തിൽനിന്നു....ഭാമ അയോഗ്യനായ പുരുഷനോടു ചേരാതിരിക്കുന്നതിന് ഞാൻ ദൃഷ്ടിവയ്ക്കുമെന്നുകൂടി തോന്നുന്നു.
23 വാക്യഗുണം=വാക്യത്തിന്റെ ഗുണം (ഉൽക്കർഷം) ആകുന്ന ഗുണം (കയറ്) സമുദ്രത്തിൽ മുങ്ങി മണിയെടുക്കുന്നവർ കയറുകെട്ടുക പതിവ്.
24 മണിപ്രകാണ്ഡം=ശ്രേഷ്ഠമായ മണി.
26 രമണീയരൂപം=അതിശയേന രമണീയം. പ്രശംസാർത്ഥത്തിൽ രൂപപ്രത്യയം.
27 അത്=വിത്തം. ഇത്=സ്യമന്തകം. ഏവമാന്ന=ഇപ്രകാരം സമ്പാദിച്ചു.
29 അവങ്കലുണ്ടായിതസൂയഞായം=അവങ്കൽ ഞായമായി അസൂയയുണ്ടാകുന്നതു് പതിവാണെന്നർത്ഥം. ഞായശബ്ദയോഗത്തിൽ ഭൂതകാലം. കേൾക്കേണമവളെയിന്നാക്ക് ലഭിച്ചു ഞായം ഇത്യാദി പ്രയോഗം കാണുക.
31 സപത്നസന്ത്രാസം=ശത്രുഭയം. "രത്നഹാരീതു പാർത്ഥിവഃ" എന്നുണ്ടല്ലോ.
36 ചെന്താരിൽമാതിൻനിയതസ്വഭാവം=ലക്ഷ്മിയുടെ (ധനത്തിന്റെ) സഹജമായ ശീലം.
37 സന്താനമാർജ്ജിപ്പതിന്=(ധനം) ആർജ്ജിപ്പതിന്=സമ്പാദിക്കുന്നതിന് സന്താപം ഭവിക്കുന്നു. ആർജ്ജിച്ചിട്ടു രക്ഷിപ്പാൻ സന്താപം ഭവിക്കുന്നു ഇത്യാദി.
38 തദീയം=വിഷസംബന്ധി. സന്താപഗുണം=സന്താപം എന്ന ധർമ്മം. ഇവൾ=ലക്ഷ്മി; ധനം എന്നർത്ഥം. പാലാഴിമഥനത്തിൽ വാസുകി വമിച്ച വിഷത്തെ ശിവൻ പാനം ചെയ്തു എന്നാണ് ഭാഗവതം കിളിപ്പാട്ടിൽ കാണുന്നതു്. എന്നാൽ മൂലത്തിൽ പറയുന്നതു പാലാഴിയിൽനിന്നും വിഷമുണ്ടായി എന്നും അതിനെ ശിവൻ പാനംചെയ്തു എന്നുമാ

കുന്നു. "നിമ്മഥ്യമാനാദുദധേരഭൂദ്വിഷം മഹോല്ബണം ഹാലാഹലാഹ്വമഗ്രതഃ" (ഭാഗവതം)

40 മഹാമനസ്കൻ എന്നു മധുവൈരിയുടെ വിശേഷണം.

41 ഉത്തരപക്ഷം=ഒടുവിൽ പറഞ്ഞ അഭിപ്രായം—തരേണ്ടമെന്നില്ലിതിരുന്നിടട്ടെ. എന്നതു് ഉത്തരപക്ഷം—തീരുമാനം.

42 ജീവിതത്തിൽ സവ്വസ്വവും=ജീവിച്ചിരിക്കുന്നതിനാവശ്യമുള്ള സകല ധനവും ഭാമ എന്നുകൂടി തോന്നുന്നു.

45 നന്മകൾ=ശ്രേയസ്സുകൾ. നല്ല മകൾ എന്നും. ഭത്തൃത്വം=ഭരണകത്തൃത്വം. ഭത്താവു് (പതി) എന്നവസ്ഥയെന്നും.

46 കേവലമോത്തിടാതെ=ഭാവിയെക്കൂടി താൻ പറയുന്നു എന്നറിയാതെതന്നെ എന്നത്ഥം. വിധി=നിയതി—ബ്രഹ്മാവെന്നും.

49 വരേക്ഷണത്തെപ്പുണന്നു=കൃഷ്ണൻ ഭാമയേയും തിരിഞ്ഞു നോക്കി എന്നത്ഥം. അവരുടെ പരസ്പരാനുരാഗം വ്യംഗ്യം.

50 പാംസുവ്രജത്തെ=പൊടികളെ. ഭാമയ്ക്കു കൃഷ്ണനിലുള്ള അനുരാഗാധിക്യം വ്യഞ്ജിക്കുന്നതിനാൽ ധ്വനി.

51 പാദങ്ങൾ=കാലുകൾ രശ്മികളെന്നും. പരമാത്മരൂപം എന്ന വിശേഷണം സൂൎയ്യനും ചേക്കാം. "ആത്മേത്യാത്മവിദാം" എന്നുണ്ടല്ലോ. പത്മാലയോല്ലാസദൻ പത്മാലയയ്ക്കു (ലക്ഷ്മീദേവിക്കു്) ഉല്ലാസദൻ സന്തോഷപ്രദൻ. പത്മാലയങ്ങൾക്കു് (താമരപ്പൊയ്കകൾക്കു) ഉല്ലാസദൻ=വികാസത്തെ ഉണ്ടാക്കുന്നവൻ എന്നും നിലയം=ഗൃഹം അസ്തമയം എന്നും.

53 ജഡചാപലം=മൂഢന്റെ ചപലകമ്മം ജലത്തിന്റെ ഇളക്കമെന്നും, പയശ്ചാലനം=ജലത്തെ ഇളക്കുക. ഛലം=വ്യാജം, സമുദ്രം ജഡചാപലം കാണിക്ക എന്ന വ്യാജേന ജഡചാപലം ലോകത്തിൽ സാധാരണംതന്നെയാകുന്നു എന്നും അതു സോഢവ്യമാണെന്നും സൂൎയ്യനോടുപദേശിച്ചു എന്നത്ഥം. സാപഹ്നവോൽപ്രേക്ഷ.

54 വസു=ധനം രശ്മി എന്നും. പ്രതാപം=ഓജസ്സ്, ചൂടെന്നും. മിത്രദേവൻ=സൂൎയ്യൻ മിത്രശബ്ദംകൊണ്ടു് ഉപദേശകർത്തൃ

ത്വത്തിന് അനുകൂലമായ സുഹൃൽഭാവംകൂടി സ്ഫുരിക്കുന്നു.

55 ശ്രീ=സമ്പത്ത്, കാന്തി എന്നും.

56 സൗധാഗ്രഭാഗസ്ഥിതിക്കാണല്ലോ പൂർവ്വശ്ലോകോക്തമായ ഉപദേശം അധികം ആവശ്യപ്പെട്ടുന്നതു്. അതിനാൽ അവർ കാണത്തക്കവണ്ണം സൂര്യൻ വീണ്ടും നിന്നു എന്നർത്ഥം. ഭൂമി ഉരുണ്ടിരിക്കുന്നതിനാൽ അധസ്ഥിതന്മാൎക്കു മറഞ്ഞ സൂര്യൻ ഉപരിസ്ഥിതന്മാൎക്കു കുറേനേരംകൂടി ദൃശ്യനായിരിക്ക പതിവാകുന്നു.

57 പാദങ്ങൾ=കാലുകൾ രശ്മികളെന്നും.

58 സമീക്ഷിതൻ=കാണപ്പെട്ടിട്ടുള്ളവൻ, സമീക്ഷ്യൻ=കാണപ്പെടുവാൻ കഴിയുന്നവൻ. സുവൃത്തൻ=നല്ല ചരിത്രമുള്ളവൻ സുജനം. ഗോളാകാരൻ എന്നും, "സജ്ജനവിയോഗകാലേ ഭവന്തി തീവ്രാണിദുഃഖാനി" എന്നുണ്ടു്. സായാഹ്നത്തിൽ സമുദ്രതീരത്തിലോ മറ്റോ നിന്നുകൊണ്ടു് മന്ദമന്ദമായി അസ്തമിക്കുന്ന ആ ത്രൈലോക്യദീപത്തെ കാണുന്നവൎക്കു് അസ്തമയാനന്തരം ഒരുൽക്കണ്ഠ മനസ്സിൽ തോന്നുക സഹജമാകുന്നു.

59 ശ്വാസനപ്രഭേദം=ശ്വാസവികാരം. കാററിൻെറ വ്യത്യാസം എന്നും. കഴിഞ്ഞിടുന്നു=മരിക്കുന്നു, തീരുന്നു എന്നും.

61 വിഭാവസു എന്നു് സൂര്യനും അഗ്നിക്കും പേരുണ്ടു്. വിളക്കുകൾ തെളിഞ്ഞു ഇരുളിനെ അകററി സന്ധ്യാസമയത്തെ പകൽപോലെ പ്രകാശിപ്പിച്ചതുകണ്ടാൽ വിഭാവസുവിനെ ഭയപ്പെട്ടു അകന്നിരുന്ന നീ ഇപ്പോൾ വിഭാവസു അസ്തമിച്ചു എന്നു വിചാരിച്ചു് ഇവിടെ വരാൻ ഭാവിക്കേണ്ട. വിഭാവസുത്വം ഞങ്ങൾക്കും ഉണ്ടു് എന്നു ദീപങ്ങൾ ഇരുട്ടിനോടു പറഞ്ഞുവോ എന്നു തോന്നും എന്നുൽപ്രേക്ഷ.

62 ഒരു സ്ത്രീ അണിയുന്നതുകണ്ടു് മറെറാരു സ്ത്രീയും അണിയാൻ തുടങ്ങി എന്നുകൂടി തോന്നുന്നു നക്ഷത്രങ്ങൾ പ്രകാശിക്കുന്നതിനു മുൻപുതന്നെ ദീപങ്ങൾ കത്തിക്കപ്പെട്ടു എന്നു താല്പര്യം.

63 പ്രഥമസർഗ്ഗാന്ത്യശ്ലോകത്തിൽ ഔൽസുക്യശബ്ദംകൊണ്ടു് ബീജാവാപം ചെയ്ത കൃഷ്ണൻെറ ഭാമാഗതമായ അനുരാഗം

അങ്കുരിച്ചു വളൎന്നു പുഷ്ടിയെ പ്രാപിച്ചു എന്നു് ഈ ശ്ലോകത്തിലെ ഉത്തരാൎദ്ധംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

---

## മൂന്നാം സൎഗ്ഗം.

1 "യൌവനശ്രീതരളാത്മ" എന്ന വിശേഷണം പ്രസേനൻെറ ഭാവിയായ ആപത്തിനെ സൂചിപ്പിക്കുന്നു.

3 മലർമാതു=ലക്ഷ്മി. ഇന്നിലയത്തെ=ഈ ഗൃഹത്തെ.

5 അസ്മൽ....ജാതം=നമ്മുടെ കുലത്തിൻെറ ഭാഗ്യമാകുന്ന ആകരത്തിൽ ജനിച്ചതായിത്തന്നെ തീൎന്നിരിക്കുന്നു.

6 മണി ധരിച്ചുകൊണ്ടു നായാട്ടു ചെയ്വാനാഗ്രഹിക്കുന്നു എന്നു ഭാവം.

8 മണിലാഭത്തെപ്പററി സ്തുതിച്ചതുകേട്ടു ഹൎഷം. മണി കൊടുക്കുന്ന കാൎയ്യത്തിൽ ക്ലാന്തി. ഹൎഷം=സന്തോഷം. വികാസമെന്നും, ക്ലാന്തി=പരവശത. വാട്ടമെന്നും, ഉദയാ....ദ്യുതി=ഉദയപൎവ്വതത്തിലും അസ്തമയപൎവ്വതത്തിലും ശോഭിക്കുന്ന ചന്ദ്രസൂൎയ്യന്മാരുടെ ദ്യുതി.

10 വിവേചനാസനാഥൻ=വിവേചനയോടുകൂടിയവൻ.

13 അഥ എന്ന പദം പക്ഷാന്തരത്തെ സൂചിപ്പിക്കുന്നു. അജൻ=ഈശ്വരൻ. ഒരു മരുഭൂമി.

16 കോവിദൻ=വിദ്വാൻ. ഈ വിശേഷണംകൊണ്ടു സത്രാജിത്തു പ്രസേനൻെറ ദുരാഗ്രഹനിയന്ത്രണസാമൎത്ഥ്യത്തെ ദ്യോതിപ്പിക്കുന്നു.

18 സ്ഥിത=മൎയ്യാദ.

19 പാളി=സമൂഹം. നിധനം=നാശം.

22 വിണ്ണിൻമണി=സൂൎയ്യൻ. "ദ്യുമണിസ്തരണിൎമ്മിത്രഃ"യെന്നമരം. വതംസം=അലങ്കാരം. വൈകുന്നേരം മണി തിരിയെക്കൊണ്ടുവരാം എന്നൎത്ഥം.

24 സഹജപ്രതിപക്ഷതാഭയം=സഹജൻെറ ശത്രുത്വത്തിലുള്ള ഭയം.

25 അവ=ഭയവും ലോഭവും. അസു=പ്രാണൻ. സത്രാജിത്തിന്റെ ലോഭാധിക്യം വ്യംഗ്യം.

26 അധീതി=പഠിത്തക്കാരൻ. പ്രപദിക്ക=പ്രാപിക്ക.

29 അംബരാന്തം=ആകാശപ്രദേശം. വിലസത്തേവിഭാകരൻ =പ്രകാശിച്ചുകൊണ്ടിരിക്കുന്ന സ്യമന്തകമാകുന്ന സൂര്യൻ.

30 വാഗ്ഗുരാളി=വലക്കൂട്ടം.

32 അംഗജാതം=അവയവസമൂഹം. അതിപൌരുഷം=പൌരുഷത്തെ കവിഞ്ഞതു്. പൌരുഷം=പുരുഷപ്രമാണം. ഹേഷ (കുതിരയുടെ) ശബ്ദം.

33 കേസരം=കഴുത്തിലെ രോമം, വത്സ=നെഞ്ചു്.

35 പദക്രമം=നടത്ത. വാക്കുകളുടെ ക്രമം എന്നും ആശയം= ഉല്ലേഖം. അർത്ഥകല്പന.

38 പ്രസേനൻ=പ്രകൃഷ്ടമായ സേനയോടുകൂടിയവൻ എന്നു് യൌഗികാർത്ഥം.

39 ഹയരത്നമതിൽ= ആ ഹയരത്നത്തിൽ ഉത്തമാശ്വത്തിൽ, ദ്യുരത്നദത്തം=സൂര്യനാൽ കൊടുക്കപ്പെട്ടതു്. മണിരത്നം ശ്രേഷ്ഠമായ മണി. ജാതൌ ജാതൌ യദുൽകൃഷ്ടം തദ്രത്നമിതി കഥ്യതേ.

40 ഗമനത്തിന്റെ വേഗാതിശയം വ്യഞ്ജിക്കുന്നു.

44 ചലാചലം=ഇളകുന്നതു്.

46 പഞ്ജരബന്ധപാരവശ്യം=കൂട്ടിലിട്ടടച്ചാലുള്ള പരവശത.

47 പ്രഹിതം=അയയ്ക്കപ്പെട്ടതു്. ചലം=ഇളകുന്നതു്. അലം=ഏറ്റവും.

48 ഹരിദംഗനമാർ=ദിക്കുകളാകുന്ന സ്ത്രീകൾ. പടമന്ദിരം= കൂടാരം.

49 ജതുകപംക്തി=വാവൽക്കൂട്ടം.

51 ശല്യമൃഗങ്ങൾ=മുള്ളൻപന്നികൾ. ശല്യനിര=ശല്യങ്ങളുടെ കൂട്ടം. ശല്യങ്ങൾ=ഉടക്കളിയമ്പുകൾ.

52 വാഹദ്വിഷദാളി=പോത്തുകളുടെക്കൂട്ടം. വാഹജാലം=അശ്വസമൂഹം. കുതിരകൾ വേഗത്തിൽ പലവിധം ചാടിയോടി സഞ്ചരിക്കുന്നതു കണ്ടാൽ തങ്ങളുടെ ശത്രുക്കൾ (പോത്തുകൾ) അസ്ത്രമേറ്റു വിഷമിക്കുന്നതു കണ്ടുണ്ടായ സന്തോഷത്താൽ നൃത്തം ചെയ്യുകയാണോ എന്നു തോന്നുമെന്നു ഉൽപ്രേക്ഷ.

53 നവകോശനിഷണ്ണൻ=പുതിയ കോശത്തിൽ ഇരിക്കുന്നവൻ കോശം=ഭണ്ഡാഗാരം, ഉറയെന്നും. ഇതും അടവീനിവാസി എന്നതും ഖഡ്ഗത്തിന്റെയും ഖഗമൃഗത്തിന്റെയും ഗുരുലഘുത്വത്തെ സൂചിപ്പിക്കുന്നു. ഖഡ്ഗഘാതം=ഖഡ്ഗങ്ങളുടെ (വാൾപ്പുലികളുടെ) വധം.

54 നിയതസ്ഥലം=നായാട്ടിനായി മുൻപേ നിശ്ചയിക്കപ്പെട്ട സ്ഥലം. താൻ ഇരിക്കേണ്ടതായ സ്ഥലമെന്നും, സ്വസംഘം=തന്റെ കൂട്ടുകാർ തന്റെ ബന്ധുക്കളെന്നും, അപഥം=തെററിയ വഴി. ദുർമ്മാർഗ്ഗമെന്നും ക്രമത്തിലധികമായി രതിയിൽ (വിഷയസുഖത്തിൽ) പ്രവർത്തിച്ച ഒരുവൻ സ്വസ്ഥാനത്തേയും സ്വജനങ്ങളേയും വെടിഞ്ഞു ദുർമ്മാർഗ്ഗത്തിൽ പ്രവേശിച്ചു എന്നൊരർത്ഥംകൂടി സ്ഫുരിക്കുന്നതിനാൽ സമാസോക്തി.

56 തദാസ്യം=അവന്റെ മുഖം.

58 സമസ്തജിഷ്ണു=എല്ലാററിനേയും ജയിക്കുന്നതു്.

59 സിംഹനാദം=വീരധ്വനി. ഇതു് സിംഹം ചെയ്യുമ്പോൾ സിംഹത്തിന്റെ നാദംഎന്ന അവയവാർത്ഥവും യോജിക്കുന്നു.

60 അതു=സിംഹനാദം. അഗ്നി=ഭയം എന്നർത്ഥം.

62 സടാസമൂഹം=രോമക്കൂട്ടം. അധികായതി=ഏററവും നീളം.

63 ക്രൌര്യനികേതം=ക്രൂരതയ്ക്കിരുപ്പേടം. ദൃഢസംഗതി=ഉറപ്പുള്ള കെട്ടുപാടു്. ജിതവജ്രം=വജ്രത്തെ ജയിച്ചതു്.

66 ഊഢത്വരം=ത്വരയോടുകൂടി–വേഗത്തിൽ. നവാഖേടകേളീവിനോദം=പുതിയ ആഖേടകേളിയിലുള്ള രസം. ആഖേടകേളി=നായാട്ടാകുന്ന കേളി.

67 സത്വം=ജീവൻ. ഇവിടെ അർത്ഥംതോറും ഉപമിതിയെ വിവക്ഷിച്ചിരിക്കുന്നു. ഈ മാതിരി ഉപമയെ "വാക്യാർത്ഥോപമ" എന്നു ദണ്ഡി പറയുന്നു.

68 ഹരി=കൃഷ്ണൻ. വരിക്ക=ചോദിക്ക. ഹരി=സിംഹം.

# നാലാം സർഗ്ഗം.

3-4 ജാംബവാൻ നിസ്തുലപരാക്രമനായിരുന്നു എന്നർത്ഥം.

5 പതിവ്രതയ്ക്കു സപത്നയിൽ വിരോധമുണ്ടാക പതിവല്ല. വാൎദ്ധക്യംകൊണ്ടു് ജാംബവാനു ശക്തിക്ഷയം ഉണ്ടായില്ല എന്നർത്ഥം.

6 ഐന്ദ്രജാലികവിദ്യ—പെട്ടെന്നു വളൎന്നു ലോകത്രയം മൂന്നടിയായി അളന്നതു്. ആ സമയം ജാംബവാൻ പെരുമ്പറയും അടിച്ചുകൊണ്ടു വാമനനെ ഇരുപത്തൊന്നു പ്രാവശ്യം വലത്തുവെച്ചെന്നു പുരാണപ്രസിദ്ധം.

8 അസ്ത്രങ്ങൾ തിരിയെ പാഞ്ഞുചെല്ലുമ്പോൾ അവയുടെ തുവലിൽ വായുഘട്ടനത്താലുണ്ടാകുന്ന ശബ്ദത്തെ ആവലാതി പറകയായി നിർദ്ദേശിച്ചിരിക്കുന്നു. മാറിൻെറ ശിലാനിഷ്ഠുരത്വം വ്യഞ്ജിക്കുന്നതിനാൽ ധ്വനി.

10 വലീമുഖൻ=വലികൾ (ഞൊറികൾ) മുഖത്തിങ്കലുള്ളവൻ, കപി.

13 പിതാമഹകളത്രത്വം=പിതൃപിതാവിൻെറ ഭാൎയ്യാത്വം ബ്രഹ്മാവിൻെറ ഭാൎയ്യത്വമെന്നും. വാണി=സരസ്വതീദേവി.

14 ജാംബൂനദസവൎണ്ണയാൾ=സ്വൎണ്ണത്തോടു സമമായ നിറത്തോടുകൂടിയവൾ. മധൂളം=തേൻ പ്രഥമസൎഗ്ഗത്തിൽ ഭാമാകൃഷ്ണന്മാൎക്കു പരസ്പരാനുരാഗംനിൎദ്ദേശിച്ചതുപോലെ ഇവിടെ ജാംബവതിക്കു കൃഷ്ണനിലുണ്ടായിരുന്ന അനുരാഗത്തിനു ബീജാവാപം ചെയ്യുന്നു. ഇവൾക്കു് ആദ്യമുണ്ടായ ഭക്തിയാണു ക്രമേണ അനുരാഗമായി പരിണമിക്കുന്നതു്.

16 മുകുന്ദൻെറ=വിഷ്ണുവിൻെറ. അവതാരകഥാവലി=മത്സ്യകൂൎമ്മാദ്യവതാര കഥകൾ.

17 വസുദേവസുതൻ=കൃഷ്ണൻ. കഥ=പൂതനാമോക്ഷാദി.

21 ഉലകായ....രസം=അന്തൎയ്യാമിയായി ലോകത്തിൽ നിറഞ്ഞിരിക്കുന്ന ഭഗവാൻെറ സച്ചിദാനന്ദമയമായ സ്വരൂപം.

22 ജാംബവാൻ സാധാരണമായി കണ്ണു നല്ലതിന്മണ്ണം തുറന്നു നോക്കുക പതിവില്ല. വിശേഷസംഭവങ്ങളിൽ മാത്രമാണു് ഇങ്ങനെ ചെയ്യുന്നതു്.

24 രത്നാസ്യൻ=രത്നം ആസ്യത്തിൽ (വായിൽ) ഉള്ളവൻ. പഞ്ചാസ്യൻ=സിംഹം.

25 ഘൃണിശ്രേണി=രശ്മിസമൂഹം. സൂര്യരശ്മിയിൽ ചന്ദ്രപ്രകാശം മങ്ങുക പതിവ്.

26 ധ്വനി=ഉത്തമകാവ്യം. അസചേതസ്സ=സചേതസ്സ (സഹൃദയൻ) അല്ലാത്തവൻ. സഹൃദയൻ=കാവ്യഭാവനാപരിപക്വബുദ്ധി. പണ്ഡിതമ്മന്യൻ=താൻ പണ്ഡിതനെന്നു വൃഥാ വിചാരിക്കുന്നവൻ, സഹൃദയത്വം സിദ്ധിക്കാതെ തന്നിയെ വിദ്വാനെന്നഭിമാനിക്കുന്നവനു ധ്വനിയെ അറിഞ്ഞു രസിക്കാൻ കഴിയാത്തതുപോലെ നാൽക്കാലിയായ ഈ സിംഹത്തിനു മണിയുടെ മാഹാത്മ്യം അറിവാൻ ശക്തിയില്ല.

27 തന്റെ അവിവേകത്താൽ അവൻ ധ്വനിയെ നിസ്ത്രപം (നിർല്ലജ്ജം) ദൂഷിക്കുന്നതുപോലെ ഈ മൃഗം മണിയേയും ദൂഷിപ്പിക്കുകയേ ഉള്ളു. അതിനാൽ ഈ മണിയെ രക്ഷിക്കണം എന്നു് ജാംബവാൻ വിചാരിച്ചു എന്നർത്ഥം. രക്ഷണം ചെയ്യുമെന്നു വിചാരിച്ചിട്ടു് അരക്ഷണം (രക്ഷണംകൂടാതെ) നിന്നു എന്ന വിരോധവും അര....ക്ഷണം (സ്വല്പനേരം) നിന്നു എന്നു പരിഹാരവും.

28 കപികുഞ്ജരൻ=കപിശ്രേഷ്ഠൻ. കുഞ്ജര (ഗജ) ദർശനത്തിൽ സിംഹം കോപിക്ക പതിവ്.

32 ഭക്തിധനൻ=ഭക്തിയാകുന്ന ധനത്തോടുകൂടിയവൻ. ഇതിനാൽ മണി പെട്ടിയിൽ സൂക്ഷിക്കാതെ ബാലനു കളിപ്പാൻ കൊടുത്തതിന്റെ കാരണം ധ്വനിപ്പിച്ചിരിക്കുന്നു.

37 ഇടർ=ഉപദ്രവം, വ്യസനം. കൂടാതെ=ഉണ്ടാക്കാതെ.

38 നായകച്യുതി=സ്വാമിയുടെ (പ്രസേനന്റെ) വേർപാട്. നടുനായകമായ രത്നത്തിന്റെ വേർപാടെന്നു് അസ്തഹായമായി=വിഷണ്ണമായി. നിഷ്പ്രഭമായി എന്നും, ഹാരം=മുത്തുമാല.

39 അഭാവം=ഇല്ലായ്മ. മോഹം=വ്യാകുലത. അന്ധതമസം=കൂരിരുട്ട്.

40 ചാഞ്ചല്യം=ഇളക്കം. പാരവശ്യം എന്നും.

41 വിരഞ്ഞു=ബദ്ധപ്പെട്ടു. അവൻഗതി=അവന്റെ (പ്രസേനന്റെ) ഗതി.

43 സ്വരത്നം=തന്റെ രത്നം. നഭസ്സിന്റെ പക്ഷത്തിൽ സൂൎയ്യൻ, ഏതന്മനസ്സ്=ഇവന്റെ (സത്രാജിത്തിന്റെ) മനസ്സ്. മനസ്സിന്റെ പക്ഷത്തിൽ സ്വരത്നം—സ്യമന്തകം. തമസ്സങ്കുലം=തമസ്സു വ്യാപിച്ചതു്. തമസ്സ്=വിഷാദം, ഇരുട്ടെന്നും. അനുകലം=കലതോറും. കല=ക്ഷണത്തിന്റെ മുപ്പതിൽ ഒരു ഭാഗം സമയം. സൂൎയ്യാസ്തമയാനന്തരം ആകാശത്തിൽ ഇരുൾ എന്നപോലെ സത്രാജിത്തിന്റെ മനസ്സിൽ വിഷാദം അടിക്കടി വൎദ്ധിച്ചു എന്നൎത്ഥം.

46 മിന്നലിൽ ഇരുട്ട് ഒഴിയുന്നതും മിന്നൽ കഴിയുമ്പോൾ ഇരുട്ടു പൂൎവ്വാധികം വൎദ്ധിച്ചതായി തോന്നുന്നതും പതിവ്.

50 “ഇളകി” എന്ന ശബ്ദത്തിന്റെ ആവൃത്തി നായാട്ടിലുള്ള കോലാഹലത്തെ സൂചിപ്പിക്കുന്നു.

51 മണികണ്ഠൻ—മണി കണ്ഠത്തിൽ അണിഞ്ഞിട്ടുള്ളവൻ. പിണികൊണ്ടു=ആപത്തനുഭവിച്ചു.

53 ദുഃഖത്തോടുകൂടി വനംമുഴുവൻ അന്വേഷിച്ചു എന്നു വ്യഞ്ജിക്കുന്നതിനാൽ ധ്വനി.

56 ഭയവായു=ഭയമാകുന്ന വായു, അനുവേലം=കൂടക്കൂടെ.

60 അരുന്തുദം=മൎമ്മത്തെ പിളൎക്കുന്നതു്.

63 കരീഷതുഷവഹ്നികൾ=കരീഷവഹ്നിയും തുഷവഹ്നിയും. കരീഷം=ഉണങ്ങിയ ചാണകം, തുഷം=ഉമി. രൂപകം കൊണ്ടു താപകാഠിന്യം വ്യഞ്ജിക്കുന്നു.

66 ത്വത്സാഹസസമീരൻ=നിന്റെ സാഹസമാകുന്ന വായു. തൂലം=പഞ്ഞി.

68 സഹജസ്നേഹം=സ്വാഭാവികമായ സ്നേഹം.

70 തപനൻ=തപിപ്പിക്കുന്നവൻ സൂൎയ്യൻ.

75 മൂലം=ബീജം, ആപത്സാലം=ആപത്താകുന്ന വൃക്ഷം.

77 ആശകൾ—ആഗ്രഹങ്ങൾ. ദിക്കുകളെന്നും, അവനവന്റെ സ്ഥിതിക്കു് ഉൽക്കർഷം കൂടുംതോറും ആ ഉൽക്കർഷത്തിനു തക്കവണ്ണം ആഗ്രഹങ്ങളും വൎദ്ധിച്ചുവരുന്നതു മനുഷ്യസ്വഭാവമാകുന്നു.

ഒരുവൻ എത്രയെത്ര അധികംപൊക്കമുള്ള ദിക്കിൽ കയറിനില്ക്കുന്നുവോ അതിനതിനു്, അവൻ കാണുന്ന ദിക്കുകളും വിസ്താരമുള്ളവയായിത്തീരുന്നു എന്നും പ്രകൃതാപ്രകൃത

ശ്ലേഷം. ഔപമ്യം വ്യംഗ്യം. സ്ഥലാന്തരങ്ങളിലും ഇങ്ങനെ കണ്ടുകൊൾക.

78 ആയവ=ആയാഗ്രഹങ്ങളെ.

80 അയാചിതവ്രതന്മാർ=അയാചിതം (യാചിക്കായ്ക) എന്നുള്ള വ്രതത്തോടുകൂടിയവർ.

87 വംശം=കുലം, മുള എന്നും നിർഗ്ഗുണൻ=ഗുണമില്ലാത്തവൻ. ഗുണം=വിവേകം മുതലായതു്. ഞാണെന്നും നമ്രത്വം=വിനയം വളവെന്നും

88 ദിവ്യംജലം=മഴവെള്ളം.

90 വല്ലവവധൂവംശം=ഗോപസ്ത്രീകുലം.

94 ഹാല=മദ്യം. മദ്യത്തിനു ഹലിപ്രിയ (ഹലിക്കു=ബലഭദ്രനു പ്രിയ) എന്നു പേരുണ്ടു്.

97 "കടലാടി" എന്ന ശബ്ദം, അവയവാർത്ഥം ചേരാത്തതിനാൽ രൂഢമാകുന്നു. അതുപോലെ കാലന്റെ "ധർമ്മരാജൻ" എന്ന പേരു ധർമ്മം പ്രവർത്തിക്കായ്കയാൽ കേവലം രൂഢമായി എന്നർത്ഥം. "വ്യുല്പത്തിരഹിതാശ്ശബ്ദാ രൂഢാ ആഖണ്ഡലാദയഃ" എന്നു ഹേമചന്ദ്രൻ അധർമ്മിഷ്ഠനായ കൃഷ്ണൻ മരിക്കുന്നില്ലല്ലോ എന്നുള്ള വിചാരം ധ്വനിക്കുന്നു.

98 ഇദം—പൂർവ്വാർദ്ധത്തിൽ പറഞ്ഞ സംഗതി.

99 ഖണ്ഡിത (ഈർഷ്യാകലുഷിത) യായ നായികയുടെ പ്രവൃത്തികൂടി സ്ഫുരിക്കുന്നതിനാൽ സമാസോക്തി.

---

## അഞ്ചാം സർഗ്ഗം.

---

1 ആശയം=അഭിപ്രായം—കൃഷ്ണൻ മണി അപഹരിച്ചു എന്നതു്. ദവഹുതാശൻ=കാട്ടുതീ.

14 ഈഹിതംകണക്കു=ഇഷ്ടംപോലെ.

15 വദന്തി=ജനശ്രുതി. തേറിനാൻ=നിശ്ചയിച്ചു.

17 ഹരിമൂർത്തി=കൃഷ്ണന്റെ ദേഹം. കാളകൂടമയം=വിഷമയം

18 മാനുഷാ—"സംബോധനയിലന്ത്യദീർഘമനുലോപവും" (കേ. പാ. സൂ. 119) "ധരിക്കകൃഷ്ണാ! നളകൂബരൻ ഞാൻ" ഇത്യാദി കാൺക.

19 മുററും=വീണ്ടും.

22 സർവ്വനേത്രി=സർവ്വത്തേയും നയി (ഭരി)ക്കുന്നവൾ.

23 അനുതാപജാശ്രു=പശ്ചാത്താപംകൊണ്ടുണ്ടാകുന്ന കണ്ണുനീർ അവൾ=പ്രകൃതി. ഒരുവൻെറ സൽഗുണത്തെ തെററിദ്ധാരണയാൽ അന്യൻ ദോഷമെന്നു കരുതുന്നു. ഒടുവിൽ വാസ്തവം അറിയുമ്പോൾ താൻ ആ സൽഗുണത്തെ ദോഷമെന്നു കരുതിപ്പോയല്ലോ എന്നു വ്യസനിച്ചു കണ്ണുനീർ പൊഴിക്കയും, ആ സൽഗുണത്തെ പൂർവ്വാധികം തെളിഞ്ഞുകണ്ടു ബഹുമാനിക്കയും ചെയ്യുന്നു. ഈ ലോകനടപടിയെ ഉള്ളിൽവച്ചുകൊണ്ട് ആരോപിതമായ ദോഷത്തെ അശ്രുകൊണ്ടു കഴുകിക്കളഞ്ഞു സൽഗുണത്തിനു മാററു കൂട്ടുന്നു എന്നും, തെററിദ്ധാരണയ്ക്ക് ഈ ഒരു ഫലമാണ് പ്രകൃതി കരുതിയിരിക്കുന്നതെന്നും വർണ്ണിച്ചിരിക്കുന്നു.

25 സാരവാരിനിധി=വളരെ ശക്തിയുള്ളവൻ.

26 അനുവിഗ്രഹം=ദേഹത്തെ വഹിച്ചു. ബലഭദ്രനും ഉദ്ധവനും മൂർത്തിമത്തുകളായ കൃഷ്ണൻെറ വീര്യവും ജ്ഞാനവുമാണെന്നുൽപ്രേക്ഷിച്ചിരിക്കുന്നു.

30 ഉല്ബണം=സ്പഷ്ടം. കാററിനാൽ തീ വദ്ധിക്ക പതിവ്.

31 ഹൃഷ്ടത=പ്രസന്നത. തൻമുഖമതിങ്കൽനിന്നു=ബലഭദ്രൻെറ ആ മുഖത്തിൽ നിന്ന്.

32 താരമാംസ്വരം=അത്യുച്ചമായ ശബ്ദം.

37 അഖർവ്വം=വലുത്.

41 അജരമൂർത്തി=ജരയോടു (വയോഹാനിയോടു) കൂടാത്തതായ ദേഹം.

45 ജീവനൌഷധസ്ഥാനമാന്ന=ജീവനൌഷധം എന്ന സ്ഥിതിയെ അവലംബിച്ചിരുന്ന ലോകാപവാദഭയത്താൽ രാമൻ ഗർഭിണിയും പ്രാണാധികപ്രേയസിയുമായ സീതയെ കാട്ടിൽ ഉപേക്ഷിച്ചു എന്നു പറഞ്ഞതിനാൽ ലോകാപവാദത്തിൻെറ ഗണ്യതയ്ക്കുള്ള ആധിക്യം ധ്വനിക്കുന്നു.

46 കീൎത്തിയാകുന്ന നിലാവിന്നു രാവും പകലും ശോഭിക്കുക, ക്ഷയിക്കായ്ക, കളങ്കമില്ലായ്ക ഇവയാൽ സാധാരണ നിലാവിൽനിന്നു വ്യതിരേകം.

47 ആയതിന്നു=കീൎത്തിയാകുന്ന നിലാവിന്നു. കളങ്കം=മാലിന്യം ജീവശിഷ്യൻ=ഉദ്ധവൻ.

49 ശേഷവാണി=ശേഷാവതാരഭൂതനായ ബലഭദ്രന്റെ വാക്കു്.

52 തദീരിതം=അവരാൽ പറയപ്പെട്ടുന്നതായ. സൂത്രം=നൂൽ.

56 ആത്മകൎമ്മഫലമാം അവരവർ ചെയ്യുന്ന കൎമ്മങ്ങളുടെ ഫലമായ. ആത്മഭൂവു്=ബ്രഹ്മാവു്.

58 നൃശംസരാശി=ദുഷ്ടക്കൂട്ടം.

59 പൂൎവ്വമെങ്കിൽ=സത്യമായ ദൂഷണമാണെങ്കിൽ അതു മേലിൽ വരാതെ സൂക്ഷിക്കാം. അപരമെങ്കിൽ=അസത്യയമായ ദൂഷണമെങ്കിൽ അതു മിക്കവാറും തനിയെ നശിച്ചുപോകയും ചെയ്യും എന്നൎത്ഥം.

60 രുജ=രോഗം.

61 ദൂഷണാഭിധജലപ്രവാഹം=ദൂഷണം എന്നു പേരുള്ള—ദൂഷണമാകുന്ന—ജലപ്രവാഹം.

63 മൂലമായതു്=കാരണമായിട്ടുള്ളതു്. ഭ്രമം=തെററിദ്ധാരണ. ഇതു്—അങ്ങു് സ്യമന്തകം അപഹരിച്ചു എന്നതു്—നേരെന്നു് അവൻ കരുതുന്നു. ദൎപ്പണച്ഛായ (കണ്ണാടിയിൽ കാണുന്ന പ്രതിബിംബം) വാസ്തവമാണെന്നു ശിശു കരുതുന്നതുപോലെ.

64 ബീജം=വിത്തു്.

65 വേദനാന്ധതമസം—വേദനയാകുന്ന കൂരിരുൾ.

67 തൽഭ്രമം=അവന്റെ (സത്രാജിത്തിന്റെ) ഭ്രമം.

68 പെൺമണി=സീത. തന്മണി=അവന്റെ (സത്രാജിത്തിന്റെ) മണി.

69 സുജനകദനബീജം=സുജനങ്ങളുടെ ദുഃഖത്തിനു കാരണം. ഈ വിശേഷണം രജനീചരകുലത്തിനും ചേൎക്കണം.

70 സാഗ്രജന്മാ=ജ്യേഷ്ഠനോടുകൂടിയവൻ.

# ആറാം സർഗ്ഗം.

---

5 ശതാംഗം=രഥം. ചിത്രകം=തിലകം. വിദ്യുൽകമ്രാംഗിയാൾ=മിന്നൽപ്പിണർപോലെ മനോഹരമായ (മിന്നൽപ്പിണരിൻെറ നിറമുള്ള) അംഗത്തോടുകൂടിയ സ്ത്രീ.

9 നതങ്ങൾ=വളഞ്ഞവ. വിനമ്രർ=വിനമിച്ചിരിക്കുന്നവർ. വിനീതന്മാർ എന്നും.

10 താപത്രയം=ആദ്ധ്യാത്മികം, അധിദൈവികം, അധിഭൌതികം ഇവ. തുരത്തിത്തള്ളുക എന്നു ക്രിയ തരംഗത്തിനും കാണുക.

11 പക്ഷ്മമാലാകാന്തിച്ഛട=അക്ഷിരോമനിരയുടെ കാന്തിസമൂഹം.

12 നാസത്യയുഗ്മം=അശ്വനീദേവന്മാർ രണ്ടുപേരും. വിരാഡ്രൂപനായ ഭഗവാൻെറ നാസികയാണ് അശ്വനീദേവന്മാർ എന്നും, അവർ കാമസുന്ദരന്മാരാണെന്നും പുരാണപ്രസിദ്ധം. ക്രമോന്നതോരുത്വം=മേൽഭാഗത്തുനിന്നു കീഴ്പോട്ടു ക്രമേണ ഉയന്നും പരന്നും ഇരിക്കുന്ന അവസ്ഥ.

13 ഹീരപ്രകാണ്ഡം—ഉൽകൃഷ്ടമായ വൈരക്കല്ല്.

14 ഓമൽച്ചൊടി=അഴകേറിയ ചുണ്ട്.

15 നിപേയം=പാനംചെയ്യപ്പെട്ടുവാൻ യോഗ്യം.

16 പരഭാഗം=ഒന്നിനു വിപരീതഗുണമായ മറെറാന്നിനോടുള്ള സമ്പക്കത്തിൽ ഉണ്ടാകുന്ന ഗുണോല്ക്കർഷം. മുത്തണി=മുത്തുമാല. മുത്തണി=സന്തോഷപരമ്പര

17 അക്കാത്മജപാശം=കാലപാശം. മഹാതപത്രം=വലുതായകുട. ദണ്ഡം=കാൽ.

18 വന്ദാരു=വന്ദിക്കുന്നവൻ.

19 ഒരു ദന്തി=ഇന്ദ്രദ്യുമ്നൻ എന്ന പാണ്ഡ്യരാജാവ് അഗസ്ത്യശാപത്താൽ ഗജമായി എന്നും ത്രികൂടാചലസരസ്സിൽ വച്ച് നക്രത്താൽ പിടിക്കപ്പെട്ട ആ ഗജത്തെ ഭഗവാൻ കരയ്ക്കുകേററി രക്ഷിച്ചു എന്നു പുരാണപ്രസിദ്ധം. മറെറാരു ദന്തി=കുവലയാപീഡം എന്ന ഗജം.

20 ഒതുങ്ങി വാഴ്ക=വിനയത്തോടുകൂടിയിരിക്ക; ചുരുങ്ങിയിരിക്ക എന്നും. ലോകസ്ഥിതി=ലോകമൎയ്യാദ, ലോകങ്ങളുടെ ഇരിപ്പെന്നും.

23 മാനദണ്ഡം=അളവുകോൽ. ദൈത്യൻ=മഹാബലി. ലോകം മൂന്നടിക്കു തികയായ്കയാൽ ഭഗവാൻ ബലിയുടെ ശിരസ്സിൽ കാൽവച്ചു മൂന്നടി തികച്ചു എന്നു പുരാണം.

24 ആസേചനകം=ഒരിക്കലും മതിയെന്നു തോന്നാത്തതു്.

25 പാഥസ്സ്= ജലം, ഗംഗയെന്നൎത്ഥം. പൂമലർ=വികസിച്ച പൂവു്.

26 പത്മാകരം=താമരപ്പൊയ്ക. പത്മ (ലക്ഷ്മി)യുടെ കരമെന്നും. മിത്രാവനം=മിത്രൻെറ (സൂൎയ്യൻെറ) അവനം—രക്ഷണം—മിത്രകൎത്തൃകമായ രക്ഷണം മിത്രങ്ങളുടെ=ബന്ധുക്കളുടെ=ഭക്തന്മാരുടെ അവനം—മിത്രകൎമ്മമായ അവനം എന്നും. രാജാദരം=രാജാവിൻെറ (ചന്ദ്രൻെറ) ബഹുമാനം; രാജാക്കന്മാരുടെ ബഹുമാനം എന്നും,

29 സുധാശനസ്ത്രീകൾ=ദേവസ്ത്രീകൾ. സ്ത്രീകൾ നിൎന്നിമേഷരായി കൃഷ്ണനെ നോക്കി എന്നൎത്ഥം. അവരുടെയും കൃഷ്ണൻെറയും സൌന്ദൎയ്യാധിക്യം വ്യംഗ്യം.

32 യാദവൻ=സത്രാജിത്തു്. ധാൎഷ്ട്യം=സാഹസത്തെ.

33 അനുവ്രജിക്ക=കൂടിപ്പോവുക.

37 ഐശ്വൎയ്യമെട്ടും—യോഗീന്ദ്രന്മാൎക്കും മോക്ഷസാധനത്തിനുപായം ഭഗവദ്ദൎശനം ഒന്നുമാത്രമാകുന്നു എന്നൎത്ഥം. "തമേവ വിദിത്വാതിമൃത്യുമേതി, നാന്യഃ പന്ഥാവിദ്യതേ ലയനായ" എന്നു ശ്രുതി.

43 അഹോ=മധുവിൻെറ വൈരിയെ ആരാധിക്കാൻ മധു കാത്തുനിന്നു എന്നാശ്ചൎയ്യം. മധുദ്വേഷണൻ=മധു എന്ന അസുരൻെറ വൈരി. മധു=വസന്തം

44-45 വനങ്ങൾ=കാടുകളിൽ കാററു തട്ടുമ്പോൾ അവ ഇളകി ചായുന്നതും കാററു സൌമ്യമാകുന്നതും പതിവാണല്ലൊ. സുഗന്ധമുള്ള ചൂൎണ്ണം അണിഞ്ഞും, തന്നെ വണങ്ങുന്നവരെ സൌമ്യതയോടെ പ്രത്യഭിനന്ദിച്ചും, സുരഭിയായ പൂന്തേൻ ദേഹത്തിൽ പുരട്ടിയും വരുന്ന സരസനായ ഒരു പുരുഷൻെറ എതിരേല്പു് എന്നുകൂടി സ്ഫുരിക്കുന്നു.

47 കിംശുകരാശി=പ്ലാശുമരങ്ങളുടെ നിര.

48 ചാമ്പേയസുമങ്ങൾ=ചമ്പകപ്പൂക്കൾ— വനീവസന്തോപയമം=വനിയുടേയും വസന്തത്തിൻേറയും വിവാഹം.

49 രസിച്ചു=സന്തോഷിച്ചു, ശബ്ദിച്ചു എന്നും. രസാലം=മാവു്. വദാന്യഭാവം=ദാനശീലത്വം.

50 പരേക്ഷണത്തിൽ=പരൻേറ (കൃഷ്ണൻേറ) ഈക്ഷണത്തിൽ—ദൎശനത്തിൽ. കൃഷ്ണനെ കണ്ടപ്പോൾ പരപുഷ്ടം=കുയിൽ. പരനാൽ പോഷിപ്പിക്കപ്പെട്ടുന്നവർ. പരനെ കാണുമ്പോൾ സന്തോഷിക്കയും അവനു് അനുകൂലമായി പറകയും ചെയ്യു പതിവാണല്ലോ, പരനാൽ (അന്യനാൽ=കാകനാൽ) പോഷിപ്പിക്കപ്പെട്ടുന്നതുകൊണ്ടു് കുയിൽ പരപുഷ്ടം എന്നു പറയപ്പെട്ടുന്നു.

51 സുമാന്തരം=പൂക്കളുടെ മദ്ധ്യഭാഗം. മരന്ദം=പൂന്തേൻ. മിളിന്ദം=വണ്ടു്. തിരുമേനിയുടെ തിരുവുടലിൻേറ സൌരഭ്യാതിശയം വ്യംഗ്യം.

52 അനുവ്രജിക്ക=അനുകരിക്ക പിറകേ പോക എന്നും, പൊൻതാമരപ്പൂമ്പൊടി അണിഞ്ഞ വണ്ടുകൾക്കു പീതാംബരം പൂണ്ട മുരാരിയോടു് സാദൃശ്യം.

53 അശോകം=അശോകവൃക്ഷം. ശോകമില്ലാത്തതെന്നും ശോകമില്ലാത്ത വസ്തു സമന്താൽ ശോകത്തെ ജനിപ്പിക്കുന്നതു കണ്ടപ്പോൾ മായയോടുകൂടാത്തവനായിരുന്നു കൊണ്ടു് വീക്ഷണത്താൽ മായയെ ജനിപ്പിക്കുന്ന പരമാത്മരൂപനായ തന്നെ, കൃഷ്ണൻ ഓൎത്തു എന്നൎത്ഥം സ്മൃത്യലങ്കാരം.

55 മാധവി=വാസന്തി എന്ന ലത. കൃഷ്ണൻ ലതയുടെ ഭംഗികണ്ടു് പ്രസാദവും, ഭൃംഗാളി, തളിർ പൂമൊട്ടു് ഇവയുടെ ദൎശനത്താൽ ശ്രീദേവിയുടെ തലമുടി, അധരം, ദന്തം ഇവ ഓൎമ്മിക്കയാൽ സാദവും (അനുരാഗപാരവശ്യവും) ഉണ്ടായി എന്നൎത്ഥം. സ്മൃത്യലങ്കാരം വ്യംഗ്യം.

# ഏഴാം സർഗ്ഗം.

---

1 യശോധനൻ എന്ന വിശേഷണംകൊണ്ടു് കൃഷ്ണനു ദുൎയ്യശസ്സിനെ നശിപ്പിക്കുന്നതിലുള്ള താല്പൎയ്യവും തൻമൂലമായ വനസഞ്ചാരക്ലേശസഹിഷ്ണുതയും ധ്വനിപ്പിച്ചിരിക്കുന്നു.

3 കൃഷ്ണമുഖത്തിൻെറ ദയാർദ്രഭാവം വ്യംഗ്യം.

8 വനദേവതമാരുടെ ഭക്ത്യതിശയം വ്യഞ്ജിക്കുന്നു.

9 സൈന്ധവത്തിൻപദനിര=കുതിരയുടെ കാൽ പതിഞ്ഞ അടയാളങ്ങൾ.

10 'കണകളാൽ മുറിഞ്ഞു്', ഇത്യാദികൊണ്ടു് ഈ കാട്ടിലാണു് നായാട്ടു നടന്നതെന്നു കാണുക. ലക്ഷ്മീശബ്ദസ്വാരസ്യംകൊണ്ടും തളിരുകൾ, പൂങ്കുല ഇത്യാദികളിലെ നിശീൎയ്യാധ്യവസാനംകൊണ്ടും ഒരു നായികയുടെ അവസ്ഥാവിശേഷംകൂടി സ്ഫുരിക്കുന്നു.

15 അയനം=മാർഗ്ഗം. പ്രസേനമൃതിയാൽ കദനം (ദുഃഖം), അന്വേഷിക്കപ്പെട്ടതിനു ലക്ഷ്യം കണ്ടതിനാൽ കൃതാൎത്ഥത.

18 ഹരിതനിറം=പച്ചനിറം. വാരവാണം=ചട്ട. വിഘടിതജഠരാന്തരം=പിളൎന്നിരിക്കുന്ന വയററിൻെറ അന്തർഭാഗം.

23 പ്രകൃതി=ഈശ്വരശക്തി. ശാംബരീവിലാസം=മായാവിലാസം നിന്നുപോയി. കൃഷ്ണൻ കുതിരയിൽനിന്നിറങ്ങിയാണു് ശവം നോക്കിയതു്.

30 ധാത്രി=വളൎത്തമ്മ.

31 അന്നു കുട്ടികൾ വിദ്യയഭ്യസിക്കുന്നതു് ഗുരുഗൃഹത്തിലായിരുന്നു.

34 അസമാഹിതത്വം=സമാധാനമില്ലായ്മ.

35 നിരഭിസന്ധി=നിരുദ്ദേശ്യം. ഏതെങ്കിലും കാൎയ്യലാഭത്തെ ഉദ്ദേശിക്കാത്തതു്. ഹാൎദ്ദം=സ്നേഹം, സുവിരളം=വളരെ ചുരുങ്ങിയതു്.

36 അഹമഹമിക=ഞാൻ മുൻപു് ഞാൻ മുൻപു് എന്ന ഭാവം.

41 അടവു്=കൌശലം, മനുഷ്യനെ അറിയിക്കാതെ അല്പാല്പമായി ഉടലിനെ അക്രമിക്കുന്നു എന്നൎത്ഥം.

42 അപടു=രോഗി. നിരാശർ=ആശവിട്ടവർ.

43 അരിമ=ഖേദം.

44 തനയ—ചിത്തൻ=പുത്രന്മാർ, ഭാൎയ്യ, ഗൃഹം, വസ്തുക്കൾ ഇവയുടെ വേർപാടിനെപ്പററിയുള്ള വിചാരത്താൽ ദഹിക്കപ്പെട്ട മനസ്സോടുകൂടിയവൻ. ഭൂതപഞ്ചകം നൽകിടുന്നു=മരിക്കുന്നു. മരിക്കുമ്പോൾ ദേഹത്തിലുള്ള ഭൂതാംശങ്ങൾ അതാതു ഭൂതങ്ങളോടു ചേരുകയാണല്ലോ.

45 ഇഹ=ഈ രോഗാവസ്ഥയിൽ, അഥ=മരണാവസ്ഥയിൽ. അപരവശംവദമാക്കുന്നു=അന്യാധീനമാക്കുന്നു, പഞ്ചഭൂതങ്ങൾക്കു കൊടുക്കുന്നു.

46 കൃതികൾ=സുകൃതികൾ. അപേതമായിടുന്നു=വേർപെടുന്നു, മരിക്കുന്നു.

47 വിധിയിൽ അവജ്ഞയോടുകൂടി വിധിയെ അനുസരിച്ചു് എന്നു വിരോധം. വിധി=ബ്രഹ്മാവു്. വിധി=ശാസ്ത്രശോധന എന്നു പരിഹാരം.

49 ദ്വിജതതി=ബ്രാഹ്മണസമൂഹം; പക്ഷിസമൂഹമെന്നും. വിഷ്ണുപദം=വിഷ്ണുവിന്റെ ചരണം; ആകാശമെന്നും.

50 ദഹിക്ക=ഭസ്മമാക്കുക. താപഭാരം=വലുതായ ദുഃഖം, വലിയ ചൂടെന്നും, വൃക്ഷങ്ങൾ തീയുടെ പുകയും ജ്വാലയും ഏററു് ഇളകി നാലുപാടും അലയുന്നതിനെ പ്രസേനമരണത്താൽ ദുഃഖിച്ചു തലതല്ലുന്നതായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

51 സരണി=വഴി. മൊഴിയുടെയനുശാസനങ്ങൾ=വ്യാകരണവിധികൾ. സംപ്രതിപന്നം=സ്വീകൃതം. വിദ്വാന്മാർ സ്വീകരിച്ചിട്ടുള്ള രീതിയെ അനുസരിച്ചാണല്ലോ ശബ്ദശാസ്ത്രം നിൎമ്മിക്കപ്പെടുന്നതു്.

52 മലർനിര=പുഷ്പസമൂഹം. വേണി=പ്രവാഹം; തലമുടി എന്നും. കമലം=ജലം; താമരപ്പൂവെന്നും.

53 സഹജചപലഭാവ=സഹജമായ ഇളക്കത്തോടുകൂടിയതു്, സഹജമായ അസ്ഥിരതയോടുകൂടിയവൾ എന്നും. തൻപതി=തന്റെ ഭൎത്താവു്—സമുദ്രം. രതി=സന്തോഷം. വിശേഷണങ്ങളുടെ ശ്ലേഷംകൊണ്ടു് തടിനിക്കു ലക്ഷ്മീസാദൃശ്യം ഈ ശ്ലോകത്തിലും തോന്നുന്നു. അതു വിഭുവിനു രതിയുണ്ടായി എന്ന അംശത്തെ സമൎത്ഥിക്കയും ചെയ്യുന്നു.

54 ഭുവനത്തെ ശുദ്ധീകരിക്കുന്ന നദി കൃഷ്ണദേവസംഗത്താൽ അധികം പരിശുദ്ധിയെ പ്രാപിച്ചു എന്നു പറകയാൽ കൃഷ്ണ

ൻെറ ദിവ്യമായ പാവനത്വവും, സുകൃതിനി എന്നതുകൊണ്ടു് കൃഷ്ണദേവസംഗത്തിൻെറ സുകൃതൈകലഭ്യത്വവും വ്യഞ്ജിക്കുന്നു. കൃഷ്ണൻ നദിയിൽ കുളിച്ചു എന്നു താല്പൎയ്യം.

55 പീതാംബരം=മഞ്ഞപ്പട്ടു്. സന്ധ്യനിമിത്തം പീതമായ ആകാശമെന്നും. ഹരി=കൃഷ്ണൻ; സൂൎയ്യനും ഹരിയെന്നു പേരുണ്ടു്. പീതാംബരനായ ഹരിമജ്ജനംകൊണ്ടു ശോഭിക്കുന്നതു കണ്ടപ്പോൾ പീതാംബരനും ഹരിയുമായ തനിക്കും മജ്ജനം ചെയ്യണമെന്നു സൂൎയ്യൻ ആഗ്രഹിച്ചുവെന്നൽ പ്രേക്ഷ.

56 ഹൃദയപ്രസാദമോടെ—സഹോക്തി. പടകുടി—കൂടാരം. കൂടാരം കണ്ടു ഭഗവാൻ സന്തോഷിച്ചു എന്നൎത്ഥം.

57 വാസോവ്സതിയതു—ആ വസ്ത്രഗൃഹം—കൂടാരം.

58 ധവളിമ=വെണ്മ. ശിവഗിരി=കൈലാസം.

59 ചന്ദ്രൻ ഉദിച്ചുയരുംതോറും ആദ്യമുള്ള ചുവപ്പു ക്രമേണ കുറയുക പതിവാണല്ലോ. ഉയന്നതു പടകുടി കാണ്മാനാണെന്നും വിളറിയതു പടകുടിയുടെ കാന്തി കണ്ടു ലജ്ജിച്ചിട്ടാണെന്നും ഉൽപ്രേക്ഷ.

61 മകൻ=(സമുദ്ര) പുത്രൻ—ചന്ദ്രൻ മകൾതൻപതി=മകളുടെ (ലക്ഷ്മിയുടെ ഭത്താവു്)—കൃഷ്ണൻ. മാനന=മാനിക്കൽ. രസിച്ചു=സന്തോഷിച്ചു, ശബ്ദിച്ചെന്നും,

62 ആ സ്രവന്തീജലകണം=ആ നദിയിലുള്ള ജലത്തിൻെറ തുള്ളികൾ എന്നൎത്ഥം. ജാത്യേകവചനം.

64 നദിയിൽ=ആ നദിയിൽ. ഉഡുക്കൾ=നക്ഷത്രങ്ങൾ.

67 നിജഗൃഹകഥ=പടകുടിയിലെ സുഖാതിശയത്താൽ അവർ സ്വഗൃഹത്തിലെ കഥയൊന്നും ഓൎത്തതേയില്ല. ദാരുകൻ ഈ വിവരം അറിയിക്കുന്നതിനാൽ അനുചരരുടെ സുഖദുഃഖാവസ്ഥയിൽ കൃഷ്ണനു പ്രത്യേകാന്വേഷണം ഉണ്ടെന്നു വ്യഞ്ജിക്കുന്നു.

69 ഹരിപദമതു=ആ ഹരിപദം=സിംഹത്തിൻെറ പാദചിഹ്നം. താല്പൎയ്യത്തോടുകൂടിത്തിരഞ്ഞാൽ വിഷ്ണുപദംതന്നെ അഭീഷ്ടദാനം ചെയ്യുമെന്നും അൎത്ഥമുണ്ടു്.

70 ആനന്ദധാമാവു്=കൃഷ്ണൻ. മഹാംശുകാലയം=മഹത്തായ അംശുകാലയം—വസ്ത്രഗൃഹം—കൂടാരം. മഹാംശുകമായ (മഹത്തുകളായ) അംശുക്കളോടു (തേജസ്സുകളോടു) കൂടിയ

ആലയം. (പാല്ക്കടല്മധ്യേ എന്നു പറഞ്ഞതിനാല്) വൈകുണ്ഠമന്ദിരം എന്നും സന്നേപഥ്യമിയന്ന ലക്ഷ്മി മനോഹരമായ അലങ്കാരത്തെ (ശയ്യാലങ്കാരത്തെ) പ്രാപിച്ച ശോഭ— ഉല്കൃഷ്ടങ്ങളായ അലങ്കാരങ്ങൾകൊണ്ടു ശയ്യയ്ക്കുണ്ടായ ശോഭ മനോഹരമായ വേഷം ധരിച്ചവളായ ലക്ഷ്മീദേവി എന്നും. കുതുകംപെയ്യുന്ന=കുതുകത്തെ വര്ഷിക്കുന്ന എന്നു ശയ്യാതലവിശേഷണം, ശയ്യാതലമെന്നതു ഭജിച്ചീടിനാൻ, എന്ന ക്രിയയുടെ കര്മ്മം.

---

## എട്ടാം സര്ഗ്ഗം.

---

1 പടാലയം എന്ന ശബ്ദം അതില് സ്ഥിതിചെയ്തവരെ ലക്ഷിക്കുന്നു. അവയുടെ സാകല്യപ്രതീതി ലക്ഷണയുടെ ഫലം.

2 മിത്രാഗമം=സൂര്യന്റെ വരവു്, സുഹൃത്തിന്റെ വരവെന്നും മിത്രാഗമാനുഭവത്തില് ചന്ദ്രൻ അസ്തമിച്ചതു കണ്ടാല്, തന്റെ ജോലി ഇനിമിത്രം നടത്തിക്കൊള്ളുമല്ലോ എന്നു വിചാരിച്ചു് വിശ്രമിക്കാനായി പോയതാണോയെന്നു തോന്നും എന്നുല്പ്രേക്ഷിച്ചിരിക്കുന്നു.

3 സംക്രന്ദനദിങ്നതാംഗി=കിഴക്കേദിക്കാകുന്ന സുന്ദരി.

4 ദ്വിജശ്രേണി=പക്ഷിക്കൂട്ടം, ബ്രാഹ്മണസമൂഹമെന്നും.

5 ഉൾക്കണ്ണുകൊണ്ടുള്ള ദര്ശനം വിഷയത്തിന്റെ അസാന്നിദ്ധ്യത്തിലും സംഭാവ്യമാണല്ലോ.

ജഡാത്മകൻ=ജലമയൻ—(ചന്ദ്രൻ ജലമയനാണെന്നാണു് പ്രാചീനസിദ്ധാന്തം. "സലിലമയേ ശശിനി രവേഃ" ഇത്യാദി പ്രയോഗം കൺക) മൂഢനെന്നും സൂര്യാഗമം=സൂര്യന്റെ വരവു്, സൂരിയുടെ (വിദ്വാന്റെ) വരവെന്നും മൂഢന്റെ അടുക്കല് മിരട്ടുകൊണ്ടു ശോഭിച്ചുകൊണ്ടിരുന്നവര് വിദ്വാന്റെ വരവിനുള്ള ആരംഭം കണ്ടു പരുങ്ങി എന്നുകൂടി തോന്നുന്നു.

8 വനസ്പതിശ്രേണി=വൃക്ഷസമൂഹം. ഖഗസ്വനം=പക്ഷികളുടെ ശബ്ദം.

9 അനന്തരം ഉണ്ടായ സൂൎയ്യോദയത്തെ ഉൽപ്രേക്ഷിക്കുന്നു—"സംശയംകൂടാതെ ഉദിച്ചാലും" എന്നു വൃക്ഷങ്ങൾ പക്ഷികളുടെ ശബ്ദംകൊണ്ടു പറഞ്ഞതുകേട്ടിട്ട് ഈ യാത്രയിൽ കൃഷ്ണന് ജാംബവതീലാഭം ഉണ്ടാകുമെന്നു ദിവ്യദൃഷ്ടികൊണ്ടറിഞ്ഞു. ഇതിനു കാരണം താൻ കൊടുത്ത മണിയാണല്ലോ എന്നുള്ള കൃതാൎത്ഥതയാൽ സന്തുഷ്ടനായിട്ടോ എന്നു തോന്നും വണ്ണം യാതൊരു തടവുംകൂടാതെ സൂൎയ്യൻ ഉദിച്ചു എന്നും, തെളിഞ്ഞു=സന്തോഷിച്ചു പ്രകാശിച്ചു എന്നും ഈ ദൃഷ്ടി ഉണ്ടാകത്തക്ക യോഗ്യത സൂൎയ്യനുണ്ടെന്നു "ത്രയീമയൻ" എന്ന ശബ്ദം സൂചിപ്പിക്കുന്നു.

10 ഉദയപ്രഭാവം=ഉദയത്തിന്റെ മഹിമ. ഉദയം=ആവിൎഭാവം. അഭ്യുദയം എന്നും. വരാനുകാരം=ഭൎത്താവിനെ അനുകരിക്ക. വനിതാധികാരം=സ്ത്രീയുടെ കൃത്യം എന്നൎത്ഥം.

11 ദീപാവലി എന്ന ശബ്ദത്തിനു തോന്നുന്ന ശ്രീത്വംകൊണ്ടു നിശയിൽ ഭൎത്താവോടുകൂടി രമിച്ചു ഒരു നായികയ്ക്കു ഉഷസ്സിൽ ഭൎത്താവു് വേർപിരിയുമ്പോൾ ഉണ്ടാകുന്ന ദുഃഖംകൂടി സ്ഫുരിക്കുന്നു.

12 തങ്ങൾക്കു് ഈ ഭാഗ്യം സിദ്ധിച്ചില്ലല്ലോ എന്നസൂയ. ഇതുകൊണ്ടു ദേവന്മാരുടെ ഭക്ത്യാധിക്യവും തദ്വാരാ നായകന്റെ മാഹാത്മ്യവും വ്യഞ്ജിക്കുന്നതിനാൽ ധ്വനി.

13 സത്രാജിത്തിനെ സത്രാജിതൻ എന്നും പറയാറുണ്ടു്. "സത്രാജിതഃ സ്വതനയാം" സത്രാജിതഃ കിമകരോൽ ഇത്യാദി ഭാഗവതം. കമനീയരത്നസത്യാഗമേ=മനോഹരമായ രത്നത്തെ സംബന്ധിച്ചുള്ള സത്യം അറിയുന്നതിൽ—മണി എങ്ങനെ പോയി എന്ന വാസ്തവം കണ്ടുപിടിക്കുന്നതിൽ കമനീയരത്നമായ സതിയുടെ=ഉത്തമസ്ത്രീയുടെ (അഥവാ സത്യയുടെ സത്യഭാമയുടെ) ആഗമത്തിൽ=പ്രാപ്തിയിൽ എന്നും. പ്രത്യുഷഃകൃത്യം=പ്രഭാതകൃത്യം പ്രസ്ഥാനം=യാത്ര.

14 ഓളങ്ങൾ=മുൻപറയപ്പെട്ട നദിയിലെ ഓളങ്ങൾ.

16 അഹംപൂൎവ്വിക=ഞാൻ മുൻപു് ഞാൻ മുൻപു് എന്ന ഭാവം.

17 ഉഷ്ണീഷം=തലപ്പാവു്.

18 അടുത്തടുത്തു ചെല്ലുന്തോറും ഹേമശൃംഗം വലുതായി കാണ
പ്പെട്ടതോൎത്താൽ കൃഷ്ണൻെറഗതിയെ നിരോധിക്കാനായി അ
പൎവ്വതേന്ദ്രൻ സ്വദേഹത്തെ വിടുൎത്തിയോ എന്നുൽപ്രേക്ഷ.

19 പൎവ്വതം ദൂരദൎശനത്തിൽ എളുപ്പം എത്താവുന്നതാണെന്നു
തോന്നും. അടുത്തു ചെല്ലുന്തോറുമാണു് അതിൻെറ ദുൎഗ്ഗമത്വം
മനസ്സിലാക്കുന്നതു്. ബുധൻ വഹിക്കുന്ന ശാസ്ത്രബോധ
വും അങ്ങനെതന്നെ. തങ്ങൾക്കും ഗ്രന്ഥം വായിച്ചാൽ
എളുപ്പം സമ്പാദിക്കാവുന്നതേ ഉള്ളൂ ശാസ്ത്രബോധം എന്നു
സ്ഥൂലദൃഷ്ടികൾ വിചാരിക്ക പതിവു്. എന്നാൽ ഗ്രന്ഥം
വായിച്ചുതുടങ്ങുമ്പോളാണു് അതിൻെറ ദുൎഗ്ഗമത്വം മനസ്സി
ലാകുന്നതു്.

20 രവിദത്തം=സൂൎയ്യനാൽ കൊടുക്കപ്പെട്ടതു്. സൂൎയ്യരശ്മിയുടെ
സംസൎഗ്ഗത്താൽ ഉണ്ടായതെന്നൎത്ഥം മുത്തിൻപ്രഭാവം=മു
ത്തുമണിയുടെ ശോഭ ആഗന്തുകന്മാർ=കൃഷ്ണാദികൾ; അതു
തന്നെ മുത്തിൻപ്രഭാവത്തെത്തന്നെ, മുത്തിൻപ്രഭാവം=സ
ന്തോഷാതിശയം. ഉദാരന്മാരായ ഗൃഹസ്ഥന്മാർ തങ്ങൾ
അന്യനിൽനിന്നു സമ്പാദിച്ചിട്ടുള്ള ധനത്തെക്കൂടി കൊടുത്തു്
അതിഥികളെ തൃപ്തിപ്പെടുത്താറുണ്ടു്. ഇങ്ങനെ പയഃകണ
ങ്ങൾ സൂൎയ്യനിൽനിന്നു തങ്ങൾക്കു കിട്ടിയ "മുത്തിൻപ്രഭാവ
ത്തെത്തന്നെ അതിഥികൾക്കു കൊടുത്തു" എന്നു വൎണ്ണിച്ചിരി
ക്കുന്നു. തൃണാഗ്രങ്ങളിൽനിന്നു നീൎത്തുള്ളികൾ, വെയിൽ തട്ടി
മുത്തുമണികൾപോലെ വിളങ്ങുന്നതുകണ്ടു കൃഷ്ണാദികൾ സ
ന്തോഷിച്ചു എന്നു താല്പൎയ്യം.

21 കൃഷ്ണൻ പൎവ്വതത്തിൻെറ നേരേചെന്നിട്ടു് ഒരു വശത്തുകൂടി
കടന്നാണു പോയതു്. അപ്പോൾ ക്രമേണ പൎവ്വതം കൃഷ്ണ
ൻെറ പാൎശ്വസ്ഥമായതുകണ്ടാൽ ഗോവൎദ്ധനപൎവ്വതത്തെ
ഉദ്ധരിച്ചിട്ടുള്ള ഇവൻ എന്നേയും ഉദ്ധരിച്ചേയ്ക്കും, എന്നു
ഭയപ്പെട്ടു പൎവ്വതം വഴി ഒഴിഞ്ഞുകൊടുത്തുവോ എന്നു തോ
ന്നുമെന്നുൽപ്രേക്ഷ.

22 വരാനിരിക്കുന്നതു—ജാംബവാനും ആദ്യം ആളറിയാതെ
കൃഷ്ണനോടെതിൎക്കുകയും ഒടുവിൽ ആളറിഞ്ഞു് അടങ്ങുകയു
മാണല്ലോ ചെയ്തതു്.

23 ധരാധീശസമാഗമം=ധരയുടെ (ഭൂമിയുടെ) അധീശൻെറ
(രാജാവിൻെറ) വരവു് കൃഷ്ണൻെറ വരവു്, ധരങ്ങളുടെ

(പൎവ്വതങ്ങളുടെ) അധീശന്റെ (പൎവ്വതശ്രേഷ്ഠന്റെ) വരവെന്നും. പൎവ്വതത്തിന്റെ മേൽഭാഗത്തു കൂടികിടക്കുന്ന വെൺമേഘനിരകൾ കാററിൽ ഇളകി പെട്ടെന്നു മേല്പോട്ടു പോകുന്നതു കണ്ടാൽ പൎവ്വതശ്രേഷ്ഠൻ തൊപ്പിയൂരി കൃഷ്ണനെ ആചരിക്കയാണോ എന്നു തോന്നുമെന്നുൽപ്രേക്ഷ. ഒരു ധരാധീശൻ ആഗന്തുകനായ മറെറാരു ധരാധീശനെ ആചാരം ചെയ്തു സ്വീകരിക്ക പതിവാണല്ലൊ.

25 മരിച്ചതു് എന്ന പദം മെയ് എന്ന നാമത്തിന്റെ വിശേഷണം.

26 തൽസ്വാന്തമോട്ടു=കൃഷ്ണാദികളുടെ മനസ്സോടുകൂടിയെന്നു സഹോക്തി. സഫലാന്തം=സഫലമായ അവസാനത്തോടുകൂടിയതു്.

27 പ്രപഞ്ചത്തിലുള്ള നാനാവിധങ്ങളായ സുഖദുഃഖാദികളുടെ ഹേതുക്കളെക്കുറിച്ചുള്ള വിമർശനം പണ്ഡിതബുദ്ധിയേയും വൻതമസ്സിലേക്കാണു് നയിക്കുന്നതു്. ഈ ലോകം എങ്ങനെ ഉണ്ടായി? ലോകസംഭവങ്ങളുടെ രഹസ്യമെന്തു്? എന്നും മററും ആലോചിച്ചാൽ അതിന്റെ സൂക്ഷ്മം കണ്ടുപിടിക്കാൻ പണ്ഡിതന്മാൎക്കും സാധിക്കുന്നതല്ലല്ലൊ.

28 നിശീതം=അൎദ്ധരാത്രം. തമിസ്രം=ഇരുട്ടു്. അക്കന്ദരം=അഗ്ഗുഹയെ.

29 അനേത്രർ=കുരുടന്മാർ. അവിത്തഭാവം=അവിത്തന്മാരുടെ (ധനഹീനന്മാരുടെ) അവസ്ഥ. അതിലുബ്ധന്മാർ, ധനം ഉണ്ടായിരുന്നാലും തൽഫലം അനുഭവിക്കാതെ ദരിദ്രതുല്യം വസിക്ക പതിവാണല്ലോ.

30 ഗമിക്കുവേൻ കേവലം=ഞാൻ മാത്രം പോകാം. ചിത്തമോടു് എന്നു സഹോക്തി. പരിചാരകന്മാരുടെ ഭക്ത്യാധിക്യം വ്യംഗ്യം.

31 മനസ്സിൽ മേവുന്ന തമസ്സ്=അജ്ഞാനം.

32 പരപ്രകാശം=പരബ്രഹ്മജ്യോതിസ്സ്. യമി=യോഗി.

35 തദീശ....ലക്ഷ്മിയോടെയെന്ന സഹോക്തി. ഇതുകൊണ്ടു കൃഷ്ണഗമനം ജാംബവതിയുടെ ഭാവിയായ കല്യാണത്തിനു് ഹേതുവായിയെന്നു സൂചിപ്പിച്ചിരിക്കുന്നു.

37 ചിത്രാഭം=വിശേഷശോഭയോടുകൂടിയതു് ചിത്രാവലി=ചിത്രപടങ്ങളുടെ കൂട്ടം. ചേതനനായകൻ=കൃഷ്ണൻ. ചി

ത്രം=ചിത്രപടം, അത്ഭുതരസമെന്നും, മുൻചിൽ കാണപ്പെട്ട മനസ്സിൽ പ്രവേശിച്ചതെങ്ങനെ എന്നത്ഭുതത്തെ "ഹന്ത" എന്ന പദം ദ്യോതിപ്പിക്കുന്നു. മനസ്സിൽ പ്രവേശിച്ചതു് അത്ഭുതരസം എന്നും പരിഹാരം.

38 ആലേഖ്യകാരൻ=ചിത്രമെഴുത്തുകാരൻ.

42 കൃഷ്ണന്റെ വിനയം വ്യംഗ്യം.

43 കുനി=കൃഷ്ണൻ മധുരാപുരിക്കു പോയപ്പോൾ വഴിയിൽവച്ചുകണ്ട സൈരന്ധ്റി. കായത്തിന്റെ വികാരം=കൂനു തീൎന്നു ജഗൽസുന്ദരിയായതു്. മനോവികാരം=കൃഷ്ണനിൽ ഉണ്ടായ അനുരാഗം.

44 കംസന്റെ മരണാവസ്ഥയോൎത്തു് അനുകമ്പ; കംസവധം കൎത്തവ്യമാണല്ലോയെന്നു വിചാരിച്ചു സമാധാനം. മന്ദം എന്നതിനാൽ കൃഷ്ണന്റെ പരമകാരുണികത്വം വ്യഞ്ജിക്കുന്നു.

47 ആനന്ദ...ക്ഷൻ=ആനന്ദംകൊണ്ടു തീരെ നിശ്ചലമായ കണ്ണോട്ടക്കൂടിയവൻ. കൃഷ്ണനു് ജാംബവതിയിലുണ്ടായ അനുരാഗത്തിന്റെ ബീജാവാപമാണിതു്.

50 ദിവസമണി=സൂൎയ്യൻ. യദുവരമണി=യദുവരന്റെ (സത്രാജിത്തിന്റെ) മണി. കളിക്കോപ്പതായും=ആ കളിക്കോപ്പായും. യദുകുലമണി=കൃഷ്ണൻ. ഇവിടെ മണിത്രയവും വൎണ്ണ്യങ്ങളാകയാൽ തുല്യയോഗ്യത.

52 മണി ദൂരെ കിടന്നപ്പോൾ അംഗണത്തിൽ പ്രതിഫലിച്ചതു കൊണ്ടു രണ്ടായിക്കണ്ടു; ഇതിനാൽ അംഗണത്തിന്റെ അസാധാരണമായ മിനുസവും തദ്വാരാ ജാംബവാന്റെ ധനസമൃദ്ധിയും ദ്യോതിക്കുന്നു.

53 മണി തറയിൽ വച്ചപ്പോൾ പ്രതിബിംബംകൊണ്ടു വീണ്ടും വീണ്ടും രണ്ടായിക്കണ്ടു. അപരം=പ്രതിബിംബരൂപമായ മണി "എറിഞ്ഞിട്ടും ബാലൻ" ഇത്യാദി സ്വഭാവോക്തി.

55 ത്രിപാദിയിൽ=മൂന്നടിയിൽ.

---

# ഒൻപതാം സർഗ്ഗം.

---

1 അവർ=വളത്തമ്മയും ബാലനും.

4 ശബ്ദം ഗുഹയിൽ പ്രതിധ്വനിരൂപേണ നീളുന്നതു പതിവു്. ആ ശബ്ദത്തെ കൃഷ്ണൻെറ കുതൂഹലത്തോടുകൂടി ഗുഹ നീട്ടിയെന്നു സഹോക്തി. ജാംബവാൻെറ ശബ്ദംകേട്ടു് കൃഷ്ണനു് കുതൂഹലം ഉണ്ടായി എന്നു പറഞ്ഞതിൽ കൃഷ്ണൻെറ ധൈര്യാതിരേകം ധ്വനിക്കുന്നു.

5 വനചരന്മാരിൽ ഒരുത്തൻ ചാവാനായിട്ടു വന്നതാണെന്നൎത്ഥം.

6 മിളൽസ്മിതം=പുഞ്ചിരിയോടുകൂടി. കൃഷ്ണൻെറ വിക്രമം വ്യംഗ്യം.

7 സാധ്വസം=ഭയം. നീ മരണപീഡയിൽ ഭയമില്ലാത്തവൻ തന്നെ. അല്ലെങ്കിൽ എന്നോടേററു് ചാവാനായി ഇവിടെ വരികയില്ലായിരുന്നു, എന്നാണു് ജാംബവാൻെറ വിവക്ഷ. വാസ്തവത്തിൽ ഭഗവാൻ മരണപീഡാരഹിതനുമാണല്ലോ. ഇങ്ങനെ ജാംബവാൻെറ എല്ലാ വാക്കുകളിലും സ്തുത്യൎത്ഥം കൂടി കാൺക.

8 അലൌകികൻ=ലോകമൎയ്യാദ അറിഞ്ഞുകൂടാത്തവൻ, ലോകസ്ഥിതിയെ കവിഞ്ഞിട്ടുള്ളവൻ (ദിവ്യൻ) എന്നും നില കൈവെടിഞ്ഞു=സദാചാരം വിട്ടു്, ഇന്നപ്രകാരമുള്ളവൻ എന്ന നിലവിട്ടെന്നും. അസതിയാം പ്രകൃതി=ചീത്തസ്വഭാവം, യഥാൎത്ഥജ്ഞാനലാഭത്തിൽ കേവലം ഇല്ലാത്തതായി ത്തീരുന്ന മായയെന്നും, മായയ്ക്കു വശനെന്നു പറഞ്ഞതു സഗുണബ്രഹ്മത്തെ ഉദ്ദേശിച്ചാകുന്നു. അടവിൽ=കൌശലത്തിൽ. എൻെറ (ഞാൻ ചെയ്യുന്നതായ) നല്ലടിയിൽ വീഴ്ച—(നിൻെറ) നല്ല പാദത്തിൽ ഉള്ള നമസ്കാരം—ലഭിക്കുന്നതിനു് എന്നും.

9 അഭിമാനം=ആത്മാഭിമാനം. അഭിമാനമുള്ളവർ പരധനാപഹരണത്തിനായി പുറപ്പെടുകയില്ലല്ലോ. അഭിമാനം= ഞാൻ, എൻേറതു് എന്നു തുടങ്ങിയ വിചാരമെന്നും, അഗണനീയൻ=ഗണിക്കപ്പെടുവാൻ യോഗ്യനല്ലാത്തവൻ, നി

സ്സാരൻ, ഗണിക്കപ്പെട്ടവാനാകാത്തവനെന്നും ജനനം=വംശം, ജന്മമെന്നും. നിസ്സാരനായ നിൻെറ പേരും വംശവും അന്വേഷിച്ചിട്ടു ഫലമില്ല. അപരിച്ഛേദ്യനായ നിൻെറ പേരും ജന്മവും അന്വേഷിച്ചറിയുക അശക്യമാണെന്നു്.

10 മായികൻ=കള്ളൻ, മായയോട്ടുകൂടിയവനെന്നും ഫലം ലഭിക്ക=ശിക്ഷ അനുഭവിച്ചാലും, നീ വിചാരിച്ചിട്ടുള്ള ഫലത്തെ ലഭിച്ചാലും എന്നും.

11 ഇദം=ഇതു—പൂർവോക്തം. ദമവന്മണിസേവ്യൻ=യോഗീന്ദ്രസേവ്യൻ—കൃഷ്ണൻ. അവൾ=ധാത്രി, വളർത്തമ്മ അപേതവിലാസം=കളികളോട്ടുകൂടാതെ കൊടിയപേടി അന്നൊരു എന്നന്വയം.

12 പരം അനാദരനായ്=തീരെ ആദരം കൂടാതെ. പരമൻ=സർവോൽകൃഷ്ടൻ=കൃഷ്ണൻ. ബത=ആശ്ചര്യം.

13 ഗതനീതി=നീതിവിട്ടു്. ഗർവം=അഹങ്കാരം വളൎന്നുവിളങ്ങിന എന്ന വിശേഷണത്തിൻെറ സ്വാരസ്യംകൊണ്ടു ഗർവം എന്ന പദത്തിനു് ഗർവത്തിനു ഹേതുഭൂതയായ മകൾ എന്നൊരൎത്ഥംകൂടി തോന്നുന്നു.

14 സുകൃതി=പുണ്യവാൻ. കൃതി=വിദ്വാൻ. പോരിക=യോഗ്യത—പോററണം എന്ന ക്രിയയുടെ കൎമ്മം.

16 മരമതു= ആ മരം. സദരം=ഭയത്തോടുകൂടി. യഥാഗതം വന്നതുപോലെ ജാംബവാൻ പറിച്ചു് അടിച്ച മരത്തെ കൃഷ്ണൻ ഇടതുകൈകൊണ്ടു തട്ടുകയാൽ അതു കയ്യിൽ കൊണ്ടിട്ടു പെട്ടെന്നു തെറിച്ചുപോയി എന്നൎത്ഥം.

17 തരളം=ഇളകിയതു്. ഒന്നിൽ ഇരിക്കുന്ന സാധനം, അതിനു വലിയ ഒരടികൊണ്ടു് ഇളക്കമുണ്ടാകുമ്പോൾ പെട്ടെന്നു തെറിച്ചുപോകുമല്ലോ. അതുപോലെ കൃഷ്ണൻെറ ഇടികൊണ്ടു ഉടൻ ജാംബവാൻെറ ഹൃദയത്തിലിരുന്ന ഗർവം വേർപെട്ടു എന്നൎത്ഥം. കൃഷ്ണൻെറ ഭക്തവാത്സല്യവും ശക്ത്യാധിക്യവും വ്യംഗ്യം.

18 ഭൃഗുമഹർഷിയുടെ പാദതാഡനത്തെ സന്തോഷസമേതമാണല്ലോ വിഷ്ണു പണ്ടു സ്വീകരിച്ചതു്.

19 ഭുജാപരിഘങ്ങൾ=ഇരുമ്പുലക്കപോലെയുള്ള കൈകൾ.

20 അമർ=യുദ്ധം അവർണ്ണ്യമാം= വർണ്ണിക്കാൻ തീരെ പാടി ല്ലാത്ത വിധത്തിൽ. നിഹിതം=നിധാനംചെയ്യപ്പെട്ടതു് (ആയി വച്ചുപ്പെട്ട എന്നൎത്ഥം.)

22 സമരശൈലി=യുദ്ധപരിചയം. പുരുമഹസ്സ്=വലുതായ ശക്തി. അഹസ്സ്=ദിവസം. ജീവിതം=ആയുസ്സ്. ദിവ സം ആയുസ്സിനെ കുറയ്ക്കുന്നതുപോലെ വാൎദ്ധക്യം ശക്തിയെ കുറയ്ക്കുന്നുവോ എന്നൎത്ഥം.

23 കുറേനാളായി യുദ്ധം ചെയ്യാതിരിക്കുന്നതുകൊണ്ടുള്ള അപാ ടവമാണെങ്കിൽ അതു യുദ്ധംചെയ്തുതുടങ്ങുമ്പോൾ തീൎന്നു പോകും. നിൎജ്ജരരാജരോടു ജരയില്ലാത്തവരുടെ (ദേവന്മാ രുടെ) ചക്രവൎത്തി—വിഷ്ണു അധിവസിക്കുന്ന എനിക്കു്— വിഷ്ണുവിനെ സദാ മനസ്സിൽ ധ്യാനിക്കുന്ന എനിക്കു്. ജര യതോ=ആ (പൂൎവ്വോക്തയായ) ജരയോ ഫലിക്കയില്ല എ ന്നൎത്ഥം ജരയെ അകററിയിരിക്കുന്നവരുടെ ചക്രവൎത്തി അധിവസിക്കുന്ന ദിക്കിൽ ജരയുടെ അധികാരം ഫലിക്കയി ല്ലല്ലൊ.

24 "വരിക....രാവണൻെറ ഭയങ്കരമായ ആയുധസമൂഹത്തെ തൃണീകരിക്കുന്നതിൽ ധൈൎയ്യമുള്ളതായ നൈപുണമേ! (സാ മൎത്ഥ്യമേ!)എന്നു സംബോധന. വരിക—നീ വന്നാലും. കരുണാമസൃണാശയം= കൃപകൊണ്ടലിഞ്ഞ മനസ്സോടുകൂടി എന്ന ക്രിയാവിശേഷണം വിജയബാന്ധവൻ=അൎജ്ജുന ബന്ധു–കൃഷ്ണൻ. വിജയൻെറ ബന്ധുവിനു വിജയം കൊ ടുക്കുന്നതു് എളുപ്പമാണല്ലൊ.

25 അൎജ്ജുനൻ കിരാതരൂപനായ ശിവനോടെതിൎത്തതും ആളറി യാതെയാണല്ലോ.

26 സ്ഫുടിതപൎവ്വതം=പൊട്ടിയ പൎവ്വതങ്ങളോടുകൂടുംവണ്ണം. അടർ=യുദ്ധം.

27 അത്ര—ഇതിൽ—ഈ യുദ്ധത്തിൽ. ജാംബവാൻെറയും കൃഷ്ണ ൻെറയും യുദ്ധത്തിലുള്ള പരിഭ്രമണവേഗങ്ങൾകൊണ്ടു ണ്ടായ കാറേററു് വൃക്ഷങ്ങൾ ഉലഞ്ഞു പരസ്പരം തട്ടി ഭയ ങ്കരമായി ഇളകിയതു കണ്ടാൽ പ്രളയത്തിലെ ഘോരമായ വായുപരമ്പര ഏററിട്ടാണോ എന്നു തോന്നുമെന്നു് ഉൽ പ്രേക്ഷ.

29 തൽനിലയം=തങ്ങളുടെ വാസസ്ഥാനം. അലയം അളുക യാൽ=അ (വൃക്ഷചലനജാതമായ) ലയത്തെ (നാശത്തെ) പ്രാപിക്കയാൽ. സകുലം=കുലത്തോടുകൂടി. അലം=ഏററ വും. ആകുലമായി= ഇളകി.

30 ഇടികൾ=കൈമുറുക്കിയുള്ള ഇടികൾ; മേഘത്തിൽനിന്നു ണ്ടാകുന്ന ഇടികൾ എന്നും, ഘനാഘനസന്നിഭം=വർഷിക്കു ന്ന മേഘങ്ങളോടു സദൃശമാകുംവണ്ണം അൎത്ഥംതോറും ഉപമ.

31 ഹരിവിഗ്രഹഗ്രഹണലാലസ= കൃഷ്ണദേഹത്തെ പിടിക്കണ മെന്നുള്ള അത്യാഗ്രഹം ഗണിച്ചിടാതപജയം=അപജയത്തെ വകവയ്ക്കാതെ നവയോഗിയുടെ മനസ്സ് ഹരിദേഹത്തെ ധ്യാനിക്കുന്നതിനിടയ്ക്ക് തെററിപ്പോയാലും വീണ്ടും പ്രയാ സപ്പെട്ടു ധ്യാനം ഉറപ്പിക്കാൻ ശ്രമിക്കുന്നതുപോലെ ജാംബ വാൻെറ കൈ കൃഷ്ണദേഹത്തെ പിടിക്കാൻ ശ്രമിച്ചതിൽ സാധിക്കാതായിട്ടും പിൻവാങ്ങാതെ വീണ്ടും അതിനായി പ്രയത്നിച്ചു എന്നൎത്ഥം. “നവ” എന്ന യോഗിവിശേഷ ണം അപജയത്തിൻെറ സംഭാവ്യതയെ ദ്യോതിപ്പിക്കുന്നു.

32 പരമാത്മരൂപനായ താൻ മായയിൽ ചേരാതെ തൻെറ സന്നിധിമാത്രംകൊണ്ടു് അതിനെ ചേഷ്ടിപ്പിക്കുന്നതുപോ ലെ കൃഷ്ണൻ ജാംബവാൻെറ കയ്യിൽപെടാതെ സന്നിധി മാത്രംകൊണ്ടു് അതിനെ ചേഷ്ടിപ്പിച്ചു എന്നർത്ഥം.

33 ലക്ഷ്മീദേവിക്കു് അതിമൃദുവായി തോന്നുന്ന കൃഷ്ണദേഹം യു ദ്ധത്തിൽ ജാംബവാനു് അതികൎക്കശമായിത്തോന്നി എന്നു ഭാവം.

34 സമരസോത്ഭടമായ്=രണ്ടുപേൎക്കും ഒരുപോലെ ഉണ്ടായ ഉത്സാഹംനിമിത്തം ഭയങ്കരമായിട്ട്. അലം രുജയ്ക്കു് ആക രമായി=വളരെ ദുഃഖിച്ചു എന്നർത്ഥം.

35 കദനകാരണം=ദുഃഖത്തിനു കാരണം. ആരവപ്രതിഭയം= ശബ്ദങ്ങൾകൊണ്ടു ഭയങ്കരമാംവണ്ണം. നിയോജ്യരായവർ= (ജാംബവാൻെറ) ഭൃത്യന്മാർ അതീവ=(ഏററവും) അകലെ വാങ്ങിയൊതുങ്ങി.

36 ജനകലോചനഗംവലിസഞ്ചയം=അച്ഛൻെറ കണ്ണിൽ വ്യാ പിച്ചു കിടക്കുന്ന ഞൊറികളെ കണ്ണിൻെറ ശരിയായ കാഴ്ച യെ വലികൾ മറച്ചിരുന്നില്ലെങ്കിൽ അച്ഛൻ ഈ ദിവ്യസുന്ദ

രനോട്ടു യുദ്ധം ചെയ്യുകയില്ലായിരുന്നു എന്നു ജാംബവതി വിചാരിച്ചതായും അതുകൊണ്ടു് അവൾക്കു് കൃഷ്ണനിൽ വലുതായ അനുരാഗം ജനിച്ചിരുന്നു എന്നും വ്യഞ്ജിക്കുന്നതിനാൽ ധ്വനി.

37 അപരൻ=അന്യൻ—ജാംബവാൻ അപഭയം=ഭയംകൂടാതെ.

40 കരുണയാൽ ഉദിതൻ=കൃപയാൽ പറയപ്പെട്ടവൻ. ഇവൻ ഭക്തശ്രേഷ്ഠനാണു് എന്നു കരുണ ഭഗവാനോട്ടു പറഞ്ഞു എന്നർത്ഥം. ഭക്തനായ ഇവനെ ഇനിയും ഉപദ്രവിക്കുന്നതു ശരിയല്ല എന്നു കരുണ തോന്നുകയാൽ കൃഷ്ണൻ ജാംബവാനെ വേദനയുണ്ടാകാത്ത വിധത്തിൽ ഭൂമിയിൽ വീഴിച്ചു എന്നു താല്പര്യം.

41 അവേദനം=വേദനയോട്ടുകൂടാത്തതു്, ആദ്യം=ഒന്നാമത്തേതു്. ഇതിനുമുമ്പു് ഒരിക്കലും ജാംബവാൻ ഇങ്ങനെ ഒരു വീഴ്ച വീണിട്ടില്ലയെന്നർത്ഥം. അയനം=വിഷയം.

43 കുരളങ്ങൾ=കുറുനിരകൾ.

45 വിയർപ്പുകണോൽക്കരം—വിയർപ്പുതുള്ളികളുടെ കൂട്ടം.

46 ശിലയെ മാനനിയാക്കിയ— രാമാവതാരത്തിൽ പാദസ്പർശം കൊണ്ടും കല്ലായിക്കിടന്ന അഹല്യയ്ക്കു മോക്ഷം കൊടുത്തിട്ടുണ്ടല്ലോ.

47 മുടിയും കിരീടവും കുരളങ്ങളും—ഇത്യാദി പദങ്ങൾ ദ്വിതീയവിഭക്ത്യന്തങ്ങളാകുന്നു. അവയെ തഴുകിയ ജാംബവാന്റെ മിഴികൾ എന്നർത്ഥം. ആത്മഗമാം അഘം= തങ്ങൾക്കു (മിഴികൾക്കു) സംഭവിച്ച ദോഷത്തെ—ആദ്യമേ നല്ലവണ്ണം നോക്കി കൃഷ്ണനെ അറിവാൻ ശ്രമിച്ചില്ലയെന്ന അപരാധത്തെ.

48 കദനമോദമഹാഭടർ=ദുഃഖവും സന്തോഷവുമാകുന്ന രണ്ടു വലിയ പോരാളികൾ; ഭഗവാനോട്ടു യുദ്ധംചെയ്തുപോയല്ലോ എന്നു ദുഃഖം; ഭഗവാൻ സ്വഗൃഹത്തിൽവന്നു കാണുവാൻ ഭാഗ്യമുണ്ടായല്ലോ എന്നു സന്തോഷം. രണാന്തരം= മറെറാരു യുദ്ധം.

49 ത്രപാനിഹതമാനസൻ=ലജ്ജയാൽ ശാസിക്കപ്പെട്ട മനസ്സോട്ടുകൂടിയവൻ. ജാംബവാനു് ആളറിയുന്നതുവരെ സ്വബലത്തിലായിരുന്നു നിന്ദ. ആളറിഞ്ഞപ്പോൾ നിന്ദതോന്നി

യതു് ആളറിയാൻ ശ്രമിക്കാഞ്ഞതിനു കാരണമായ തന്റെ അവിവേകത്തിലായിരുന്നു എന്നത്ഥം.

51 നിജാശ്രുകണോക്ഷിതമൌലി=തന്റെ കണ്ണുനീർത്തുള്ളികളാൽ നനയ്ക്കപ്പെട്ട തലമുടിയോടുകൂടിയവൻ. ജാംബവാനു ഭക്തികൊണ്ടും കൃഷ്ണനു ഭക്തവാത്സല്യംകൊണ്ടും ഉണ്ടായ പാരവശ്യം ധ്വനിക്കുന്നു.

53 അവനെ മുൻപിലിരുത്തി—വയോവൃദ്ധനാകയാൽ.

56 ഭവനേതൃതയാന്നിട്ടും=ഭവന്റെ (ശിവന്റെ) നായകതയെ വഹിക്കുന്ന "ഐശ്വയ്യം ശങ്കരാദീശ്വരവിനിയമനം" എന്നു നാരായണീയം. അവനം=(തന്റെ) രക്ഷയെ ആ വനമാലിയിൽ—കൃഷ്ണനിൽ—വിന്യസിച്ചു്=സമപ്പിച്ചിട്ടു്.

56 അങ്ങയുടെ സമാഗമമാകുന്ന അമൃതുണ്ടാവാൻ ഈ യുദ്ധമാകുന്ന മഥനം അവശ്യം സംഭവിക്കേണ്ടതുതന്നെ എന്നഭിപ്രായം. ദേവന്മാർ അമൃതെടുത്തതു പാലാഴിമഥനം ചെയ്തിട്ടാണല്ലോ; പാലാഴിമഥനത്തിൽ അമൃതുലാഭം മാത്രമല്ല ലക്ഷ്മീലാഭവും ഉണ്ടായിട്ടുണ്ടു്. അതുപോലെ ഇവിടെ ജാംബവതീലാഭവും ഉണ്ടാകുമെന്നു ധ്വനിക്കുന്നു.

58 മഹാകപിചാപലം=മഹത്തായ വാനരചാപല്യം.

60 പുരാ—രാമാവതാരത്തിൽ സമുദ്രശോഷണം ചെയ്യാനായി അസ്ത്രം അയയ്ക്കാൻ ഭാവിച്ചപ്പോൾ.

62 വൈഭവം=മാഹാത്മ്യം. സമുദ്രജലം കരപുടത്തിൽ അടങ്ങാത്തതുപോലെ ഈശ്വരമാഹാത്മ്യം മനുഷ്യബുദ്ധിക്കു വിഷയമല്ല, "യതോ വാചോ നിവത്തന്തേ അപ്രാപ്യമനസാ സഹ" എന്നാണു ശ്രുതി ഘോഷിക്കുന്നതു്. ഈശ്വരമഹിമയെ സമുദ്രമാക്കിസ്സങ്കല്പിച്ചാൽ മനുഷ്യബുദ്ധി ഒരു കരപുടത്തോളമേ ഉള്ളു. അനന്തകോടി ബ്രഹ്മാണ്ഡങ്ങളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈശ്വരന്റെ മഹിമയുടെ രഹസ്യങ്ങൾ അറിവാൻ എത്രയോ നിസ്സാരനായ മനുഷ്യൻ ശക്തനല്ല എന്നുഭാവം.

63 കരുതിയാലഥവാ—അപ്രകാരമാണെങ്കിലും വിചാരിച്ചുനോക്കിയാൽ ഈശ്വരൻ ഉണ്ടെന്നും, അദ്ദേഹം നീതിമാനും പരമകാരുണികനും ആണെന്നും അറിവാൻ മാർഗ്ഗമുണ്ടെന്നു പറയുന്നു. ഏതിലും ക്രമംവിട്ടു് അഹങ്കരിക്കുന്നവക്കു ദുഃഖം വരിക സഹജമാണു്. ഈ ലോകഗതിയെ സൂക്ഷ്മമായി

നോക്കിയാൽ, "അഹങ്കരിക്കരുതു്" എന്നൊരാജ്ഞയെ ഗൌരവത്തോടുകൂടി സവ്വത്ര നൽകിക്കൊണ്ടു് ഈശ്വര ഭക്തി പ്രകാശിക്കുന്നുവെന്നു കാണാം. പൂവ്വശ്ലോകത്തിലും ഈ ശ്ലോകത്തിലുംകൂടി ആക്ഷേപാലങ്കാരം ഇതിനെത്തന്നെ വീണ്ടും വിവരിക്കുന്നു.

64 പ്രകൃതി എന്നു പറയപ്പെടുന്നതു് ഈശ്വരശക്തിയാണു്. അതു ചെയ്യുന്ന ചേഷ്ടിതത്തെ കരുതിയാൽ (സൂക്ഷ്മമായി അലോചിച്ചാൽ) ഭവദീഹിതം=അങ്ങയുടെ (ഈശ്വരന്റെ) അഭിപ്രായം—കരതലാമലകം ആകുന്നു—ഉള്ളംകൈയിൽ ഇരിക്കുന്ന നെല്ലിക്കപോലെ സ്പഷ്ടമായിക്കാണാം എന്നത്ഥം. പ്രകൃതിയുടെ ചേഷ്ടയെ അടുത്ത ശ്ലോകംകൊണ്ടു വിവരിക്കുന്നു.

65 അതു (പ്രകൃതി) പൊതുവേ ലോകത്തിനു നന്മവരത്തക്കവണ്ണമുള്ള പ്രവൃത്തിയാണു് ചെയ്യുന്നതെന്നു സുസ്പഷ്ടമാകുന്നു. അപ്രകാരമുള്ള പ്രകൃതിക്കു തൃപ്തിയെ ജനിപ്പിക്കുന്ന നടത്തയാണു തവ ഈശ്വരന്റെ പൂജനം—ആരാധനം യഥാത്ഥമായ ഈശ്വരാരാധനം ലോകോപകാരപ്രവൃത്തിയാണെന്നു സാരം.

63 അത്ഭുതം, (എന്നതിനാൽ) മണിയുടെയും അതിനെ സമ്പാദിച്ച സത്രാജിത്തിന്റെയും മഹാത്മ്യവും, "ഹാസ്യം" എന്നതിനാൽ, കൃഷ്ണൻ ആവശ്യപ്പെട്ടതിൽ മണി കൊടുക്കാഞ്ഞ സത്രാജിത്തിന്റെ അല്പബുദ്ധിത്വവും, "വ്യഥ" എന്നതിനാൽ പ്രസേനമരണത്തിന്റെ ശോച്യതയും "ബഹുമതി" എന്നതിനാൽ മണിതിരയാൻ പുറപ്പെട്ടു് ക്ലേശമനുഭവിച്ച കൃഷ്ണന്റെ പ്രജാനുരഞ്ജനതാല്പയ്യത്തിനുള്ള ശ്ലാഘ്യതയും വ്യഞ്ജിക്കുന്നു.

69 വരമണിയുടെ (ശ്രേഷ്ഠമായ മണിയുടെ) ലാഭംകൊണ്ടു കൃതാത്ഥനായ കൃഷ്ണൻ വരമണിയെ (ന—ഗ്രഹിച്ചു) ഗ്രഹിച്ചില്ല എന്നു വിരോധം. ഹന്ത ആശ്ചയ്യം. നവരമണിയെ=നവയായ രമണിയെ ഗ്രഹിച്ചു എന്നു പരിഹാരം. "ലക്ഷണഗുണങ്ങളോടു ചേൻു വിലസും" എന്ന വിശേഷണം കന്യകയ്ക്കും വ്യഞ്ജനയ്ക്കും ചേക്കണം. കന്യകാപക്ഷത്തിൽ —ലക്ഷണഗുണങ്ങളോടു്=ലക്ഷണങ്ങളുടെ ഗുണങ്ങളോടു് —സാമുദ്രികാശാസ്ത്രങ്ങളായ ഉത്തമസ്ത്രീലക്ഷണങ്ങളോടു്–

ചേൎന്നു വിലസുന്ന കന്യക എന്നൎത്ഥം. വ്യഞ്ജനാപക്ഷത്തിൽ-ലക്ഷണഗുണങ്ങളോട്—എന്നു രണ്ടു പദം. ലക്ഷണ=ലക്ഷണ എന്നുപേരായ ശബ്ദവൃത്തി ഗുണങ്ങളോട് (ലക്ഷണാവൃത്തിയെ ആശ്രയിക്കുന്നതുകൊണ്ടു സിദ്ധിക്കുന്ന ഫലങ്ങളോട്) ചേൎന്നിട്ടു വിലസുന്ന (യാതൊന്നിൽ വിലസുന്നുവോ അപ്രകാരമുള്ള വ്യഞ്ജനം എന്നൎത്ഥം) ഫലലക്ഷണയിൽ ഫലപ്രതീതി വ്യഞ്ജനകൊണ്ടുണ്ടാകുന്ന വ്യഞ്ജനത്തോടുകൂടിയ കാവ്യം ഗുണീഭൂതവ്യംഗ്യമോ ധ്വനിയോ ആയിട്ടേ വരാൻ തരമുള്ളു. ഇതു മൂന്നാംതരമായ ശബ്ദചിത്രത്തേക്കാൾ ഉൽകൃഷ്ടമായിട്ടുള്ളതാകയാൽ അതിമഞ്ജുളതയാളും എന്നു പറഞ്ഞിരിക്കുന്നു. യാതൊന്നിൽ ലക്ഷണാവൃത്തി ഫലങ്ങളോടുകൂടി ചേൎന്നു വിലസുന്നുവോ ആ വ്യഞ്ജനാവൃത്തിയോടുകൂടി മനോഹരമായിരിക്കുന്ന കാവ്യം എന്നപോലെ ലക്ഷണാസമ്പന്നയായ ജാംബവതിയോടു ചേൎന്നു ശ്രീകൃഷ്ണൻ ശോഭിച്ചു എന്നൎത്ഥം.

71 അതിനു=കപിവസതിക്കു, കൃഷ്ണന്റെ വേഴ്ച ലഭിക്കയാൽ ജാംബവാന്റെ ഭവനത്തിനു പുതിയ യശോലക്ഷ്മി ഉണ്ടായി എന്നു താല്പൎയ്യം.

ഒൻപതാം സൎഗ്ഗം സമാപ്തം.

---

## പത്താം സൎഗ്ഗം.

---

1 പുരവാസ്തവ്യർ=കൃഷ്ണനോടുകൂടിപ്പോയ പൌരന്മാർ. പരിതാപം കൃഷ്ണാഗമനവിളംബത്തോടുകൂടി വൎദ്ധിച്ചു എന്നു സഹോക്തി: കൃഷ്ണൻ വരാതെ നാൾകഴിയുന്തോറും അവൎക്കു ദുഃഖം വൎദ്ധിച്ചു എന്നൎത്ഥം.

2 ഉൽകലികാകുലം=ഉൽകണ്ഠയാൽ ആകുലമാംവണ്ണം.

3 മന്നവൻതന്നെ=ആ പ്രസേനനെ .മന്നവർമണി-കൃഷ്ണൻ.

4 സഹകരണം ചെയ്യതിനായ്=ജനങ്ങളെ കൊല്ലാൻ, അതാണല്ലോ കൃതാന്തന്റെ ജോലി.

12 പൌരന്മാരുടെ സന്താപാധിക്യം വ്യഞ്ജിക്കുന്നതിനാൽ ധ്വനി,

13 ഉൽപ്രേക്ഷയിൽനിന്നു് അവരുടെ നടത്തയ്ക്കുള്ള മാന്ദ്യവും, അതിൽനിന്നു പരമ്പരയാ അവരുടെ ഖേദാതിശയം. കൃഷ്ണ നിലുള്ള ഭക്തി, കൃഷ്ണൻെറ ഉൽക്കഷ്ം ഇവയും ധ്വനിക്കുന്നു.

16 ഹന്ത എന്നതു് വാരിപൂരത്താൽ അഗ്നി ജ്വലിച്ചു എന്ന വിരോധത്തിൽനിന്നുണ്ടായ ആശ്ചര്യത്തെ സൂചിപ്പിക്കുന്നു. പരിഹാരം സ്പഷ്ടം.

17 എന്തു്? എന്തു്? എന്തുളവായി? എന്നതു് സംഭ്രമത്തെ ദ്യോതിപ്പിക്കുന്നു.

18 ചൂട്ടുപിടിച്ചെട്ടവർ ജലത്തിൽ മുങ്ങുക പതിവാണല്ലോ.

20 അരുമ=ഓമന, കൃഷ്ണൻ എന്നർത്ഥം.

22 ഈ ശ്ലോകത്തിൽ മൂന്നു പാദങ്ങളിലും ഉള്ള ഓരോ വാക്കും നാലാംപാദത്തിൽ പറയുന്ന അപവാദാസഹ്യതയെ സമർത്ഥിക്കുന്നു. എങ്ങനെ? നൃപനാകുംതാൻ=നൃക്കളെ പാലിക്കുന്ന രാജാവായ താൻ. സാധാരണനായ ഒരുവനുതന്നെയും മോഷണം നിന്ദ്യമാണു്. ആ സ്ഥിതിയിൽ മോഷണാദികൾ നീക്കി പ്രജാരക്ഷ ചെയ്യേണ്ട നൃപൻ മോഷ്ടിക്കുന്നതു് അതീവനിന്ദ്യം. സ്വജനം=സ്വവംശജനായ സത്രാജിത്തു്. അന്യൻെറ ധനംപോലും മോഷ്ടിച്ചുകൂടാത്ത സ്ഥിതിക്കു്സ്വജനത്തിൻെറ ധനത്തെപ്പററി പറയണമോ? കൊടിയ തപസ്സാൽ ഗ്രഹിച്ച ദിവ്യമണി—സാധാരണരായി ലഭിക്കാവുന്ന മണിയാണെങ്കിൽ കുറേ ഭേദം ഇതോ ദിവ്യമായ മണി, അതു ലഭിച്ചതോ നിഷ്പ്രയാസമായിട്ടല്ലാ, തപസ്സുകൊണ്ടാണു്. തപസ്സോ കഠിനമായിട്ടുള്ളതാണു്. 'മോഷ്ടിച്ചെന്നു്'—യുദ്ധം ചെയ്തപഹരിച്ചു എന്നാണെങ്കിൽ കുറേ ഭേദം. ഇവിടെയോ മോഷ്ടിച്ചെന്നാണു പറയുന്നതു്. ജനാവലി പറയുന്നതു്. ഒന്നോ രണ്ടോ പേർ മാത്രം പറകയാണെങ്കിൽ നിസ്സാരമെന്നു തള്ളാം. ഇതങ്ങനെയല്ല, ജനസമൂഹമാണു് പറയുന്നതു്.

23 സാശൻ=ആശയോടുകൂടിയവൻ. ദാശൻ=മുക്കുവൻ. പിശിതാംശം=മാംസഖണ്ഡം പിശിതാന്തരം=അന്യമായ മാംസം. മുക്കുവൻ ആഗ്രഹത്തോടുകൂടി ജലത്തിൽ മാംസഖണ്ഡം എറിഞ്ഞിട്ടു മത്സ്യത്തെ പിടിക്കുന്നതുപോലെ സൂര്യൻ ഒരു

ചെറിയ മണിയെ ഭൂമിയിൽ എറിഞ്ഞിട്ടു ധരണീമണിയെ' (കൃഷ്ണനെ) ഗ്രഹിച്ചുവോ എന്നർത്ഥം.

27 അവഗീതബ്രഹ്മാനന്ദം=യാതൊന്നിനാൽ ബ്രഹ്മാനന്ദം, അവഗീതം (നിന്ദിക്കപ്പെട്ടതു്) ആയോ അപ്രകാരമുള്ളതായിട്ടു് എന്നു മനസ്സിൻെറ വിശേഷണം സുഖിച്ചു എന്ന ക്രിയയുടെ വിശേഷണമായിട്ടുമാം. ബ്രഹ്മാനന്ദത്തെക്കൂടി നിസ്സാരമായിക്കരുതീട്ടു് എന്നർത്ഥം,

34 കൃഷ്ണൻ രുഗ്മിയെ കൊല്ലാൻ കഴുത്തിൽ പിടിച്ചപ്പോൾ രുഗ്മിണി വ്യസനിക്കയാൽ അവൻെറ കേശം അരിഞ്ഞു വിട്ട കഥ പ്രസിദ്ധം.

35 അനിമിഷഭാവം=കൺപോളകൾ അടയ്ക്കായ്ക ദേവസ്ത്രീകൾക്കു് അനിമിഷഭാവം ഉണ്ടു്. അതു് സഫലമാകണമെങ്കിൽ അതിസൌന്ദര്യമുള്ള വസ്തു കണ്ണിനു വിഷയമാകണം; അപ്രകാരം ഒരു വസ്തു സ്വർഗ്ഗത്തിൽ ഇല്ലായ്കയാൽ അവരുടെ ആയവസ്ഥ നിഷ്ഫലമായിട്ടാണിരിക്കുന്നതു്, അങ്ങ് അവിടെ ചെല്ലുന്നപക്ഷം ആ അവസ്ഥയ്ക്കു സാഫല്യം വരും. അതിലേക്കായിട്ടു്, അങ്ങു് അവിടെ പോയോ! എന്നു രുഗ്മിണി വിലപിക്കുന്നു. ഇതിൽനിന്നു കൃഷ്ണൻെറ സ്വർല്ലോകദുർല്ലഭമായ ലാവണ്യാതിശയം വ്യഞ്ജിക്കുന്നു.

36 പവനാവശൻ=സല്സ്ത്രീകൾക്കു് വശൻ, ഘനാഭ=മേഘാഭ അല്ലെങ്കിൽ സാന്ദ്രശോഭ. ഈ സംബോധന കൃഷ്ണൻെറ സല്സ്ത്രീജനകാമ്യതയെ ദ്യോതിപ്പിക്കുന്നു.

38 അണുപരിമാണം മനഃ എന്നു താർക്കികസിദ്ധാന്തം

40 പിടി—ശാഠ്യം, കൈകൊണ്ടുള്ള പിടി എന്നും. 'മക്കടമുഷ്ടി' പ്രസിദ്ധമാണല്ലോ.

44 വിധികുണ്ഡിക=ബ്രഹ്മാവിൻെറ കമണ്ഡലു അതിലെ വെള്ളം ഗംഗാപ്രകൃതത്തിൽ ഗംഗയെ ഗംഗാശബ്ദംകൊണ്ടു നിർദ്ദേശിക്കാതെ വിധികുണ്ഡികയിലെ വെള്ളം എന്നു പറഞ്ഞതിൻെറ ഔചിത്യം കാണുക ദയിതകപർദ്ദത്തിൽ—ഭർത്താവിൻെറ (ശിവൻെറ) ജടയിൽ.

46 ഉൽപാതഭീതി=ഉല്പാതം നിമിത്തമുണ്ടാകുന്ന ഭയം. ഉല്പാതം= അപൽസൂചകമായ അസാധാരണ സംഭവം=ദുർന്നിമിത്തം.

47 ചായൽ (തലമുടി) പാദത്തിൽ ചുററിപ്പിണഞ്ഞു എന്നതിനാൽ തലമുടിയുടെ ആധിക്യവും ദൈർഘ്യാതിശയവും വ്യഞ്ജിക്കുന്നു.

49 സന്ധി=ചേർച്ച. പിണിയുടെ സന്ധിയിൽ=ദുഃഖംവന്ന സമയം. മുലയിണയിൽ ചേർന്നുകിടന്ന മുത്തുമാലകൾ പൊട്ടി മണികൾ ഊർന്നുപോയപ്പോൾ ആ സ്ഥാനത്തു് കണ്ണുനീർത്തുള്ളികൾ വീണു മുത്തുമണികൾപോലെ ശോഭിച്ചു എന്നർത്ഥം. സന്ധിയിൽ ഒന്നു പോയിട്ടു് അതിനുപകരം മററൊന്നു വരുന്നതിനു ആദേശമെന്നാണു് വൈയാകരണന്മാർ പേർ പറയുന്നതു്. ഇവിടെ മുത്തുമണികൾ പോയപ്പോൾ തൽസ്ഥാനമായ കുചത്തിൽ കണ്ണുനീർത്തുള്ളികൾ ആദേശമായി വന്നുചേർന്നു എന്നു വർണ്ണിച്ചിരിക്കുന്നു.

50 മണികണ്ഠിക=രത്നമയമായ കണ്ഠാഭരണം, സ്വാമിനി= രുഗ്മിണി. നിജസാധുവൃത്തതാനുഗുണം=തൻെറ സാധുവൃത്തതയ്ക്കു് അനുരൂപമാകുംവണ്ണം. സാധുവൃത്തത=സദാചാരം, മനോഹരമായ വൃത്താകാരമെന്നും. സദാചാരമുള്ളവർ സ്വാമിജനത്തിൻെറ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുക പതിവാണല്ലോ.

51 തനിക്കു താപം (ദുഃഖം) വരുമ്പോൾ മാത്രം മൃദുവായിരിക്കയും, മററുള്ള സമയങ്ങളിൽ കഠിനനായിരിക്കയും ചെയ്യുന്ന ദുഷ്ടൻ അന്യാർത്തിയെ ഓർക്കുക പതിവില്ല എന്നർത്ഥാന്തരന്യാസം. വാസ്തവത്തിൽ പൊന്നു്, താപം (ചൂടു്) തട്ടുമ്പോൾ മാത്രമേ മൃദുവാകയുള്ളു എന്നു സ്പഷ്ടം.

54 ചടുവചനോദകം=പ്രിയവാക്കാകുന്ന ജലം. പ്രഗല്ഭൻ= കാലോചിതമായ ബുദ്ധിയുള്ളവൻ. അവൻ=ബലഭദ്രൻ.

58 വിഷധരഭുവനം=പാതാളം.

59 ഗിരികുലവരനോടു് ഇത്യാദി സഹോക്തി. വിവേകമതുലം താൻ=വിപരീതലക്ഷണയാ പൌരന്മാർ പരിതപിക്കുന്നതു അവിവേകമാണെന്നർത്ഥം. ലക്ഷണാപ്രയോഗംകൊണ്ടു തോന്നുന്ന ബലഭദ്രൻെറ അലക്ഷ്യഭാവം ആശ്വാസനത്തെ ബലപ്പെടുത്തുന്നു.

61 അഗ്നിമുഖന്മാർ=ദേവന്മാർ.

62 ശങ്കരസുകൃതം=പാർവ്വതീദേവിയെന്നർത്ഥം. ശങ്കരനു സുകൃതത്താൽ ലഭിച്ച ദേവിയെ സുകൃതമായിത്തന്നെ കല്പിക്കയാൽ ഹേത്വതിശയോക്തി.

64 നീതം=നയിക്ക (കൊണ്ടുപോക)പ്പെട്ടതു്. പ്ലവം=പൊങ്ങുതടി.

65 കടാക്ഷാളികൾ=കടാക്ഷങ്ങളാകുന്ന വണ്ടുകൾ. അരിയ കേളീകാനനത=ശ്രേഷ്ഠമായ പൂങ്കാവു് എന്ന അവസ്ഥ. കടാക്ഷം ലഭിക്കണമെന്നു് അനുഗ്രഹിച്ചു എന്നർത്ഥം

പത്താംസർഗ്ഗം സമാപ്തം.

# പതിനൊന്നാം സർഗ്ഗം.

1 വേഗാൽ എന്നതു സ്വജനഖേദത്തിൽ കൃഷ്ണനുള്ള അസഹനതയെ ദ്യോതിപ്പിക്കുന്നു. ബന്ധുപ്രിയൻ എന്ന വിശേഷണം അതിനെ സമർത്ഥിക്കയും ചെയ്യുന്നു.

3 അനുയാത്ര=ഇതു് ഗരുഡന്റെ വേഗാധിക്യത്തെ ധ്വനിപ്പിക്കുന്നു. ഛദങ്ങൾ=ചിറകുകൾ. ചാലനം=ഇളക്കൽ.

4 വിനതാത്മവാഞ്ഛിതം=വിനതയുടെ (ഗരുഡന്റെ മാതാവു വിനതയുമാകുന്നു) മനോഭീഷ്ടം, കൃഷ്ണപക്ഷത്തിൽ, വിനതന്മാരുടെ (നമസ്കരിച്ചിരിക്കുന്നവരുടെ) മനോഭീഷ്ടം എന്നർത്ഥം. ഗരുഡൻ ദേവലോകത്തുചെന്നു് അമൃതുകൊണ്ടുവന്നു് വിനതയുടെ ദാസ്യം ഒഴിച്ചിട്ടുണ്ടു്.

6 ധാത്രീമദനൻ=ഭൂലോകമന്മഥൻ—കൃഷ്ണൻ. നമ്രാനന=മുഖം താഴ്ത്തിയവൾ. ഇവിടെ നമ്രാനന എന്ന വാച്യത്തെ അപേക്ഷിച്ചു വ്യംഗ്യമായിരിക്കുന്ന ശൃംഗാരരസത്തിനു് അതിശയിത്വമുള്ളതിനാൽ ധ്വനി. ധാത്രീമദനൻ എന്ന പദം വ്യംഗ്യാർത്ഥത്തിനു് പൌഷ്കല്യം നൽകുന്നു.

10 വിഹായസം=ആകാശം. വിലോചനശ്രേണിയോട്ട് എന്നു സഹോക്തി. അതിൽനിന്നു് വിലവാസി ലോകരുടെ ഉൽക്കണ്ഠ ധ്വനിക്കുന്നു.

12 ദനുസൂനുസൂദനൻ=ദാനവാരി—കൃഷ്ണൻ. കൃഷ്ണന്റെ ആനന്ദാനുഭവം വ്യംഗ്യം. നവോഢ, സ്വയംകൃതം, നവീനം ഈ പദങ്ങൾ വ്യംഗ്യാർത്ഥത്തെ പോഷിപ്പിക്കുന്നു.

13 ഇന്ദുകാന്തിയിൽ (നിലാവിൽ) തമസ്സുകലുക പതിവാണല്ലോ.

14 ഇരിക്കുമോ എന്നു=നിപാതങ്ങളിലെ ദീർഘമായ അന്ത്യസ്വരം സന്ധിക്കു നിമിത്തമാകയില്ല.

16 വഹിച്ചൊരു=പ്രാപിപ്പിച്ച, ധരിച്ച എന്നും. ആമോദഭരം=സൌരഭ്യാതിശയം, സന്തോഷാതിശയം എന്നും. മനതാരു=മനസ്സാകുന്ന പൂവു്, പതിച്ച ദിവ്യകുസുമങ്ങൾ നവമായ ആമോദഭരത്തെ വഹിച്ചുകണ്ടപ്പോൾ മനസ്സാകുന്ന കുസുമവും നതമായ ആമോദഭരത്തെ വഹിച്ചതോർത്താൽ, അതിനു ദിവ്യകുസുമങ്ങളോടു സ്പർദ്ധയുണ്ടായോ എന്നു തോന്നുമെന്നു് ഉൽപ്രേക്ഷ. ധ്രുവം=ഉൽപ്രേക്ഷാവാചകം.

19 രശ്മിമാലി=സൂര്യൻ.

20 ഭാസ്വന്മണി=ഭാസ്വത്തായ (ശോഭിക്കുന്ന) മണി=അല്ലെങ്കിൽ നഭസ്വാന്റെ (സൂര്യന്റെ=സൂര്യദത്തമായ) മണി, ഭാമിനി=കാമിവി "ഭാമിനീകാമിനീച" എന്നു ഹലായുധകോശം.

22 ജാംബവതിയെ സചേതനമായ കാഞ്ചനഖണ്ഡമാക്കി കല്പിച്ചിരിക്കുന്നു.

23 ഹരിസ്വം=ഹരിയുടെ സ്വം. ഹരി എന്നതിനു സൂര്യൻ എന്നും സിംഹം എന്നും വാനരനെന്നും അർത്ഥം. സ്വം=ധനം (സ്വം എന്ന പദമാണു് മലയാളത്തിൽ "സ്വത്തായതു്". സൂര്യൻ കൊടുത്തതാകയാലും പ്രസേനനെ കൊന്നു സിംഹം എടുത്തതാകയാലും, സിംഹത്തെ കൊന്നു വാനരൻ (ജാംബവാൻ) ഗ്രഹിച്ചതാകയാലും മണി മൂന്നു മാതിരിയിൽ ഹരിസ്വമായി. ഇപ്പോൾ മണിഹരിയായ തന്റെ

പക്കൽ ഇരിക്കുന്നതിനാൽ നാലുമാതിരി ഹരിസ്വത്തായി എന്നു പറയാമെങ്കിലും അങ്ങനെ പറയാത്തതിൽനിന്നു കൃഷ്ണനു മണിയിൽ ആഗ്രഹമില്ലെന്നു ധ്വനിക്കുന്നു. ഹരി എന്ന പദത്തിനു ഹരിക്കുന്നവൻ എന്നു് അവയവാർത്ഥം. സ്വാമിയുടെ സ്വഭാവം സ്വത്തിനും വരുന്നതു സഹജമാണല്ലോ. ഇവിടെ മണിക്കു മനോഹരത്വം സ്വതസ്സിദ്ധമായിരിക്കെ, ആ മനോഹരത്വത്തിനു കാരണം ഹരിസ്വത്വമാണെന്നു പറകയാൽ ഹേതൂൽപ്രേക്ഷ. മനോഹരത്വം എന്ന വിഷയം സിദ്ധമാകയാൽ അതു സിദ്ധവിഷയം ആകുന്നു. (വിസ്തരഭയത്താൽ ഇങ്ങനെ അലങ്കാരഭേദങ്ങളെ മാത്രമല്ല അലങ്കാരനാമങ്ങളെപ്പോലും പല ദിക്കിലും പറയാതെ വിട്ടിട്ടുണ്ടു്. അവയെ വായനക്കാർ സ്വയം ഊഹിച്ചുകൊള്ളേണ്ടതാകുന്നു.)

24 പുരൂരവസ്സു് ഉർവ്വശിയോടു വേർപിരിഞ്ഞതിൻെറശേഷം സംഗമനീയരത്നം ലഭിച്ചതിനാലാണു് വീണ്ടും അവളോടു ചേർന്നതു്. രത്നത്തിൻെറ ഗുണം മഹത്തരംതന്നെ എന്നർത്ഥാന്തരന്യാസം.

25 കാശപ്രസവങ്ങൾ= ആററുദർഭയുടെ പൂക്കൾ. അവയുടെ വെണ്മപോലെയുള്ള വെണ്മ എന്ന അർത്ഥത്തിൽ, അവയുടെ വെണ്മ വഹിച്ചുകൊണ്ടു എന്നു പറകയാൽ പദാർത്ഥവൃത്തിനിദർശനം. ധൂമിക=മൂടൽമഞ്ഞു്.

26 സമുന്നതന്മാർ=മഹാന്മാർ; (ഉയച്ച്യയാൽ ഈ വിശേഷണം ഗിരീന്ദ്രന്മാർക്കും ചേരുന്നു) അമന്ദനൈർമ്മല്യം=അന്യൂനമായ. നിർമ്മലത=മലങ്ങളോടു (കൃതഘ്നാദി ദോഷങ്ങളോടു)കൂടായ്ക (ധാവള്യാതിരേകത്താൽ ഈ അവസ്ഥ ധൂമികയ്ക്കും ചേരുന്നു.) ഉയന്നു=ഉൽക്കർഷത്തെ പ്രാപിച്ചു; പൊങ്ങി എന്നും. ഇതു=ധൂമിക. ഇവിടെ ധൂമിക തൻെറ പ്രവൃത്തികൊണ്ടു മററുള്ളവർക്കു് ഒരുപദേശത്തെ ദൃഷ്ടാന്തപ്പെടുത്തിക്കൊടുക്കുന്നതിനാൽ നിദർശനാഭേദം.

27 പുരാ ഏവ=മുൻപേതന്നെ. അസിതാഭ്രമാല=കാർമേഘനിര.

28 സിതേതരാഭ്രം=കാർമേഘം.

29 വരന്നു=ഭത്താവിനു=സമുദ്രത്തിന് അഖണ്ഡധാരം=നിരന്തരം. രസം=ജലം, ശൃംഗാരരസമെന്നും നായികാനായകവൃത്താന്ത സ്ഫൂത്തിയാൽ സമാസോക്തി.

30 വിശാലഭാവം പരം ഉള്ളിന് അന്നൊരു=മദ്ധ്യപ്രദേശത്തിനു വളരെ വിസ്താരമുള്ള മനസ്സിനു വളരെ വിശാലതയുള്ളതു് എന്നും വിശുദ്ധ=ശുദ്ധിയുള്ളതു്, പതിവ്രത എന്നും സപത്നിമാർ=മററു (പോഷക)നദികൾ, ഭത്താവിൻെറ മററു ഭാൎയ്യമാരെന്നും. പ്രസന്ന=തെളിവുള്ളതു്, സന്തുഷ്ട എന്നും വിശേഷണബലത്താൽ ഒരുത്തമനായികയുടെ വൃത്താന്തംകൂടി സ്ഫുരിക്കുന്നു.

32 കൃതവീൎയ്യസൂനു=കാൎത്തവീൎയ്യാൎജ്ജുനൻ. അർഹണാപദാൎത്ഥം=പൂജാപദാർത്ഥം. അവസിക്തം=നനയ്ക്കപ്പെട്ടതു്, മനസ്സോടു് എന്നു സഹോക്തി, മനസ്സിലുള്ള ഗൎവ്വത്തെയും കഴുകിക്കളഞ്ഞു (നശിപ്പിച്ചു എന്നർത്ഥം.)

33 പുണ്യഭൂമി=ആൎയ്യാവൎത്തം "ആൎയ്യാവൎത്തഃ പുണ്യഭൂമിർമദ്ധ്യം വിന്ധ്യഹിമാലയോഃ" എന്നമരം.

34 ഗഭസ്തിമാൻ=സൂൎയ്യൻ. അഗം=പൎവ്വതം, അഗത്തെ സ്തംഭിപ്പിച്ചവൻ, അഗസ്ത്യൻ എന്നു് അവയവാർത്ഥം.

35 നാഗേന്ദ്രൻ=പൎവ്വതശ്രേഷ്ഠൻ, വിസാരിതം=വിടൎത്തപ്പെട്ടതു്. താലീശിഖരങ്ങൾ=പനകളുടെ അഗ്രങ്ങൾ. ദൂരദർശനത്തിൽ ഇവ വിടൎന്ന നീലാംബരശ്രേണിയുടെ ഭംഗിയെ വഹിക്കുന്നു."

37 സുവൎണ്ണ. .ഭാരീ=സുവൎണ്ണം (സ്വൎണ്ണം) പോലെ രാജി (ശോഭി)ക്കുന്ന ഫലമാലയെ ഭരിക്കുന്നതു്, "ഇഷ്ടകേഷീകാമാലാനാം ചിതതൂലഭാരിഷു" എന്ന സൂത്രത്താൽ മാലാശബ്ദത്തിന് ഹ്രസ്വം, കേരങ്ങൾ=തെങ്ങുകൾ.

39 ശാടി=വസ്ത്രവിശേഷം=കപ്പൽപ്പായ്. ഛദം=ചിറക്, മഹാതരിശ്യേനഗണം=കപ്പലുകളാകുന്ന പരുന്തുകളുടെ കൂട്ടം. വിഹായസാ=അകാശത്തിലൂടെ.

40 മഹത്വം=വലിപ്പം: ഉൽക്കർഷമെന്നും, ജലത്തിനീശൻ=സമുദ്രം. കരങ്ങൾ=രശ്മികൾ, കൈകൾ എന്നും, ഉജ്ജീവനം=ഉജ്ജീവി (പോഷിപ്പിക്കുന്നതു്, ജീവനം=ജലം, ഉപജീവിക്കുന്നതിനുള്ള പദാൎത്ഥമെന്നും, ലോകോപകാരിയായ ഒരു പ്രഭുവിൻെറ കഥകൂടി തോന്നുന്നു.

41 അനന്തം=ആകാശം. ഏകോഡുപം=ഒരു ഉഡുപനോട്ട് (ചന്ദ്രനോട്ട)കൂടിയതു്. ഒററത്തരണി=ഒരു സൂൎയ്യൻ, ഉഡുപാളി=ചന്ദ്രസമൂഹം, ഉഡുപങ്ങളുടെ (പൊങ്ങുതടികളുടെ) സമൂഹമെന്നും, തരണിവ്രജങ്ങൾ=സൂൎയ്യസമൂഹങ്ങൾ, തോണിക്കൂട്ടങ്ങൾ എന്നും, സമുദ്രത്തിനു് ആകാശത്തിൽനിന്നു വ്യതിരേകം.

42 വിബുധന്മാർ—ദേവന്മാർ, ഏകൻ വിഭു=ഈശ്വരൻ; നഗങ്ങൾ=പൎവ്വതങ്ങൾ.

43 സ്വഭാവമോരോവിധം=ആചാരാദികളുടെ വിവിധത്വം നിമിത്തം പലവൎഗ്ഗക്കാരായി വ്യത്യാസപ്പെട്ടു് അകന്നു മേവുന്ന ഓരോ ദ്വീപുകളിൽ വസിക്കുന്ന ജനങ്ങളെ സമുദ്രം മദ്ധ്യത്തിൽ സ്ഥിതിചെയ്തുകൊണ്ടു് നല്ല മാൎഗ്ഗത്തിൽ ചേൎത്തു (കപ്പൽവഴി യാത്ര ചെയ്യിച്ചു) തമ്മിൽ യോജിപ്പിക്കുന്നു. സ്വഭാവത്തിൻെറ വിവിധത്വം നിമിത്തം വ്യത്യാസപ്പെട്ടവരായി പരസ്പരം സ്നേഹമില്ലാതെ വസിക്കുന്ന ആളുകളെ മാധ്യസ്ഥ്യം വഹിച്ചു (സദുപദേശങ്ങൾകൊണ്ടു്) സന്മാൎഗ്ഗത്തിൽ ചേൎത്തു തമ്മിൽ യോജിപ്പിക്കുന്ന സുജനത്തിൻെറ വൃത്താന്തംകൂടി സ്ഫുരിക്കുന്നു.

44 കമലാഗമം=കമലയുടെ (ലക്ഷ്മിയുടെ) സമ്പത്തിൻെറ വരവു്=കമലത്തിൻെറ (ജലത്തിൻെറ) വരവെന്നും, ഉയൎന്നിട്ടുന്നില്ല=അഹങ്കരിക്കുന്നില്ല, പൊങ്ങുന്നില്ലെന്നും.

45 സുരാ...സനം=മഴവില്ലു്. ജലാധിപൻ=വരുണൻ, വൎഷത്തുവിൽ മാത്രമേ കാറും ഇന്ദ്രചാപവും ഉണ്ടാവൂ എന്നില്ല.

46 മികച്ചൊരല്ലിൽ=വൎദ്ധിച്ച ഇരുട്ടിൽ. ദവപാവകൻ=കാട്ടുതീ. അസ്മൽപുരം=ദ്വാരക.

49 തെന്നൽ=കാററു്. മഞ്ജിമാന്തരം=മറെറാരഴകു്. ഖലൻ=ദുഷ്ടൻ. ഖലിക്കുന്നവൻ (ചലിച്ചുകൊണ്ടിരിക്കുന്നവൻ) എന്നും, ഖലസഞ്ചലനേ,

50 ആയതിനെ=വിശാലഭാവത്തെ ഗരുഡൻെറ കീഴ്പോട്ടേക്കുള്ള ഗമനം വ്യഞ്ജിക്കുന്നു.

54 സമാധി=സമാധാനം. സമാധി മുതലായവയ്ക്കു കാരണങ്ങളായ കൃഷ്ണാഗമനം, ജാംബവതീദർശനം മുതലായവ യഥായഥം ഊഹിച്ചുകൊള്ളുക.

55 മരാളനടയാൾ=ഹംസഗാമിനി ജാംബവതി.
56 അജപൌത്രി=ബ്രഹ്മാവിന്റെ പൌത്രി=ജാംബവതി
57 സുമനസ്സ്തോമം=സുജനസമൂഹം, (ദേവസമൂഹമെന്നും) ഉല്ലാഘത്വം=നിരാമയത്വം പാലാഴിമഥനത്തിൽ വിഷ്ണു കൌസ്തുഭരത്നത്തേയും ലക്ഷ്മിയേയും ഗ്രഹിക്കയും അമൃതിനെ ദേവന്മാൎക്ക് കൊടുക്കയും ചെയ്തിട്ടുണ്ടല്ലൊ.
58 രത്നയുഗം=രണ്ടുരത്നം. ഒന്നു സ്യമന്തകം; മറേറതു ജാംബവതിയാകുന്ന സ്ത്രീരത്നം.
59 ആലോകനംപ്രതി=നോക്കുംതോറും. പുണ്യഗുണങ്ങൾ=പുണ്യങ്ങളാകുന്ന കയറുകൾ. ഭൂലോകചന്ദ്രൻ=ശ്രീകൃഷ്ണൻ.
60 അപവാദതാം=ആ അപവാദമാകുന്ന ഉപരാഗം=ഗ്രഹണം. വിധു=കൃഷ്ണൻ ചന്ദ്രനെന്നും.
61 ഉദ്ധാനന്തമഹോത്സവം=പ്രകാശിച്ചിരിക്കുന്ന അനവധി മഹോത്സവങ്ങളോടു് കൂടിയതു്.

62 അഭ്രംലിഹപ്രാസാദങ്ങൾ=അത്യുന്നതങ്ങളായ മാളികകൾ ദ്വിവിധങ്ങളാകിയ മലർക്കൂട്ടങ്ങൾ=ഒന്നു പുഷ്പസമൂഹങ്ങൾ. മറേറതു് മലർക്കൂട്ടങ്ങൾ. ആകമ്രാഭൻ=അതിസുന്ദരമായ കാന്തിയോടു് കൂടിയവൻ=ശ്രീകൃഷ്ണൻ.

---

## പന്ത്രണ്ടാം സർഗ്ഗം.

---

2 സമം=ഒരേ സമയത്തിൽ വെറുതേ അപവാദം പറഞ്ഞു പോയല്ലോ എന്നു് ആധി. കൃഷ്ണന്റെ ശത്രുത്വത്തിൽനിന്നു ഭീതി. മണി വീണ്ടും ലഭിക്കുമല്ലൊ എന്നു പ്രീതി ജനങ്ങൾ പരിഹസിക്കുമല്ലോ എന്നു ത്രപ.
5 ഉത്കലികാ=ഉൽക്കണ്ഠ.
9 പ്രത്നമായ മൊഴി=പഴമൊഴി. ഭാഗ്യവാൻ=സത്രാജിത്തെന്നൎത്ഥം.
11 കാരണാത്മകതലം=കാരണമാകുന്ന അടിപ്രദേശം, കാമമാൎന്ന മതി=ആഗ്രഹിച്ചബുദ്ധി. കാൎയ്യവാരിയിൽ=കാൎയ്യമാ

കുന്ന ജലത്തിൽ. ലാഘവം=നിസ്സാരത കനക്കുറവെന്നും, കനമില്ലാത്ത പദാൎത്ഥം വെള്ളത്തിൽ വീണിട്ട് അടിയിൽ എത്താതെ കുറെ താണതിൻെറശേഷം പൊങ്ങിപ്പോരുന്നു. ഇതുപോലെ നിസ്സാരമായ ബുദ്ധി, കാരണം അറിയുന്നതിനായി കാൎയ്യത്തെപ്പററി ആലോചിച്ചിട്ട്; വാസ്തവമായ കാരണം കണ്ടുപിടിക്കാതെ വല്ലതും ചിലതിനെ കാരണമാക്കി തെററിദ്ധരിച്ചിട്ട പിൻവാങ്ങുന്നു. മിക്കതും ലോകത്തിൽ അധികം ആളുകളും ചെയ്യുന്നതു് ഇപ്രകാരമാണെന്നൎത്ഥം.

12 കിരണമാലിപുത്രനെ=സുഗ്രീവനെ ആലപിച്ചു രിപുവെന്നും=ശത്രുവെന്നു പറഞ്ഞിട്ട്.

13 അഗ്രജൻ=ജ്യേഷ്ഠൻ. ശ്രീരാമൻ. ദേവരൻ=ഭൎത്താവിൻെറ അനുജൻ, ലക്ഷ്മണൻ. അവനിപുത്രി=സീത.

17 ഉദ്വേലകാന്തിമധുരം=അളവില്ലാത്ത കീൎത്തികൊണ്ടു് മനോഹരം.

18 മാനസാംബരം=മനസ്സാകുന്ന ആകാശം. താപം=ദുഃഖം, ചൂടെന്നും. സുവൎണ്ണവൃഷ്ടിയെ=സ്വൎണ്ണരൂപമാകുന്ന വൃഷ്ടിയെ ചിന്നിടുന്ന—ചിതറുന്ന=പുറപ്പെടുവിക്കുന്ന ഛിന്നമാക്കുക=നശിപ്പിക്കുക. ലോകത്തിൽ രശ്മികൾകൊണ്ടു് ചൂടുണ്ടാകുന്നതും പിന്നീടു് ആ രശ്മികൾകൊണ്ടുതന്നെ സ്വീകരിക്കപ്പെട്ട ജലത്തെ വൎഷിച്ചു് ചൂടു നശിപ്പിക്കുന്നതും സൂൎയ്യനാണല്ലൊ, അതുപോലെ ദുഃഖത്തെ ജനിപ്പിച്ച മണി തന്നെ കനകവൃഷ്ടികൊണ്ടു വീണ്ടും ആ ദുഃഖത്തെ നശിപ്പിക്കട്ടേ എന്നു താല്പൎയ്യം.

19 ആദരത്തോടു എന്നു സഹോക്തി; സത്രാജിത്തിൻേറയും സദസ്യരുടേയും ആദരത്തിൻേറയും ഉത്ഥാനം ഒരുമിച്ചായിരുന്നു എന്നർത്ഥം.

20 ഉദാരത=മഹാമനസ്കത. മാഴ്കിനാൻ=ദുഃഖിച്ചു.

23 വിബുധാനുശാസനം ധൎമ്മത്തിനു ഹാനിക്കൂടാതെ മാത്രമേ അർത്ഥകാമങ്ങളെ സ്വീകരിക്കാവൂ എന്നു് ആചാൎയ്യന്മാർ അനുശാസിച്ചിട്ടുണ്ടു്.

24 മുഷ്ടമെന്നു്=മോഷ്ടിക്കപ്പെട്ട എന്നു്. കഷ്ടമാൻ=കഷ്ടപ്പെട്ടു.

25 സത്വമുള്ള=സൌജന്യമുള്ള ശസ്ത്രം=ആയുധം. സൌജന്യവാന്മാരായ മഹാജനങ്ങൾ അനുകൂലപ്രവൃത്തിയാകുന്ന ആയുധം കൊണ്ടാണു ശത്രുക്കളുടെ ഹൃദയത്തെ പിളക്കുന്നതു്. ഉപകാരപ്രധാനസ്സ്യാദപകാരപരേപ്യരൌ, എന്നു ബാഹടൻ.

27 അതിരുച്യം=ഏററവും മനോഹരം, (അന്നപക്ഷത്തിൽ) ഏററവും സ്വാദുള്ളതെന്നും. ജൂത്തി=ജ്വരം, ജ്വരിതൻ–രുചിയുള്ള ഭക്ഷണസാധനത്തേയും ചീത്തയാണെന്നു വിചാരിച്ചു കുററംപറക പതിവാകുന്നു.

28 പ്രദർശിതം=കാണിക്കപ്പെട്ടതു്; നിദർശനം=ഉദാഹരണം. തെററിദ്ധാരണയാൽ ബാലിക്കും സീതയ്ക്കും ആപത്തുണ്ടായിട്ടുണ്ടല്ലോ.

30 രജസ്സ്=അപരാധം അല്ലെങ്കിൽ പാപം.

31 കപിമൌലി=ജാംബവാൻ, കാൎയ്യം=പുത്രീദാനം.

33 പുളകാതിരേകം=വൎദ്ധിച്ച രോമാഞ്ചം, കൃഷ്ണപ്രാപ്തി സാദ്ധ്യമെന്നറിഞ്ഞമാത്രയിൽ ഭാമയ്ക്കു സാത്വികഭാവങ്ങളായ രോമാഞ്ചവും വിറയലും ഉണ്ടായി എന്നർത്ഥം. സ്തംഭഃസ്വേദോഥ, രോമാഞ്ചഃ സ്വരഭംഗോഥ വേപഥുഃ വൈവർണ്യമശ്രുപ്രളയ ഇത്യഷ്ടൌ സാത്വികാഃ സ്മൃതാഃ.

34 നാവികൻ=കൎണ്ണധാരൻ=ചുക്കാൻ പിടിക്കുന്നവൻ.

35 താഴതന്റെ മലർ കോഴനൽകിടും എന്നു കളേബര (ദേഹ) വിശേഷണം.

37 തലമുടിയുടെ ആധിക്യം വ്യംഗ്യം.

38 മൃഗ....ലാഞ്ഛനം=കസ്തൂരിതിലകം എന്ന വ്യാജേന ഓരോ പുരികങ്ങൾക്കും ഇന്ന സ്ഥലംവരെയേ അവകാശമുള്ളൂ എന്നു കാണിക്കുന്ന അടയാളമായിട്ടു എന്നർത്ഥം.

39 ഹരിചന്ദനം=കൃഷ്ണന്റെ ചന്ദനം. മേന്മ=ഉൽക്കർഷം. ഇതു്=മാറിടം സന്നതാംസ=താണിരിക്കുന്ന തോളോടുകൂടിയവൾ=ഭാമ, ഉന്നതാംസഃ പുമാൻ പൂജ്യസ്സന്നതാംസാതു സുന്ദരി, എന്നുണ്ടു്.

40 ഇതു്=ഹരിചന്ദനംകൊണ്ടുള്ള മേന്മ, ഇവിടെ ഹരിചന്ദനശബ്ദത്തിനു പാരിജാതപുഷ്പം എന്നർത്ഥം. മുഗ്ദ്ധ=മൂഢസുന്ദരി എന്നും. കൃഷ്ണൻ, അതിൽപിന്നെ ദേവലോകത്തുനിന്നു കൊണ്ടുവന്ന പാരിജാതം ഭാമാഗൃഹത്തിലാണു് സ്ഥാ

പിച്ചതു്, ഇതിനാൽ രുഗ്മിണ്യാദികളെ അപേക്ഷിച്ചു ഭാമയ്ക്കുള്ള ഉൽക്കർഷാതിശയം വ്യഞ്ജിക്കുന്നതിനാൽ അലങ്കാരേണ വസ്തുധ്വനി.

42 നൂപുര....കാന്തിയിൽ=കാൽച്ചിലമ്പു് അണിഞ്ഞപ്പോൾ കാലിനുണ്ടായ കാന്തിയിൽ, പാദത്തിൻെറ ലൌഹിത്യാതിശയം വ്യഞ്ജിക്കുന്നതിനാൽ ധ്വനി.

45 കനകരത്നരാശി=പുണർന്നപ്പോൾ ഭാമ അണിഞ്ഞിരുന്ന അഭരണങ്ങളുടെ കാന്തികൾ അമ്മയുടെ ദേഹത്തിൽ വ്യാപിച്ചു എന്നർത്ഥം.

46 ഈശൻ=ഈശ്വരൻ. ഇവിടെ ഈശ്വരൻതന്നെയാണല്ലോ കാന്തനായി ബ്ഭവിച്ചതു്.

47 ഭാഗ്യവൈഭവമിതിനു=ഈ ഭാഗ്യവിശേഷത്തിനു് ഈശ്വരൻതന്നെ ഭർത്താവായതിനു. അതു്=വിനയമാകുന്ന ഭൂഷണം.

48 സമ്മതവ്യഥകൾ=അനുരൂപനായ ഭർത്താവിനോടു ചേരുന്നതുകൊണ്ടു്. വ്യഥ=ദുഃഖം.

49 ഹാരാദിവദലങ്കാരാസ്തത്രസ്യുരുപമാദയഃ എന്നുണ്ടു്.

50 ഘൃഷ്ടി=രശ്മി. സ്വർണ്ണരശ്മി ചൊരിയുന്ന മണി=ഭാമ സ്വർണ്ണവൃഷ്ടി ചൊരിയുന്ന മണി സ്യമന്തകം.

51 സിന്ധുജാവതരം=ലക്ഷ്മീദേവിയുടെ അവതാരം. സിന്ധുജാനന=ചന്ദ്രമുഖി=ഭാമ, സിന്ധുജാശ്വനിവഹം=സിന്ധുദേശത്തിൽ ജനിച്ച കുതിരകൾ. ഇവയ്ക്കു മാഹാത്മ്യമുണ്ടെന്നു പ്രസിദ്ധം. സിന്ധുശായി=കൃഷ്ണൻ

52 മന്ദം തേർനടത്തിനാൻ, എന്നതിനാൽ സത്രാജിത്തിൻെറ വിനയം വ്യഞ്ജിക്കുന്നു.

53 കംബളം=കമ്പിളി. ബലയുതം=കാത്തുനിൽക്കുന്ന പട്ടാളക്കാരോടുകൂടിയതു് എന്നു ഗോപുരവിശേഷണം. ഭൂരി=വളരെ, അല്ലെങ്കിൽ സ്വർണ്ണം.

56 സുമതികൾക്കുണ്ടാകുന്ന വിരോധം നീരിങ്കലിട്ട വരയാണെന്നു പറഞ്ഞതിനാൽ നിദർശനം വിരോധത്തിൻെറ ക്ഷണികത്വം വ്യംഗ്യം.

60 രണ്ടാലൊന്നു്=രണ്ടിലൊന്നു്. നിർദ്ധാരണാർത്ഥത്തിൽപ്രയോജികം.

61 പ്രത്യഗ്രം=പുതിയതു്. അധമർണ്യം=അധമൎണ്ണത്വം, കടപ്പാട്ട്.

64 സുരുചിയായ=(ശോഭനമായ കാന്തിയോടുകൂടിയവളായ) മണിയെ (സത്യഭാമയെ) ത്രിലോകീ സുകൃതഫലത്തിനു (കൃഷ്ണനു) കൊടുത്തിട്ടു സുരുചിയായ രമണിയെ ഗ്രഹിച്ചു എന്നു വിരോധം. അഹോ! എന്നതു ഈ വിരോധംകൊണ്ടുള്ള ആശ്ചര്യത്തെ കാണിക്കുന്നു. സുരുചിയായ (മനോഹരമായ) മണിയെ (സ്യമന്തകത്തെ) ഗ്രഹിച്ചു എന്നു പരിഹാരം.

65 വിധൂത....മുഹൂൎത്തേ=നിൎദ്ദോഷമായ മുഹൂൎത്തത്തിൽ.

66 പയോരാശി മന്ദിരേ=ദ്വാരകയിൽ, വൈകുണ്ഠത്തിലെന്നും അച്യുതൻ=കൃഷ്ണൻ, വിഷ്ണുവെന്നും.

67 തനുക്കൾ=ദേഹങ്ങൾ. തദന്തരംഗം=അവരുടെ മനസ്സ് അത്രു=അന്യോന്യമാത്സൎയ്യം. ഹന്ത=ദേഹത്തിനും മനസ്സിനും അത്യന്തസംബന്ധമുള്ളതിനാൽ ഒന്നിനു വരുന്ന അവസ്ഥ മറ്റൊന്നിനും വരിക പതിവായിരിക്കെ, രുഗ്മിണ്യാദികളുടെ ദേഹങ്ങൾ പരസ്പരസ്പൎദ്ധികമായിരുന്നിട്ടും ഹൃദയത്തിൽ ആ സ്പൎദ്ധ ഒട്ടും ഉണ്ടായില്ല എന്നാശ്ചൎയ്യം. അവരുടെ പരസ്പരതുല്യമായ സൌന്ദൎയ്യാധിക്യവും പരസ്പരമുള്ള സ്നേഹാതിശയവും വ്യംഗ്യം.

68 സൃഗ്ദ്വയം=രണ്ടു സൃക്കുകൾ. സുന്ദരിമാർ=ഭാമയും, ജാംബവതിയും.

69 ത്രിവൎഗ്ഗത്തിൽ=ആ (പ്രസിദ്ധമായ) ത്രിവൎഗ്ഗമതിൽ=ധൎമ്മാൎത്ഥകാമ[illegible]ിൽ ദാരത്രയം=രുഗ്മിണി, ജാംബവതി ഭാമ എന്നു മൂന്നു ഭാൎയ്യമാർ.

ശുഭം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00014764*
T61 K48